# ഇസ്ലാമിക ദർശനം

ഒരു സംഘം ലേഖകർ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

# ഇസ്‌ലാമിക ദർശനം

(പരിഷ്കരിച്ച രണ്ടാം പതിപ്പ്)

ഒരു സംഘം ലേഖകന്മാർ

എഡിററർമാർ:

പ്രൊഫ: സയ്യിദ് മൊഹിദീൻ ഷാ

പ്രൊഫ: വി. മുഹമ്മദ്

ടി.പി. കുട്ടിയാമു

പരിഷ്കർത്താവ്:

പ്രൊഫ: വി. മുഹമ്മദ്

കേരള ഭാഷാ ഇൻസ്‌ററിററ്യൂട്ട്
തിരുവനന്തപുരം

Malayalam

# ISLAMIKA DARSHANAM

(Islamic Thought—Religion & Culture)

By

A Group of Authors

First Published: August 1983

Revised Second Edition : September 1995

Copies: 3000

Printed at: Ajmal Printers, Chaliyam, Kozhikode.

Published by

The State Institute of Languages, Thiruvananthapuram-3

Copyright

The State Institute of Languages, Thiruvananthapuram, Kerala-1995.

Price: Rs. 160.00

Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages at the University level, of the Government of India, Ministry of Human Resource Development (Department of Culture), New Delhi.

---

SIL/1506

# ഉള്ളടക്കം


പേജ്

I **ഭാഗം ഒന്ന്—ഇസ്ലാംമതം** (1–138)

പ്രൊഫ: സയ്യിദ് മൊഹിദീൻ ഷാ
മൗലവി മുഹമ്മദ് ഹുസൈൻ
എച്ച്. മുഹമ്മദ് സാലിഹ്

1. ഇസ്ലാംമതം 3

ഇസ്ലാമും ഇതര മതങ്ങളും, ഹിന്ദുമതം, യഹൂദമതം, ക്രിസ്തുമതം, ബുദ്ധ–ജൈനമതങ്ങൾ, ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും, ഇസ്ലാം ഒരു സമ്പൂർണ നിയമസംഹിത, മനുഷ്യന്റെ സ്ഥാനം, ഒരൊററ ജീവിതം, മധ്യസ്ഥൻമാർ ആവശ്യമില്ല, പ്രപഞ്ചവും മനുഷ്യനും, ഇസ്ലാമിക ധർമശാസ്ത്രങ്ങൾ.

2. സത്യവിശ്വാസം (ഈമാൻ) 36

ദൈവത്തിലുള്ള വിശ്വാസം, ഈമാനും ഭക്തിയും, ഈമാനും അന്ധവിശ്വാസങ്ങളും, മലക്കുകൾ, വേദഗ്രന്ഥങ്ങൾ, പ്രവാചകൻമാർ, അന്ത്യദിനം, പരലോകജീവിതം, സ്വർഗവും നരകവും, പാപമോചനം, നൻമയും തിൻമയും അല്ലാഹുവിൽ നിന്ന്, നൻമയും തിൻമയും, ഖുർആൻ നൽകിയ ചിന്താസ്വാതന്ത്ര്യം, ദൈവവിധികൾ, മനുഷ്യന്റെ സ്വാതന്ത്ര്യേച്ഛ, മനുഷ്യൻ ജൻമനാ പരിശുദ്ധനാണ്, മുൻവിധിയും ഇച്ഛാസ്വാതന്ത്ര്യവും.

3. കർമപദ്ധതികൾ 80

സത്യസാക്ഷ്യം, നമസ്കാരം, നിർബന്ധദാനം, സക്കാത്തിന്റെ താത്വികാടിസ്ഥാനം വ്രതാനുഷ്ഠാനം, ഹജ്ജ്, കഅബാ പ്രദക്ഷിണം, (ത്വവാഫ്), ഹജ്റുൽ അസ്വദ്.

4. ഉത്തമ സമുദായം 115

ആദർശങ്ങളും കർത്തവ്യങ്ങളും, മുസ്ലിം സമുദായത്തിന്റെ ഉത്തരവാദിത്വങ്ങൾ, മാനസിക ഭദ്രത ഇസ്ലാമിൽ, സാമൂഹ്യഘടനയും രാഷ്ട്രീയസങ്കല്പവും, സ്വാതന്ത്ര്യചിന്ത.

5. ഇസ്ലാമും വിജ്ഞാനവും 133

വിജ്ഞാനത്തിന് ഖുർആൻ നൽകുന്ന പദവി–ചില നബി വചനങ്ങൾ.

II ഭാഗം രണ്ട്—ദൈവം (139–278)

പ്രൊഫ: മുഹമ്മദ് ഹുസൈൻ ശാക്കിർ

പ്രൊഫ: സയ്യിദ് മൊഹിദീൻ ഷാ

ടി. പി. കുട്ടിയാമു

കെ. ഏ. സിദ്ദീഖ് ഹസ്സൻ

1. ദൈവവിഭാവനം നൂററാണ്ടുകളിലൂടെ 141

ആദിയിൽ ഏകദൈവ വിശ്വാസം, ദൈവസങ്കല്പത്തിലെ പരിണാമവാദം.

2. ദൈവവിഭാവനം ഇസ്ലാമിലും ഇതര മതങ്ങളിലും 150

ചൈനക്കാരുടെ ദൈവവിഭാവനം, ഹൈന്ദവദൈവവിഭാവനം, സൗരാഷ്ട്രവിഭാവനം, ജൂതവിഭാവനം, ഗ്രീക്ക് തത്വചിന്ത, ക്രൈസ്തവവിഭാവനം, ഇസ്ലാമിലെ ദൈവവിഭാവനം.

3. ദൈവികഗുണങ്ങളുടെ യാഥാർഥ്യവും മനുഷ്യജീവിതവും 166

മനുഷ്യജീവിതം, മനുഷ്യവ്യക്തിത്വം, ദൈവവ്യക്തിത്വത്തിൻെറ മൗലികസവിശേഷതകൾ, മനുഷ്യനും ദൈവാനുസരണവും.

4. അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ സവിശേഷതകൾ 174

അസ്മാഉൽ ഹുസ്നാ അഥവാ ഉത്തമ സംജ്ഞകൾ

5. സൃഷ്ടി–ഖുർആൻെറ വെളിച്ചത്തിൽ 177

സ്രഷ്ടാവിൻെറ സാന്നിധ്യം, സ്രഷ്ടാവിന്ന് സൃഷ്ടികളോടുള്ള സാമീപ്യം, അല്ലാഹു നമ്മെ വലയം ചെയ്തിരിക്കുന്നു.

6. അല്ലാഹു ഖുർആൻെറയും പ്രവാചകാദ്ധ്യാപനങ്ങളുടെയും വെളിച്ചത്തിൽ 187

7. തൗഹീദ് അഥവാ ഏകദൈവവിശ്വാസം 201

തൗഹീദിൻെറ യാഥാർഥ്യം, ശിർക്ക് അഥവാ ബഹുദൈവത്വം, ശിർക്കിൻെറ സ്വഭാവം.

8. ദൈവാസ്തിക്യം 216

വിശുദ്ധ ഖുർആന്റെ നിലപാട്, മനുഷ്യപ്രകൃതിയിൽ, പ്രാപഞ്ചികദൃഷ്ടാന്തങ്ങൾ, സൃഷ്ടി, സംവിധാനം, താളപ്പൊരുത്തം, മാർഗദർശനം, ധർമാധർമബോധം, മുഹമ്മദ്നബിയും ഖുർആനും.

9. അല്ലാഹുവിന്റെ വിശിഷ്ടനാമങ്ങൾ 239

**III. ഭാഗം മൂന്ന്—ഖുർആൻ** (279–472)

പ്രൊഫ: വി. മുഹമ്മദ്

1. ദിവ്യവെളിപാട് (വഹ്‌യ്) 281

വഹ്‌യ് പ്രകൃതിനിയമത്തിന്നനുസൃതം, നബിക്ക് വഹ്‌യ് ലഭിച്ചിരുന്ന വിധം, വഹ്‌യ് പ്രയത്നിച്ച് സമ്പാദിക്കാവുന്നതല്ല.

2. വേദങ്ങൾ 290

നാലു വേദങ്ങൾ

3. ഖുർആൻ എന്ത്? 296

ഗ്രന്ഥരൂപത്തിൽ, പാഠാന്തരങ്ങൾ (ഖിറാഅത്തുകൾ), ഔദ്യോഗികപ്രതികൾ, ഖുർആൻ വ്യാഖ്യാനം, തഫ്സീറുകൾ (വ്യാഖ്യാനഗ്രന്ഥങ്ങൾ), ഖുർആൻ പാരായണം, ഖുർആനെപ്പററി ഖുർആൻ, വിജ്ഞാനത്തെപ്പററി, വിജ്ഞാനം സമഗ്രമായിരിക്കണം, കണിശമായ തോതും കണക്കും, മാററമില്ലാത്ത പ്രകൃതിനിയമങ്ങൾ, ഖുർആൻ മനുഷ്യനെപ്പററി, ഖുർആൻ ജിന്നിനെപ്പററി.

4. പ്രവാചകൻമാർ 357

ആദം, ഇദ്‌രീസ്, നൂഹ്, ഹൂദ്, സാലിഹ്, ഇബ്രാഹിം, ഇസ്മാഈൽ, ഇസ്ഹാഖ്, ലൂത്ത്, യഅ്ഖൂബ്, യൂസുഫ്, യൂസുഫ് ചരിത്രത്തിന്റെ പ്രാധാന്യം, ശുഐബ്നബി, മൂസായും ഹാറൂനും, ഇൽയാസ്, അൽയസഅ്, ദാവൂദ്, യൂനുസ്, ദുൽകിഫ്ൽ, സുലൈമാൻ, അയ്യൂബ്, സക്കരിയ്യാ, യഹ്‌യാ, ഈസാനബി.

5. സമാപനം 469

ഭാഗം രണ്ട്

# ദൈവം

1

# ദൈവവിഭാവനം നൂററാണ്ടുകളിലൂടെ

## ആദിയിൽ ഏകദൈവവിശ്വാസം

സർവശക്തനായ ഒരു സൃഷ്ടികർത്താവിലുള്ള വിശ്വാസം മനുഷ്യ ചരിത്രത്തിൽ എക്കാലത്തും നിലനിന്നു പോന്നിട്ടുണ്ട്. ലോകത്ത് ഇന്നു വരെയുണ്ടായിട്ടുള്ള എല്ലാ ജനവിഭാഗങ്ങളുടെയും ചരിത്രം അതിന്നു സാക്ഷ്യം വഹിക്കുന്നു. ആധുനികയുഗത്തിലും ലോകത്തിലെ ഭൂരിപക്ഷ മാളുകളും ദൈവവിശ്വാസികളാണ്.

ദൈവത്തെക്കുറിച്ചു ലോകജനവിഭാഗങ്ങൾക്കിടയിൽ വ്യത്യസ്തങ്ങ ളായ വിശ്വാസങ്ങളും സങ്കല്പങ്ങളും നിലവിലിരുന്നതായി കാണാം. ഏക ദൈവത്വവും ബഹുദൈവത്വവും പ്രകൃത്യാരാധനയുമൊക്കെ പലപ്പോഴും സമ്മിശ്രമായി നിലനിന്നിരുന്നു. ദൈവത്തിൻെറ സത്തയെയും ഗുണങ്ങളെ യും കുറിച്ച് പരസ്പരം പൊരുത്തപ്പെടാത്ത ഒട്ടേറെ വിഭാവനകൾ പ്രചാര ത്തിലുണ്ടായിരുന്നു. ഈദൃശ വൈകല്യങ്ങളും വൈജാത്യങ്ങളും സ്വാഭാവി കമായും ആരാധനാരീതികളിലും ജീവിതവീക്ഷണങ്ങളിലും മോക്ഷമാർ ഗങ്ങളിലും പ്രതിഫലിച്ചു

ചരിത്രത്തിൽ കാണുന്ന ഈ സങ്കീർണഭാവം മതചരിത്രത്തെക്കുറിച്ചു പഠനം നടത്തിയ ആധുനിക ഗവേഷകന്മാർക്കിടയിൽ ആശയക്കുഴപ്പത്തിനു വഴിയൊരുക്കി. അവരിൽ ഒരു വിഭാഗം മതപരിണാമസിദ്ധാന്തത്തിലാണ് ചെന്നെത്തിയത്. ഈ മതപരിണാമസിദ്ധാന്തത്തെ അല്പം പരിശോ ധിക്കാം.

"പ്രകൃതിശക്തികളായ ഇടിയും മിന്നലും കൊടുങ്കാററും പേമാരിയും പ്രാകൃതമനുഷ്യൻെറ മനസ്സിൽ സൃഷ്ടിച്ച ഭയവും ഭീതിയും, അവ യുടെ നേർക്ക് ഒരു തരം ആരാധനാഭാവം അവനിൽ വളർത്തി. ക്രമേണ അവയ്ക്ക് ദിവ്യമായ കഴിവുകളുണ്ടെന്ന വിശ്വാസത്തിലേക്ക് അത് അവനെ

കൊണ്ടെത്തിച്ചു. കാലാന്തരത്തിൽ പ്രകൃതിശക്തികൾ ഓരോന്നിനെയും ദൈവങ്ങളായി സങ്കല്പിച്ച് അവയുടെ പ്രീതിക്കായി ആരാധനകളും വഴിപാടുകളും അർപ്പിക്കാൻ തുടങ്ങി. ഈ വിശ്വാസം സഹസ്രാബ്ദങ്ങളോളം നിലനിന്നു. പിന്നീട് മനുഷ്യബുദ്ധി വികസിക്കുകയും അവന്റെ ചിന്താശക്തി വളരുകയും ചെയ്തപ്പോൾ പ്രകൃതിശക്തികളുടെ യാഥാർഥ്യം അവന്നു മനസ്സിലായിത്തുടങ്ങി. അപ്പോൾ തന്റെ ബുദ്ധിക്കും യുക്തിക്കും ഇണങ്ങുന്ന രീതിയിൽ തന്റെ വിശ്വാസത്തിലും അവൻ പരിഷ്കാരങ്ങൾ വരുത്തി. അപ്രകാരം പരിവർത്തനങ്ങൾക്ക് വിധേയമായി ഇന്നത്തെ പരിഷ്കൃതരൂപത്തിലുള്ള ഏകദൈവവിശ്വാസത്തിൽ ചെന്നെത്തി''. ഇതാണ് ദൈവസങ്കല്പത്തിലെ പരിണാമവാദത്തിന്റെ ചുരുക്കം.

18-ാം ശതകത്തിന്റെ അന്ത്യത്തിലും 19-ാം ശതകത്തിന്റെ ആരംഭത്തിലുമായി മതോൽപ്പത്തിയെയും പരിണാമത്തെയും കുറിച്ച ഒട്ടേറെ സിദ്ധാന്തങ്ങൾ രംഗത്തുവന്നു. അവയൊക്കെ ഭൗതിക പരിണാമസിദ്ധാന്തങ്ങളുടെ (Materialistic Evolution) അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തവയായിരുന്നു. ജീവവസ്തുക്കളെയും പദാർഥങ്ങളെയും പോലെ തന്നെ മനുഷ്യന്റെ മതവിശ്വാസവും താഴ്ന്ന പടികളിൽ നിന്നു ക്രമേണ പുരോഗമിച്ച് ഉയർന്ന പടികളെ പ്രാപിച്ചുവെന്നും, അങ്ങിനെ നീണ്ട ഒരു പരിണാമ പ്രക്രിയയുടെ ഫലമായി ദൈവസങ്കല്പത്തിൽ ഏകദൈവബോധം (Monotheism) ഉടലെടുത്തുവെന്നുമായിരുന്നു അവരുടെ വാദം. 19-ാം ശതകത്തിന്റെ ഉത്തരാർധത്തിൽ മനുഷ്യചിന്തയുടെ എല്ലാ മണ്ഡലങ്ങളും ഡാർവിനിസത്തിന്റെ പിടിയിലമർന്നു. സ്വാഭാവികമായും ദൈവവിശ്വാസോൽപ്പത്തിയുടെ പ്രശ്നവും ഇതിന്നപവാദമായിരുന്നില്ല.

കാലം പിന്നെയും കടന്നുപോയി. മറ്റെല്ലാ രംഗങ്ങളിലുമെന്നപോലെ പുരാവസ്തുഗവേഷണത്തിലും വിപ്ലവാത്മകങ്ങളായ പല വസ്തുതകളും വെളിച്ചത്തുവന്നു. 19-ാം ശതകത്തിലെ പല സിദ്ധാന്തങ്ങളുടെയും അടിക്കല്ലിളക്കുന്നവയായിരുന്നു അവ. ഈ വസ്തുത ചൂണ്ടിക്കാണിച്ചുകൊണ്ട് വിയന്നാ യൂണിവേഴ്സിററി പ്രൊഫസറായിരുന്ന വില്യം ഷിമിററ് (William Schimidt) എഴുതി: ''നരവംശ ശാസ്ത്രത്തിന്റെ സാമ്രാജ്യത്തിൽ പഴയ പരിണാമവാദമിതാ പാപ്പരായിരിക്കുന്നു. വലിയ ഒരുക്കത്തോടുകൂടി ആ പ്രസ്ഥാനം നൂററുണ്ടാക്കിയ മനോഹരവും സുദീർഘവുമായ നൂലിഴകൾ പുതിയ ചരിത്രസാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ വിമർശന ദൃഷ്ട്യാ പൊട്ടിത്തകർന്നു കീഴ്മേൽ മറിഞ്ഞിരിക്കുന്നു. 1''

മറെറാരിടത്ത് അദ്ദേഹം എഴുതി: ''അതിപുരാതനമായ മാനവസംസ്കാരങ്ങളിലെ പരാശക്തി ഏകദൈവാദർശത്തിലുള്ള സാക്ഷാൽ ദൈവം

1 The origin and Growth of Religion P. 8

തന്നെയായിരുന്നു. അവയുൾക്കൊള്ളുന്ന മതമോ, ശുദ്ധമായ ഏകദൈവ ത്വത്തിലധിഷ്ഠിതമായ മതവും. ഒരു പററം ഗ്രന്ഥകാരന്മാരുടെ ശക്തിമത്തായ എതിർപ്പിന്നു പാത്രമായ ഒരു വിഷയമാണിത്. ആ എതിർപ്പിനെ ഇന്നു നമുക്ക് നേരിടാൻ കഴിയും. സാക്ഷാൽ ഏകദൈവസങ്കല്പത്തിലുള്ള പരാശക്തിയുടെ സ്വഭാവം തന്നെയാണ് അതിപ്രാക്തന ഗോത്രവർഗങ്ങളിൽ നല്ലൊരു വിഭാഗത്തിൻെറ ദൈവത്തിനുള്ളതെന്നു ഒരു ഉപരിപ്ലവ വീക്ഷണത്തിൽ പോലും വ്യക്തമാകും. നമുക്കറിയാവുന്ന മിക്ക മാനവഗോത്രവർഗങ്ങളുടെയും സ്ഥിതി അങ്ങിനെയാണ്. അതുപ്രകാരം പുരാതന കിരാതവർഗങ്ങളുടെ വെളിച്ചത്തു വന്ന സ്ഥിതിഗതികളെയും കുർണായി (KURNAI), ജൂലിൻ (JULIN), തെക്കുകിഴക്കൻ ആസ്ത്രേലിയായിലെ യൂയിൻ (YUIN) എന്നീ വർഗങ്ങളുടെ ചരിത്രവസ്തുതകളെയും സംബന്ധിച്ച പഠനം ഇതേ നിഗമനത്തിലാണ് നമ്മെ എത്തിക്കുന്നത്. കോര്യാക്സ് (KORYAKS) അല്ലാത്ത ധ്രുവ (ARCTIC) സംസ്ക്കാരവർഗങ്ങളുടെ പാരമ്പര്യാവശിഷ്ടങ്ങളും വടക്കേ അമേരിക്കയിലെ പ്രാചീനവർഗങ്ങളുടെ മതസങ്കൽപ്പങ്ങളെക്കുറിച്ച പഠനവും അവസാനം ഈ നിഗമനത്തിലാണെത്തിക്കുന്നത്'' 1.

ഇവ്വിഷയകമായി ഒട്ടു വളരെ ഗവേഷണപഠനങ്ങൾ നടത്തിയ മൗലാനാ അബുൽകലാം ആസാദ് വില്യം ഷ്മിററിൻെറ വാക്കുകൾ ഉദ്ധരിച്ചു കൊണ്ട് എഴുതുന്നു: ''ആസ്ത്രേലിയയിലും മഹാസമുദ്രദ്വീപുകളിലുമുള്ള കാട്ടുവർഗക്കാർ നിർണയിക്കാനാവാത്ത കാലം മുതൽ തങ്ങളുടെ ആദിമമാനസികജീവിതമാണ് നയിക്കുന്നത്. .... .... പ്രാരംഭ ഘട്ടത്തിലെ നരവംശത്തിൻെറ ശാരീരികവും മസ്തിഷ്ക്കപരവുമായ എല്ലാ സവിശേഷതകളും അവരുടെ ഗോത്രജീവിതത്തിൽ കാണാമായിരുന്നു. .... .... ആകാശഭൂമികളെ സൃഷ്ടിക്കുകയും തങ്ങളുടെ ജീവിതമരണങ്ങൾ സ്വാധീനത്തിൽ വെക്കുകയും ചെയ്യുന്ന ഒരു പരാശക്തിയിലാണ് ആ വർഗങ്ങൾ വിശ്വസിച്ചിരുന്നത്'' 2.

പുരാതന ഈജിപ്തിലെ കാപ്പിരിവർഗങ്ങളുടെ മതവിശ്വാസങ്ങളെ സംബന്ധിച്ച പഠനം അന്തിമമായി ഏകദൈവത്തിലധിഷ്ഠിതമായ ഒരു വിശ്വാസമാണ് അവർക്കിടയിൽ നിലനിന്നിരുന്നതെന്നു വെളിപ്പെടുത്തുന്നതായി പ്രസിദ്ധ ഈജിപ്ഷ്യൻ പുരാവസ്തു ഗവേഷകനായ ഡോക്ടർ ബഡ്ജി (BUDGE) ൻെറ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു.

---

1 Ibid P.262

2 തർജുമാനുൽ ഖുർആൻ P. 102-103

യൂപ്രട്ടീസ്, ടൈഗ്രീസ് താഴ്‌വരകളിലെ പൂർവിക ജനവർഗങ്ങളായ സുമേരിയൻ സമുദായവും അക്കാഡിയൻ ജനതയും അനശ്വരവും അനാദിയുമായ ഒരു സത്തയിൽ വിശ്വസിച്ചിരുന്നുവെന്ന വസ്തുത തുടർന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

പൗരാണിക നാഗരികതകളുടെ കൂട്ടത്തിൽ പ്രശസ്തമാണ് ഇന്ത്യയിലെ മോഹൻജദാരോയും ഹാരപ്പയും. അവിടത്തെ ജനങ്ങളുടെ മതവിശ്വാസത്തിൽ വിഗ്രഹാരാധന നാം കാണുന്നുണ്ടെങ്കിലും അതിലുമുപരി 'ഓം' എന്ന പേരിൽ അറിയപ്പെടുന്ന ഒരു ആദിപരാശക്തിയിൽ അവർ വിശ്വസിച്ചിരുന്നതായി കാണാം.

പൗരാണിക സെമിററിക് മതസങ്കല്പത്തിലും ബാഹ്യവും ഉപരിപ്ലവവുമായി മാത്രമേ വിഗ്രഹാരാധനയുടെ സ്വാധീനം നാം കാണുന്നുള്ളൂ. സെമിററിക് വർഗങ്ങളെല്ലാം തന്നെ അടിസ്ഥാനപരമായി 'ഈൽ', 'ഇലാഹ്', 'അൽഇലാഹ്', 'ഉലൂഹ്' എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന അല്ലാഹുവിൽ വിശ്വസിച്ചിരുന്നവരായിരുന്നു 1.

ഏററവും ആധുനികമായ പുരാവസ്തു ഗവേഷണം ദൈവവിശ്വാസം സംബന്ധിച്ച് 19-ാം ശതകത്തിൽ നിലനിന്നിരുന്ന സിദ്ധാന്തത്തെ കടപുഴക്കിയെറിഞ്ഞതാണ് നാമിവിടെ കാണുന്നത്. ഒട്ടുമിക്ക ജനവർഗങ്ങളിലും കാണപ്പെട്ട ബഹുദൈവസങ്കല്പവും വിഗ്രഹാരാധനയും ആദിയിലെ ഏക ദൈവവിശ്വാസത്തിൽ നിന്നുള്ള വ്യതിചലനമായിരുന്നു. അതെ, ആദിയിൽ മനുഷ്യൻ കണ്ണുതുറന്നപ്പോൾ കണ്ടത് നേർമാർഗത്തിൻെറ വെളിച്ചമായിരുന്നു. പിന്നീടാണ് അന്ധകാരവും അന്ധതയും വ്യാപിച്ചത്. ലോകമതസാഹിത്യങ്ങളെല്ലാം ഈ വസ്തുതയ്ക്ക് സാക്ഷ്യം വഹിക്കുന്നു. ഈജിപ്ത്, ഗ്രീസ്, കാൽഡിയ, ഇന്ത്യ, ചീന, ഇറാൻ ആദിയായ പുരാതന നാഗരികകേന്ദ്രങ്ങളിൽ വളർന്നുവന്ന മതങ്ങളുടെ ഇതിഹാസപുരാണാദികളിലെല്ലാം തന്നെ മനുഷ്യൻെറ ശോഭനമായ ഒരു പ്രാരംഭജീവിതത്തെ—നന്മയും പരിശുദ്ധിയും നിറഞ്ഞ ഒരു സന്മാർഗിക സമൂഹത്തെ—പററിയുള്ള ഐതിഹ്യം കാണുന്നുണ്ട്. പ്ലാറേറായുടെ ക്രിററ്യാസി (CRITIAS) ൽ പ്രസ്തുത ഐതിഹ്യം തെളിഞ്ഞുകാണാം. ബൈബിൾ പഴയ നിയമം ഉൽപ്പത്തിപുസ്തകത്തിൽ വിവരിച്ച ആദാമിൻെറ കഥയിൽ ഈ ആശയം സ്പഷ്ടമാണ്. ആദം ആദിയിൽ സന്മാർഗത്തിലായിരുന്നു. പ്രകൃതിയുടെ മാർഗദർശനമനുസരിച്ചുള്ള ജീവിതമാണ് നയിച്ചിരുന്നത്. പിന്നീടാണ് മനുഷ്യന് മാർഗഭ്രംശം സംഭവിച്ചത്. മനുഷ്യൻെറ ആദിമജീവിതം സാന്മാർഗികവും ഭാസുരവുമായി

---

1 Ibid Page 104

രുന്നുവെന്നും പിന്നീടാണ് അവൻ അന്ധകാരത്തിലേക്ക് കാൽവഴുതി വീണതെന്നും ഈ കഥ സൂചിപ്പിക്കുന്നു. ഇതേ ആശയം വി. ഖുർആൻ സ്പഷ്ടമായിത്തന്നെ പ്രഖ്യാപിക്കുന്നുണ്ട്.

"മനുഷ്യർ ഒരൊററ സമുദായമായിരുന്നു (പിന്നീട് അവർ ഭിന്നിച്ചു). അപ്പോഠം സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീതു നൽകുന്നവരുമായ നബിമാരെ അല്ലാഹു അയച്ചു. മനുഷ്യർ ഭിന്നിച്ചുകഴിഞ്ഞിട്ടുള്ള വിഷയങ്ങളിൽ അവർക്കിടയിൽ വിധി കല്പിക്കുവാൻ വേണ്ടി സത്യത്തോടു കൂടിയ വേദം നബിമാരോടൊപ്പം അല്ലാഹു അയച്ചുകൊടുക്കുകയും ചെയ്തു........" (വി.ഖു. 2:213).

മനുഷ്യവർഗം ആദിയിൽ സന്മാർഗത്തിലും ഏകദൈവവിശ്വാസത്തിലുമാണ് നിലകൊണ്ടിരുന്നതെന്നും, അതു ദൈവിക വെളിപാടു മുഖേന അല്ലാഹു പഠിപ്പിച്ചുകൊടുത്തിരുന്നുവെന്നും ബഹുദൈവത്വവും മററും പിന്നീടാണ് നിലവിൽ വന്നതെന്നും ഖുർആൻ സിദ്ധാന്തിക്കുന്നു. ലോകമതസാഹിത്യങ്ങളോടൊപ്പം ആധുനിക ചരിത്രഗവേഷണങ്ങളും ഇതേ നിഗമനത്തിലാണ് നമ്മെ കൊണ്ടെത്തിക്കുന്നത്. അല്ലാതെ, മനുഷ്യബുദ്ധിയുടെ വളർച്ചയോടൊപ്പം പടിപടിയായി, പരിണാമപ്രക്രിയക്കു വിധേയമായി, ഉയർന്നുവന്ന ഒരു സങ്കല്പമല്ല ഏകദൈവവിശ്വാസം.

## ദൈവസങ്കൽപ്പത്തിലെ പരിണാമവാദം

മനുഷ്യന്റെ ആദിമതം ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായിരുന്നുവെന്നു കണ്ടു. എന്നാൽ പ്രവാചകദൗത്യങ്ങളുടെ വെളിച്ചമേൽക്കാത്ത ജനവിഭാഗങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോഠം ഒരു പരിണാമശൃംഖല ദൃശ്യമാകുന്നതാണ്. ദൈവാസ്തിക്യവിശ്വാസവുമായിട്ടല്ല, മറിച്ചു ദൈവികഗുണങ്ങളുടെ മൂർത്തീവൽക്കരണ സങ്കൽപ്പവുമായിട്ടാണ് ഈ പരിണാമശൃംഖലയുടെ ബന്ധം. അതായത്, ദൈവാസ്തിക്യവിശ്വാസത്തിൽ പരിണാമസിദ്ധാന്തം അപ്രസക്തമാണ്. അതേസമയം ദൈവികഗുണങ്ങളെ സംബന്ധിച്ച മനുഷ്യമനസ്സിന്റെ വിഭാവനം കാലാന്തരത്തിൽ ഒരു പരിണാമത്തിനു വിധേയമായിരുന്നതായി കാണാം.

ചിലർ ധരിച്ചു വശായിട്ടുള്ളതുപോലെ മനുഷ്യമനസ്സിന്റെ ഭാവനാസൃഷ്ടിയല്ല ദൈവാസ്തിക്യത്തിലുള്ള വിശ്വാസം. മനുഷ്യമനസ്സിന്റെ മാററങ്ങഠക്ക് വിധേയമായി ദൈവവിശ്വാസവും മാറി മാറി വന്നുവെന്നു പറയാൻ സാധ്യമല്ല. മനുഷ്യന്റെ സഹജാവബോധത്തിന്റെ ഫലമായിരുന്നു ദൈവവിശ്വാസം. മനസ്സിന്റെയോ, വിചിന്തനത്തിന്റെയോ പ്രതിഫലനത്തിനു സഹജാവബോധത്തിൽ ഇടപെടുക സാധ്യമല്ല. ബാഹ്യലോകത്തിന്റെ സ്വാധീനങ്ങഠം വഴി അതിൽ പരിവർത്തനം വരുത്തുവാൻ ആവതുമല്ല.

മനുഷ്യബുദ്ധി കേവലസത്തയെ രൂപപ്പെടുത്തുവാൻ അശക്തമത്രെ. സത്തയെ വിഭാവനം ചെയ്യുവാൻ മനുഷ്യമനസ്സ് മുതിരുന്ന പക്ഷം സത്തയുടെ ഗുണങ്ങളോടും സവിശേഷതകളോടും കൂടിയേ അത് സാധ്യമാവൂ. ചില ഗുണവിശേഷങ്ങരം കൂട്ടിച്ചേർത്തും ചിലതു ഒഴിവാക്കിയും കൊണ്ടല്ലാതെ കേവലമായ സത്താവിഭാവനം മനുഷ്യന്റെ കഴിവിന്നതീതമത്രെ. അതിനാൽ ഒരു പരാശക്തിയുടെ ഉണ്മയെ വിഭാവനം ചെയ്യാൻ ശ്രമിച്ചപ്പോഴൊക്കെ മനുഷ്യബുദ്ധി അതിന്നു ചില രൂപങ്ങരം നൽകാൻ ഒരുമ്പെട്ടു. യഥാർഥത്തിൽ ദൈവിക സത്തയുടെ ആകൃതിയായിരുന്നില്ല അത്. മറിച്ച് മനുഷ്യബുദ്ധിയുടെ ഭാവനാചിത്രങ്ങളുടെ ആകത്തുക മാത്രമായിരുന്നു.

ഈ സങ്കല്പചിത്രങ്ങരംക്ക് മനുഷ്യബുദ്ധിയുടെ വളർച്ചയുമായുള്ള ബന്ധം പ്രത്യേകം എടുത്തോതേണ്ടതില്ല ആദിയിൽ കേവലം ശിശുപ്രായത്തിലായിരുന്ന മനുഷ്യബുദ്ധിയുടെ സങ്കല്പങ്ങളും വിഭാവനങ്ങളും തദനുരൂപങ്ങളായിരുന്നു. പിന്നീട്, തന്നിലും ചുററുപാടിലും വന്ന മാററങ്ങരംക്കനുസരിച്ച് മനുഷ്യബുദ്ധിയും വികാസം പ്രാപിച്ചു വന്നു. മനസ്സും മാനസികവിഭാവനകളും വളർന്നു. ധാരണകളിലും സങ്കല്പങ്ങളിലും സൂക്ഷമവും ഉന്നതവുമായ പരിവർത്തനങ്ങരം ദൃശ്യമായി.

സ്വാഭാവികമായും ഈ വളർച്ചയും വികാസവും ദൈവികഗുണകല്പനകളിലും പ്രതിഫലിച്ചു. തന്റെ പ്രകൃതിയും സഹജാവബോധവും തേടിക്കൊണ്ടിരിക്കുന്ന ദൈവത്തിന്നു മനുഷ്യൻ സങ്കല്പിച്ച ഗുണവിശേഷങ്ങളിലും ഈ പരിവർത്തനം പ്രത്യക്ഷമായി. വാസ്തവത്തിൽ ദൈവത്തിന്റെയോ ദൈവിക ഗുണങ്ങളുടെയോ ശരിയായ ചിത്രമായിരുന്നില്ല അത്. മറിച്ച് മനസ്സിന്റെയും മാനുഷികഗുണങ്ങളുടെയും പ്രതിരൂപം മാത്രമായിരുന്നു.

സഹജമായ ദൈവികബോധത്തിനു രൂപം നൽകാൻ ശ്രമിച്ച മനുഷ്യബുദ്ധിയുടെ പരാജയമാണിവിടെ നാം കാണുന്നത്. ഈ പരാജയഗർത്തത്തിൽ നിന്നും അവനെ കരകയററുവാൻ വേണ്ടിയാണ് ഓരോ കാലഘട്ടത്തിലും പ്രവാചകന്മാർ നിയുക്തരായിക്കൊണ്ടിരുന്നത്. മനുഷ്യപ്രകൃതി തേടിക്കൊണ്ടിരുന്ന ദൈവത്തിന്റെ ചിത്രം ദൈവികവെളിപാടുകളിലൂടെ ലഭിച്ചതനുസരിച്ച് അവർക്ക് പഠിപ്പിച്ചുകൊടുക്കുകയാണ് പ്രവാചകന്മാർ ചെയ്തുപോന്നത്, എന്നാൽ പ്രവാചക പ്രബോധനങ്ങരം അവഗണിക്കപ്പെടുകയും അവരുടെ അധ്യാപനങ്ങരം വിസ്മൃതമാവുകയും ചെയ്തപ്പോഴൊക്കെ മനുഷ്യബുദ്ധിയുടെ പ്രാകൃതസങ്കല്പങ്ങരം മാനവസമൂഹത്തെ അടക്കിഭരിച്ചുപോന്നു. അതുകൊണ്ടാണ് ശുദ്ധമായ ഏകദൈവത്വവിഭാവനവും ബഹുദൈവസങ്കൽപ്പങ്ങളും എല്ലാ കാലഘട്ടത്തിലും

സമ്മിശ്രമായി നിലകൊണ്ടിരുന്നതായി കാണാൻ കഴിയുന്നത്. പ്രവാചകാധ്യാപനങ്ങളുടെ അന്തസ്സത്ത ശുദ്ധമായ ഏകത്വവിഭാവനയിലധിഷ്ഠിതമായിരുന്നെങ്കിൽ പ്രാകൃതബുദ്ധിയുടെ ബഹുദൈവസങ്കല്പം മനുഷ്യബുദ്ധിയുടെ വികാസപരിണാമങ്ങളോടൊപ്പം പ്രകടമായ ഒരു പരിണാമപ്രക്രിയയ്ക്കു വിധേയമായിരുന്നതായി കാണ്മാൻ കഴിയും. ഇവിടെയാണ് 19-ാം ശതകത്തിൽ ഉന്നീതമായ മതപരിണാമസിദ്ധാന്തത്തിൻെറ വേരുകറം കണ്ടെത്താൻ കഴിയുക. മനുഷ്യൻെറ സഹജാവബോധത്തിൽ നിന്നും, പ്രവാചകന്മാരുടെ അധ്യാപനങ്ങളിൽ നിന്നും ഭിന്നമായി നിലനിന്നുപോന്ന പ്രാകൃതങ്ങളായ ദൈവിക ഗുണസങ്കല്പങ്ങളിൽ സംഭവിച്ച പരിണാമത്തിൻെറ കഥയാണത്. അതും ദൈവാസ്തിക്യവിശ്വാസത്തിലല്ല; ദൈവാസ്തിത്വത്തിൻെറ കാര്യത്തിൽ പരിണാമത്തിൻെറ പ്രശ്നമേയില്ല. പ്രത്യുത ദൈവിക ഗുണസങ്കല്പങ്ങളിലാണ് ഒരു പരിണാമശൃംഖല കാണപ്പെടുന്നത്. ദൈവാസ്തിക്യവും ദൈവികഗുണങ്ങളുടെ മൂർത്തീവൽക്കരണവും തമ്മിലുള്ള അന്തരം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ദൈവികഗുണങ്ങളുടെ മൂർത്തീവൽക്കരണ ചരിത്രം പരിശോധിക്കുമ്പോറം അതിപ്രധാനങ്ങളായ മൂന്നു ഘട്ടങ്ങറം കാണാം.

(1) സ്ഥൂലഗുണങ്ങളിൽ നിന്നു സൂക്ഷ്മഗുണങ്ങളിലേക്ക് അഥവാ മൂർത്തഗുണങ്ങളിൽ നിന്നും അമൂർത്തഗുണങ്ങളിലേക്ക്. മൂർത്തഗുണങ്ങറം എന്നതുകൊണ്ടുള്ള വിവക്ഷ മനുഷ്യരെയും ഇതര സൃഷ്ടികളെയും പോലെ ദൈവത്തിനും ജഡവും ജഡികഗുണങ്ങളുമുണ്ടെന്നുള്ള സങ്കല്പം (Anthropomorphism) ആണ്. അമൂർത്തം, സൂക്ഷ്മം എന്നീ പ്രയോഗങ്ങറം കൊണ്ടർഥമാക്കുന്നത്, മനുഷ്യസഹജമായ സർവവിധ പ്രത്യേകതകറംക്കും അതീതമായ ഒരവസ്ഥ എന്നതാണ്.

(2) ബഹുദൈവത്വത്തിൽ (Polytheism) നിന്നും ഏകദൈവവിശ്വാസ (Monotheism) ത്തിലേക്ക്.

(3) ഭീകരഗുണങ്ങളിൽ നിന്നും കാരുണ്യ സൗന്ദര്യഗുണങ്ങളിലേക്ക്.

മൂർത്തീപൂജയും വിഗ്രഹാരാധനയും ദൈവത്തെക്കുറിച്ചുള്ള ഭീകരസങ്കല്പങ്ങളുമായിരുന്നു ബഹുദൈവസങ്കല്പത്തിൻെറ ആദ്യത്തെ പടി. പിന്നീട് വളർന്നു വികസിച്ചു വന്നതാണ് അമൂർത്ത ഗുണസങ്കല്പം. അതുപോലെ ദൈവത്തിനു മനുഷ്യൻേറതു പോലുള്ള ആകൃതിയും, വികാരങ്ങളും ഇല്ലെന്നുള്ള സങ്കല്പവും പിന്നീടുണ്ടായതാണ്. ഏററവും പുരാതനമായ സങ്കല്പങ്ങളിൽ മൂർത്തീവൽക്കരണ സ്വഭാവം കൂടുതലായി കാണാം. ഏററവും ആധുനികങ്ങളായ സങ്കല്പങ്ങറം ഉൽകൃഷ്ടമായും മൂർത്തീകരണത്തിൽ നിന്നും തികച്ചും മുക്തമായും കാണപ്പെടുന്നു.

ദൈവസങ്കല്പം മനുഷ്യഭാവനയിൽ നിന്നുടലെടുത്തതാണെന്നു സ്ഥാപിക്കാൻ വേണ്ടി ഭൗതികവാദികൾ എടുത്തുകാട്ടുന്ന ഒരു വസ്തുതയാണ് പണ്ടുപണ്ടേ നിലനിന്നിരുന്ന ഭീകരസങ്കല്പം. കാലാന്തരത്തിൽ രൂപം പ്രാപിച്ച ദൈവികഗുണങ്ങളെക്കുറിച്ച ധാരണകളുടെ തുടക്കം ഭീകരഗുണങ്ങളിൽനിന്നായിരുന്നുവെന്നത് ശരി തന്നെ; അതിന്നു മനുഷ്യമനസ്സുമായി ബന്ധപ്പെട്ട പ്രസക്തമായ കാരണങ്ങളുണ്ട്. പ്രകൃതി ഇന്നത്തേതുപോലെ അന്നും നിലനിന്നിരുന്നു– അതുൾക്കൊള്ളുന്ന എല്ലാ അനുഗ്രഹസൗന്ദര്യങ്ങളോടും കൂടിത്തന്നെ; എന്നിരുന്നാലും ശൈശവ പ്രായത്തിലുള്ള മനുഷ്യമനസ്സിൽ ഗാഢമായി പതിഞ്ഞത് അതിന്റെ ഭീകരപ്രവർത്തനങ്ങളായിരുന്നു. പ്രകൃതിയുടെ ലാവണ്യത്തിനും അതുൾക്കൊള്ളുന്ന അനുഗ്രഹങ്ങൾക്കും പകരം സംഹാരരുദ്രമായ ഭീകരഗുണങ്ങളാണ് അപക്വമായ മനുഷ്യഭാവനയിലേക്ക് കടന്നുചെന്നത്. ഇത് തികച്ചും സ്വാഭാവികമാണ്. പ്രകൃതിയിലെ സൗന്ദര്യഗുണങ്ങളും നിർമാണപ്രക്രിയയും കാണാനും ഉൾക്കൊള്ളാനും പക്വവും ഉദാത്തവുമായ ദൃഷ്ടിയും മനസ്സും അത്യാവശ്യമാണ്. സംഹാരത്തിന്റെയും ഭീകരതയുടെയും പ്രകടനങ്ങളാണ് പ്രഥമദർശനത്തിൽ മുമ്പിൽ വരിക; വാസ്തവത്തിൽ നിർമാണപ്രക്രിയപോലും സംഹാരത്തിന്റെ വേഷത്തിലാണ് പ്രത്യക്ഷപ്പെടുക. കൊടുങ്കാററും പേമാരിയും ഭൂകമ്പവും ഇടിനാദവുമെക്കെ പ്രക്ഷുബ്ധവും ബഹളമയവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. അപകടങ്ങൾക്കും നാശനഷ്ടങ്ങൾക്കും കളമൊരുക്കുന്നു സസ്യങ്ങൾ മുളയ്ക്കുക, വൃക്ഷലതാദികൾ പുഷ്പിക്കുക തുടങ്ങി വിവിധങ്ങളായ നിർമാണപ്രവർത്തനങ്ങൾക്ക് കളമൊരുക്കുന്നതാണ് അവയെങ്കിലും, അവയുൾക്കൊള്ളുന്ന ഭീകരത മാത്രമേ മനുഷ്യശ്രദ്ധയെ ആകർഷിക്കുന്നുള്ളു. മനുഷ്യന്റെ സ്വരക്ഷക്കുള്ള വാഞ്ഛയോടൊപ്പം സ്വന്തം നിസ്സഹായതാബോധവുമാണിതിനു കാരണം. സൗന്ദര്യവും നിർമാണവും അനുഗ്രഹവർഷങ്ങളും ശാന്തവും അക്ഷോഭ്യവുമാണ്. അവയിലേക്ക് മനുഷ്യശ്രദ്ധ അത്രവേഗം ചെന്നെത്തുന്നില്ല– വിശേഷിച്ച് പ്രാകൃതവും അപക്വവുമായ സാമാന്യബുദ്ധികളെ സംബന്ധിച്ചിടത്തോളം.

ഇത് മനുഷ്യമനസ്സിന്റെ ഈ പ്രത്യേകഭാവം നിമിത്തമുളവാകുന്നതാണ്. ഇവിടെ മനുഷ്യഭാവന ദൈവികഗുണങ്ങൾക്ക് രൂപം നൽകാൻ ശ്രമിക്കുമ്പോൾ തന്റെ മനസ്സിനെ പിടിച്ചുകുലുക്കാനിടയായ അനുഭവങ്ങളിലൂടെ, ഭീകരനായ, ദുർമൂർത്തിയായ, സംഹാരരുദ്രനായ ഒരു ശക്തിയായി അവനെ സങ്കൽപ്പിക്കുന്നു. പ്രാകൃതാവസ്ഥയിൽ മനുഷ്യനു നേരിടേണ്ടിവന്ന സാഹചര്യങ്ങൾക്കും ഇതിൽ ഒരളവോളം പങ്കുണ്ട്. ആദിയിൽ അവൻ നഗ്നപാണിയും നിരായുധനുമായിരുന്നു. ഹിംസ്രജന്തുക്കളും പ്രതികൂലമായ ചുററുപാടുകളും അവനെ ഭയവിഹ്വലനാക്കി. തലക്കുമീതെ കത്തിജ്വലിക്കുന്ന സൂര്യനും ഉഗ്രമൂർത്തിയെപ്പോലെ അടിച്ചലറുന്ന

കൊടുങ്കാററും വിഷജീവികളും എങ്ങും ഭീതിയുടെയും ഏകാന്തതയുടെയും അന്തരീക്ഷമാണ് സൃഷ്ടിച്ചത്. ഇവിടെ മനുഷ്യൻ ദൈവത്തിൻെറ ഭീകരഗുണങ്ങളെ മാത്രം സങ്കൽപ്പിച്ചതിൽ അത്ഭുതമെന്തുള്ളൂ!

എന്നാൽ മനുഷ്യബുദ്ധി വികസിക്കുകയും അവൻെറ കഴിവുകഠം വളരുകയും ചെയ്തതോടുകൂടി അവൻെറ ദൈവികഗുണസങ്കൽപ്പങ്ങളിലും മാററം വന്നു. ദൈവത്തിൻെറ കാരുണ്യാദിസൗന്ദര്യഗുണങ്ങഠം ക്രമേണ അവൻെറ ഭാവനയിൽ സ്ഥലം പിടിച്ചുതുടങ്ങി. ഭീകരഗുണങ്ങളോടൊപ്പം അനുഗ്രഹ-സൗന്ദര്യഗുണങ്ങഠംക്കും തുല്യസ്ഥാനം കൈവന്നു. പുരാതന ജനസമുദായങ്ങളുടെ മൂർത്തിപൂജാപരമായ സങ്കല്പങ്ങളെക്കുറിച്ചുള്ള പഠനത്തിൽ നമുക്കിതു ശരിക്കും കണ്ടെത്താം.

ഭാരതത്തിലെയും ഗ്രീസിലെയും പൂർവിക മതചരിത്രത്തെക്കുറിച്ചുള്ള പഠനം നടത്തുമ്പോഠം ഈ വസ്തുത ബോധ്യമാകും. കാളിയുടെ പേടിപ്പെടുത്തുന്ന ചിത്രങ്ങഠംക്കുപകരം പ്രായേണ ലക്ഷ്മി, സരസ്വതി തുടങ്ങി അനുഗ്രഹ-സൗന്ദര്യഗുണങ്ങളുടേതായ ദൈവരൂപങ്ങഠം വിഭാവനം ചെയ്യപ്പെട്ടു. ഈ അർഥത്തിൽ മതപരിണാമവാദത്തിൻെറ പൊരുഠം മനസ്സിലാക്കാൻ കഴിയും. എന്നാൽ ഉപര്യുക്ത വസ്തുതകഠം ദൈവാസ്തിക്യവിശ്വാസത്തിലെ പരിണാമത്തിനു ഒരിക്കലും തെളിവാകുകയില്ല.

2

# ദൈവവിഭാവനം ഇസ്‌ലാമിലും ഇതരമതങ്ങളിലും

മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയുന്നതിൽ വെച്ചു ഏററവും ഉന്നതമായ ഒരു ദൈവസങ്കല്പമാണ് ഖുർആൻ സമർപ്പിച്ചത്. ഏററവും ഉൽക്കൃഷ്ടവും അത്യുദാത്തവുമായ ആ സങ്കല്പത്തിനു മാത്രമേ ദൈവി കമഹത്വത്തോട് നീതി പുലർത്താൻ കഴിയുകയുള്ളു. എന്നാൽ ഖുർആൻ സമർപ്പിച്ച ദൈവസങ്കല്പത്തിൻെറ മഹത്വവും പ്രത്യേകതയും ശരിക്കും ഗ്രഹിക്കണമെങ്കിൽ ഖുർആൻെറ ആവിർഭാവകാലത്ത് നിലനിന്നിരുന്ന വ്യത്യസ്ത ജനവിഭാഗങ്ങളുടെ ദൈവസങ്കല്പം കൂടി അറിയേണ്ടിയിരി ക്കുന്നു.

ഖുർആൻെറ ആവിർഭാവകാലത്ത് നിലവിലുണ്ടായിരുന്ന ദർശനാദി കളെ പൊതുവിൽ ആറായി തരം തിരിക്കാം. (1) ചൈനക്കാരുടെ സങ്കല് പം (2) ഭാരതീയസങ്കല്പം (3) സൗരാഷ്ടിയൻ സങ്കല്പം (4) ജൂതസങ്ക ല്പം (5) ഗ്രീക്ക്ചിന്ത (6) ക്രൈസ്തവസങ്കല്പം.

### *ചൈനക്കാരുടെ ദൈവവിഭാവനം*

പ്രാചീന ജനസമുദായങ്ങളുടെ കൂട്ടത്തിൽ ചീനരുടെ ദൈവസങ്കല് പം ശ്രദ്ധേയമാണ്. തികച്ചും അവ്യക്തമായ ഒരു ദൈവസങ്കല്പമാണ് അവർ പുലർത്തിപ്പോന്നിരുന്നത്. ഒരാകാശദൈവത്തിലുള്ള വിശ്വാസം ആദിമുതൽക്കേ നിലനിർത്തിപ്പോന്നിരുന്നു. ആകാശം അനുഗ്രഹത്തിൻേറ തെന്നപോലെ അഭിശാപത്തിൻെറയും പ്രതീകമായി ഗണിക്കപ്പെട്ടു. അക്കാ രണത്താൽ ചീനർക്ക് 'ആകാശജനത' എന്നും അവരുടെ രാഷ്ട്രത്തിനു 'ആകാശരാഷ്ട്രം' എന്നും പേരു വന്നു.

ഉൽക്കൃഷ്ടമായ ഒരു ആകാശദൈവത്തിലുള്ള വിശ്വാസത്തിനു പുറമെ മരിച്ചു മൺമറഞ്ഞ പിതൃക്കളെ പൂജിക്കുന്ന സമ്പ്രദായവുമുണ്ടായിരുന്നു.

ഓരോ കുടുംബത്തിനും പ്രദേശത്തിനും ഇത്തരം ആരാധനാരൂപങ്ങൾ വെവ്വേറെയുണ്ടായിരുന്നു.

ചീനയിൽ രൂപം പൂണ്ട പ്രധാന മതങ്ങളുടെ ആചാര്യൻമാരായിരുന്നു ലാവോട്സിയും കൺഫ്യൂഷ്യസും (Kung–fu–tse). കൺഫ്യൂഷ്യസ് ചീനർക്ക് സാമൂഹ്യ ജീവിതത്തിനുള്ള ഒരു മാർഗം കാണിച്ചു കൊടുത്തു. പക്ഷെ, ദൈവസങ്കല്പത്തിൽ പുതുതായൊന്നും അദ്ദേഹത്തിനു സമർപ്പിക്കാനുണ്ടായിരുന്നില്ല. തന്നിമിത്തം പിൽക്കാലത്തും, ആകാശവിശ്വാസവും മററും ഇഴുകിച്ചേർന്ന ഒരുതരം ബഹുദൈവസങ്കല്പമാണവിടെ നിലനിന്നിരുന്നത്. ആകാശദൈവത്തിൻെറ സാമീപ്യസിദ്ധിക്കായി പിതൃക്കളുടെ ആത്മാക്കൾക്ക് മാധ്യസ്ഥ്യവും ശുപാർശയും ചെയ്യാൻ കഴിയുമെന്ന വിശ്വാസം അതിൻെറ ഒരു ഭാഗമായിരുന്നു.

ലാവോട്സി അവതരിപ്പിച്ച മാർഗം ഒരുതരം വേദാന്തചിന്തയുടേതായിരുന്നു. അദ്ദേഹത്തിൻെറ 'താവോ' മതം സൂക്ഷ്മവും ഗഹനവുമായ ഒരു ദൈവസങ്കല്പത്തിൻെറ കവാടം തുറന്നുവെങ്കിലും ചീനരുടെ സാമാന്യജീവിതത്തിൽ കാര്യമായ സ്വാധീനമൊന്നും നേടാൻ അതിന്നു സാധിച്ചില്ല.

ചീനർക്കിടയിൽ പിന്നീട് പ്രചരിച്ച മറെറാരു മതം 'മഹായാന ബുദ്ധമത'മായിരുന്നു. യഥാർഥ ബുദ്ധമതതത്വങ്ങളിൽ നിന്നും ബഹുദൂരം വ്യതിചലിച്ചു പോയ ഒരു പദ്ധതിയായിരുന്നു മഹായാനം. ബുദ്ധമതത്തിൽ ദൈവാസ്തിക്യ വിശ്വാസം ഇല്ലെന്നു പൊതുവെ കരുതപ്പെടുന്നു. എന്നാൽ ചീനരുടെ ബുദ്ധമതത്തിൽ അവരുടെ പ്രാദേശികങ്ങളായ മതസങ്കല്പങ്ങൾ അനല്പമായ സ്വാധീനമാണ് ചെലുത്തിയത്. ബുദ്ധനു വിഗ്രഹങ്ങളും ദേവാലയങ്ങൾ പോലും അവർ പണിതു. ബഹുദൈവങ്ങളുടെ നടുവിലേക്ക് കടന്നുവന്ന നവാഗതനായിരുന്നു ബുദ്ധൻ.

## ഹൈന്ദവ ദൈവവിഭാവനം

സാമാന്യബുദ്ധിക്കു ഗ്രഹിക്കുവാൻ വളരെ പ്രയാസമുള്ള ഒരു ചിത്രമാണ് ഹൈന്ദവ ദൈവസങ്കല്പത്തിൽ കാണുന്നത്. ഏകദൈവത്വത്തിൻെറ പരമകോടിയാണ് ഒരുവശത്തുള്ളതെങ്കിൽ പ്രപഞ്ചത്തിലെ സമസ്തപ്രതിഭാസങ്ങളെയും പൂജിക്കുന്ന ബഹുദൈവത്വത്തിൻെറ പ്രാകൃതമായ രൂപമാണ് മറുവശത്തുള്ളത്. ഹൈന്ദവ പണ്ഡിതൻമാർ തങ്ങൾക്കായി ഏകത്വത്തിൻേറതായ അത്യുന്നതസ്ഥാനമാണ് ഇഷ്ടപ്പെട്ടിട്ടുള്ളതെങ്കിൽ പാമരജനങ്ങൾക്ക് ബഹുദൈവത്വത്തിൻെറ മാർഗമാണ് കല്പിച്ചരുളിയിരിക്കുന്നത്.

ഭാരതീയ മതദർശനങ്ങളിൽ അതിപുരാതന സ്ഥാനമർഹിക്കുന്നതു ഉപനിഷത്തുക്കളാണ്. ഒരർഥത്തിൽ ഭാരതീയ മതദർശനങ്ങളുടെ ചരിത്രം

വ്യക്തമാക്കാൻ പോന്ന രേഖകളാണവ. ഉപനിഷത്തുക്കൾ 108 എണ്ണമുണ്ട്. വിവിധ കാലഘട്ടങ്ങളിൽ എഴുതപ്പെട്ടിട്ടുള്ളവയാണ് അവ. ഓരോ ഉപനിഷത്തും തനതു കാലത്തെ ദൈവസങ്കൽപ്പങ്ങളുടെയും ആധ്യാത്മിക ചർച്ചകളുടെയും സ്വാധീനത്തിന് വിധേയമായിട്ടുണ്ട്.

പൊതുവിലുള്ള ഉപനിഷത് ദർശനങ്ങളെ ആധാരമാക്കി ചിന്തിക്കുമ്പോൾ പ്രകൃതിശക്തികളെ ആരാധിക്കുകയെന്ന പ്രാചീന ദൈവത്വസങ്കല്പം ക്രമേണ വികസിച്ചു മൂർത്തീഭവിക്കുകയും അധീശനും വിശ്വസ്രഷ്ടാവുമായ ഒരു ബ്രഹ്മാസ്തിത്വത്തിൻെറ ഏകത്വപരമായ സങ്കൽപം അനുക്രമമായി വളർന്നുവരികയും ചെയ്യുന്നതായി കാണാം. ഋഗ്വേദമന്ത്രങ്ങളിൽ വിശിഷ്യാ പത്താം മണ്ഡലത്തിലെ സൂക്തങ്ങളിൽ പ്രസ്തുത ഏകത്വസങ്കൽപ്പത്തിൻെറ സ്ഫുരണങ്ങൾ വളരെ വ്യക്തമായി കാണാവുന്നതാണ്.

നാനാത്വത്തിൽ ഏകത്വത്തെ ദർശിക്കുന്ന സൂക്ഷ്മദർശനപ്രവണതയാണ് ഉപനിഷത്തുക്കളിൽ അദ്വൈതസങ്കൽപ്പത്തിൻെറ സ്വഭാവമുളവാക്കിയത്. അദ്വൈതത്തിൽ ദൈവത്തിൻെറ നിഷേധാത്മകഗുണങ്ങൾക്ക് (Negative attributes) മാത്രമേ സ്ഥാനമുള്ളു. 'രചനാത്മകഗുണങ്ങൾ'ക്ക് (Positive attributes) അവിടെ സ്ഥാനമില്ല. എന്നാൽ പിന്നീട് കേവല ബ്രഹ്മസങ്കൽപ്പം വിട്ട് ഈശ്വരസങ്കല്പത്തിലേക്ക് ഇറങ്ങിവന്ന ഉപനിഷത്ദർശനങ്ങൾക്ക് രചനാത്മകഗുണങ്ങളുള്ള ഒരു ദൈവസങ്കൽപ്പം കൈവന്നതായി കാണുന്നു. അത്യുന്നതവും ശ്രേഷ്ഠവുമായ ഒരു ദൈവസങ്കൽപ്പമാണ് വിശിഷ്ടാദ്വൈതത്തിൽ കാണപ്പെടുന്നത്. എന്നാൽ ശ്രേഷ്ടമായ ഈ ഏകത്വവിഭാവനം പോലും ബഹുദൈവത്വത്തിൻെറ കലർപ്പുകളിൽ നിന്നും മുക്തമല്ല. ഡോ രാധാകൃഷ്ണൻ പറയുന്നു: "വാസ്തവത്തിൽ ബഹുദൈവത്വപരമായ (Polytheistic) സങ്കല്പങ്ങൾ ഇൻഡ്യൻ മനസ്സിൽ വേരുറച്ചുപോയിരുന്നു. അതിനെ ഒററയടിക്കു പറിച്ചെടുക്കുക എളുപ്പമായിരുന്നില്ല. അതിനാൽ ഏകാസ്തിക്യം വെളിപ്പെട്ടിട്ടും ഇതര ദൈവങ്ങളില്ലാതായില്ല. പക്ഷെ അവയുടെ മേൽ ഏകാസ്തിക്യത്തിൻെറ പിടിത്തവും അധികാരവും പതിഞ്ഞു. അവയെല്ലാം ഏകാസ്തിത്വത്തിനു വിധേയങ്ങളായി" (Indian philosophy, Vol. 1, Page 144).

വേദാന്തദർശനത്തിനു പിന്നീട് ആഴവും പരപ്പും കൈവന്നുവെങ്കിലും ഒരു തരം ഏകത്വാത്മകമായ നാനാത്വസങ്കല്പത്തിൻെറ സമ്മിശ്രഭാവം നിലനിന്നു പോന്നു. അതിൽ ഒരുവശത്ത് ചിന്തയുടെ ഏകത്വപരമായ വളർച്ചയും മറുവശത്ത് ബിംബാരാധനയുടെ കർമവ്യവസ്ഥയും സമ്മിശ്രമായി നിലകൊണ്ടു

ഈശ്വരസാമീപ്യത്തിനു ദേവീദേവന്മാരുടെ മാധ്യസ്ഥ്യം അനിവാര്യമാണെന്നു സിദ്ധാന്തിക്കുന്നതായിരുന്നു പ്രസ്തുത സങ്കല്പങ്ങളെല്ലാം.

ആരാധന സാക്ഷാൽ ദൈവത്തിനാണെങ്കിലും അതു ദേവതകളുടെ ആസ്ഥാനത്തിലായിരിക്കണം അർപ്പിക്കപ്പെടുന്നത്. ഇതേ മധ്യവർത്തിസിദ്ധാന്തം മിക്കവാറും എല്ലാ മതങ്ങളുടെയും ഏകദൈവസങ്കല്പത്തിന്നു മുമ്പിൽ മറയായി നിന്നിരുന്നതായി കാണാം. ഖുർആന്റെ ആവിർഭാവകാലത്തെ അറബികളുടെ വിശ്വാസത്തിൽ ഈ മധ്യവർത്തിസിദ്ധാന്തത്തിനു വളരെയേറെ സ്വാധീനം ലഭിച്ചിരുന്നു.

ഉപനിഷത്തുക്കളുടെ കാലശേഷം ഭാരതത്തിൽ ആവിർഭവിച്ച പ്രധാന മതമാണ് ബുദ്ധമതം. ബുദ്ധമതത്തിന്റെ ആദിമസ്വഭാവത്തെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ വിവിധ വ്യാഖ്യാനങ്ങൾ നിലവിലുണ്ട്. ഉപനിഷത് സിദ്ധാന്തങ്ങളുടെ സ്വാഭാവികഫലമാണതെന്നു ഒരു പക്ഷം വാദിക്കുമ്പോൾ മറുപക്ഷം ദൈവത്തിനോ ആത്മാവിനോ അതിൽ സ്ഥാനമില്ലെന്നാണ് വാദിക്കുന്നത്. ഇവ്വിഷയകമായി ഗൗതമബുദ്ധനിൽനിന്നും നമുക്ക് ഒന്നും ലഭിച്ചിട്ടില്ലായെന്നുവേണം പറയുവാൻ. ബുദ്ധമതത്തിൽ ഏററവും പ്രാധാന്യമർഹിക്കുന്നതാണ് അഷ്ടാംഗമാർഗം. (1) സമ്യക് ദൃഷ്ടി (ശരിയായ വിശ്വാസം) (2) സമ്യക്സങ്കല്പം (കാമദ്വേഷങ്ങളിൽ നിന്നും മുക്തമായ സങ്കല്പം) (3) സമ്യക് വാക്ക് (കളവും പരദൂഷണവും പറയാതിരിക്കുക) (4) സമ്യക് കർമം (കൊല, കൊള്ള, വ്യഭിചാരം എന്നിവ വെടിയൽ) (5) സമ്യക് ആജീവം (നിരുപദ്രവമായ തൊഴിൽ കൊണ്ടുള്ള ഉപജീവനം) (6) സമ്യക് വ്യായാമം (ദുർഗുണങ്ങൾ വരാതിരിക്കാനും ഉള്ളവ ഒഴിവാക്കാനും ശ്രമിക്കുക) (7) സമ്യക് സ്മൃതി (ദേഹം അശുദ്ധമാണെന്നുള്ള വിചാരം) (8) സമ്യക് സമാധി (ഇന്ദ്രിയവിഷയങ്ങളിൽ നിന്നു മുക്തനായി ധ്യാനത്തിൽ ലയിക്കുക).

ഈ മാർഗങ്ങൾ പരിശോധിക്കുമ്പോൾ ശരിയായ വാക്കും ശരിയായ ജ്ഞാനകർമാദികളും മാത്രമാണ് കാണാൻ കഴിയുക. ദൈവവും ആത്മാവും പൂജയുമൊന്നും ഇവിടെ പ്രസക്തങ്ങളേയല്ല. ഇതിന്നർഥം, ബുദ്ധൻ ദൈവനിഷേധിയായിരുന്നുവെന്നു ആയിക്കൊള്ളണമെന്നില്ല. ഏതായാലും ഒന്നു തീർച്ച, ബ്രാഹ്മണമതത്തിന്റെ വിഗ്രഹാരാധനാപരമായ ദൈവവിശ്വാസത്തിന്റെ ദൂഷ്യങ്ങളാൽ മലീമസമായ ഒരു അന്തരീക്ഷത്തിലാണ് ബുദ്ധൻ പിറവിയെടുത്തത്. മൂർത്തീപൂജയുടെ ദൂഷ്യങ്ങളിൽ നിന്നും സമുദായത്തെ രക്ഷിക്കുവാൻ ദൈവഗുണങ്ങളെ-മൂർത്തീപൂജയിലേക്ക് നയിക്കാനിടയായ ഗുണസങ്കല്പങ്ങളെ-ബുദ്ധൻ ഒരു പക്ഷെ നിഷേധിച്ചിരിക്കാം. ആ ഗുണനിഷേധം വളർന്നു വളർന്ന് പിൽക്കാലത്ത് സത്താനിഷേധത്തോളം എത്തിയതാവാം. അല്ലെങ്കിൽ ബ്രാഹ്മണവിരോധം നിമിത്തം അങ്ങിനെ വ്യാഖ്യാനിക്കപ്പെട്ടതാവാം. ഏതായാലും കർമപരമായ സൗഭാഗ്യത്തിന്റെ പ്രശ്നത്തിലാണ് ശ്രീബുദ്ധൻ തന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചത്. ബുദ്ധമതത്തിൽ കാണപ്പെടുന്ന ദൈവസങ്കൽപ്പത്തിന്റെ

ശൂന്യത പിൽക്കാലത്ത് ഒരു വലിയ അപകടത്തിന്നു വഴിയൊരുക്കി. ബുദ്ധൻെറ അനുയായികൾ അദ്ദേഹത്തെത്തന്നെ ദേവനാക്കി പ്രതിഷ്ഠിച്ചു; വിഗ്രഹങ്ങൾ നിർമിച്ചു പൂജിച്ചു.

ഒടുവിൽ ബുദ്ധമതാനുയായികൾ രണ്ടു വിഭാഗങ്ങളായി വേർപിരിഞ്ഞു. 'ഹീനയാനം', 'മഹായാനം' എന്നീ പേരുകളിൽ ആ വിഭാഗങ്ങൾ അറിയപ്പെടുന്നു. ഹീനയാനം ബുദ്ധനിൽ മഹാനായ ഒരു മാർഗദർശിയെയാണ് ദർശിക്കുന്നതെങ്കിൽ മഹായാനം അദ്ദേഹത്തിൽ സമ്പൂർണ ദിവ്യത്വം ആരോപിക്കുവാൻ ഒരുമ്പെടുന്നു.

ബുദ്ധമതത്തെ പോലെ തന്നെ ഭാരതത്തിൽ ഉടലെടുത്ത ഒരു മതമാണ് ജൈനമതം. ഈ രണ്ടു മതങ്ങളുടെയും ആവിർഭാവവും, ഇന്ത്യക്ക് വെളിയിൽ അവയ്ക്കുണ്ടായ വളർച്ചയും എന്തുതന്നെയായിരുന്നാലും ഇന്ത്യയിൽ അവ കാലക്രമേണ ഹിന്ദുമതത്തിൽ ലയിക്കുകയും, ഹിന്ദുമതത്തിൻെറ അനേകം വിഭാഗങ്ങളിൽപ്പെട്ട രണ്ടു വിഭാഗങ്ങൾ മാത്രമായി മാറുകയും ചെയ്തു. ഇതിന്നു തത്വശാസ്ത്രപരമായ ന്യായീകരണം നൽകിയത് അദ്വൈതസിദ്ധാന്തമാണ്.

## സൗരാഷ്ട്ര വിഭാവനം

പേർഷ്യയാണ് സൗരാഷ്ട്രമതത്തിൻെറ ജന്മഭൂമി. നന്മയും തിന്മയും രണ്ടു വിരുദ്ധശക്തികളുടെ പ്രവർത്തനഫലമാണെന്നു അവർ വിശ്വസിച്ചു. നന്മയുടെ പ്രതീകമായി പ്രകാശത്തെയും തിന്മയുടെ പ്രതീകമായി ഇരുട്ടിനെയും സങ്കൽപ്പിച്ചു. പ്രകാശശക്തികളുടെ പ്രതീകമെന്ന നിലയ്ക്ക് അഗ്നിയെ അവർ ആരാധിച്ചു. അഗ്നിപൂജയ്ക്കായി ക്ഷേത്രങ്ങളും യാഗപീഠങ്ങളും ഒരുക്കി.

സൊറാസ്ടരുടെ (Zoraster ആവിർഭാവശേഷം പേർഷ്യൻ മതവിശ്വാസത്തിനു ഒരു പുതിയ ഭാവം തന്നെ കൈവന്നു. ദേവതകൾക്ക് പകരം ഏക ദൈവത്തെ ആരാധിക്കുവാൻ അദ്ദേഹം പഠിപ്പിച്ചു. 'അഹുരമസ്ദ'' എന്ന പേരിലറിയപ്പെടുന്ന ഈ ദൈവം ശ്രേഷ്ഠഗുണങ്ങളുടെയെല്ലാം ഉടമയും പരിശുദ്ധനുമായിരുന്നു. ആത്മാവിൻെറ നിത്യതയെയും മരണാനന്തര ജീവിതത്തെയും കുറിച്ചു സൊറാസ്ടർ ജനങ്ങളെ പഠിപ്പിച്ചു.

പിൽക്കാലത്തു സൗരാഷ്ട്രമതത്തിൻെറ ആദർശവിശ്വാസങ്ങൾക്ക് പല വ്യതിയാനങ്ങളും സംഭവിക്കുകയുണ്ടായി. സൂര്യനെയും അഗ്നിയെയും പൂജിക്കുന്ന ഏർപ്പാടു ഇന്നും തുടരുന്നു.

## ജൂതവിഭാവനം

ഇസ്രായേൽ വംശത്തിൻെറ ഒരു കുലദൈവം എന്ന സങ്കൽപ്പമാണ് യഹോവയെക്കുറിച്ചു ജൂതൻമാർക്കിടയിൽ നിലനിന്നിരുന്നത്. പിന്നീടു അതു

വളർന്ന് 'എല്ലാ ജാതികളുടെയും ദൈവം' എന്ന സങ്കൽപ്പത്തിലേക്ക് എത്തിയിരിക്കുന്നതായി കാണാം. നബി(സ) തിരുമേനിയുടെ ആഗമനകാലത്തു ഈ വർഗീയതയും വംശീയതയും ജൂതരുടെ വിശ്വാസാചാരങ്ങളെയും പെരുമാററങ്ങളെയും ശക്തിയായി സ്വാധീനിച്ചിരുന്നതായി കാണാം.

ദൈവത്തിനു ജഡികമായ ആകൃതിയും വികാരവും ഉണ്ടെന്ന വിശ്വാസത്തിൻെറയും (Anthropomorphism) ദൈവം മനുഷ്യഭാവനകൾക്ക് അതീതനാണെന്ന വിശ്വാസത്തിൻെറയും (Transcendantalism) മധ്യേ സ്ഥിതി ചെയ്യുന്നു ജൂതസമുദായത്തിൽ നിലനിന്നിരുന്ന ദൈവസങ്കൽപ്പം. മോസസ് പഠിപ്പിച്ച ദൈവസങ്കൽപ്പത്തിൽ നിന്നുള്ള വ്യതിചലനമായിരുന്നു ഇത്.

യഹോവയും ഇസ്രായേല്യരും തമ്മിലുള്ള ബന്ധത്തെ ഭാര്യാഭർത്തൃബന്ധത്തോടാണ് ബൈബിൾ ഉപമിച്ചിട്ടുള്ളത്. സ്വപത്നിയുടെ പരസംസർഗത്തെ ധീരനായ ഭർത്താവ് കഠിനമായി വെറുക്കുകയും സ്വപത്നിയോടു കുപിതനാകുകയും ചെയ്യുന്നതുപോലെ അന്യദൈവങ്ങളെ ആരാധിക്കുന്നതിനെ യഹോവ വെറുക്കുകയും അതിൽ കുപിതനാവുകയും ചെയ്യുന്നു. ഈ ഉപമ വളരെ പ്രാഥമികവും പ്രാകൃതവുമാണെന്നു തോന്നാമെങ്കിലും അതുൽബോധിപ്പിച്ച കാലഘട്ടത്തിലെ ജനതതിക്ക് ദൈവാരാധനയെ ഏകദൈവത്തിൽ ഉറപ്പിച്ചു നിർത്തുവാനുള്ള ദൈവാജ്ഞയുടെ അലംഘനീയതയെക്കുറിച്ചു ഉൽബുദ്ധരാകാൻ അതു സഹായിച്ചിരിക്കാം.

## ഗ്രീക്കു തത്വചിന്ത

ഗ്രീക്കുകാരുടെ മതവിശ്വാസമെന്നു ഇതിനെ വിശേഷിപ്പിക്കുക വയ്യ. എന്നിരുന്നാലും ശ്രദ്ധേയമായ ഒന്നാണിത്. ദേവീദേവന്മാരിലുള്ള വിശ്വാസമില്ലെങ്കിൽ പാമരജനങ്ങളുടെ ധാർമികബോധം നശിച്ചുപോകുമെന്നാണ് ഗ്രീക്കുപണ്ഡിതൻമാർ പൊതുവേ അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നാൽ സോക്രട്ടീസിൻെറ തത്വചിന്തകൾ ഏകദൈവവിശ്വാസത്തിൽ ഊന്നിനിൽക്കുന്നവയാണുതാനും. ഒരു പക്ഷെ ഗ്രീക്കുകാരുടെ കൂട്ടത്തിൽ സോക്രട്ടീസ് മാത്രമാണ് ഏകദൈവവിശ്വാസത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളത്.

## ക്രൈസ്തവ വിഭാവനം

സ്നേഹം, കാരുണ്യം, സഹനം എന്നിവക്ക് പ്രാമുഖ്യം കൽപ്പിക്കുന്ന ഒരു ദൈവസങ്കൽപ്പമാണ് ക്രൈസ്തവതയിൽ കണ്ടെത്തുക. സ്നേഹവാൽസല്യങ്ങൾ നിറഞ്ഞ ഒരു പിതാവിൻെറ ഭാവമാണ് അതിൽ പ്രകടമാകുന്നത്. ക്രൈസ്തവത റോമക്കാരുടെ മൂർത്തീപൂജാസങ്കൽപങ്ങളുമായി ഇഴുകിച്ചേർന്നതോടുകൂടി അതുയർത്തിപ്പിടിച്ചിരുന്ന ഏകദൈവാദർശം കളഞ്ഞു കുളിച്ചു. വിഗ്രഹാരാധനയെ എതിർത്തിരുന്നതോടൊപ്പം തന്നെ ത്രിമൂർത്തി വിഭാവനം, പാപപരിഹാരസിദ്ധാന്തം, മൂർത്തീപൂജാത്മകമായ ദ്വൈതാദ്വൈത മിശ്രവിഭാവനം എന്നിവയും സ്വായത്തമാക്കിയിരു

ന്നുവെന്നതാണ് വാസ്തവം. എന്നാൽ യേശുവിൻെറ യഥാർഥ അധ്യാപന ങ്ങളിൽ നിന്നും വ്യതിചലിച്ചവയായിരുന്നു ഈ വിശ്വാസങ്ങളത്രയും.

## ഇസ്ലാമിലെ ദൈവവിഭാവനം

ഖുർആനിൻെറ അവതരണഘട്ടത്തിൽ ലോകത്തു നിലനിന്നിരുന്ന വിവിധ മതസ്തരുടെ ദൈവസങ്കൽപ്പങ്ങളുടെ കഥയാണിത്. ഇനി നമുക്ക് ഖുർആൻ സമർപ്പിക്കുന്ന ദൈവസങ്കൽപ്പത്തെക്കുറിച്ചു പരിശോധിക്കാം. ഇവ്വിഷയകമായി താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധേയമാണ്.

(1) സർവവിധ ന്യൂനതകളിൽ നിന്നും പരിശുദ്ധനാണ് ദൈവം. ദൈവത്തിൻെറ പരിശുദ്ധിയെക്കുറിച്ചുള്ള ഖുർആനികവിവരണം നിസ്തുലവും പൂർണതയാർന്നതുമാകുന്നു. ഖുർആന് മുമ്പ് ദൈവത്തിൻെറ പരിശുദ്ധിയെക്കുറിച്ചുള്ള ഏററവും മികച്ച സങ്കൽപ്പം ബിംബാരാധനയെ കയ്യൊഴിച്ചു ഒരു അദൃശ്യ ദൈവത്തെ പൂജിക്കുകയെന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായിരുന്നു. അതേ സമയം ദൈവികഗുണങ്ങളെ സംബന്ധിച്ച് മാനുഷികമായ ചില സങ്കൽപ്പങ്ങൾ മാത്രമാണുണ്ടായിരുന്നത്. ബിംബാരാധന നിഷിദ്ധമെന്നു കൽപ്പിച്ച യഹൂദർ പിൽക്കാലത്തു തങ്ങളുടെ ദൈവവിശ്വാസത്തെ ഉപമകൾ കൊണ്ട് അലങ്കോലപ്പെടുത്തിക്കളഞ്ഞു. പ്രവാചകനായ യാക്കോബുമായി ദൈവം ബലപരീക്ഷണം നടത്തിയത്, ഇസ്രായേൽമക്കളെ പത്നിയായി സങ്കൽപ്പിച്ചത്, കോപാന്ധനായി അവൻ അവിവേകങ്ങൾ പ്രവർത്തിച്ചത്, പിന്നീടു അതെച്ചൊല്ലി പശ്ചാത്തപിച്ചത്, അവൻെറ കരളിൽ വേദന അനുഭവപ്പെട്ടത് തുടങ്ങിയ കഥനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്.

യഥാർഥത്തിൽ ഖുർആൻെറ അവതരണകാലത്ത് മിക്ക ജനവിഭാവങ്ങൾക്കിടയിലും നിലവിലിരുന്ന ഇത്തരം ദൈവസങ്കൽപ്പങ്ങൾ മിക്കവയും പ്രാകൃതവും വൈകാരികവുമായിരുന്നു. ഉപമകളുടെ മറവിൽ ദൈവമാഹാത്മ്യത്തെ ദർശിക്കാനാണ് അവർ ശ്രമിച്ചത്. അതുകൊണ്ട് അവരുടെ സങ്കൽപ്പങ്ങൾ ഉപമകളിലും സാദൃശ്യങ്ങളിലും മാത്രം ഒതുങ്ങി നിന്നു. ക്രൈസ്തവരുടെ ഭാഷയിൽ ദൈവകാരുണ്യത്തെ ഉദാത്തമായി പ്രതിഫലിപ്പിക്കുവാൻ വേണ്ടി ദൈവത്തെ 'പിതാവായി' ചിത്രീകരിക്കുകയുണ്ടായി. എന്നാൽ കാരുണ്യത്തെ പ്രതിഫലിപ്പിക്കുവാൻ എത്രമാത്രം ഉന്നതമാണ് ആ പ്രയോഗമെന്നിരിക്കിലും ആ ഉപമ ദൈവികമഹത്വത്തെ അപേക്ഷിച്ചു അപര്യാപ്തമത്രെ.

ഖുർആൻ സമർപ്പിക്കുന്ന ദൈവസങ്കല്പത്തിൽ സാദൃശ്യങ്ങളുടെയും ഉപമകളുടെയും മാറാലകളൊന്നുമില്ല. മനുഷ്യസഹജമായ വികാരങ്ങൾക്കും വൈകാരിക ബന്ധങ്ങൾക്കും അതീതവും പവിത്രവുമായ ഒരു സങ്കൽപ്പമാണത് അവതരിപ്പിക്കുന്നത്. ആലങ്കാരിക പദപ്രയോഗങ്ങൾക്കു പകരം

വസ്തുനിഷ്ഠവും യഥാർഥവുമായ വിവരണങ്ങൾ മാത്രമാണ് അതിൽ കാണപ്പെടുന്നത്. അവിടെ ദൈവത്തിന്റെ പരിശുദ്ധി പരമകാഷ്ഠയെ പ്രാപിക്കുന്നു;

''അവന് സദൃശമായി യാതൊരു വസ്തുവുമില്ല'' (9:42).

''കണ്ണുകൾ അവനെ കാണുന്നില്ല. (എല്ലാ) കണ്ണുകളെയും അവൻ കണ്ടെത്തുന്നു. സൂക്ഷ്മജ്ഞനും അഗാധജ്ഞനുമത്രെ അവൻ'' (6:103).

''പറയുക! അവൻ, അല്ലാഹു, ഏകനാകുന്നു; സർവാധിനാഥനത്രെ അവൻ; അവൻ (സന്താനങ്ങളെ) ജനിപ്പിച്ചിട്ടില്ല; അവൻ ജാതനുമല്ല; അവനു തുല്യനായി ആരുംതന്നെയില്ല'' (112:1-4).

യാതൊരുവിധ അർഥശങ്കക്കുമിടനൽകാതെ ഇസ്ലാമിന്റെ മൂലപ്രമാണമായ ഏകദൈവവിശ്വാസത്തെക്കുറിച്ചു ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. വ്യാഖ്യാനമാവശ്യമില്ലാത്തവണ്ണം ലളിതമാണ് ഈ വാക്യങ്ങൾ. ദൈവത്തെ സംബന്ധിച്ചിടത്തോളം പിതാവ്-പുത്രൻ, ത്രീത്വം-ത്രിയേകത്വം, ആകൃതി-പ്രകൃതി മുതലായ സകലതിനെയും തകർക്കുകയും നമുക്ക് വിഭാവനം ചെയ്യാൻ പോലും സാധിക്കാത്ത 'ഒന്ന്' എന്ന സത്യം സ്ഥാപിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ഏകത്വത്തിന്റെ പരിപൂർണതയാണ് ഈ കൊച്ചുവാക്യങ്ങൾ ഉൾക്കൊള്ളുന്നത്. വ്യക്തിത്വത്തിന്റെ സംപൂർത്തി അനുപേക്ഷണീയമായി ആവശ്യപ്പെടുന്ന ഒരു കാര്യം അതിന്റെ 'അവിഭാജ്യത'യാണ്. ആ വ്യക്തിത്വത്തിൽ നിന്നു അതിൽപ്പെട്ട ഒരു വിഭാഗം ഇളകിമാറിയിട്ടു അതുപോലെയോ അതിൽ കുറഞ്ഞതോ ആയ മററൊരു വ്യക്തിത്വം ജന്മമെടുക്കുകയെന്നത് പൂർണതയുടെ ലക്ഷണമല്ല വ്യക്തിത്വത്തിന്റെ സംപൂർത്തി അതുല്യമായ ഏകത്വം ആവശ്യപ്പെടുന്നു. ത്രീത്വം, ത്രിയേകത്വം മുതലായ സങ്കൽപ്പങ്ങളെ നിഷേധിക്കുക മത്രമല്ല, അതിൽ നിന്നെല്ലാം വ്യത്യസ്തമായി വളരെ ഉയർന്ന പരിപൂർണവ്യക്തിയുടെ 'അതുല്യത' ഉറപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. അപ്പോൾ ജനിച്ചയാളും ജനിപ്പിച്ചയാളും ദൈവമാകുന്നില്ല. ദൈവം തന്നെ രണ്ടോ, മൂന്നോ, അധികമോ, അനേകമോ ആവുന്നതും അസാധ്യം. ദൈവത്തിനു സഹായികളുണ്ടാകുന്നതും, ദൈവത്തെ സമീപിക്കാൻ മധ്യവർത്തികൾ ആവശ്യമായി വരുന്നതും അവന്റെ ഏകത്വത്തിനു യോജിച്ചതല്ല.

ശാസ്ത്രം നൂററാണ്ടുകളോളം അവിഭാജ്യമെന്നു കരുതിയ പഞ്ചഭൂതങ്ങൾ മൂലകങ്ങളായും മൂലകങ്ങൾ അണുക്കളായും വിഭജിക്കപ്പെട്ടു. ഇപ്പോൾ അണുവും വിഭജിക്കപ്പെട്ടുകഴിഞ്ഞു. പദാർഥം, വിഭജനം മൂലം പദാർഥമല്ലാതെയാകാമെന്ന നില വന്നു. ശാസ്ത്രം മുന്നോട്ടുപോകുംതോറും ഇനി

യുമിനിയും 'വിഭജനങ്ങൾ' കണ്ടെത്തുമെന്ന് തീർച്ച. അതായത് സൃഷ്ടിയുടെ അഗാധതലങ്ങളിലേക്കുള്ള ശാസ്ത്രത്തിൻെറ ചുഴിഞ്ഞുനോട്ടം ആരംഭിച്ചിട്ടേയുള്ളുവെന്നു സാരം. ഇങ്ങനെയുള്ള എല്ലാ വിഭജനത്തിനും അതീതമാണ് സ്രഷ്ടാവായ അല്ലാഹുവിൻെറ ഏകത്വം. അല്ലാഹുവിൻെറ സത്ത ഉണ്ട് എന്നതു സത്യവും തന്നെ. എല്ലാ വംശബന്ധങ്ങൾക്കും അതീതനായി, ഒന്നിനോടും ബന്ധമില്ലാതെ, ഒന്നിനെയും ആശ്രയിക്കാതെ, എന്നാൽ സൃഷ്ടിജാലങ്ങളഖിലത്തിനും സർവാശ്രയമായി, അതുല്യനായി, ഏകനായി നിൽക്കുന്നു അല്ലാഹു. ഗണിതശാസ്ത്രത്തിൽ ഒന്ന് എന്ന അക്കം തന്നെ വിഭജനപ്രക്രിയയിൽ ഒരു മഹാത്ഭുതമാണ്. അതിനെപ്പററിയുള്ള പ്രബന്ധങ്ങൾ തന്നെ വലിയ വലിയ ഗ്രന്ഥങ്ങളായിട്ടുണ്ട്.

ഏകദൈവവിശ്വാസം മനുഷ്യനെ എല്ലാ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഒഴിവായി സന്മാർഗജീവിതം നയിക്കുവാൻ പഠിപ്പിക്കുന്നു. ദൈവകൽപ്പനകളനുസരിച്ച്, ആദർശമൂല്യങ്ങളെ മുറുകെപ്പിടിച്ചു, സംതൃപ്തമായ, സത്യസന്ധമായ നിലയിൽ കാര്യങ്ങൾ നിർവഹിക്കുവാൻ അവന്നു കഴിവും ധൈര്യവും നൽകുന്നു.

പഴയനിയമത്തിലും ബൈബിളിലുമുള്ള ദൈവസങ്കൽപ്പങ്ങളിൽ നിന്നും വ്യത്യസ്തമായി ഖുർആനിലെ വർണ്ണനകൾ തികച്ചും വേറിട്ടു നിൽക്കുന്നതായി ഇവിടെ കാണാം. ദൈവത്തിനു ഒരാകൃതിയോ അവയവമോ ഉള്ളതായി ഖുർആൻ പറയുന്നില്ല. ദൈവത്തിൻെറ പരിശുദ്ധി എന്ന ഖുർആനിക സങ്കൽപ്പം സൃഷ്ടികളുമായുള്ള ഉപമകൾക്കെല്ലാം അതീതനായി അവനെ ഉയർത്തി നിർത്തുന്നു. ദൈവത്തിൻെറ ഗുണവിശേഷങ്ങളെ ഖുർആൻ അംഗീകരിക്കുന്നുണ്ടെങ്കിലും, അവയ്ക്ക് തുല്യത കൽപ്പിക്കുന്ന പ്രവണതയെ അപ്പാടെ തിരസ്കരിക്കുകയാണ് ചെയ്യുന്നത്. ദൈവം സകലവിധ നന്മകളുടെയും സൗന്ദര്യത്തിൻെറയും സാക്ഷാത്കാരമാണെന്നും അവൻ സജീവനും, സർവശക്തനും, സർവപരിപാലകനും, സർവശ്രോതാവും സ്രഷ്ടാവും സർവജ്ഞനുമാണെന്നും ഖുർആൻ സിദ്ധാന്തിക്കുന്നു.

അതേസമയം ദൈവികശക്തിയെയും മഹത്വത്തെയും കുറിച്ച് പറയുമ്പോൾ ഖുർആൻ, നാം ചെയ്യാറുള്ളതു പോലെ ആലങ്കാരികഭാഷ ഉപയോഗിക്കുന്നതായും കാണാം. ഉദാഹരണമായി–

"അല്ല! അവൻെറ ഇരുകരങ്ങളും (സ്വതന്ത്രമായി) നിവർത്തപ്പെട്ടതത്രെ!" (5:64).

"അവൻെറ സിംഹാസനം ആകാശഭൂമികളെ ചൂഴ്ന്നു നിൽക്കുന്നു" (2:256).

എന്നാൽ നിങ്ങളുടെ ഭാവനയിലുള്ള ഒരു സൃഷ്ടിയോടും അവനെ ഉപമിക്കാൻ സാധ്യമല്ലെന്നു ഖുർആൻ ഓർമ്മപ്പെടുത്തുന്നു. ജീവിക്കുന്നവൻ എന്നു ദൈവത്തെക്കുറിച്ചു ഖുർആൻ പ്രസ്താവിക്കുമ്പോൾ അതു നാം ജീവിക്കുന്നതുപോലെയാണെന്നു ധരിക്കരുത്. അവൻെറ കാഴ്ചയും കേൾവിയും അറിവുമൊക്കെ നമ്മുടേതു പോലെയല്ല. അവൻെറ സർവശക്തമായ 'കരങ്ങളും', മാഹാത്മ്യം സൂചിപ്പിക്കുന്ന 'അർശും' (സിംഹാസനം) സങ്കൽപ്പാതീതങ്ങളത്രെ. ഖുർആൻ തന്നെ ആ വസ്തുത വ്യക്തമാക്കുന്നുണ്ട്.

"അവനെപ്പോലെ യാതൊരു വസ്തുവുമില്ല. സർവശ്രോതാവും എല്ലാം കാണുന്നവനുമത്രെ അവൻ" (42:11).

"അവനു തുല്യമായി യാതൊരുത്തനുമില്ല" (112:4).

(2) ദൈവത്തിൻെറ പരിശുദ്ധിയെക്കുറിച്ചു പറഞ്ഞതുപോലെതന്നെ അവൻെറ കൃപാകാരുണ്യങ്ങളെക്കുറിച്ചുള്ള ഖുർആനിക പരാമർശങ്ങളും സുവ്യക്തങ്ങളാണ്. മുമ്പ് ചൂണ്ടിക്കാണിച്ചപോലെ ഖുർആൻെറ ആവിർഭാവകാലത്ത് യഹൂദരുടെ ദൈവസങ്കൽപ്പം അവൻെറ കഠിനകോപത്തെ ചുററിപ്പററിയുള്ളതാണെങ്കിൽ സൊറാസ്ട്രരുടേത് ഇരുട്ടിൻെറയും വെളിച്ചത്തിൻെറയും വിരുദ്ധ ശക്തികളുമായി ബന്ധപ്പെട്ടതായിരുന്നു. ക്രൈസ്തവരുടെ ദൈവസങ്കൽപ്പം സ്നേഹത്തിൻെറയും കാരുണ്യത്തിൻെറയും പ്രതീകമാണെന്നു പറയാമെങ്കിൽ ബൗദ്ധരുടേതു അഹിംസയെ ചുററിപ്പററിയുള്ളതായിരുന്നു. ഒരർഥത്തിൽ ദൈവകാരുണ്യത്തിൻെറ അതിരുകവിഞ്ഞ പ്രകടനം ഉൾക്കൊള്ളുന്നവയാണ് ഈ രണ്ടു സങ്കൽപ്പങ്ങളും, കാരുണ്യത്തിൻെറയും സ്നേഹത്തിൻെറയും സത്ഗുണങ്ങൾ അതിരററതായിത്തീരുമ്പോൾ ദൈവികനീതിയുടെയും തദനുസൃതമായ രക്ഷാശിക്ഷകളുടെയും ഭാഗം അവഗണിക്കപ്പെടുന്നു. ഇതാണ് ക്രൈസ്തവ ബൗദ്ധമത സങ്കൽപ്പങ്ങളിൽ സംഭവിച്ചത്. ജൂതസങ്കൽപ്പമാകട്ടെ അവനെ കഠിനഹൃദയനാക്കുകയും ചെയ്തു

എന്നാൽ ഖുർആൻ ഈ രംഗത്ത് തികച്ചും സന്തുലിതമായ ഒരു സങ്കൽപ്പമാണ് അവതരിപ്പിക്കുന്നത്. ദൈവകോപത്തിലുപരി ദിവ്യകാരുണ്യം തന്നെയാണ് ഖുർആനികസങ്കൽപ്പങ്ങളിൽ മുന്നിൽ നിൽക്കുന്നത്. പക്ഷെ കോപ-കാരുണ്യങ്ങളും രക്ഷാശിക്ഷകളും, ദൈവത്തിൻെറ വികാരങ്ങളും വികാരപ്രകടനങ്ങളുമായിട്ടല്ല ഖുർആൻ അവതരിപ്പിക്കുന്നത്. അതിലുപരി, അവ ദൈവികനീതിയുടെ പ്രകടനങ്ങളാണ്. ദൈവത്തിൻെറ ഗുണവിശേഷങ്ങളെക്കുറിച്ചുള്ള ഖുർആനിൻെറ പ്രഖ്യാപനം തന്നെ ഇപ്രകാരമാണ്: "(നബി)" പറയുക; (നിങ്ങൾ) അല്ലാഹുവിനെ വിളിക്കുവിൻ, അല്ലെങ്കിൽ പരമകാരുണികനെ വിളിക്കുവിൻ. ഏതൊക്കെ

(പേരിൽ) നിങ്ങൾ വിളിച്ചാലും ശരി, ഏററവും ഉത്തമമായ നാമങ്ങളാണ് (ഗുണവിശേഷങ്ങൾ) അവൻേറത്'''. (17:110).

ദൈവത്തിൻെറ ഗുണവിശേഷങ്ങളെയെല്ലാം അത്യുത്തമനാമങ്ങൾ (അസ്മാഉൽഹുസ്ന) ആയിട്ടാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. നന്മ നിറഞ്ഞതല്ലാത്ത ഒരു ഗുണവിശേഷവും ദൈവത്തിനില്ലെന്നർഥം. എന്തൊക്കെയാണ് ഈ ഗുണവിശേഷങ്ങൾ? ഇവയെക്കുറിച്ചുള്ള ഖുർആനിൻെറ സവിസ്തരമായ പ്രതിപാദനം ദൈവത്തിൻെറ സർവോൽകൃഷ്ടവും സർവശക്തവുമായ ഗുണവിശേഷങ്ങളെ എടുത്തുകാട്ടുന്നു

ഉദാഹരണമായി 'ഹശ്ർ' എന്ന അധ്യായത്തിൽ ദൈവം അവൻെറ ഗുണങ്ങളെ സൽപ്പേരുകളായിട്ടാണ് വ്യവഹരിച്ചിട്ടുള്ളത് 'അവനാണ് അല്ലാഹു'! അദൃശ്യകാര്യങ്ങളും ദൃശ്യകാര്യങ്ങളും അറിയുന്നവൻ, അവനല്ലാതെ ഒരു ദൈവമില്ല തന്നെ. അവൻ കരുണാനിധിയും പരമകാരുണികനുമാണ്; രാജാവും, പരമപരിശുദ്ധനും സമാധാനമുള്ളവനും, അഭയം നൽകുന്നവനും, കാത്തുസംരക്ഷിക്കുന്നവനും, സർവരെയും വിജയിക്കുന്നവനും, പരമാധികാരത്തോടെ (സർവചരാചരങ്ങളെയും) കീഴടക്കിവെച്ചവനും മഹത്വമുള്ളവനുമായ അവനാണ് അല്ലാഹു; അവനല്ലാതെ ഒരു ദൈവവുമില്ല. മനുഷ്യർ (അവൻെറ പേരിൽ) ചുമത്തുന്ന പങ്കാളിത്തത്തിൽ നിന്നെല്ലാം അവൻ പരിശുദ്ധനാകുന്നു; വ്യവസ്ഥിതമായി സൃഷ്ടിക്കുന്നവനും ഇല്ലാത്തതിനെ ഉണ്ടാക്കുന്നവനും, (ഉണ്ടാക്കുമ്പോൾ ഔചിത്യമനുസരിച്ചു) രൂപം നൽകുന്നവനുമാണ് അല്ലാഹു. ഉൽകൃഷ്ട നാമങ്ങൾ അവന്നുള്ളതാണ്. ആകാശഭൂമികളിലുള്ള വസ്തുക്കളെല്ലാം തന്നെ അവൻെറ പരിശുദ്ധിയെ പ്രകീർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവൻ സർവപ്രതാപശാലിയും അഗാധജ്ഞനുമാകുന്നു' (59:22-24). ഇതുപോലെ 'അൽ അഅ്റാഫ്'' എന്ന അധ്യായത്തിൽ ഇങ്ങനെ കാണാം. അല്ലാഹുവിന്നു (ഉൽകൃഷ്ട ഗുണങ്ങളെക്കുറിക്കുന്ന) വിശിഷ്ട നാമങ്ങളുണ്ട്. അതിനാൽ ആ നാമങ്ങളെക്കൊണ്ടു അവനെ വിളിപ്പിൻ, അവൻെറ നാമങ്ങൾ വളച്ചു തിരിക്കുന്നവരെ അങ്ങ് വിട്ടേക്കു. അവർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതിൻെറ ഫലം അവർക്കു ലഭിക്കുക തന്നെ ചെയ്യും' (7:180).

ഖുർആനിലെ പ്രഥമാദ്ധ്യായമായ ''ഫാത്തിഹ''യിൽ ദൈവത്തിൻെറ സർവപരിപാലനം, കാരുണ്യം, നീതിനിർവഹണം എന്നീ മൂന്നു വിശിഷ്ടഗുണങ്ങളെ പ്രത്യേകം എടുത്തുപറയുന്നുണ്ട്.

(3) ദൈവത്തിൻെറ ഏകത്വത്തെ ഊന്നിയുറപ്പിച്ചും ബഹുദൈവവിശ്വാസത്തെ നഖശിഖാന്തം വിമർശിച്ചും കൊണ്ടു ഖുർആൻ സമർപ്പിക്കുന്നതിനു തുല്യമായ ഒരു ദൈവസങ്കൽപ്പം മററൊരു ഗ്രന്ഥത്തിലും കാണുകയില്ല.

ദൈവം ഏകനും നിസ്തുലനുമാകുമ്പോാം അവൻെറ ഗുണവിശേഷങ്ങളും അപ്രകാരം നിസ്തുല്യങ്ങളായിരിക്കേണ്ടതുണ്ടല്ലോ. അല്ലാത്ത പക്ഷം അവൻെറ ഏകത്വത്തിനു എന്താണർഥം? അതുകൊണ്ടു അക്കാര്യം ഖുർആൻ പ്രത്യേകം ഊന്നിയുറപ്പിക്കുന്നു. ദൈവികസത്തയോടൊപ്പം ദൈവികഗുണങ്ങളും സകലവിധ സാമ്യതകാംക്കും അതീതമായി നിലകൊള്ളുന്നു.

ഏകദൈവസങ്കല്പത്തിന്നു വിധിയുടേയും നിഷേധത്തിൻേറതുമായ രണ്ടു വശങ്ങളുണ്ട്. ദൈവം ഏകനാണെന്നത് വിധിയുടെ അംഗീകാരത്തിൻെറ വശമാണെങ്കിൽ, അവന്നു തുല്യനായി മററാരുമില്ലെന്നതു നിഷേധത്തിൻെറ ഭാഗമാണ്. ആദ്യത്തേത് അവൻെറ സത്തയിലുള്ള ഏകത്വത്തെയാണ് പ്രഘോഷിക്കുന്നതെങ്കിൽ രണ്ടാമത്തേത് അവൻെറ ഗുണവിശേഷങ്ങളിലുള്ള ഏകത്വത്തെയാണ് പ്രഖ്യാപിക്കുന്നത്. ഇവക്ക് രണ്ടിനും അർഹമായ പ്രാധാന്യം കൽപ്പിച്ചിരിക്കുന്നുവെന്നതാണ് ഖുർആനിലെ ദൈവസങ്കൽപ്പത്തിൻെറ പ്രത്യേകത.

ദൈവത്തിൻെറ ഗുണവിശേഷങ്ങളെക്കുറിച്ചു ഖുർആന് മുമ്പ് നിലവിലിരുന്ന മനുഷ്യസങ്കൽപ്പം അത്രയൊന്നും വളർച്ച പ്രാപിച്ചതായിരുന്നില്ല. തന്നിമിത്തം അതിൻെറ സൂക്ഷ്മവശങ്ങാം ശരിക്കും ഗ്രഹിക്കാൻ അക്കാലത്തു സാധിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അക്കാലത്തെ മതഗ്രന്ഥങ്ങാം സത്താപരമായ ഏകത്വം മാത്രം ഊന്നിപ്പറഞ്ഞു. ഖുർആനു മുമ്പുണ്ടായിരുന്ന വേദഗ്രന്ഥങ്ങാം പരിശോധിക്കുമ്പോാം ഈ വസ്തുത തികച്ചും ബോധ്യപ്പെടും. ഏകത്വത്തെക്കുറിച്ചു വേദഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന വിശ്വാസം സാമാന്യം ഭേദപ്പെട്ടവർക്കിടയിൽ മാത്രമേ കണ്ടിരുന്നുള്ളു. പുരാതന ഭാരതത്തിലേക്ക് കണ്ണോടിക്കുമ്പോാം ഇതാണ് കാണുന്നത്. ബിംബാരാധനയിലുള്ള സാധാരണക്കാരൻെറ വിശ്വാസം തകർന്നു പോകുന്ന പക്ഷം അത് അവൻെറ മതവിശ്വാസത്തെ തന്നെ ഉലച്ചുകളയുമെന്നായിരുന്നു ഗ്രീക്ക് ചിന്താഗതി.

ഇവ്വിഷയകമായി തികച്ചും വിഷമകരമായ ഒരു അവസ്ഥാവിശേഷമാണ് മതാചാര്യൻമാരുടെ വ്യക്തിത്വം നമ്മുടെ മുമ്പിൽ കാഴ്ചവെക്കുന്നത്. മതാചാര്യൻമാരിൽ ദിവ്യത്വം ദർശിക്കാൻ കഴിയാത്ത വ്യക്തികാംക്ക് മഹത്വം നേടുക ദുഷ്ക്കരമാണെന്നായിരുന്നു പൊതുവെയുള്ള വിശ്വാസം. മതാചാര്യൻമാർക്ക് മഹത്വം അംഗീകരിച്ചു കൊടുക്കേണ്ടതുണ്ടെന്നുള്ള കാര്യം തർക്കമററതാണ്. എന്നാൽ ഈ വ്യക്തിമാഹാത്മ്യത്തിൻെറ അതിരുകാം ഏതൊക്കെയാണ്, അവരോടുള്ള ആദരവിന്നും ആരാധനാഭാവത്തിന്നും വല്ല പരിധിയുമുണ്ടോ? ഈ ചോദ്യങ്ങാംക്കു മുമ്പിൽ മുൻ സമുദായങ്ങാം മൗനം പാലിക്കുകയാണ് ചെയ്തത്. തൽഫലമായി കേവലം മനുഷ്യരായ പ്രവാചകൻമാരെ ദിവ്യാവതാരങ്ങളായും ദൈവപുത്രന്മാരായും

ദൈവത്തിൻെറ പങ്കുകാരായും സങ്കൽപ്പിച്ചു. പ്രവാചകൻമാരോടുള്ള ആദരവ് ആരാധനയും അടിമഭാവവും വരെ കൊണ്ടെത്തിച്ച യഹൂദർ ആദിയിൽ വിഗ്രഹപൂജക്കെതിരായിരുന്നു; പക്ഷെ, പിൽക്കാലത്ത് അവർ തന്നെ പ്രവാചകൻമാരുടെ ശവകുടീരങ്ങൾ ആരാധനാലയങ്ങളാക്കി പൂജാദികർമങ്ങൾ നടത്തിവന്നു.

ബുദ്ധമതത്തിൻെറ ചരിത്രം പരിശോധിക്കുമ്പോഴും ഈ വൈരുധ്യം മുഴച്ചു കാണാം. ബുദ്ധമതത്തിൽ ബിംബാരാധനക്ക് യാതൊരു സ്ഥാനവുമില്ല. എന്നല്ല, യാഥാസ്ഥിതികമതം നിലനിർത്തിപ്പോന്ന ദേവതാവിശ്വാസങ്ങൾക്കും യാഗാദികർമങ്ങൾക്കും എതിരിലുള്ള ഒരു വെല്ലുവിളിയായാണ് ബുദ്ധമതം കടന്നു വന്നത്. എന്നാൽ അതേ ബുദ്ധൻെറ അനുയായികൾ തങ്ങളുടെ ദേവാലയങ്ങളും ആരാധനാകേന്ദ്രങ്ങളും ബുദ്ധവിഗ്രഹങ്ങൾ കൊണ്ടുനിറച്ചു. ബൗദ്ധശാസനകൾക്ക് വിരുദ്ധമായ ഈ സമ്പ്രദായം പിൽക്കാലത്തു ബുദ്ധമതത്തിൻെറ തന്നെ ഭാഗമായിത്തീർന്നു.

ഇതേപോലെ ക്രൈസ്തവതയും യഥാർഥത്തിൽ ബിംബപൂജക്കെതിരായിരുന്നു. പക്ഷെ, ക്രിസ്തുവിൻെറ കാലശേഷം നൂറു വർഷങ്ങൾ കഴിയുന്നതിന്നു മുമ്പു തന്നെ അദ്ദേഹത്തിൻെറ പ്രതിമകൾ ക്രൈസ്തവദേവാലയങ്ങളിൽ സ്ഥലം പിടിച്ചു.

എന്നാൽ ഖുർആൻ ഇതരവേദഗ്രന്ഥങ്ങളെപ്പോലെതന്നെ ദൈവത്തിൻെറ ഏകത്വത്തെ ശക്തിയായി പ്രബോധനം ചെയ്യുന്നതോടൊപ്പം അവയെക്കാൾ കഠിനമായി ശിർക്കിനെ (ദൈവത്തിൻെറ സത്തയിലോ ഗുണങ്ങളിലോ സമൻമാരെ കൽപ്പിക്കൽ) വിമർശിക്കുകയും ചെയ്യുന്നു. ദൈവത്തിൻെറ ഏകത്വ(തൗഹീദ്)ത്തെ ഊന്നിയുറപ്പിക്കുന്നതിന്നു മുമ്പായി പങ്കാളിത്തത്തെ നിഷേധിക്കുകയാണു ഖുർആൻ ചെയ്യുന്നത്. ഇസ്ലാമിൻെറ അടിസ്ഥാനാദർശമായ വിശുദ്ധ വാക്യത്തിൻെറ തുടക്കം തന്നെ അതാണ് സൂചിപ്പിക്കുന്നത്. ''ലാ ഇലാഹ'' (ഒരു ദൈവവുമില്ല) ''ഇല്ലല്ലാഹു'' (അല്ലാഹു അല്ലാതെ) എന്ന പ്രയോഗം ദൈവത്തിൻെറ ഏകത്വത്തിനു കളങ്കം ചാർത്തുന്ന സകലവിധ ന്യൂനതകളുടെയും നിഷേധം ദ്യോതിപ്പിക്കുന്ന ശൈലിയാണെന്നു അറബിഭാഷാ പണ്ഡിതൻമാർക്കറിയാം.

സർവവിധ ആരാധനകൾക്കും അർഹനായിട്ടുള്ളവൻ ഏകനായ അല്ലാഹു മാത്രമാണെന്നു ഖുർആൻ ഖണ്ഡിതമായി പ്രഖ്യാപിക്കുന്നു. ദൈവത്തിൻെറ സത്തയിലോ ഗുണങ്ങളിലോ, പ്രസ്തുത ഗുണങ്ങളുടെ അനിവാര്യതാല്പര്യങ്ങളായി വന്നുചേരുന്ന അവകാശാധികാരങ്ങളിലോ മററാരെയും പങ്കുചേർക്കാൻ പാടില്ലെന്നു അതു ശക്തിയായി അനുശാസിക്കുന്നു. അതുകൊണ്ട് തന്നെ ആരാധനയും അനുസരണവും കീഴ്വണക്കവും അല്ലാഹുവിന്നു മാത്രം അവകാശപ്പെട്ടതാണ്. ആരാധനയുടെയോ,

അടിമത്തത്തിൻെറയോ നേരിയ ഒരു ലാഞ്ഛന പോലും മററുള്ളവർക്ക് അർപ്പിക്കാവതല്ല ഇത്തരം കാര്യങ്ങളിൽ മററാരെയെങ്കിലും പങ്കുചേർക്കുകയെന്നാൽ ഏകദൈവവിശ്വാസത്തിന്നു ഉലച്ചിൽ തട്ടുകയെന്നാണർഥം. ഖുർആനിലെ പ്രഥമ അധ്യായമായ 'ഫാത്തിഹ'യിൽ ഇങ്ങിനെ കാണാം: 'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടു മാത്രം ഞങ്ങൾ സഹായമർഥിക്കുകയും ചെയ്യുന്നു' (1:4) ദൈവത്തിൻെറ ഗുണവിശേഷങ്ങൾ നിസ്തുല്യമാണെന്നും അവയിൽ മററാർക്കും പങ്കാളിത്തം പാടില്ലെന്നും ഖുർആൻ അടിക്കടി ഉണർത്തുന്നുണ്ട്.

പ്രവാചകൻമാർക്ക് മഹത്വവും ആദരവും കൽപ്പിക്കാൻ ആവശ്യപ്പെടുന്നതോടൊപ്പം അതിന്നു പരിധി നിർണയിക്കാൻ ഖുർആൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. പ്രവാചകൻെറ വ്യക്തിത്വത്തിന്നു അതർഹിക്കുന്ന സ്ഥാനം മാത്രം നൽകി സൃഷ്ടികളിൽ ഉൽകൃഷ്ടരെന്നു വിശേഷിപ്പിക്കുകയും അനുസരണം കാണിക്കാൻ ആവശ്യപ്പെടുകയും ചെയ്ത അതേ സ്വരത്തിൽത്തന്നെ അദ്ദേഹം മനുഷ്യനും ദൈവത്തിൻെറ അടിമയുമാണെന്നു അർഥശങ്കക്കിടമില്ലാത്തവിധം വ്യക്തമായും ശക്തിയായും പ്രസ്താവിക്കുകയും ചെയ്തു. വ്യക്തിപൂജയുടെ കവാടം എന്നെന്നേക്കുമായി കൊട്ടിയടയ്ക്കുകയായിരുന്നു ഇത്. ഇസ്ലാമിൻെറ അടിസ്ഥാനാദർശമായ "ലാ ഇലാഹ ഇല്ലല്ലാഹു" എന്നതിൻെറ ഉത്തരഭാഗം "മുഹമ്മദുൻ അബ്ദുഹൂവറസൂലുഹൂ" (മുഹമ്മദ് (സ) അവൻെറ ദാസനും ദൂതനുമാകുന്നു") എന്നതാണ്. അല്ലാഹുവിൻെറ ഏകത്വം പ്രഖ്യാപിക്കുന്ന അതേ ശബ്ദത്തിൽ തന്നെ പ്രവാചകൻെറ വ്യക്തിത്വത്തിനു പരിധി നിർണയിക്കുന്നു. ഈ വിശുദ്ധവാക്യത്തിൽ വിശ്വാസമർപ്പിക്കാത്തവന്നു ഇസ്ലാമിൽ സ്ഥാനമില്ല.

മുഹമ്മദ് നബി (സ)യുടെ കാലശേഷം മുസ്ലിംകൾക്കിടയിൽ പല അഭിപ്രായവ്യത്യാസങ്ങളും ഉടലെടുത്തിട്ടുണ്ടെങ്കിലും നബി(സ)തിരുമേനി അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്ന കാര്യത്തിൽ അവരൊന്നടങ്കം ഏകാഭിപ്രായക്കാരാണ്. ഇസ്ലാമിൻെറ അനുയായികളിൽ കാണപ്പെടുന്ന ഒരു പ്രത്യേകതകൂടിയാണിത്. മററു പല പ്രവാചകൻമാരെയും അവരുടെ അനുയായികൾ പിൽക്കാലത്ത് ദിവ്യ പദവിയിലേയ്ക്കുയർത്തിയിട്ടുണ്ട് എന്നാൽ മുഹമ്മദ നബിയുടെ കാര്യത്തിൽ ഇത് സംഭവിക്കാതെ സൂക്ഷിച്ചുപോരുന്നുണ്ട്. ഖുർആൻ തന്നെ അതിന്നു വേണ്ടത്ര മുൻകരുതൽ നടപടികളെടുത്തിട്ടുണ്ട്.

ഖുർആനിൻെറ അവതരണത്തിനു മുമ്പ് സമൂഹത്തിലെ ഉയർന്നവർക്കും താഴ്ന്നവർക്കുമിടയിൽ കലാവിജ്ഞാനീയങ്ങളുടെയും തൊഴിലിൻെറയും കാര്യത്തിൽ കടുത്ത വിവേചനം നിലനിന്നിരുന്നു. ഉന്നതമായ

വേദാദിവിജ്ഞാനീയങ്ങളും ഉയർന്ന തൊഴിലുകളും ഭേദപ്പെട്ടവർക്ക് മാത്രം അവകാശപ്പെട്ടവയായിരുന്നു. ഈ വിവേചനം മതദൈവസങ്കൽപ്പങ്ങളുടെ വിശദാംശങ്ങളിലും പുലർത്തപ്പെട്ടു. ദൈവത്തെക്കുറിച്ചുള്ള ശ്രേഷ്ഠവും അന്യൂനവുമായ സങ്കൽപ്പങ്ങൾ സമൂഹത്തിലെ ഉയർന്ന വിഭാഗങ്ങൾക്കും, എന്നാൽ പ്രാകൃതവും അധമവുമായ സങ്കൽപ്പങ്ങൾ പാമരജനങ്ങൾക്കും വേണ്ടിയുള്ളതാണെന്നായിരുന്നു പൊതുവെയുള്ള ധാരണ. ഇന്ത്യയിലെ ദൈവവിശ്വാസം തന്നെ ഉദാഹരണം. പാമരജനങ്ങൾ ബിംബാരാധകൻമാരും അതിലും ഉയർന്നവർ ദൈവാരാധകരും ഏററവും ഉയർന്ന പടിയിലുള്ളവർ അദ്വൈതവാദികളുമായിട്ടാണ് കാണപ്പെട്ടിരുന്നത്. ഗ്രീക്കുകാരിലും ഏതാണ്ട് ഇതിനു സമാനമായ ഒരു വിവേചനം നിലനിന്നിരുന്നു. പ്രതിമകൾകൂടാതുള്ള ദൈവപൂജ ജ്ഞാനികൾക്കും ബിംബാരാധന സാധാരണക്കാർക്കും വിധിക്കപ്പെട്ടതാണെന്നായിരുന്നു അവരുടെ വിശ്വാസം.

എന്നാൽ ദൈവസങ്കൽപ്പത്തിൻെറയും ദൈവാരാധനയുടെയും കാര്യത്തിൽ ഈദൃശ വിവേചനങ്ങളൊന്നും ഖുർആൻ അംഗീകരിക്കുന്നില്ല. ദൈവത്തിൻെറ സത്തയെയും ഗുണഗണങ്ങളെയും കുറിച്ചുള്ള സങ്കൽപ്പങ്ങൾ സർവരെ സംബന്ധിച്ചും ഒരുപോലെയാണ് ദൈവാരാധനയിലും യാതൊരുവിധ വിവേചനവും അനുവദിക്കപ്പെട്ടിരുന്നില്ല. പണ്ഡിതന്നും പാമരന്നും ദൈവവിശ്വാസത്തിലേക്കുള്ള കവാടം ഒന്നു മാത്രമേയുള്ളു. ഓരോരുത്തരും അവരവരുടെ ധിഷണാപരവും ചിന്താപരവുമായ മേഖലകളിൽ വിശ്വാസത്തിൻെറ വ്യത്യസ്ത വിതാനങ്ങളിൽ നിന്നേക്കാം എന്നത് മററൊരു കാര്യമാണ്. എന്നിരുന്നാലും മതം അവർക്ക് നിശ്ചയിച്ചിട്ടുള്ള മാർഗം ഒന്നുതന്നെയാണ്.

ദൈവസങ്കൽപ്പത്തിൻെറ അസ്തിവാരം മാനവരാശിയുടെ നൈസർഗിക ബോധത്തിൻമേലാണ് ഖുർആൻ സ്ഥാപിച്ചിട്ടുള്ളത്. ഒരു പ്രത്യേക വിഭാഗത്തിൻെറ മാത്രം ചിന്താപരമായ സമസ്യയായി ഖുർആൻ അതിനെ കാണുന്നില്ല. മനുഷ്യവർഗത്തിൻെറ നൈസർഗികവികാരമെന്നിവിടെ വിശേഷിപ്പിച്ചത് സൃഷ്ടിയാഥാർഥ്യത്തിൻെറ അംഗീകാരത്തെയാണ്. സൃഷ്ടികൾ സൃഷ്ടികൾ തന്നെയാണെന്നുള്ള യാഥാർഥ്യമാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. സൃഷ്ടിയെന്ന സത്യം സ്രഷ്ടാവ് എന്ന അനിവാര്യസത്യത്തെ തേടുന്നു. മനുഷ്യവർഗത്തിൻെറ നൈസർഗികബോധവും അന്തശ്ചോദനവും അതാണ് ആവശ്യപ്പെടുന്നത്. പൂർണതയുടെയും സർവഗുണങ്ങളുടെയും ഉടമയായ ഒരു സ്രഷ്ടാവിനെക്കുറിച്ചു മാത്രമാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. സർവന്യൂനതകളിൽ നിന്നും അവൻ മുക്തനാണ്. സൃഷ്ടിയുടേതായ എല്ലാവിധ ന്യൂനതകളിൽ നിന്നും സ്രഷ്ടാവിൻെറ മഹത്വത്തിനു ചേർന്ന സർവഗുണങ്ങളും അവനിൽ വിളങ്ങുന്നു. വിശ്വാസപരമായി ലളിതമായ ഈ യാഥാർഥ്യത്തിൻെറ അംഗീ

കാരം മാത്രമാണ് ഓരോ വ്യക്തിയിൽ നിന്നും ഖുർആൻ ആവശ്യപ്പെടുന്നത്. ഇതിന്നപ്പുറമുള്ള ഒരു സങ്കീർണതയും അത് ഉാക്കൊള്ളുന്നില്ല.

സൂറ:'ഫാത്തിഹ'യിൽ ദൈവത്തിൻെറ മൂന്നു വിശേഷഗുണങ്ങളെ പ്രത്യേകം എടുത്തുപറയുന്നുണ്ട്. യഥാർഥത്തിൽ വിജ്ഞാനത്തിൻെറയും ചിന്തയുടെയും മൂന്നു പദവികളെയാണിവ സൂചിപ്പിക്കുന്നത്. ദൈവത്തിൻെറ രക്ഷാകർതൃത്വമാണ് ഒന്നാമതായി എടുത്തുകാട്ടുന്നത്. സൃഷ്ടികളിൽ ഏററവും പ്രകടമായി കാണ്മാനുള്ള ദൈവികഗുണവും അതുതന്നെയാണ്. സൃഷ്ടികൾക്കെല്ലാം സർവോപരി ആവശ്യമായതും ദൈവസംരക്ഷണമാണല്ലോ. രക്ഷാകർതൃത്വത്തിനു ശേഷം സൂറാ:ഫാത്തിഹയിൽ എടുത്തുപറയുന്നത് ദൈവകാരുണ്യമാണ്. രക്ഷാകർതൃത്വം പ്രാഥമികമായിത്തന്നെ ഗ്രഹിക്കാൻ കഴിയുന്ന ഒന്നാണെങ്കിൽ ദിവ്യകാരുണ്യം കുറെക്കൂടി ചിന്തയെ ആവശ്യപ്പെടുന്ന ഒന്നാണ്. പഠനവും അനുഭവങ്ങളും വർദ്ധിക്കുന്തോറും ദിവ്യകാരുണ്യം കൂടുതൽ കൂടുതലായി ബോധ്യപ്പെടുന്നതാണ്. ദൈവത്തിൻെറ രക്ഷാകർതൃത്വം ബോധ്യപ്പെട്ട ഒരാൾ അതുമായി മുന്നോട്ടു നീങ്ങുന്തോറും ദൈവകാരുണ്യവും കണ്ടെത്തുന്നു. രക്ഷയുടെയും കാരുണ്യത്തിൻെറയും സ്വാഭാവികവും പൂരകവുമായ ഗുണം ദൈവനീതിയാണ്. ഖുർആൻ മൂന്നാമതായി എടുത്തുപറഞ്ഞ ഗുണവും അതുതന്നെ. ഗഹനമായ ചിന്തയിൽ സംരക്ഷണത്തിൻെറയും കാരുണ്യത്തിൻെറയും അനിവാര്യതാൽപ്പര്യമെന്നോണം കടന്നുവരുന്ന ദൈവികനീതി സർവത്ര പ്രകടമായി കാണാം.

# 3

# ദൈവികഗുണങ്ങളുടെ യാഥാർഥ്യവും മനുഷ്യജീവിതവും

ഖുർആൻ സമർപ്പിക്കുന്ന ദൈവികഗുണങ്ങൾ അനുഭൂതിയുടെയോ അനുഭവജ്ഞാനത്തിന്റെയോ മണ്ഡലങ്ങളിൽ ഒതുങ്ങിനിൽക്കുന്നവയല്ല. ദൈവികഗുണങ്ങളുടെ പ്രസക്തിയും മഹത്വവും പരിഗണിച്ചു അവ നിൽ വിശ്വാസമർപ്പിച്ചാൽ മാത്രം പോരാ; ആ ഗുണവിശേഷങ്ങളോരോന്നും കർമജീവിതത്തിൽ പ്രതിബിംബിക്കുക കൂടി വേണം.

വിശുദ്ധ ഖുർആൻ മനുഷ്യസൃഷ്ടിയെക്കുറിച്ചു പറഞ്ഞതിപ്രകാരമാണ്: ''ഭൂമിയിൽ നാം ഒരു പ്രതിനിധിയെ നിശ്ചയിക്കുവാൻ പോകുന്നു'' (വി. ഖു. 2:30). പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനം വ്യക്തമായി സൂചിപ്പിക്കുന്നതാണ് പ്രസ്തുത വാക്യം അവൻ ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമല്ല അവന്റെ പ്രതിനിധി കൂടിയാണ്. പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിന്റെ പ്രാതിനിധ്യമാണ് ഭൂമിയിൽ അവന്ന് നിർവഹിക്കുവാനുള്ളത്. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ദൈവാഭീഷ്ടമനുസരിച്ച് ജീവിക്കുവാൻ ചുമതലപ്പെട്ടവനാണ് മനുഷ്യൻ. ഈ കടമ ഭംഗിയായി നിർവഹിക്കാൻ കഴിയണമെങ്കിൽ ദൈവികഗുണങ്ങളെക്കുറിച്ചു ഗ്രഹിക്കുകയും പരമാവധി അവ ഉൾക്കൊള്ളാൻ ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്. ദൈവികഗുണങ്ങളുൾക്കൊള്ളുക എന്നു പറഞ്ഞതിന്റെ വിവക്ഷ മനുഷ്യൻ അവനിൽ അന്തർഭവിച്ചുകിടക്കുന്ന കഴിവുകളെ പരിശീലിപ്പിച്ചു സംസ്കരിച്ചെടുക്കുകയെന്നതാണ്.

ദൈവികഗുണങ്ങളെക്കുറിച്ചു ഒരു കാര്യം നാം വ്യക്തമായി ഗ്രഹിച്ചിരിക്കണം. ദൈവത്തിന്റെതായി ഖുർആൻ പരിചയപ്പെടുത്തുന്ന ഗുണങ്ങൾ ദൈവത്തിനു മാത്രം വകവച്ചുകൊടുത്തുകൊണ്ട് വിദൂരതയിൽ നിന്നു അത് നോക്കിക്കാണുവാൻ മാത്രമല്ല ഇസ്ലാം ആവശ്യപ്പെടുന്നത്. മറിച്ച് ദൈവത്തിന്റെ പ്രതിനിധിയെന്ന നിലയ്ക്ക് ആ പ്രാതിനിധ്യത്തി

ൻെറ സാധ്യമായ പരിധിയിൽ ദൈവികഗുണങ്ങളുമായും അഭേദ്യബന്ധം പുലർത്തേണ്ടതുണ്ട്. ദൈവികഗുണങ്ങളായി താൻ എണ്ണുന്നവയിൽ നിന്ന് തന്നിൽത്തന്നെ പ്രതിഫലിപ്പിക്കാൻ ആജ്ഞാപിക്കപ്പെട്ടിട്ടുളളവ വിശ്വാസിയുടെ ജീവിതത്തിൽ പ്രകടമാവണം. ഖുർആൻ പരിചയപ്പെടുത്തുന്ന ദൈവികഗുണങ്ങൾ നിസ്തുലവും അത്യുന്നതവുമത്രെ. ഉന്നതനായ ദൈവത്തിൻെറ ഉന്നതമായ ഗുണങ്ങൾ ലക്ഷ്യമാക്കിയായിരിക്കണം ഒരു വിശ്വാസി നീങ്ങേണ്ടത്. ഉന്നതമായ ഒരു ചക്രവാളം മനുഷ്യജീവിതത്തിന്ന് ഇത് പ്രദാനം ചെയ്യുന്നു. അതോടൊപ്പം വിശിഷ്ടമായ ഒരു ഭാവം മനുഷ്യസത്തയ്ക്കും വ്യക്തിത്വത്തിനും കൈവരുന്നു. സ്വാഭാവികമായും ഈ വിശ്വാസം ഉൾക്കൊണ്ട വ്യക്തിയും സമൂഹവും അതിമഹത്തായ ഒരു ജീവിതമാതൃകയായിരിക്കും കാഴ്ചവെക്കുക.

## *മനുഷ്യജീവിതം*

മനുഷ്യജീവിതം തികച്ചും ജന്തുപരമാണെന്ന ഒരു വാദഗതി ശക്തിയായി നിലനിൽക്കുന്നുണ്ട്. ഇതര ജീവികളെപ്പോലെ ആത്മരക്ഷയും വംശോൽപ്പാദനവും മാത്രമാണ് ജീവിതലക്ഷ്യമെന്നു ഇത് സിദ്ധാന്തിക്കുന്നു. കേവലഭൗതികമെന്നു വിശേഷിപ്പിക്കപ്പെടാവുന്ന ആ ജീവിതം മരണത്തോടുകൂടി അവസാനിക്കയും ചെയ്യുന്നു.

എന്നാൽ മനുഷ്യജീവിതം കേവലം ജന്തുപരമോ ഭൗതികമാത്രമോ അല്ല. മറിച്ച് അതിൽ 'വ്യക്തിത്വ'മെന്നോ, 'അനന്യത'യെന്നോ, 'അഹം' (Ego) എന്നോ വിശേഷിപ്പിക്കാവുന്ന ഒരു ഭാവം കൂടി അന്തർഭവിച്ചുകിടപ്പുണ്ട് എന്നതാണ് സത്യം. ഈ അഹംബുദ്ധിയെക്കുറിച്ചു ദൈവാത്മാവ് എന്നാണ് ഖുർആൻ വിശേഷിപ്പിച്ചിട്ടുളളത് (വി. ഖു. 32:9; 15:29). ഭൗതികജഡത്തിൽ നിന്നും ഭിന്നമായ ഒരു സത്തയാണിത്. ശരീരത്തിൻെറ ബാഹ്യമായ പരിവർത്തനങ്ങൾ കൊണ്ടു ഇത് നശിക്കുന്നില്ല. മരണാനന്തരവും ആത്മാവ് നിലനിൽക്കുന്നു. ആത്മാവിനെ സംസ്കരിക്കുകയും ആത്മീയശക്തിയെ വളർത്തിയെടുക്കുകയും ചെയ്യുന്ന പക്ഷം മരണാനന്തരജീവിതം അത്യുന്നതവും സംതൃപ്തവുമായിത്തീരുന്നു. മറിച്ചായാൽ കഠിനമായ യാതനയ്ക്കു പാത്രീഭൂതമാവുകയും ചെയ്യും.

## *മനുഷ്യവ്യക്തിത്വം*

മനുഷ്യാത്മാവിനെ ദൈവികമെന്നു വിശേഷിപ്പിക്കുക വഴി ഒരു മഹത് സത്യത്തിലേക്കാണ് ഖുർആൻ വിരൽ ചൂണ്ടിയിട്ടുളളത്. ദൈവത്തിനും മനുഷ്യനും വ്യക്തിത്വമുണ്ടെന്നു ഖുർആൻ സിദ്ധാന്തിക്കുന്നു. അപ്പോൾ ഇവയ്ക്കിടയിലുളള അന്തരമെന്ത്? ദൈവികസത്ത അന്യാശ്രയമാണ്. പ്രത്യുത മനുഷ്യസത്തയ്ക്കു മറ്റൊന്നിൻെറ ആശ്രയം കൂടിയേ

തീരൂ. ഈ അന്തരം വ്യക്തിത്വത്തിലും പ്രകടമാകുന്നു. മറെറാരർഥത്തിൽ പറഞ്ഞാൽ ദൈവികവ്യക്തിത്വം സംപൂർണവും സ്വയം നിലനിൽക്കുന്നതുമാണ്. മനുഷ്യവ്യക്തിത്വമാവട്ടെ, ദൈവാപേക്ഷിതവും അപൂർണവുമാണ്. മനുഷ്യസത്തയെ 'ദൈവദത്ത'മെന്നു നമുക്ക് വിശേഷിപ്പിക്കാം.

ഏതൊരാസ്തികൃത്തിൻെറയും മൗലികഭാവം ഒന്നുതന്നെയായിരിക്കും. ദൈവികസത്ത പരിപൂർണവും അത്യുന്നതവുമെന്നപോലെ അതിൻെറ സവിശേഷഗുണങ്ങളും പരിപൂർണവും അന്യൂനവുമായിരിക്കും. ദൈവഗുണങ്ങളെ 'അസ്മാഉൽഹുസ്ന' (അത്യുത്തമ സംജ്ഞകൾ) എന്നു വിശേഷിപ്പിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്.

മനുഷ്യവ്യക്തിത്വം ദൈവത്തിൻേറതുമായി താരതമ്യപ്പെടുത്തുമ്പോൾ പരിമിതമാണെന്നു കാണാം. അവൻെറ ഗുണവിശേഷങ്ങളും സ്വാഭാവികമായും പരിമിതങ്ങളായിരിക്കും. എന്നിരുന്നാലും ദൈവത്തിൻെറ അപാരവും അത്യുന്നതവുമായ ഗുണങ്ങൾ ഒരളവുവരെയെങ്കിലും അവനിൽ അന്തർലീനവുമായിട്ടുണ്ടായിരിക്കും. ഇപ്പറഞ്ഞതിന്നർഥം സൃഷ്ടിക്കും സ്രഷ്ടാവിന്നുമിടയിൽ അന്തരമില്ലെന്നല്ല സ്രഷ്ടാവിന്നു മാത്രം അവകാശപ്പെട്ട ഗുണവിശേഷങ്ങളിൽ മററാർക്കും പങ്കുണ്ടായിരിക്കുകയില്ല.

ദൈവപ്രകൃതിയിൽ മഹദ്ഗുണങ്ങളെല്ലാം പരിപൂർണതയിൽ വിളങ്ങുന്നു. മനുഷ്യപ്രകൃതിയിലാകട്ടെ, അവ അപൂർണങ്ങളായിരിക്കും. അവതന്നെയും അന്തഃസ്ഥിതമായോ പ്രവർത്തനരഹിതമായോ കിടക്കുകയും ചെയ്യുന്നു. ഈ മഹദ്ഗുണങ്ങളെ സാക്ഷാത്കരിക്കുകയെന്നതാണ് മനുഷ്യൻെറ ജീവിത ലക്ഷ്യം. ആ ലക്ഷ്യം നേടുന്നതോടെ ജീവിതം സാർഥകവും സംപൂർണവുമായി ഭവിക്കയും ചെയ്യുന്നു.

താഴ്ന്ന പടിയിൽ കിടക്കുന്ന ഒരാൾക്ക് അവലംബിക്കാൻ ഉത്തമമായ ഒരു മാതൃകയാവശ്യമുണ്ട്. ഉന്നതമായ ഒരു ലക്ഷ്യം മുമ്പിലില്ലാത്ത ഒരാളുടെ ജീവിതത്തിൻെറ പരിണാമത്തെക്കുറിച്ച് ഖണ്ഡിതമായി എന്തെങ്കിലും പറയുക അസാധ്യമാണ്. അതിൻെറ നന്മതിന്മകളെ വ്യവഛേദിച്ചു വിധികൽപ്പിക്കുന്നതിനു പ്രയാസമായിരിക്കും. ഇനി നന്നായാൽപോലും അതെത്രമാത്രം നല്ലതെന്നു പറയുവാൻ കഴിയുകയില്ല. അതുകൊണ്ട് ഉത്തമമായ ഒരു ജീവിതം ലക്ഷ്യംവെക്കുന്ന ഏതൊരാളും ഉദാത്തമായ ദൈവികഗുണങ്ങളെ മാതൃകയായി മുമ്പിൽ വെക്കേണ്ടതുണ്ട്. ജീവിത ലക്ഷ്യം കൈവരിക്കാൻ ഒരു മനുഷ്യൻ അവൻെറ മുമ്പിൽ വെക്കുന്ന മാതൃകയെ സംബന്ധിച്ചു തെല്ലും സന്ദേഹത്തിന്നിടം നൽകാത്ത രീതിയിലാണ് ദൈവികഗുണങ്ങളെ ഖുർആൻ എടുത്തുകാട്ടുന്നത്. അതു സാധിതപ്രായമാക്കാൻ ഓരോ വ്യക്തിയും യത്നിക്കേണ്ടതുണ്ട്. ഒരു മനുഷ്യൻ

എത്രകണ്ടു ദൈവികഗുണങ്ങൾ ഉൾക്കൊള്ളുന്നോ, അത്രകണ്ടു ദൈവ സാമീപ്യം അയാൾക്ക് കരഗതമാവുമെന്നു ഖുർആൻ വ്യക്തമാക്കുന്നു. അപ്പോൾ ദൈവികഗുണങ്ങൾ സദാ സ്വന്തം കൺമുമ്പിൽ വെക്കേണ്ടത് സകലരുടേയും ബാധ്യതയായിത്തീരുന്നു. ''ദൈവവിശ്വാസം'' എന്നു വ്യവഹരിക്കുമ്പോൾ അർഥമാക്കുന്നതും ഇതേ സ്ഥിതിവിശേഷത്തെയാണ്. ദൈവികഗുണങ്ങളുൾക്കൊണ്ട ഒരു വ്യക്തിത്വത്തിന്റെ ഉദാത്തമാതൃകകളാണ് പ്രവാചകൻമാർ.

മനുഷ്യനും ദൈവവും തമ്മിലുള്ള അടിസ്ഥാനപരമായ ബന്ധം എന്തെന്നും ദൈവികഗുണങ്ങളെ മനുഷ്യൻ സ്വായത്തമാക്കേണ്ടതു എങ്ങനെയെന്നും ഇത് വ്യക്തമാക്കുന്നു. സ്രഷ്ടാവിനെക്കുറിച്ചുള്ള ബോധം സൃഷ്ടിയിൽ സ്വന്തം വ്യക്തിത്വത്തെക്കുറിച്ചു ബോധമുണർത്താൻ സഹായിക്കുന്നു സ്വാഭാവികമായും ഈ ധാരണ 'മൃഗീയ'തലത്തിൽ നിന്നും ഉന്നതമായ വിതാനത്തിലേക്ക് അവനെ ഉയർത്തുന്നു ദൈവികഗുണങ്ങളെ ഉൾക്കൊള്ളാൻ വെമ്പുന്ന തികച്ചും മാനുഷികവും മോഹനവുമായ ഒരു ചക്രവാളത്തിൽ അവന്റെ വ്യക്തിത്വം വിളങ്ങുന്നു. മനുഷ്യജീവിതം കേവലം യാന്ത്രികമാണെന്ന പാശ്ചാത്യരുടെ അഭിപ്രായവും ഖുർആന്റെ പ്രബോധനവും തമ്മിലുള്ള അന്തരം ഇവിടെ തെളിഞ്ഞുകാണാം. ഈ വ്യത്യാസം ഇരുവിഭാഗത്തെയും രണ്ടു ഭിന്നചേരികളിലേക്കു ആനയിക്കുകയും ചെയ്യുന്നു.

## ദൈവവ്യക്തിത്വത്തിന്റെ മൗലിക സവിശേഷതകൾ.

ഇവ്വിഷയകമായി രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു: (1) സ്വാതന്ത്ര്യം (2) നിരാശ്രയത്വം. 'സ്വാതന്ത്ര്യ'മെന്ന വാക്കുകൊണ്ടു ദ്ദേശിക്കപ്പെടുന്നതു സ്വതന്ത്രമായ ചിന്തകളുടെയും അഭിപ്രായങ്ങളുടെയും ഉടമയായിരിക്കുകയും ആരുടെയും ആജ്ഞാനുവർത്തിയാകാതിരിക്കുകയും ചെയ്യുകയെന്നതാണ്. 'നിരാശ്രയത്വം' എന്ന വാക്കുകൊണ്ടുദ്ദേശിക്കപ്പെടുന്നതു സ്വന്തം ജീവിതത്തിൽ മററൊരാളുടെയും ആശ്രയമില്ലാതിരിക്കുകയെന്നുമാണ്. പരിപൂർണനും സ്വതവേ ഉള്ളവനുമായ ദൈവം അന്തിമവിശകലനത്തിൽ 'പരാപേക്ഷയില്ലാത്തവനും സ്തുത്യർഹനുമാണെന്നറിയുക' (വി.ഖു. 2:267) അതുപോലെ അവൻ ഇച്ഛിക്കുന്നതെന്തും പ്രവർത്തിക്കുന്നവനത്രെ' (വി.ഖു. 11:107).

ഇവിടെ ദൈവത്തിന്റെ സ്വാതന്ത്ര്യവും നിരാശ്രയത്വവും പ്രഖ്യാപനം ചെയ്യുകയാണ് ഈ വാക്യങ്ങൾ. ദൈവം പരിപൂർണശക്തിയുടെയും അതിരററ അധികാരത്തിന്റെയും ഉടമയായിട്ടുകൂടി തന്റെ ശക്തിയുടെയും അധികാരത്തിന്റെയും മേൽ അവൻ ചില നിയന്ത്രണങ്ങൾ സ്വയം

കല്പിച്ചിട്ടുണ്ട്. ഉദാഹരണമായി ഖുർആൻ പറയുന്നു: 'കാരുണ്യത്തെ (അവൻ) തൻെറ ബാധ്യതയായി നിശ്ചയിച്ചിരിക്കുന്നു (6:12). സൃഷ്ടികളുടെ സംരക്ഷണച്ചുമതല അവൻ സ്വയം ഏറെറടുത്തിരിക്കയാണ്. ഇത് പുറമെ നിന്ന് ആരും അവൻെറ മേൽ ചുമത്തിയ ബാധ്യതയല്ല. ഈ കർത്തവ്യം മൂലം ദൈവത്തിൻെറ സ്വാതന്ത്ര്യത്തിനു ഒരു കോട്ടവും സംഭവിക്കുന്നില്ല. ഇതു മൂലം അവൻ ഒരു ആജ്ഞാനുവർത്തിയായി മാറുന്നില്ല. പുറമെനിന്നുള്ള കൽപ്പനകൾ അനുസരിക്കലാണ് ആജ്ഞാനുവർത്തനം. ഇതിനെ വേണമെങ്കിൽ ദൈവത്തിൻെറ പ്രവർത്തനക്രമം എന്നു വിശേഷിപ്പിക്കാം.

ദൈവം തൻെറ സർവാധികാരത്തിൻമേൽ നിബന്ധനകൾ ചുമത്തിയെന്ന ഉപര്യുക്ത പ്രസ്താവനയുടെ പൊരുൾ, ദൈവം അവൻെറ കഴിവുകളെ ഒരു സർവാധികാരിയുടെ നിലയിൽ നിയന്ത്രണാധീനമാക്കിയെന്നല്ല, പ്രത്യുത ചില ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായി അതിൻമേൽ ചില നിബന്ധനകൾ ചുമത്തിയെന്നു മാത്രമാണ്. ചട്ടങ്ങളും നിയമങ്ങളും എന്ന പ്രയോഗത്തിൻെറ വിവക്ഷ സൃഷ്ടികളുടെ സാഹചര്യങ്ങൾക്കനുസൃതമായുള്ള ദൈവികഗുണങ്ങളുടെ പ്രകടനം എന്നു മാത്രമാണ് പ്രത്യേക പരിതസ്ഥിതികളിൽ ദൈവത്തിൻെറ ഗുണങ്ങൾ പ്രത്യേക തരത്തിൽ പ്രകടമാകുന്നു. ഇതു തന്നെയാണ് ദൈവചട്ടം എന്നു നാം വിശേഷിപ്പിക്കുന്നത്. ദൈവികഗുണങ്ങൾക്ക് മാററം സംഭവിക്കാൻ പാടില്ലാത്തതുപോലെ അവൻെറ നിയമങ്ങൾക്കും മാററമുണ്ടാകാൻ പാടില്ലാത്തതാണ്. 'അല്ലാഹുവിൻെറ വചനങ്ങൾ (തീരുമാനങ്ങൾ)ക്ക് ഒരു മാററവുമില്ല തന്നെ' (വി.ഖു.10:64).

ദൈവത്തിൻെറ ചട്ടങ്ങൾക്കും മാററം സംഭവിക്കുന്നില്ല. 'അല്ലാഹുവിൻെറ നടപടിക്രമത്തിനു ഒരു മാററവും നീ കണ്ടെത്തുകയില്ല; അല്ലാഹുവിൻെറ നടപടിക്ക് ഒരു ഭേദഗതിയും നീ കണ്ടെത്തുന്നതുമല്ല' (വി.ഖു. 35:43). ഇതിന്നർഥം പ്രപഞ്ചത്തിൻെറ പ്രവർത്തനം അന്ധവും യാദൃശ്ചികവുമല്ലെന്നും പ്രത്യുത അഭേദ്യവും സുനിശ്ചിതവുമായ നിയമങ്ങളുടെ അടിസ്ഥാനത്തിൽ നടക്കുന്നവയാണെന്നുമാകുന്നു. പ്രാപഞ്ചിക പ്രതിഭാസങ്ങളെ നിരീക്ഷണം ചെയ്യാൻ ഖുർആൻ ആഹ്വാനം ചെയ്യുന്നു. പ്രകൃതിനിരീക്ഷണത്തിലൂടെ ദൈവികനിയമങ്ങളുടെ മറ നീങ്ങാൻ തുടങ്ങുന്നു. ദൈവികനിയമങ്ങൾ സന്ദർഭോചിതമായാണ് പ്രവർത്തനങ്ങളിൽ വരുന്നത് അതുകൊണ്ടു പ്രകൃതിനിരീക്ഷണം വഴി ദൈവിക ദൃഷ്ടാന്തങ്ങൾ ഗ്രഹിക്കാൻ മനുഷ്യനു സാധിക്കുന്നു. മനുഷ്യപ്രകൃതി ദൈവിക സവിശേഷതകളുടെ കൊച്ചു പതിപ്പായതുകൊണ്ടു പ്രപഞ്ചനിരീക്ഷണവും മനുഷ്യപ്രകൃതി നിരീക്ഷണവും ഒരേ പ്രക്രിയയുടെ രണ്ടു കണ്ണികളായിത്തീരുന്നു. അതുകൊണ്ടു തന്നെയാണ് മനുഷ്യപ്രകൃതിയിലും

പ്രപഞ്ചഘടനയിലും ദൈവിക ദൃഷ്ടാന്തങ്ങളുള്ളതായി ഖുർആൻ ചൂണ്ടിക്കാട്ടുന്നത് (41:53). എന്നാൽ പാശ്ചാത്യൻഭൗതികവാദികളുടെ പ്രകൃതി നിരീക്ഷണവും ഖുർആന്റെ വെളിച്ചത്തിലുള്ള നിരീക്ഷണവും തമ്മിൽ അന്തരമുണ്ട് പ്രകൃതിനിരീക്ഷണത്തിലൂടെ അവർ കാണുന്നത് പ്രകൃതിശക്തിയെയും തദ്പ്രവർത്തനങ്ങളെയും മാത്രമാണെങ്കിൽ ഒരു മുസ്ലിം ശാസ്ത്രജ്ഞൻ അവയിലൂടെ ദൈവികശക്തിയെയും മഹത്വത്തെയും കൂടി ദർശിക്കുന്നു പ്രകൃതിപ്രതിഭാസങ്ങളിലും അവയുടെ പ്രവർത്തനങ്ങളിലും മാത്രമല്ല, തന്റെ സ്വന്തം ശരീരത്തിലും ആത്മാവിലും അന്തഃസ്ഥിതമായിട്ടുള്ള ദൈവമാഹാത്മ്യം അവൻ കണ്ടെത്തുന്നു. ഭൗതികവാദത്തെ അപേക്ഷിച്ചു ഇസ്ലാമികചിന്തയുടെ സവിശേഷതയാണിത്.

## മനുഷ്യനും ദൈവാനുസരണവും

സൃഷ്ടികളെല്ലാം പ്രകൃത്യാ തന്നെ ദൈവാജ്ഞകൾ അനുസരിക്കാൻ ബാധ്യസ്ഥമാണ് ദൈവികനിയമങ്ങൾ ഉല്ലംഘിക്കുവാൻ ഒരു സൃഷ്ടിക്കും സാധ്യമല്ല. 'ആകാശഭൂമികളിലുള്ള സകല വസ്തുക്കളും സ്വമനസ്സാലെയോ നിർബന്ധിതമായോ അല്ലാഹുവിനെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ടിരിക്കുന്നു' (വി.ഖു. 13:15) ഉപരിലോകങ്ങളിലും ഭൂമിയിലുമുള്ള സർവവും ദൈവാജ്ഞകൾക്കു മുമ്പിൽ മുട്ടുകുത്തുന്നു. ദൈവത്തിന്റേതായ പ്രകൃതിനിയമങ്ങൾക്കു വിധേയമായി മാത്രമേ അവയ്ക്കു ചലിക്കുവാൻ സാധിക്കുകയുള്ളു. മനുഷ്യപ്രകൃതിയും ഇതിന്നു വിധേയമാണ്. എന്നാൽ മനുഷ്യന്നു സവിശേഷമായ ഒരു വ്യക്തിത്വം നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യജീവിതത്തിനു രണ്ടു ഭാവങ്ങളുണ്ട്. പ്രകൃതിനിയമങ്ങളോടു വിധേയത്വമുള്ളതോടൊപ്പം സ്വാതന്ത്ര്യത്തിന്റേതായ ഒരു വശവും അവനു നൽകപ്പെട്ടിരിക്കുന്നു. 'സ്വാതന്ത്ര്യം' കൊണ്ടുള്ള വിവക്ഷ ആ രംഗത്ത് ദൈവാജ്ഞകൾ സ്വീകരിക്കാനും തിരസ്കരിക്കാനും അവന്നു സാധ്യമാണ് എന്നതാണ്. അവിടെ നിർബന്ധത്തിന്റെ പ്രശ്നമില്ല. ''വേണ്ടുന്നവർ വിശ്വസിച്ചുകൊള്ളട്ടെ; വേണ്ടുന്നവർ അവിശ്വസിച്ചുകൊള്ളട്ടെ' (വി. ഖു. 18:29)

ദൈവികനിയമങ്ങളെ അനുസരിക്കുന്നവൻ യഥാർഥത്തിൽ സ്വന്തം വ്യക്തിത്വത്തെ പ്രകടമാക്കുകയാണ് ചെയ്യുന്നത്. ദൈവാജ്ഞകളെ ധിക്കരിക്കുന്നവന്റെ യഥാർഥ വ്യക്തിത്വം വെളിച്ചം കാണാതെ സുപ്താവസ്ഥയിൽ കിടക്കുകയും ചെയ്യുന്നു. ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യങ്ങൾ ഇവയാണ്.

(1) ദൈവിക നിയമങ്ങൾ പുറമെനിന്നുള്ള സമ്മർദങ്ങൾ കൊണ്ട് അനുസരിക്കേണ്ടവയല്ല. പ്രത്യുത മനുഷ്യൻ സ്വമേധയാ ചെയ്യേണ്ട കാര്യങ്ങ

ളാണ്. ഖുർആൻ ഇതിനെ നിരുപാധികമായ അനുസരണമെന്നു വിശേഷിപ്പിക്കുന്നു നിർബന്ധം മൂലം നടത്തുന്ന പ്രവർത്തനങ്ങൾ കൊണ്ടു ഒരാളുടെ വ്യക്തിത്വം പ്രകടമാകുന്നതിനു പകരം നശിച്ചു പോവുകയായിരിക്കും ഫലം.

(2) ദൈവികനിയമങ്ങൾ ദൈവികഗുണങ്ങളുടെ ബഹിർപ്രകടനങ്ങളായതു കൊണ്ട് അവയെ അനുസരിക്കുന്നത് ജീവിതലക്ഷ്യത്തിലേക്കുള്ള കാൽവെയ്പുകളാകുന്നു 'അതിനെ (ആത്മാവിനെ) പരിശുദ്ധ മാക്കി വച്ചവൻ വിജയം വരിച്ചിരിക്കുന്നു; അതിനെ കളങ്കപ്പെടുത്തി യവൻ പരാജയമടയുകയും ചെയ്തിരിക്കുന്നു' (വി.ഖു 91:9–10). മറെറാരു വിധത്തിൽ പറഞ്ഞാൽ മനുഷ്യപ്രകൃതിയുടെ താല്പര്യങ്ങ ളുടെ പൂരണമാണത്. ദാഹം മൂലം അവശനായിത്തീർന്ന ഒരാളോടു വെള്ളം കുടിക്കാനാവശ്യപ്പെടുമ്പോൾ അപ്രകാരം ചെയ്യുന്നത് ആജ്ഞാ നുസരണമെന്നതിനേക്കാളേറെ സ്വന്തം ആവശ്യപൂർത്തീകരണമാണ് അതു കാണിക്കുന്നത്.

(3) ദൈവികനിയമങ്ങളെ സ്വമേധയാ അനുസരിക്കുക വഴി മനുഷ്യൻെറ സ്ഥാനം ഇതര സൃഷ്ടികളെ അപേക്ഷിച്ചു ഉന്നതമാണെന്ന സത്യം അംഗീകരിക്കുകയാണ് ചെയ്യുന്നത്. അതേ അവസരത്തിൽ സൃഷ്ടി കളിൽവെച്ചു അത്യുന്നതനായ താൻ ദൈവാജ്ഞകൾക്ക് മുമ്പിൽ നിസ്സാരനാണെന്ന ബോധവും അവനിൽ സംജാതമാക്കുന്നു. ഇതു മൂലം മനുഷ്യനെ ഉന്നതരിൽ ഉന്നതനാക്കി മാററുന്നതോടൊപ്പം വിന യാന്വിതനും വിനീതനുമാക്കിത്തീർക്കുകയും ചെയ്യുന്നു.

(4) സൃഷ്ടികളിൽ യാതൊന്നും മനുഷ്യനു തുല്യമായി ഇല്ലെന്നു ഇത് വ്യക്തമാക്കുന്നു. എന്തുകൊണ്ടെന്നാൽ സൃഷ്ടികളിൽ വ്യക്തിത്വ ത്തിൻെറ ഉടമ മനുഷ്യൻ മാത്രമാണ്. പാശ്ചാത്യ ഭൗതികവാദികൾ, തങ്ങളും മററു സൃഷ്ടികളെപ്പോലെ കേവല ഭൗതികസത്തയാണെന്നു വിശ്വസിക്കുന്നു. അതുകൊണ്ടു തങ്ങളും ഇതര സൃഷ്ടികളെപ്പോലെ ഒരുനാൾ മണ്ണടിയുകയും പ്രപഞ്ചവിശാലതയിൽ വിലയം പ്രാപി ക്കയും ചെയ്യുമെന്നു കരുതുന്നു. എന്നാൽ ഖുർആൻെറ പ്രത്യയശാ സ്ത്രം മനുഷ്യനെ ദർശിക്കുന്നതു തികച്ചും വ്യത്യസ്തമായിട്ടാണ്. തനിക്ക് സമമായിക്കരുതാൻ പ്രപഞ്ചത്തിൽ മനുഷ്യൻ മാത്രമേയു ള്ളുവെന്നു അയാൾ വിശ്വസിക്കുന്നു. ആത്മീയമായ ഔന്നത്യം ലഭി ച്ചവനാകട്ടെ, തനിക്ക് സുഹൃത്തായി കാണുന്നത് പ്രപഞ്ചനാഥനായ ദൈവത്തെയാണ്; അവനെ മാത്രമാണ്. ഇതുകൊണ്ടുതന്നെയാണ് മുഹമ്മദ് നബി (സ) ദൈവത്തെ 'ഉത്തമസുഹൃത്ത്' എന്നു വിശേഷി പ്പിച്ചത്.

മനുഷ്യന്റെ യഥാർഥ പ്രകൃതി പ്രകടമായി വരുന്തോറും അവൻ ദൈവത്തിന്റെ നടപടികളിൽ ഭാഗഭാക്കായിവരികയാണ് ചെയ്യുന്നത്. ഈ വിധം ദൈവവും അവന്റെ അടിമയായ മനുഷ്യനും തമ്മിൽ സുഹൃൽ ബന്ധം സ്ഥാപിക്കപ്പെടുന്നു. ഇരുപേരിലും ഉത്തമസുഹൃത്തു ദൈവം തന്നെ.

ദൈവവും മനുഷ്യനും തമ്മിലുള്ള ഈ ബന്ധം വി. ഖുർആൻ വ്യക്തമാക്കുന്നു. ദൈവപ്രീതിക്കായി അവനെ ആരാധിക്കുക, ദൈവകോപം ശമിപ്പിക്കാനായി അവന്നു നേർച്ചകളും വഴിപാടുകളും നടത്തുക, ഇതാണ് പൗരസ്ത്യമതസ്ഥരിൽ കാണപ്പെടുന്ന ദൈവ–മനുഷ്യബന്ധത്തിന്റെ മാതൃക. ദൈവസാമീപ്യം സിദ്ധിച്ച മഹാത്മാക്കളുടെ ശുപാർശ മൂലം ദൈവം പ്രസാദിക്കുന്നപക്ഷം മനുഷ്യന്റെ ആഗ്രഹങ്ങൾ നിറവേററാം: അഥവാ ദൈവത്തെ പ്രീതിപ്പെടുത്താൻ കഴിയാതെ പോയാൽ അപകടത്തിൽപ്പെട്ടതു തന്നെ!

ഇതിന്നു വിപരീതമാണ് പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായം. മനുഷ്യേതര സൃഷ്ടികളുമായി മാത്രമേ ദൈവികപ്രവർത്തനങ്ങൾക്ക് ബന്ധമുള്ളുവെന്നാണ് അവർ പറയുന്നത്. കാരണം ദൈവിക നിയമങ്ങൾ അഥവാ പ്രകൃതിനിയമങ്ങൾ അവയിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഈ നിയമങ്ങളറിയുകയും അവയെ തങ്ങളുടെ നേട്ടങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുകയെന്നതാണ് മനുഷ്യന്റെ കടമയെന്ന് അവർ അഭിപ്രായപ്പെടുന്നു. അവരുടെ വീക്ഷണത്തിൽ ഈ പ്രവർത്തനങ്ങളിൽ മനുഷ്യനു വഴി കാണിക്കുന്ന അടിസ്ഥാനപരവും അനിവാര്യവുമായ നിയമങ്ങളൊന്നുമില്ല.

എന്നാൽ ഇസ്ലാമികവീക്ഷണം തികച്ചും വ്യത്യസ്തമാണ്. ഇതര സൃഷ്ടികളെപ്പോലെ മനുഷ്യരും ദൈവികനിയമങ്ങൾക്ക് വിധേയമാണ്. ഉദാഹരണമായി ഖുർആൻ പറയുന്നു: ''അല്ല! നാം സത്യം കൊണ്ട് അസത്യത്തെ എറിയുന്നു; അപ്പോൾ അത് അതിനെ തകർക്കുന്നു. എന്നിട്ടതാ അത് നാമാവശേഷമാകുന്നു.'' (വി. ഖു. 21:18).

സത്യവും അസത്യവും തമ്മിലുള്ള പോരാട്ടം, സൃഷ്ടികൾക്കിടയിൽ എന്നും നടന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. ഈ പോരാട്ടത്തിൽ അന്തിമവിജയം സത്യത്തിന്നായിരിക്കും. മററു വാക്കുകളിൽ, ക്രിയാത്മകശക്തി നശീകരണ ശക്തിയെ ഒരുനാൾ കീഴടക്കുമെന്നർഥം. ഇത് പ്രകൃതിനിയമമാണ്. എന്നാൽ, ഇതിൽ മനുഷ്യന്റെ അടുപ്പവും സഹകരണവുമനുസരിച്ചു ഈ പ്രക്രിയ ത്വരിതഗതിയിൽ നടക്കുന്നു. ദൈവികനിയമങ്ങളെ പൂർണമായി വിശ്വസിക്കുകയും അവയ്ക്കനുസൃതമായി പ്രവർത്തിക്കുകയും ചെയ്യുന്നവരെ 'സത്യവിശ്വാസികളുടെ സംഘം' എന്നാണ് ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. ദൈവവുമായുള്ള അവരുടെ അടുപ്പത്തിന്റെയും സഹകരണത്തിന്റെയും ഫലം അതിവേഗം പ്രകടമാവുകയും ചെയ്യും.

# 4

# അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ സവിശേഷതകൾ

ഖുർആൻ അവതരിപ്പിക്കുന്ന ദൈവസങ്കൽപ്പം മററൊരിടത്തും കാണുക സാധ്യമല്ല. ദൈവ-മനുഷ്യബന്ധത്തെക്കുറിച്ചു ഖുർആൻ സമർപ്പിക്കുന്ന ചിത്രവും അതുല്യമത്രെ. ദൈവം സർവാധിനാഥനാണ്, മുഴുവൻ സൃഷ്ടികളുടേയുംമേൽ അധികാരം വാഴുന്നവനാണ്. എന്നിരുന്നാലും താൻ നിർമിച്ചിട്ടുള്ള ഒരു നിയമമനുസരിച്ചു മാത്രമേ അവൻ തൻെറ അധികാരം പ്രയോഗിക്കുകയുള്ളു പ്രസ്തുത നിയമങ്ങളാകട്ടെ നീക്കുപോക്കുകളോ ഭേദഗതിയോ ഇല്ലാത്തതാണ്. ഇതേ നിയമങ്ങൾ മനുഷ്യപ്രവർത്തനങ്ങൾക്കും ബാധകമാണ്. നന്മയ്ക്കും തിന്മയ്ക്കും അവയ്ക്കനുസൃതമായ ഫലമുണ്ടായിരിക്കും. എന്നാൽ എല്ലാ ഫലങ്ങളും ഈ ലോകത്തു നിന്നു തന്നെ അനുഭവിച്ചുകൊള്ളണമെന്നില്ല. നന്മ ചെയ്യുന്നവൻ കഷ്ടതയനുഭവിക്കുന്നതും തിന്മ ചെയ്യുന്നവൻ സസുഖം വാഴുന്നതും നമുക്കിവിടെ കാണാം. ഇതിന്നർഥം, മനുഷ്യപ്രവർത്തനങ്ങളെ ബാധിക്കുന്ന ഒരു നിയമമില്ലെന്നല്ല, മറിച്ച് ആ നിയമത്തിൻെറ പ്രവർത്തനം ഒററയടിക്ക് പ്രകടമാകുന്നില്ലായെന്നു മാത്രമാണ്. ചില പ്രവർത്തനങ്ങളുടെ ഫലങ്ങൾ പൊടുന്നനവെ പ്രത്യക്ഷപ്പെടുന്നവയാണെങ്കിൽ മററു ചിലതു വൈകി മാത്രം പ്രത്യക്ഷപ്പെടുന്നവയാണ്. അതേപോലെ ചില പ്രവർത്തനങ്ങളുടെ ഫലങ്ങൾ ഈ ലോകത്ത് വെച്ച് തീരെ പ്രത്യക്ഷപ്പെട്ടില്ലെന്നുവരാം. അവയുടെ ഫലം മരണാനന്തരജീവിതത്തിൽ അനിവാര്യമായും പ്രത്യക്ഷപ്പെടുന്നതാണ്. ഇനി പ്രവർത്തനങ്ങളുടെ ഫലം നാം സങ്കൽപ്പിക്കുന്ന രീതിയിൽ നിന്നു ഭിന്നമായി പ്രത്യക്ഷപ്പെടുന്ന മറെറാരു രൂപമുണ്ട്. കഷ്ടതയനുഭവിച്ചു നന്മ ചെയ്യുന്നവനും, ജീവൻപോലും ബലിയർപ്പിച്ചു രക്തസാക്ഷിത്വം വരിക്കുന്നവനും അനുഭവിക്കുന്ന ആത്മസംതൃപ്തിയും മനസ്സമാധാനവും അപരന്നു ഒരിക്കലും ലഭിക്കുന്നില്ല. പ്രവർത്തനഫലങ്ങൾ പ്രകടമാകുന്നതിൻെറ മറെറാരു ദൃ

ഷ്ടാന്തമാണിത്. അഥവാ, യഥേഷ്ടം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യനു നൽകപ്പെട്ടിരിക്കുന്നു. ഒരു പ്രവർത്തനവും വിപരീതഫലം ഉളവാക്കുകയില്ല; എല്ലാം പ്രവർത്തനത്തിൻെറ തോതനുസരിച്ചും ദൈവ നിശ്ചയപ്രകാരവും പ്രത്യക്ഷപ്പെടുന്നു.

ദൈവത്തിനുമാത്രം പ്രത്യേകമായുള്ള ചില വിശേഷഗുണങ്ങളുണ്ട്. ഉദാഹരണമായി അവനെ ആരും സൃഷ്ടിച്ചതല്ലെന്നും അവൻ ആരുടെയും പിതാവല്ലെന്നും അവൻ ഇല്ലായ്മയിൽ നിന്നും ഉണ്ടായതല്ലെന്നുമുള്ള വസ്തുത തന്നെ. ഇത്തരം ഗുണവിശേഷങ്ങളെ മാററിനിർത്തിയാൽ മനുഷ്യൻെറ അടിസ്ഥാനപരമായ ഗുണവിശേഷതകൾ ദൈവികഗുണങ്ങൾ തന്നെയാണെന്നു പറയാം. മാനുഷികഗുണങ്ങൾക്ക് മറെറാരു വ്യത്യാസം കൂടിയുണ്ട്. അവ പരിമിതങ്ങളാണ് എന്നതാണത്. കൂടാതെ അവ വികസ്വരവുമാണ്, ഈ വികസനം സാധിതമാക്കാൻ ദൈവികഗുണങ്ങളെ അവൻ മാതൃകയാക്കേണ്ടതുണ്ട്. ദൈവികനിയമങ്ങളനുസരിക്കുന്നതുമൂലം യഥാർത്ഥത്തിൽ മനുഷ്യൻ സ്വന്തം പ്രകൃതിയുടെ താൽപ്പര്യം നിറവേററുകയാണ് ചെയ്യുന്നത്.

ഇപ്പറഞ്ഞതിൽനിന്നും ഒരു കാര്യം വ്യക്തമാകും. ദൈവത്തിൻെറ ഗുണവിശേഷങ്ങൾ-സൽപ്പേരുകൾ-നാം ഉരുവിടുമ്പോൾ പരിമിതമായ അർത്ഥത്തിലാണെങ്കിലും അതു നമ്മുടെ സ്വന്തം ഗുണവിശേഷങ്ങളെക്കുറിച്ചു നമ്മെ ഓർമിപ്പിക്കും.

## ''അസ്മാ ഉൽ ഹുസ്ന''
## അഥവാ ഉത്തമസംജ്ഞകൾ

ദൈവത്തിൻെറ ഗുണവിശേഷങ്ങളെ ''അസ്മാ ഉൽ ഹുസ്ന'' അഥവാ അത്യുത്തമസംജ്ഞകൾ എന്നു വിശേഷിപ്പിച്ചിരിക്കയാണ്.

മനുഷ്യവ്യക്തിയുടെ പരിശീലനമെന്നപോലെ അവൻെറ ജീവിതാദർശവും-മതവും-ദൈവികഗുണങ്ങളെ ആധാരമാക്കിയായിരിക്കണം നിലകൊള്ളേണ്ടത് വ്യക്തിയുടെ ഒററപ്പെട്ട വളർച്ച അസാധ്യമാണെന്നും മറിച്ചു ഖുർആനികനിർദേശങ്ങൾ അനുസരിച്ച് ജീവിതത്തിൽ അവ ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിന്നിടയിൽ മാത്രമേ അതു സാധ്യമാകുകയുള്ളു വെന്നും ഖുർആൻ സ്പഷ്ടമാക്കിയിട്ടുണ്ട്. 'എൻെറ ദാസൻമാരുടെ അണി പൂകുക! എൻെറ ആരാമത്തെ പൂകുക' (89:30) സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ ദൈവത്തിൻെറ അടിമകളോടൊപ്പം വർത്തിക്കണം 'സത്യസന്ധരുടെ കൂടെ ആയിരിക്കുകയും ചെയ്യുവിൻ' (9:119) ഖുർആനിൻെറ നിർദിഷ്ട വ്യവസ്ഥയാണിത്. സമൂഹത്തിൽ നിന്നു ഒററപ്പെട്ടു കൊണ്ടുള്ള സന്ന്യാസവും ഏകാന്തവാസവും മനുഷ്യൻ കൃത്രിമമായി ചമ

ച്ചുണ്ടാക്കിയതാണെന്നു ഖുർആൻ കുററപ്പെടുത്തുന്നത് ഇക്കാരണത്താലാണ്. 'അവൻ ചമച്ചുണ്ടാക്കിയ സന്ന്യാസമാകട്ടെ, നാമവർക്ക് വിധിച്ചതല്ല' (വി. ഖു. 57:27). അത് ദൈവികനിർദേശങ്ങൾക്ക് വിരുദ്ധമാണ്. ദൈവത്തിന്റെ മതം സമൂഹത്തിൽ നടപ്പാകണം. ഒരു വികസിതവ്യക്തിത്വത്തിന്റെ പ്രത്യേകത അതിന്റെ വിശേഷഗുണങ്ങൾ സ്വയം പ്രകടമാകുമെന്നതാണ്. സൂര്യനിൽ നിന്ന് ചൂടും പ്രകാശവും പ്രസരിക്കുന്നതുപോലെയാണത് വികസിത വ്യക്തിത്വങ്ങളുൾക്കൊള്ളുന്ന ഒരു സമൂഹത്തിൽ ഒരു പരിധിവരെ ദൈവികഗുണവിശേഷങ്ങൾ സ്വയം പ്രകടമായിക്കൊണ്ടിരിക്കും. മററൊരർഥത്തിൽ അത്തരം സമൂഹത്തിന്റെ എല്ലാ പ്രശ്നങ്ങളും ദൈവാജ്ഞകളുടെ വെളിച്ചത്തിൽ പരിഹൃതമാകുമെന്നർഥം. അത് പുറമെ നിന്നുള്ള സമ്മർദങ്ങൾ മൂലമായിരിക്കുകയുമില്ല. ഉദാഹരണമായി സൃഷ്ടി, സംരക്ഷണം, നീതി, കാരുണ്യം, അനുഭൂതി എന്നീ ദൈവികഗുണങ്ങൾ ഈ സമൂഹത്തിൽ നിന്നും സ്വയം പ്രകടമായിക്കൊണ്ടിരിക്കും. സത്യവിശ്വാസത്തിന്റെ ഒരു ലക്ഷണവും ഇതുതന്നെയായിരിക്കും. ഇത്തരമൊരു സമൂഹം മാന്യതയുടെ ഉച്ചകോടിയിലായിരിക്കുമെന്നത് തീർച്ചയാണല്ലോ.

രണ്ടു വ്യക്തികളുടെ ലക്ഷ്യം ഒന്നായി വരികയും അവരുടെ പ്രവർത്തനങ്ങൾ ഒരേ രീതിയിലായിരിക്കുകയും ചെയ്യുമ്പോൾ അവർക്കിടയിൽ ആശയപ്പൊരുത്തമുണ്ടാകുക സ്വാഭാവികമാണ് മനുഷ്യർക്കിടയിൽ ഈ ആശയപ്പൊരുത്തമുളവാക്കാനാണ് ഖുർആൻ ശ്രമിക്കുന്നത്. വർഗം, ദേശം, ഭാഷ എന്നിവ ഭിന്നമാണെങ്കിൽ കൂടി വ്യക്തികൾക്കിടയിൽ ദൈവികഗുണങ്ങൾ നിലനിൽക്കുകയാണെങ്കിൽ അവർ ഒരേയൊരു സമുദായമായി മാറുന്നു. സമൂഹത്തിൽ ഇത്തരം വ്യക്തികളെയാണ് ഖുർആൻ സൃഷ്ടിക്കുന്നത്. ഇപ്രകാരം ആശയപ്പൊരുത്തം സംജാതമാകുന്നതോടുകൂടി മനുഷ്യർക്കിടയിൽ വർണം, ഭാഷ, ദേശം എന്നിവയിലുള്ള അന്തരം മാഞ്ഞ് പരസ്പരം ഐക്യബോധം ഉടലെടുക്കുന്നു. തൽഫലമായി സാർവലൗകികമായ ഒരു സാഹോദര്യവ്യവസ്ഥ (Brotherhood) സംജാതമാകുന്നതാണ്. ഏകദൈവത്തെ അംഗീകരിക്കുക വഴി മാനുഷികൈക്യത്തിലധിഷ്ഠിതമായ ഒരു സാർവലൗകികസമൂഹം കെട്ടിപ്പടുക്കാൻ കഴിയുന്നു.

5

# സൃഷ്ടി-ഖുർആൻെറ വെളിച്ചത്തിൽ

'അവൻ ഒരു വസ്തുവിനെ (സൃഷ്ടിക്കാൻ) ഉദ്ദേശിച്ചാൽ, അതിനോടു 'ഉണ്ടാവുക' എന്നു പറയും; അപ്പോൾ അത് ഉണ്ടാകുന്നു' (വി.ഖു. 36:82).

സർവ്വ വസ്തുക്കളും ദൈവത്തിൻെറ സൃഷ്ടികളാണ്. ഖുർആൻ സൃഷ്ടിപരമായ പ്രക്രിയകളെ വിവരിക്കുകയാണ് ഇവിടെ ഏതെങ്കിലുമൊരു വസ്തുവിനെ സൃഷ്ടിക്കണമെന്നുദ്ദേശിക്കുമ്പോൾ 'ഉണ്ടാവുക'യെന്നു കൽപ്പിക്കുകയേ വേണ്ടു, അതുണ്ടാകുന്നു. ഇവിടെ ഇല്ലാത്ത ഒരു വസ്തുവിനോട് കൽപ്പിക്കുന്നതെങ്ങിനെ? ഉളളതിനോടു വീണ്ടും 'ഉണ്ടാവുക' എന്നു പറയുന്നത് നിരർഥകമല്ലേ? എന്നു തുടങ്ങി മധ്യകാല തത്വചിന്തകന്മാർ ഈ വാക്യത്തെച്ചൊല്ലി ഒട്ടുവളരെ കോലാഹലങ്ങളുണ്ടാക്കിയിട്ടുണ്ട്. വിശുദ്ധ ഖുർആനിൻെറ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഈ പ്രശ്നത്തിൻെറ ഋജുവും ലളിതവുമായ വശം ബോധ്യമാകും. വിശുദ്ധ ഖുർആൻ പറഞ്ഞു: 'സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് നീ ഒന്നുമായിരുന്നില്ല' (16:4) അതായത് സൃഷ്ടിക്കപ്പെടുന്നതിനു മുമ്പ് വസ്തു നിലവിൽ വരികയെന്ന പ്രശ്നം തന്നെ ഉൽഭവിക്കുന്നില്ല. അതേസമയം വസ്തു നിലവിലില്ലെങ്കിലും എന്തൊന്നാണോ സൃഷ്ടിക്കാൻ പോകുന്നത് അതു സംബന്ധിച്ച പൂർണജ്ഞാനമുള്ളവനാണ് അല്ലാഹു. അവൻ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിൻെറ പ്രതിരൂപം അല്ലാഹുവിൻെറ അറിവിലുണ്ടായിരിക്കും.

മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ നിന്നു രണ്ടു സംഗതികൾ വ്യക്തമാകും. (1) സൃഷ്ടിക്കുന്നതിനു മുമ്പ് തന്നെ എല്ലാ വസ്തുക്കളും അല്ലാഹുവിൻെറ അറിവിലുണ്ട്. അവയുടെ യാഥാർഥ്യം അവനു അജ്ഞാതമല്ല എന്നാൽ ഈ അറിവു അല്ലാഹുവിന്നു മാത്രമുളളതാണ്. ഉണ്ടാവുകയെന്ന കൽപ്പന ബന്ധപ്പെട്ട വസ്തുവിനോടു തന്നെയാണ്. അപ്പോൾ പരോക്ഷമായ അവസ്ഥയിൽ നിന്നും പ്രത്യക്ഷമായ അവ

സ്ഥയിലേക്ക് അത് നീങ്ങുന്നു. 'ഉണ്ടാവുക'യെന്ന കല്പനയനുസരിച്ചു അതു പ്രത്യക്ഷപ്പെടുമ്പോൾ അതിനെ നാം സൃഷ്ടിയെന്നു വിശേഷിപ്പിക്കുന്നു. (2) പ്രപഞ്ചത്തിലുള്ളതെല്ലാം സൃഷ്ടികളാകുന്നു. അല്ലാഹു അവയുടെ സ്രഷ്ടാവും. 'അല്ലാഹു സർവ വസ്തുക്കളുടെയും സ്രഷ്ടാവാണ്' (വി. ഖു. 13:18).

മുമ്പ്- പിമ്പ് എന്നെല്ലാമുള്ള കാലവ്യത്യാസം നമുക്കുള്ളതാണ്. അല്ലാഹുവിന്നില്ല. അവൻ എല്ലാ ദിക്ക്–കാലബന്ധങ്ങളിൽ നിന്നും പരിശുദ്ധനാണ്.

സ്രഷ്ടാവും സൃഷ്ടിയും ഒന്നല്ല. സ്രഷ്ടാവിൽ നിന്നും തികച്ചും അന്യമാണ് സൃഷ്ടി. ചിത്രകാരനും ചിത്രവും പോലെയാണത്. ചിത്രകാരൻ ചിത്രമല്ല, ചിത്രം ചിത്രകാരനുമല്ല. രണ്ടും തികച്ചും ഭിന്നങ്ങളാണ്.

ഇതുപോലെയാണ് സ്രഷ്ടാവായ അല്ലാഹുവും അവൻെറ സൃഷ്ടികളും തമ്മിലുള്ള ബന്ധത്തിൻെറയും അവസ്ഥ. അല്ലാഹു സ്വയം നിലനിൽപ്പുള്ളവനാണ്. അവൻെറ നിലനിൽപ്പിനുവേണ്ടി അവൻ മററാരെയും ആശ്രയിക്കുന്നില്ല സൃഷ്ടികളുടെ സ്ഥിതിയാകട്ടെ തികച്ചും ഭിന്നമാണ്. അവയുടെ അസ്തിത്വം അല്ലാഹുവിൻെറ അറിവിലും സങ്കൽപ്പത്തിലും ഒതുങ്ങിനിൽക്കുന്നു. അവനെ ആശ്രയിച്ചുമാത്രമാണ് അവയുടെ നിലനിൽപ്പ്.

സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ തികച്ചും ഭിന്നമാണെന്ന് വിശുദ്ധ ഖുർആനിൻെറ പരാമർശങ്ങൾ സ്പഷ്ടമാക്കുന്നു. സൃഷ്ടികളെക്കുറിച്ച് പലയിടത്തും "ഗൈറുല്ലാഹി" (ദൈവേതരം) എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. "അല്ലാഹുവെ കൂടാതെ മററൊരു സ്രഷ്ടാവുണ്ടോ?" (22:13) "അല്ലാഹു ഒഴികെയുള്ള ഒന്നിനെ നിങ്ങൾ ഭയപ്പെടുന്നുവോ" (14:13) ഇവിടെയൊക്കെ "ഗൈറുല്ലാഹി" എന്ന പ്രയോഗമാണുള്ളത്. ഇത് തികച്ചും അർഥവത്താണ്.

വസ്തുക്കൾ പ്രത്യക്ഷത്തിൽ അല്ലാഹുവിൻെറ സൃഷ്ടികളും പരോക്ഷമായി അല്ലാഹുവിൻെറ അറിവിലുള്ള സങ്കല്പങ്ങളുമാണെന്നാണ് ഈ വിവരണം നമ്മെ മനസ്സിലാക്കിത്തരുന്നത്; അഥവാ അവ ദൈവേതരങ്ങളാണ്. ദൈവത്തിൽ നിന്നും ഭിന്നങ്ങളാണ്. ഇവിടെ അല്ലാഹുവിൻെറ പരിശുദ്ധി സ്പഷ്ടമായി ഭവിക്കുന്നു. അതോടെ 'സുബ്ഹാനല്ലാഹി' അഥവാ 'അല്ലാഹു പരിശുദ്ധൻ' എന്ന പ്രഖ്യാപനം അർഥവത്തായിത്തീരുന്നു.

മനുഷ്യാത്മാവ് സൃഷ്ടിയും അല്ലാഹുവിന്റെ അറിവിൽ ഒതുങ്ങി നിൽക്കുന്നതുമാണ്. മനുഷ്യനു രൂപഭാവങ്ങളുണ്ട്. സ്രഷ്ടാവായ അല്ലാഹുവാകട്ടെ ഇവയ്ക്കെല്ലാം അതീതനുമാണ്. സൃഷ്ടികൾക്ക് മരണമുണ്ട്, സ്രഷ്ടാവിന്നു മരണമില്ല. സൃഷ്ടിയുടെ ഗുണവിശേഷങ്ങൾ പരിമിതങ്ങളും അപൂർണങ്ങളുമാണെങ്കിൽ സ്രഷ്ടാവിന്റേത് അന്യൂനവും സമ്പൂർണവുമാണ്.

സ്രഷ്ടാവും സൃഷ്ടികളും തമ്മിൽ അന്തരമുണ്ടെന്നു ഊന്നിയുറപ്പിക്കുന്നതോടൊപ്പം അവ തമ്മിലുള്ള ആഭിമുഖ്യവും സാമീപ്യവും ഖുർആൻ എടുത്തുകാട്ടുന്നുണ്ട്.

## 1. സ്രഷ്ടാവിന്റെ സാന്നിധ്യം

'അവർ' എവിടെയായിരുന്നാലും ശരി, അവൻ അവരോടൊപ്പമുണ്ട് (40:16).

'അല്ലാഹുവിൽ നിന്നു ഒന്നും തന്നെ മറഞ്ഞുപോകുന്നില്ല (3:5) ഞാൻ നിങ്ങളുടെ കൂടെയുണ്ട്' (5:12)

ഈ വാക്യങ്ങൾ സൃഷ്ടികളുടെ മുമ്പിൽ സ്രഷ്ടാവിന്റെ നിരന്തര സാന്നിധ്യത്തെ സ്പഷ്ടമാക്കുന്നു.

## 2. സ്രഷ്ടാവിന് സൃഷ്ടികളോടുള്ള സാമീപ്യം

'നാം അവനുമായി നിങ്ങളേക്കാൾ അടുത്താണ്, പക്ഷെ നിങ്ങൾ (അതു) കാണുന്നില്ല' (56:85).

'അവന്റെ മനസ്സ് മന്ത്രിക്കുന്നത് (പോലും) നാം അറിയുന്നു. അവന്റെ കണ്ഠനാഡിയെക്കാൾ അവനുമായി നാം അടുത്താണുള്ളത്' (50:16).

''എന്നെക്കുറിച്ചു എന്റെ ദാസന്മാർ നിന്നോടു ചോദിച്ചാൽ (നീ പറയണം) നിശ്ചയം ഞാൻ സമീപസ്ഥനാണ്'' (2:186).

ഈ അടുപ്പം സങ്കൽപ്പമല്ല, യാഥാർഥ്യമാണ്.

## 3. അല്ലാഹു നമ്മെ വലയം ചെയ്തിരിക്കുന്നു

''അല്ലാഹു സർവവസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു'' (4:126) 'അറിയുക! നിശ്ചയമായും അവൻ സർവവസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു' (41:54).

ഉപര്യുക്ത വാക്യങ്ങൾ, അല്ലാഹുവിന്റെ അധീനവലയത്തിലാണ് നാം സ്ഥിതിചെയ്യുന്നതെന്നു വ്യക്തമാക്കുന്നു.

## 4. അല്ലാഹു–സർവാന്തര്യാമി

'നിങ്ങഠം എങ്ങോട്ടു തിരിഞ്ഞാലും അവിടെ അല്ലാഹുവിൻെറ മുഖമുണ്ട്' (2:115). അവൻ ദിക്ക്–കാലങ്ങഠംക്ക് അതീതനാണെന്നതോടൊപ്പം എല്ലായിടത്തും അവൻെറ സാന്നിധ്യം വിളങ്ങുന്നു എന്നുകൂടി ഈ വാക്യം സ്പഷ്ടമാക്കുന്നു

## 5. ആദിയും അന്തവും പ്രത്യക്ഷവും പരോക്ഷവും

'അവനത്രെ ആദിയും അന്തവും പ്രത്യക്ഷവും പരോക്ഷവും; എല്ലാ സംഗതികളെക്കുറിച്ചും അവൻ അറിവുള്ളവനുമാകുന്നു (57:3).

അല്ലാഹുവിന്നു മാത്രം പ്രത്യേകമായ അഞ്ച് ഗുണവിശേഷങ്ങളാണ് ഈ വാക്യങ്ങഠം എടുത്തുകാട്ടുന്നത്. അല്ലാഹുവല്ലാത്ത മററാർക്കും പ്രസ്തുത ഗുണവിശേഷങ്ങളുണ്ടാവുകയില്ല

ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്. ആദി, അന്ത്യം, പ്രത്യക്ഷം, പരോക്ഷം തുടങ്ങിയ വിശേഷണങ്ങഠം എന്തിനെ അപേക്ഷിച്ചാണ്? സർവാന്തര്യാമിയെന്നും സമീപസ്ഥനെന്നും പറയുമ്പോഠം ഏതെങ്കിലുമൊന്നിനെ അപേക്ഷിച്ചേ അതാകാവൂ. സൃഷ്ടിജാലങ്ങളുമായി താരതമ്യപ്പെടുത്തുമ്പോഴേ ഈ ദൃശപ്രയോഗങ്ങഠം അർഥവത്താകുന്നുള്ളു. സൃഷ്ടികളെ സംബന്ധിച്ചു മേൽപ്പറഞ്ഞ വിശേഷണങ്ങഠം അസാധ്യവുമാണ്.

അല്ലാഹുവിൻെറ അസ്തിത്വം സർവ്വവിധ സാമ്യതകഠംക്കും അതീതമാണ്. 'അവനെപ്പോലെ മറെറാരു വസ്തുവുമില്ല' (112:4) എന്ന ഖുർആൻെറ പ്രസ്താവന സൃഷ്ടിസഹജമായ സർവവിധ ന്യൂനതകളിൽ നിന്നും ഉന്നതമായി നിൽക്കുന്ന അല്ലാഹുവിൻെറ പരിശുദ്ധിയെ പ്രത്യേകം എടുത്തുകാട്ടുന്നു ദൈവികസത്ത മറേറതെങ്കിലും വസ്തുവിനെ അപേക്ഷിച്ചോ ആശ്രയിച്ചോ അല്ല നിലനിൽക്കുന്നത്. അതുകൊണ്ടാണ് അവനെപ്പററി 'വുജൂദ് മുത്വലഖ്'' (കേവലസത്ത) എന്നു വിശേഷിപ്പിക്കപ്പെടുന്നത്.

അല്ലാഹുവിൻെറ ഗുണങ്ങളും, അല്ലാഹുവും അവൻെറ സൃഷ്ടിജാലങ്ങളും തമ്മിലുള്ള ബന്ധവും ശക്തിമത്തായി പ്രതിപാദിക്കുന്ന 'ആയത്തുൽ കുർസിയ്യ്'' എന്ന ഖുർആൻ സൂക്തത്തിൻെറ വ്യാഖ്യാനം ഈ വിഷയത്തിലേക്ക് കൂടുതൽ പ്രകാശം പകരുന്നതാണ്. അല്ലാഹുവിൻെറ ഏകത്വം അർഥശങ്കക്കിടമില്ലാത്ത വിധം വിശുദ്ധ ഖുർആനിൻെറ 112-ാം അധ്യായമായ സൂറത്തുൽ ഇഖ്‌ലാസിലെ നാലു വാക്യങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അവൻെറ അതുല്യമായ ഗുണങ്ങളിൽ മുഖ്യമായ ചിലത് എടുത്തുകാട്ടുകയും അവൻെറ പരമാധികാരത്തേയും പരമമായ ഔന്നത്യത്തേയും വിശദീകരിക്കുകയും ചെയ്യുന്ന ഒരു സൂക്തമാണ് 'ആയ

ത്തുൽ കുർസിയ്യ്'' (2:255) 'കുർസിയ്യ്'' എന്ന പദത്തിനു സിംഹാസനം എന്നാണ് വാക്യാർഥം. ഈ സൂക്തത്തിന്റെ സാരം: ''അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ലതന്നെ. നിത്യമായി ജീവിക്കുന്നവൻ! സ്വയം നില നിൽക്കുന്നവൻ! മയക്കമോ ഉറക്കമോ അവനെ ബാധിക്കുന്നില്ല. ആകാശ ങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാണ്. അവന്റെ അനുമതി കൂടാതെ അവങ്കൽ ശുപാർശ ചെയ്യുവാൻ ആരുണ്ട്? അവർക്ക് മുമ്പിലു ള്ളതും അവരുടെ പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറി വിൽപ്പെട്ട ഒരു കാര്യവും അവൻ ഉദ്ദേശിച്ചതല്ലാതെ അവർ അറിയുകയു മില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നിൽക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും അതിശ്രേഷ്ഠനുമത്രെ''! അല്ലാഹുവല്ലാതെ ഒരാരാ ധ്യനുമില്ല; എല്ലാ വംശബന്ധങ്ങൾക്കുമതീതനായി ഒന്നിനോടും ബന്ധ മില്ലാതെ, ഒന്നിനേയും ആശ്രയിക്കാതെ, എന്നാൽ സൃഷ്ടിജാലങ്ങളഖില ത്തിനും സർവാശ്രയമായി, അതുല്യനായി, ഏകനായി നിൽക്കുന്നു അല്ലാ ഹു. 'ഹയ്യ്'', 'ഖയ്യൂം' എന്നീ സംജ്ഞകളെ 'നിത്യമായി ജീവിക്കുന്നവൻ' എന്നും 'സ്വയം നിലനിൽക്കുന്നവൻ' എന്നും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ആപേക്ഷികമല്ലാത്ത ജീവിതത്തെയാണ് ആദ്യത്തെ പദം വ്യക്തമാക്കുന്ന ത്. അതിന്റെ അനുപൂരകമായി സ്വയമേ നിലനിൽക്കുന്നവൻ എന്ന രണ്ടാ മത്തെ പദവും. നമ്മുടെ ചിരപരിചയത്തിൽപ്പെട്ട ജീവിതം-നിലനിൽപ്പ്– എന്ന ആശയം നിരപേക്ഷമായ ജീവിതത്തെയോ, നിരപേക്ഷമായ നില നില്പിനെയോ, കുറിക്കുന്നവയല്ല. പ്രത്യുത, മററു പല കാര്യങ്ങളെയും അവ രണ്ടും ആശ്രയിക്കുകയും, ആ മററു കാര്യങ്ങളെ ഒഴിച്ചുനിർത്തി ജീവി തത്തെയോ, നിലനിൽപ്പിനെയോ കാണാൻ കഴിയാത്തവണ്ണം അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുകയും ചെയ്യുന്നു. മരണത്തോടു ബന്ധപ്പെടുത്തി യല്ലാതെ ജീവിതത്തെ നമുക്ക് വിലയിരുത്താൻ കഴിയുകയില്ലല്ലോ. അതുപോലെ തന്നെ നമ്മുടെയെന്നല്ല മററൊന്നിന്റെയും നിലനിൽപ്പിനെ ആധാരമാക്കിക്കൊണ്ടു മാത്രമേ നിലനിൽപ്പ് എന്ന കാര്യത്തെ നമുക്ക് കാണാൻ കഴിയുകയുള്ളു. നിത്യജീവിതം എന്നതിന്റെ അർഥം മരണമെന്ന ആശയത്തോടു ബന്ധപ്പെടാത്ത ജീവിതം എന്നത്രെ. അങ്ങിനെ നമ്മുടെ അറിവിൽപ്പെട്ട ജീവിതം എന്ന ആശയത്തോടു ബന്ധപ്പെട്ടു നിൽക്കുന്ന അതിന്റെ കുറവുകളെ ഒഴിച്ചുനിർത്തിക്കൊണ്ടു അല്ലാഹുവിന്റെ 'ജീവിത' ത്തെക്കുറിച്ചു കൂടുതൽ അറിവ് ഈ വാക്യം നമുക്ക് തരുന്നു.

ജീവിതം ചലനാത്മകമാണെങ്കിൽ മരണം നിശ്ചലമാണ്. ആ നിശ്ചലതയോടു അടുത്ത പടികളായി നിൽക്കുന്ന വിശ്രമവും മയക്ക വും ഉറക്കവും നമ്മുടെ ജീവിതത്തിൽ തന്നെ നമുക്ക് കാണാം. ഇവയൊക്കെ ഒരു തരം നിശ്ചലതയും ഈ ജീവിതത്തിൽ തെളിഞ്ഞു കിടക്കുന്ന മര ണത്തിന്റെ നിഴൽപ്പാടുകളുമാണ്. എന്നാൽ അല്ലാഹുവിന്റെ ജീവിത

ത്തിൽ യാതൊരു തരത്തിലുള്ള നിശ്ചലത്വവും ഏശുന്നില്ല. ഉറക്കമോ മയക്കമോ അവനെ ബാധിക്കുന്നില്ല എന്ന സൂക്തം ഈ വസ്തുത വെളിപ്പെടുത്തുകയാണ്. സദാ ഉണർന്ന ജീവിതം, കർമോന്മുഖമായ ജാഗ്രതാവസ്ഥ, നിത്യമായ പ്രവൃത്തി, ഇത് അല്ലാഹുവിൻെറ 'ജീവിത'ത്തിൻെറ സമ്പൂർണതയെ കുറിക്കുന്നു. ''എല്ലാ നിമിഷവും കർമോന്മുഖമായ സ്ഥിതിയിലാണവൻ'' (55:29) എന്നു ഖുർആൻ അല്ലാഹുവിനെ വിശേഷിപ്പിക്കുന്നു. നിഷ്ക്രിയത്വം അല്പം പോലും ഏശാത്ത കർമബദ്ധതയാണ് ഉറക്കമോ മയക്കമോ അവനെ ബാധിക്കുന്നില്ലയെന്ന സൂക്തം കൊണ്ടു വ്യക്തമാക്കപ്പെടുന്നത്. 'അല്ലാഹു നിഷ്ക്രിയനായിരുന്ന ഒരു കാലം ഉണ്ടായിരുന്നില്ല' എന്നു മഹാനായ ഇമാം ഫക്രുദ്ദീൻ റാസി (റ) പ്രസ്താവിച്ചതും ഇതേ അർഥത്തിലാണ്. സൃഷ്ടികളായി ഒന്നും തന്നെ ഇല്ലാതിരിക്കുകയും സ്രഷ്ടാവ് മാത്രം ഉണ്ടായിരിക്കുകയും ചെയ്ത ഒരു കാലത്തെപ്പററി ചോദിക്കപ്പെട്ടപ്പോൾ പ്രസിദ്ധ സൂഫിവര്യനായ ബായസീദ് ബുസ്താമി പറഞ്ഞത്, ''അല്ലാഹുവെ സംബന്ധിച്ചിടത്തോളം അന്നെങ്ങനെയായിരുന്നുവോ, അതുപോലെ തന്നെ ഇപ്പോഴും, എപ്പോഴും'' എന്നായിരുന്നു

അനുസ്യൂതമായ നിലനിൽപ്പായി (continuous existence) കാണപ്പെടുന്ന പ്രപഞ്ചസ്വഭാവത്തിൻെറ പിറകിലുള്ള സ്രഷ്ടാവിന്നു അനുസ്യൂതമായ പ്രവൃത്തി, ജാഗ്രത എന്നീ ഗുണങ്ങൾ ഉണ്ടെന്നു ഖുർആൻ തുടർന്നു അറിയിക്കുകയാണ്. ''അവൻെറതാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം'' (2:116). ഗൗരവതരമായ യാഥാർഥ്യങ്ങളിലേക്ക് വിരൽചൂണ്ടിക്കൊണ്ടു 'കാല'ത്തിനെക്കുറിച്ചും കാലവും സൃഷ്ടിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും തുടർന്നു പ്രതിപാദിക്കുന്നു. ജഡികമായ ലോകം പ്രത്യക്ഷപ്പെടുത്തുന്ന കാലം, അകലം, പദാർഥം, ചലനം ഇവയെല്ലാം തന്നെ ഇടതടവില്ലാതെ നിലനിൽക്കുന്നു. ചലനാത്മകമായ ഈ ചുററുപാടുകളെ സംബന്ധിച്ച് നമ്മുടെ ബോധമനസ്സ് ഇടതടവില്ലാത്ത നിലനിൽപ്പായിട്ടാണ് നമുക്ക് അനുഭവപരമായ അറിവ് നൽകുന്നത്. നമ്മെക്കുറിച്ചു തന്നെ നാമറിയുന്നത് ഇടതടവില്ലാത്ത ഒന്നാണ് ജീവിതം എന്നു തന്നെയാണ്. പക്ഷെ, നമ്മുടെ ബോധമനസ്സിൽ പ്രത്യക്ഷപ്പെടുകയും മറയുകയും ചെയ്യുന്ന വികാരവിചാരങ്ങളോരോന്നും അഭേദ്യമായി ഒന്നോടൊന്നു തൊട്ടു നിൽക്കുന്നുണ്ട്. ബോധമനസ്സിൽ വരുന്ന എല്ലാ കാര്യങ്ങളും ഒത്തുചേർന്ന അനുഭവമണ്ഡലത്തിൽ ഇടതടവില്ലാത്ത ഒരു ചങ്ങലയായി മാത്രമേ നമുക്ക് ജീവിതത്തെ കാണാൻ കഴിയൂ ഈ ഓരോ അനുഭവത്തിലും 'ഞാൻ' എന്ന സ്വകാര്യവ്യക്തി എന്ന യാഥാർഥ്യം അവിഭക്തമായി നിലനിൽക്കുന്നു. ചുരുക്കത്തിൽ നമ്മെക്കുറിച്ചുള്ള നമ്മുടെ അനുഭവത്തിലും, നമ്മുടെ ചുററുപാടുകളെക്കുറിച്ചുള്ള നമ്മുടെ അറിവിലും അവിഛിന്നവും, അനുസ്യൂതവും, ഇടതടവില്ലാത്തതുമായ തുടർച്ച (Continuity) കാണപ്പെടുന്നു. ആധുനിക

ശാസ്ത്രത്തിൽ കാൻടോയുടെ ഗണിതാനുസ്യൂതനത്വം (Cantos Theory of Mathematical Continuity) തെളിയിക്കുന്നതും അവിച്ഛിന്നമായ തുടർച്ചയാണ്. ഒരു വരയിൽ രണ്ടു ബിന്ദുക്കൾ ഒരിക്കലും ഒന്നിനു പുറകെ മറ്റൊന്നായിരിക്കയില്ല; ഏതെങ്കിലും രണ്ടു ബിന്ദുക്കൾക്കിടയിൽ എണ്ണമററ ബിന്ദുക്കളുണ്ടായിരിക്കും. അങ്ങിനെ അനുസ്യൂതമായ തുടർച്ച ഈ പ്രപഞ്ചത്തിലെവിടെയും കാണപ്പെടുന്നു എന്നതിന്റെ പിന്നിൽ അതിന്റെ സ്രഷ്ടാവായ അല്ലാഹുവിന്നു അനുസ്യൂതമായ നിലനിൽപ്പും ജീവിതവും ഉണ്ടെന്ന മഹാസത്യം ഈ വാക്യത്തിന്റെ ആദ്യ ഭാഗത്തിൽ പ്രസ്താവിച്ചുകൊണ്ടു, കാലവും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം വ്യക്തമാക്കുന്നു. 'അവർക്ക് മുമ്പിലുള്ളതും പിമ്പിലുള്ളതും അവൻ അറിയുന്നു. മുമ്പ്, പിമ്പ് എന്ന സമയഗണന കൂടാതെ മനുഷ്യനു ഒന്നും തന്നെ അറിയാൻ കഴിയുന്നില്ല. രണ്ടു സംഭവങ്ങൾക്കിടയിലുള്ള ദൂരമാണ് കാലമെന്നു ഐൻസ്ററീൻ പഠിപ്പിക്കുന്നു. ഈ നിർവചനം മനുഷ്യബുദ്ധിയുടെ ഊന്നുകോലാണ്; പക്ഷെ ത്രികാലങ്ങൾക്കതീതനായ അല്ലാഹുവിനു ഈ നിർവചനം ബാധകമാകുന്നില്ല അടിസ്ഥാനപരമായ ഒരു പ്രപഞ്ചഭാവമാണ് 'കാലം'. മുമ്പ്, പിമ്പ് എന്ന ബന്ധത്തിൽ നിന്നു വിമുക്തനായി കാലത്തെ കാണാനും മനുഷ്യബുദ്ധിക്ക് കഴിയുന്നില്ല. എന്നാൽ അല്ലാഹുവിങ്കൽ കാലത്തിനു മുമ്പ്-പിമ്പ് എന്ന ബന്ധം ഇല്ലായെന്ന മഹാസത്യമാണ് ഖുർആൻ ഇവിടെ അറിയിക്കുന്നത്. ആധുനിക ചിന്തയിൽ ഐൻസ്ററീൻ കാര്യകാരണബന്ധത്തിൽ നിന്നും വിമുക്തമാക്കി കാലത്തെ കാണാൻ ശ്രമിച്ചു. എന്നാൽ ഗണിതശാസ്ത്രപരമായ ഒരു ഫോർമുല (സൂത്രം) മാത്രമായി തുടിക്കുന്ന ജീവിതത്തോടു ബന്ധമില്ലാത്ത ഒരക്കം മാത്രമാണ് ഐൻസ്റൈറന്റെ കാലം എന്നു അല്ലാമാഇഖ്ബാൽ സമർഥിച്ചിട്ടുണ്ട്. മുൻ-പിൻ ബന്ധമില്ലാത്തവിധത്തിൽ അല്ലാഹുവിങ്കൽ എത്തുന്ന ഈ കാലത്തെക്കുറിച്ചു നമുക്ക് എങ്ങിനെയാണ് അറിയുവാൻ കഴിയുക?!.

ഖുർആൻ പറയുന്നു: "അവന്റെ അറിവിൽപ്പെട്ടത് അല്പംപോലും അവൻ നിശ്ചയിച്ച അളവിലല്ലാതെ അവർക്ക് ഗ്രഹിക്കുവാൻ കഴിയുകയില്ല" (2:285) അപ്പോൾ കാലത്തെക്കുറിച്ചു അറിയുന്നതു തുലോം ശ്രമകരമെന്നു തീർച്ച. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ കാലം വളരെ പ്രധാനപ്പെട്ട ഒരു വസ്തുതയാണെന്നു ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ആ കാലത്തെ നാം അറിയുന്നത് ഇന്നലെ, ഇന്നു, നാളെ എന്ന സ്വഭാവത്തോടെ അചിന്ത്യമായ ഒരു ആദ്യത്തിൽ നിന്നു തുടങ്ങി അദൃശ്യമായ ഒരു ഭാവിയിലേക്ക് നിലയ്ക്കാതെ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമായിട്ടാണ്. ഇതിൽ നിന്നും മുൻ-പിൻ ബന്ധത്തെ നമുക്ക് മാററി നിർത്താൻ കഴിയുന്നില്ല. എന്നാൽ മുൻ പിൻ ബന്ധം അല്ലാഹുവിങ്കലില്ലെന്നു ഖുർആൻ വെട്ടിത്തുറന്നു പറയുകയാണ്.

അല്ലാഹുവെപ്പററിയുള്ള ഈ മഹാസത്യം മനസ്സിൽവെച്ചുകൊണ്ടു സൃഷ്ടിയെക്കുറിച്ചുള്ള ആയത്തു പരിശോധിക്കാം: 'ഒരു കാര്യം അവൻ ഉദ്ദേശിക്കുമ്പോൾ, അവൻെറ കൽപ്പന ഒന്നു മാത്രമാണ്; അതായത് അതിനോടു അവൻ പറയുന്നു. 'ഉണ്ടാകൂ'—അപ്പോൾ അതുണ്ടാകുന്നു' (വി.ഖു. 36:82). ഒരു വസ്തുവിൻെറ സൃഷ്ടി തന്നെ ഉദ്ദേശിക്കപ്പെടുമ്പോൾ ആ വസ്തു ഇല്ലായെന്നു വ്യക്തമല്ലെ? ആ വസ്തു ഇല്ലാതിരിക്കെ അതിനോടു ഉണ്ടാകൂ എന്നു പറയുന്നതെങ്ങിനെ? എന്നെല്ലാം നാം ചിന്തിച്ചുപോകും. എന്നാൽ അല്ലാഹുവിന്നു മുൻ-പിൻ എന്ന വ്യത്യാസമൊന്നും കൂടാതെ അവൻെറ അറിവ് അതിനെല്ലാം അതീതമായി അത്യുന്നതമായി നിൽക്കുകയാണ്. അവൻെറ സ്വാതന്ത്ര്യം പരിപൂർണമാണ്. അവൻ എല്ലാററിനും കഴിവുള്ളവനാണ്. അവൻ ഇച്ഛിക്കുന്നതെന്തോ അതു നടത്തുന്നു. ഒരു വസ്തു ഉണ്ടാകേണമെന്ന അല്ലാഹുവിൻെറ ഉദ്ദേശ്യവും, ഉണ്ടാകൂ എന്ന ആ വസ്തുവോടുള്ള അവൻെറ കൽപ്പനയും, അതുണ്ടാകുന്നുവെന്നതും നാം അറിയുന്ന വിധത്തിലുള്ള മുൻ-പിൻ ബന്ധത്തോടുകൂടിയ കാലത്തിൽ നിന്നുകൊണ്ടല്ല. അതിൽ നിന്നും തികച്ചും വ്യത്യസ്തമായ അല്ലാഹുവിൻെറ കാലത്തെ 'ദഹ്ർ' എന്നു വി ഖുർആനിലും ഹദീസ് ശരീഫിലും വിളിച്ചിട്ടുണ്ട്. മനുഷ്യകാലത്തെ 'ഹീനും മിനദ്ദഹ്ർ' കാലത്തിൽ (ദഹ്റിൽ) നിന്നുള്ള ഒരു വേള എന്നാണ് ഖുർആൻ പറഞ്ഞിട്ടുള്ളത്. ഈ കാലം, ദഹ്ർ എന്ന ആദ്യാവസാനമില്ലാത്ത ദൈവകാലത്തിൽ നിന്നു തുടങ്ങി ദൈവകാലത്തിൽ അവസാനിക്കുന്നു. അല്ലാഹുവിങ്കലുള്ള കാലം നമ്മുടെ ഗണനയിൽപ്പെട്ട മുൻ-പിൻ ബന്ധത്തോടു കൂടിയ കാലത്തിലേക്ക് ചുരുളഴിഞ്ഞുവരുമ്പോൾ, നമ്മുടെ അറിവിൻെറ സഹജസ്വഭാവമനുസരിച്ച് നീണ്ട യുഗങ്ങളായി നാം കാണുന്നുവെങ്കിലും, അതിൻെറ മുഴുവൻ വ്യാപ്തിയും ആ നീണ്ട വർഷങ്ങളെ ഒരു ദിവസം അല്ലെങ്കിൽ ഒരു നിമിഷം എന്ന വിധത്തിൽ ഒതുക്കി നിർത്തുവാൻ അല്ലാഹുവിൻെറ കാലത്തിനു കഴിയുന്നു.

"തീർച്ചയായും നിൻെറ നാഥങ്കൽ ഒരു ദിവസം നിങ്ങൾ എണ്ണുന്ന ആയിരം വർഷങ്ങളെ പോലെയാണ്" (22:47). [അവസാന] നാഴികയുടെ കാര്യം ഒരു കണ്ണ് ഇമയ്ക്കുന്നതു പോലെ മാത്രമാണ്; അല്ലെങ്കിൽ ഏറെ അടുത്താണ് (16:77).

സൗരയൂഥത്തിൽ കാണപ്പെടുന്ന കറുത്ത ദ്വാരങ്ങൾ, പ്രകാശതരംഗങ്ങളുടെ ഘടന മുതലായവയെക്കുറിച്ചുള്ള ശാസ്ത്രീയപഠനങ്ങൾ, പ്രപഞ്ചത്തിൻെറ അപാരമായ വിശാലതയെയും ആയുസ്സിൻെറ ദൈർഘ്യത്തെയും സൂചിപ്പിക്കുന്നു. യുഗയുഗാന്തരങ്ങളിലൂടെ പരന്നു കിടക്കുന്ന നമ്മുടെ കാലം അതുൾക്കൊള്ളുന്ന എല്ലാ സൂക്ഷ്മവിവരങ്ങളും ഉൾപ്പെടെ 'ദഹ്ർ' എന്ന കാലത്തിനു ഉൾക്കൊള്ളാൻ കഴിയും. ഇങ്ങനെ പദാർഥത്തിനും അകലത്തിനും ശബ്ദത്തിനും സാന്ദ്രീകൃതരൂപത്തിൽ അവയുടെ വ്യാപ

നസ്വഭാവം ഒതുക്കി ഒരണുവിൽ, ഒരു ബിന്ദുവിൽ, ഒരൊററ നാദത്തിൽ ഉൾക്കൊള്ളാൻ കഴിയുന്നു. അതേപ്രകാരം നമ്മുടെ മുമ്പിൽ പരന്നുകിടക്കുന്ന യുഗാന്തരങ്ങളിലൂടെയുള്ള കാലം അതിന്റെ സാന്ദ്രീകൃതരൂപത്തിൽ ഉൾക്കൊള്ളുവാൻ ഒരൊററ നിമിഷത്തിനു സാധിക്കും.

തുടർന്നു അകലത്തെക്കുറിച്ചും ജഡികപദാർഥങ്ങളുമായി അല്ലാഹുവിനുള്ള ബന്ധത്തെക്കുറിച്ചും ഈ സൂക്തം വ്യക്തമാക്കുന്നു. ഈ പ്രപഞ്ചവിശാലത വിരിച്ചിട്ടുള്ളത് അല്ലാഹു തന്നെയാണ്. ''അവൻ വിശാലനാണ്'' (2:247) എന്നു ഖുർആൻ പറയുന്നു. ഈ വിശാലത ഒരു ബിന്ദുവിലേക്ക് ഒതുങ്ങി വരാൻ സാധ്യമാണെന്നു ശാസ്ത്രം അഭിപ്രായപ്പെടുന്നു. ഈ ഭൂമി മുഴുവനും അവന്റെ കൈക്കുമ്പിളിൽ ഒതുങ്ങുന്നു. ഖുർആൻ പറയുന്നു: ''അന്ത്യനാളിൽ ആകാശങ്ങൾ അവന്റെ വലതുകരത്തിൽ ചുരുട്ടിവെക്കപ്പെട്ടതായിരിക്കും'' (39:67) അങ്ങനെ അതിന്റെ സാന്ദ്രീകൃതഭാവത്തിൽ എത്തുന്നതിനെയാണ് ഈ വാക്യങ്ങൾ കുറിക്കുന്നത്. 'ആയത്തുൽ-കുർസിയ്യി'ൽ 'അവന്റെ സിംഹാസനം ആകാശഭൂമികളെ മുഴുവൻ ചൂഴ്ന്നു നിൽക്കുന്നു'വെന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലാഹുവിന്റെ ആധിപത്യം ഈ മഹാപ്രപഞ്ചത്തിന്റെ ഓരോ അണുവിലും എത്തിനിൽക്കുന്നുണ്ട്. അല്ലാഹു എത്തിനിൽക്കുന്നുവെന്ന് പറയാതെ അവന്റെ 'കുർസിയ്യ്' എത്തിനിൽക്കുന്നുവെന്നു പ്രസ്താവിക്കുന്നത് പ്രത്യേകം അർഥവത്താണ്. പ്രത്യക്ഷലോകം അല്ലാഹുവിന്റെ ആധിപത്യം അംഗീകരിച്ചും അതിനു വഴങ്ങിയും നിലകൊള്ളുന്നു. അതിന്റെ അന്തസ്സത്ത അവനെ സ്തുതികീർത്തനം ചെയ്യുന്നു. 'ഏതൊരു ജീവിയുടേയും കുഞ്ചിരോമത്തിനു അവന്റെ പിടുത്തമുണ്ട്'; 'നിങ്ങളെങ്ങോട്ട് തിരിഞ്ഞാലും അവന്റെ മുഖം അവിടെയുണ്ട്'; നിങ്ങളിൽ ഒന്നോ അതിലധികമോ പേർ ഉള്ളപ്പോൾ അവനും ആ സംഘത്തിലുണ്ട്. 'ഒരിലപോലും അവനറിയാതെ വീഴുന്നില്ല'; നിങ്ങളുടെ ജീവധമനിയേക്കാൾ അവൻ നിങ്ങളോടടുത്താണ്-എന്നിങ്ങനെ പ്രപഞ്ചവുമായുള്ള അല്ലാഹുവിന്റെ ബന്ധത്തിന്റെ സ്വഭാവം പല രൂപത്തിൽ ഖുർആൻ പഠിപ്പിച്ചുതരുന്നു. അപരിമേയമായി, അതിർത്തിയില്ലാതെ നീണ്ടുപരന്നുകിടക്കുന്ന ഈ പ്രപഞ്ചവിശാലത ഒരണുവിന്റെ പരിമാണത്തിൽ ചുരുങ്ങിപ്പോകുമാറുള്ള മറെറാരു ആശയമാണ് കുർസിയ്യ്(സിംഹാസനം, കസേര എന്നൊക്കെയാണ് ഇതിന്റെ ഭാഷാർഥം. ദൈവികസിംഹാസനം എന്നത് ഒരു പ്രത്യേക ശൈലിയാണ്. അല്ലാഹുവിന്റെ അധീശാധിപത്യത്തേയും അധികാരത്തേയും സൂചിപ്പിക്കുന്ന ഒരു പദമാണിത്). സ്ഥാനം, ദിക്ക് എന്നിവയോട് ബന്ധപ്പെട്ടുകൊണ്ടാണ് ഭൗമദിക്കും ഭൗമസ്ഥാനവും നിലകൊള്ളുന്നത്. എന്നാൽ കുർസിയ്യ് ഇതിനെല്ലാം എത്രയോ ഉപരിയാണ് എന്ന സത്യം ഓർക്കേണ്ടതാണ്. കാലത്തിന്റെ ഭാവങ്ങളെ മുകളിൽ ഉദാഹരിച്ചത് ഇവിടെയും പ്രസക്തം തന്നെ.

ആകാശഭൂമികളുടെ നടത്തിപ്പ് എത്രമാത്രം ഊർജം ആവശ്യമാക്കുന്നുവെന്നു മനുഷ്യബുദ്ധിക്ക് കണക്കുകൂട്ടി തിട്ടപ്പെടുത്താൻ സാധ്യമല്ല. ഈ ഭൂമിയുടെ ഭാരം മാത്രം നാം കണക്കുകൂട്ടി നോക്കിയാൽ ഒരു നിമിഷത്തിൽ അതിനെ ചലിപ്പിക്കുന്നതിനു എത്ര ഊർജം ആവശ്യമാണെന്നു ഊഹിക്കാൻ പോലും അസാധ്യം. അപ്പോൾ സൗരയൂഥത്തിനു മൊത്തത്തിൽ ആവശ്യമായ ഊർജമോ, സൗരയൂഥമുൾപ്പെടെ അനേകമനേകം യൂഥങ്ങളുൾക്കൊള്ളുന്ന മഹാപ്രപഞ്ചങ്ങൾക്ക് മൊത്തത്തിൽ ആവശ്യമായ ഊർജമോ കണക്കാക്കുക മനുഷ്യനു അചിന്ത്യമത്രെ. എന്നാൽ അല്ലാഹുവിനു അവയുടെ സംരക്ഷണം ഒരു ഭാരമേയല്ല. ഊർജശക്തി അല്ലാഹുവിങ്കൽ അവൻെറ കൽപ്പനയെ കാത്തുനിൽക്കുകയല്ലാതെ അവനു ഒരു ഭാരവും നൽകുന്നില്ല തന്നെ. മനുഷ്യദൃഷ്ടിയിൽ ഊർജപ്രസരത്തിനു പ്രവർത്തനവും പ്രതിപ്രവർത്തനവുമുണ്ട്. എന്നാൽ ഊർജശക്തിയുടെ ജനയിതാവായ അല്ലാഹുവിങ്കൽ പ്രതിപ്രവർത്തനത്തിനു പ്രസക്തിയില്ല അതായതു ഊർജവും നാമുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെയോ, അല്ലെങ്കിൽ ഊർജവും പദാരഥവുമായി ബന്ധപ്പെട്ടിരിക്കുന്നതുപോലെയോ ഉള്ള ഒരു ബന്ധമല്ല അല്ലാഹുവും ഈ പ്രപഞ്ച ചലനത്തിലെ ഊർജവും തമ്മിലുള്ള ബന്ധമെന്നു സാരം.

മേൽപ്പറഞ്ഞ സത്യങ്ങളിൽ വിശ്വസിച്ചു കൊണ്ടുവേണം ഈ സൂക്തത്തിലെ 'അവൻെറ അനുമതി കൂടാതെ അവങ്കൽ ശുപാർശ ചെയ്യുന്നത് ആരാണ്''? എന്ന ഭാഗം പഠിക്കുവാൻ. അത്യുന്നതനും, പരമാധികാരിയും, സർവജ്ഞനും എന്നാൽ മനുഷ്യനോടു ഏററവും അടുത്തുതന്നെയുള്ളവനുമായ അല്ലാഹുവെ സമീപിക്കുവാൻ ഒരു മധ്യവർത്തിയോ ശുപാർശകനോ ആവശ്യമില്ല അവൻെറ അനുമതിക്ക് വിധേയമായിട്ടല്ലാതെ അവനോടു ആരും ശുപാർശ ചെയ്യുന്ന പ്രശ്നമേയില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു.

ചുരുക്കത്തിൽ, അല്ലാഹു ഏകനാണ്, അതുല്യനാണ്, അത്യുന്നതനാണ്, ആശയത്തിലും അർഥത്തിലും മഹാനുമാണ്, അവൻെറ ആധിപത്യവും അറിവും ശക്തിയും അഖിലസൃഷ്ടികളെയും ചൂഴ്ന്നു നിൽക്കുന്നു. അവൻെറ നിലനിൽപ്പും ശക്തിയും പ്രതാപവുമെല്ലാം നാമറിയുന്ന വിധത്തിലുള്ള ദിക്ക്—കാലപരിമിതികൾക്കെല്ലാമതീതമാണ്. അതുകൊണ്ട് തന്നെ അവൻ നമ്മോടു വളരെ അടുത്തു നിൽക്കുകയും ചെയ്യുന്നു അവൻെറ ആധിപത്യത്തിൽ വിശ്വസിച്ച്, അവൻെറ കൽപ്പനകളനുസരിച്ച്, സ്വന്തം വ്യക്തിത്വത്തെ വളർത്തിയെടുക്കുകയാണ് നമ്മുടെ ഓരോരുത്തരുടേയും കടമ.

# 6

# അല്ലാഹു-ഖുർആൻെറയും പ്രവാചകാധ്യാപനങ്ങളുടെയും വെളിച്ചത്തിൽ

അല്ലാഹുവിൻെറ സത്ത (ദാത്ത്)യെ ഗ്രഹിക്കുകയെന്നത് മനുഷ്യകഴിവിനതീതമാണ്. പ്രാപഞ്ചികവും പദാർഥപരവുമായ സംഗതികൾ മാത്രമേ മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയുകയുള്ളു. ദൈവമാമാകട്ടെ അവയ ക്കെല്ലാം അതീതനുമാണ്. സ്രഷ്ടാവായ ദൈവത്തെ മനുഷ്യനു നേരിൽ കാണുവാനോ ഭാവനയിൽ രൂപപ്പെടുത്താനോ സാധ്യമല്ല. ദൈവികദൃഷ്ടാന്തങ്ങൾ വഴി ദൈവാസ്തിക്യം ദർശിക്കുക എന്നതാണ് ഏററവും കരണീയമായ മാർഗം. വിശുദ്ധ ഖുർആനും നബി (സ) തിരുമേനിയും ചൂണ്ടിക്കാണിച്ചുതരുന്നതും ഇതേ മാർഗംതന്നെയാണ് പ്രാപഞ്ചികപ്രതിഭാസങ്ങൾക്കു പിന്നിലെ സൃഷ്ടിവൈഭവത്തെക്കുറിച്ചു ചിന്തിക്കുവാനാണ് ഖുർആൻ അടിക്കടി ആവശ്യപ്പെടുന്നത്. നബി (സ) തിരുമേനി അരുളിച്ചെയ്തു. "അല്ലാഹുവിൻെറ അനുഗ്രഹങ്ങളെക്കുറിച്ചു നിങ്ങൾ ചിന്തിക്കുക; എന്നാൽ അല്ലാഹുവിൻെറ സത്തയെക്കുറിച്ചു നിങ്ങൾ ചിന്തിക്കരുത്'" (ത്വബ്റാനീ). മറെറാരവസരത്തിൽ അവിടുന്നു അരുളിച്ചെയ്തു: 'ജനങ്ങൾ (ചോദ്യങ്ങൾ) ചോദിച്ചുകൊണ്ടിരിക്കും; അവസാനം അവർ പറയും: സൃഷ്ടികളെയെല്ലാം സൃഷ്ടിച്ചത് അല്ലാഹുവാണ്; അപ്പോൾ അല്ലാഹുവിനെ സൃഷ്ടിച്ചതാര്? അത്തരം അനുഭവങ്ങൾ ഉണ്ടായാൽ 'ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു' എന്നു അവൻ പറഞ്ഞുകൊള്ളട്ടെ" (മുസ്ലിം).

ഇവിടെ മനുഷ്യൻെറ ചിന്താശീലത്തെ തടയുകയല്ല ഇസ്ലാമിൻെറ ഉദ്ദേശ്യം. മറിച്ച് മനുഷ്യമനസ്സിനെ കുഴയ്ക്കുന്ന സങ്കീർണതകളിലേക്ക് അതിനെ വലിച്ചിഴക്കാതിരിക്കുക എന്നതു മാത്രമാണ്. ദൈവികസത്തയെക്കുറിച്ചുള്ള സങ്കീർണങ്ങളായ തത്വശാസ്ത്രചർച്ചകൾകൊണ്ട് അതിൻെറ യാഥാർഥ്യം ഗ്രഹിക്കുവാൻ കഴിയില്ലെന്ന് മാത്രമല്ല, അന്തിമവി

ശകലനത്തിൽ മനുഷ്യമനസ്സിനെ ഉലച്ചുകളയുന്ന ഊരാക്കുടുക്കുകളിലേക്ക് അവനെ നയിക്കുകയായിരിക്കും ചെയ്യുക. നേരേമറിച്ചു സൃഷ്ടികളെക്കുറിച്ചുള്ള മനനത്തിലൂടെ സ്രഷ്ടാവിൻെറ അസ്തിത്വം കണ്ടെത്തുക എന്ന ലളിതമായ രീതിയാണ് ഇസ്ലാം നിർദേശിക്കുന്നത്. അതു തന്നെയാണ് മേലുദ്ധരിച്ച പ്രവാചകവചനങ്ങളുടെ താല്പര്യവും.

ദൈവികസത്തയുടെ യാഥാർഥ്യം ഗ്രഹിക്കാൻ മനുഷ്യൻ അശക്തനാണെങ്കിലും താൻ വിശ്വസിക്കുന്ന ദൈവത്തിൻെറ പ്രകൃതിയെക്കുറിച്ചും അതിൻെറ സവിശേഷതകളെക്കുറിച്ചും അറിയാൻ മനുഷ്യൻ ജിജ്ഞാസുവായിരിക്കും. സർവോപരി തൻെറ സ്രഷ്ടാവിനെക്കുറിച്ചുള്ള ജ്ഞാനം ഒരളവോളം അവനുണ്ടായിരിക്കേണ്ടതു അത്യന്താപേക്ഷിതവുമാണ്. എങ്കിൽ മാത്രമേ സ്വന്തം വ്യക്തിത്വത്തിനു രൂപം നൽകാനും സ്രഷ്ടാവിൻെറ അഭീഷ്ടത്തിനൊത്തു സ്വന്തം ജീവിതം ക്രമപ്പെടുത്താനും കഴിയുകയുള്ളു. സ്രഷ്ടാവിൻെറ ഗുണഗണങ്ങളും സ്വഭാവവിശേഷങ്ങളും മനുഷ്യൻ ഗ്രഹിച്ചിരിക്കണമെന്നുതന്നെയാണ് ഇസ്ലാം താല്പര്യപ്പെടുന്നത്. "അല്ലാഹുവിൻെറ സ്വഭാവഗുണങ്ങൾ നിങ്ങൾ ആർജിക്കുക" എന്ന നബിവചനവും സ്രഷ്ടാവിൻെറ സ്വഭാവഗുണങ്ങൾ അറിഞ്ഞ് ആവും പടി അവയുൾക്കൊള്ളാൻ ശ്രമിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

വിശുദ്ധ ഖുർആനും നബി (സ) തിരുമേനിയും അല്ലാഹുവിൻെറ ഗുണഗണങ്ങളെയും സ്വഭാവവിശേഷങ്ങളെയും വളരെ വിശദമായിത്തന്നെ പരിചയപ്പെടുത്തിത്തരുന്നുണ്ട്. അല്ലാഹുവിൻെറ മഹദ്ഗുണങ്ങളെ അവൻെറ വിശിഷ്ടനാമങ്ങളെന്നാണ് വി.ഖുർആൻ വിശേഷിപ്പിക്കുന്നത്. അതിനു പുറമേ അല്ലാഹുവിൻെറ പ്രകൃതിയെ മനസ്സിലാക്കാൻ ഉതകുന്ന വേറെയും പരാമർശങ്ങൾ വി.ഖുർആനിലും തിരുവചനങ്ങളിലും കാണാം.

ഇവിടെ ഒരു കാര്യം ഓർത്തിരിക്കേണ്ടതുണ്ട്. ദൈവപ്രകൃതിയെക്കുറിച്ച് വ്യവഹരിക്കുവാൻ മനുഷ്യർക്കു പരിചയമുള്ള പദങ്ങളും ശൈലികളുമാണ് സാധാരണ ഉപയോഗിക്കാറ്. മനുഷ്യജീവിതവുമായി ബന്ധപ്പെട്ട ഭൗതികങ്ങളായ വസ്തുക്കളും ആശയങ്ങളും അഭിവ്യഞ്ജിപ്പിക്കുവാൻ മാത്രമേ മനുഷ്യഭാഷക്കു സാധിക്കൂ. ദൈവമാകട്ടെ, പദാർഥത്തിനും ഭൗതികതയ്ക്കും അതീതനാണ്. അപ്പോൾ ഭാഷയിലൂടെ ദൈവപ്രകൃതിയെ യഥാർഥമായി പരിചയപ്പെടുത്തുക അസാധ്യമാണ്. എന്നിരുന്നാലും മനുഷ്യർക്ക് ആശയവിനിമയത്തിനുള്ള സാമാന്യോപാധിയെന്ന നിലയ്ക്ക് മനുഷ്യരുടെ ഭാഷ തന്നെയാണ് അല്ലാഹുതന്നെയും ഉപയോഗിച്ചിട്ടുള്ളത്. ആയതുകൊണ്ടു സൃഷ്ടികളുമായി ബന്ധപ്പെട്ട സകലതിൽ നിന്നും അതീതനായ സ്രഷ്ടാവിനെക്കുറിച്ചു വിവരിക്കുന്നതിൽ മനുഷ്യഭാഷയ്ക്കുള്ള പരിമിതി നാം ഓർത്തിരിക്കേണ്ടതാണ്.

വിശുദ്ധ ഖുർആൻെറ അവതരണവേളയിൽ ലോകത്ത് വിഭിന്നങ്ങളായ ഒട്ടേറെ ദൈവസങ്കൽപ്പങ്ങൾ നിലനിന്നിരുന്നു യഥാർഥ ദൈവസങ്കൽപ്പം പരിചയപ്പെടുത്തുന്നതോടൊപ്പം തനതുകാലത്തു നിലനിന്നിരുന്ന വികലങ്ങളായ വിശ്വാസധാരണകളെ തിരുത്തുകയെന്നതും ആവശ്യമായിരുന്നു. ദൈവത്തിൻെറ യഥാർഥ പ്രകൃതിയെ വെളിപ്പെടുത്തിക്കൊടുക്കുന്നതോടുകൂടി ദൈവപ്രകൃതിയിൽ ആരോപിക്കപ്പെട്ടിരുന്ന തെററായ സങ്കൽപ്പങ്ങൾ തിരുത്തേണ്ടതുമുണ്ടായിരുന്നു. ഈ വസ്തുത മനസ്സിൽ വച്ചുകൊണ്ടായിരിക്കണം വിശുദ്ധ ഖുർആനിലെ ദൈവികഗുണങ്ങളെക്കുറിച്ചും ദൈവപ്രകൃതിയെക്കുറിച്ചുമുളള പ്രസ്താവനകളെ നോക്കിക്കാണേണ്ടത്.

ദൈവപ്രകൃതിയുമായി ബന്ധപ്പെട്ട വിശുദ്ധ ഖുർആൻെറ അധ്യാപനങ്ങൾ പഠിക്കാൻ മുന്നോട്ടുവരുന്ന ഏതൊരാളുടെയും മുമ്പിൽ ആദ്യമായി തെളിഞ്ഞു വരിക ഈ വാക്യമായിരിക്കും: ''അവന്നു തുല്യമായി യാതൊരു വസ്തുവുമില്ല'' (112:4). സകലവിധ സാമ്യതകൾക്കും അതീതനാണ് ദൈവം എന്നർഥം. ദൈവത്തെ വിഭാവനംചെയ്യാൻ ഒരുമ്പെടുമ്പോൾ വൈവിധ്യമാർന്ന പല ചിത്രങ്ങളും മനുഷ്യമനസ്സിൽ ഉയർന്നുവരും. മനുഷ്യരാശി പരമ്പരാഗതമായി വെച്ചു പുലർത്തിപ്പോരുന്ന വിശ്വാസധാരണകളിൽ നിന്നും രൂപം കൊളളുന്ന ആ ചിത്രങ്ങൾ മിക്കപ്പോഴും സൃഷ്ടിസഹജമായ രൂപങ്ങളും ഗുണവിശേഷങ്ങളും ആരോപിക്കപ്പെട്ടവയായിരിക്കും അല്ലാത്തപക്ഷം ദൈവികമഹത്വത്തിന്നിണങ്ങാത്തതും മനുഷ്യൻ കെട്ടിച്ചമച്ചതുമായ കൃത്രിമസങ്കൽപ്പങ്ങളായിരിക്കും. അത്തരം സാമ്യതകൾക്കെല്ലാം അതീതനാണ് ദൈവം എന്നാണ് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നത്. ദൈവികസത്ത അതുല്യമാണെന്നും സൃഷ്ടികളുമായി ബന്ധപ്പെട്ട എല്ലാററിനും അതീതമാണെന്നും അത് വ്യക്തമാക്കുന്നു.

ഈ പ്രസ്താവന മററു ചില ഖുർആൻ വാക്യങ്ങളുടെ വിശദീകരണം കൂടിയാണ്. പ്രത്യക്ഷത്തിൽ സൃഷ്ടിസഹജമെന്നു തോന്നുന്ന ചില സ്വഭാവ വിശേഷങ്ങളും സങ്കൽപ്പങ്ങളും സ്രഷ്ടാവിനോടു ചേർത്തുപറയുന്ന വാക്യങ്ങൾ ഖുർആനിൽ കാണാം ഉദാഹരണമായി 'പിന്നെ അവൻ സിംഹാസനത്തിൽ ആസനസ്ഥനായി' (7:54) എന്നും മററു ചില സന്ദർഭങ്ങളിൽ അവനോടു മുഖവും കൈകളും (5:64, 55:27) കണ്ണും (52:48) ചേർത്തു പറയുന്നതും കാണാം. ഇവിടെ സൃഷ്ടിസഹജമായ സങ്കൽപ്പധാരണകൾ മാററിവെച്ചുകൊണ്ടുവേണം ഈ പ്രയോഗങ്ങളെ സമീപിക്കുവാൻ എന്നാണ് ഉപര്യുക്തവാക്യങ്ങൾ പഠിപ്പിക്കുന്നത്. ദൈവപ്രകൃതിയെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ഖുർആൻ വിവരിക്കുന്ന ഏതെങ്കിലും സങ്കൽപ്പമോ സവിശേഷഗുണമോ നമ്മുടെ മാനസിക വിഭാവനകളിൽ ഒതുങ്ങിനിൽക്കുന്ന ഒന്നുമായി തുലനം ചെയ്യാൻ മിനക്കെടരുതെന്നുസാരം.

സാമ്യതകളെല്ലാം നിഷേധിച്ചശേഷം വിശുദ്ധ ഖുർആൻ വിവരിക്കുന്ന ദൈവപ്രകൃതി അത്യുന്നതമാണ്. 'അവന്റെ ഉപമ അത്യുന്നതമത്രെ' (30:27). സ്രഷ്ടാവ് സൃഷ്ടികളിൽ നിന്നെല്ലാം ഭിന്നമാണെന്നു മാത്രമല്ല, അവയെക്കാളെല്ലാം ഉന്നതനുമാണ് ദൈവികസത്ത അത്യുദാത്തമാണ്, സർവോന്നതമാണ് ദൈവം തന്റെ പ്രകൃതിയിലും ഗുണവിശേഷങ്ങളിലുമെല്ലാം ഈ ഔന്നത്യം പുലർത്തുന്നു. സൃഷ്ടികളെല്ലാം സത്തയിലും ഗുണങ്ങളിലും അവനിൽ നിന്നും എത്രയോ താഴെയാണ്.

താൻ ഉൾക്കൊള്ളുന്ന ഭൗതികപ്രപഞ്ചത്തിന്റെ യാഥാർഥ്യം പോലും ഗ്രഹിക്കാൻ മനുഷ്യബുദ്ധിക്ക് കഴിഞ്ഞിട്ടില്ല. എന്നിരിക്കെ ദുർബലനും നിസ്സാരനുമായ മനുഷ്യനു എങ്ങിനെയാണ്, സർവോന്നതനും സർവവിധ സാമ്യതകൾക്കും അതീതനുമായ സൃഷ്ടികർത്താവിന്റെ സത്തയെ ഗ്രഹിക്കാൻ കഴിയുക!

മഹാനായ മുഹമ്മദ് അബ്ദു പറഞ്ഞു: 'ദൈവികസത്തയെക്കുറിച്ചുള്ള ചിന്ത അർഥശൂന്യവും ആപൽക്കരവുമത്രെ. അർഥശൂന്യമെന്നു പറയാൻ കാരണം അപ്രാപ്യമായതിനെക്കുറിച്ചുള്ള അന്വേഷണമാണത് എന്നതാണ്. ആപൽക്കരമെന്നു വിശേഷിപ്പിച്ചതു അതുളവാക്കുന്ന സങ്കീർണതകൾ വിശ്വാസത്തെ ഉലച്ചുകളയും എന്നതു കൊണ്ടാണ്. കാരണം അപരിമേയമായ ഒന്നിനെ അളന്നുകുറിക്കാനുള്ള ശ്രമമാണത്; അനന്തതയ്ക്ക് അതിരു നിശ്ചയിക്കുവാനും ഉള്ള ശ്രമം' (അത്തൗഹീദ് P 80).

അമേരിക്കൻ പ്രകൃതിശാസ്ത്രവിദഗ്ധനായ ഡോക്ടർ സ്ററാൻലീ കോജിനെ ഉദ്ധരിച്ചുകൊണ്ട് 'അല്ലാഹു ശാസ്ത്രയുഗത്തിൽ' എന്ന കൃതിയിൽ അദ്ദേഹമെഴുതി: 'സ്രഷ്ടാവിനെ വർണിക്കാനും അവന്റെ ഗുണവിശേഷങ്ങളറിയുവാനും ശ്രമിക്കുമ്പോൾ ഭൗതികസത്തകളെക്കുറിച്ചു വ്യവഹരിക്കാൻ ഉപയോഗിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ചില ആശയങ്ങളും സങ്കേതങ്ങളും നമുക്ക് ആവശ്യമായി വരും. വിശിഷ്യാ, നാം ജീവിക്കുന്ന ഈ ലോകം പോലും കേവല ഭൗതിക പദാർഥമല്ലെന്നു നാം മനസ്സിലാക്കിക്കഴിഞ്ഞ സ്ഥിതിക്ക് അത് ഏതായാലും കേവലം പദാർഥമല്ല; പദാർഥത്തോടൊപ്പം ചൈതന്യം കൂടിയാണത്. അഥവാ ഭൗതികതയും അഭൗതികതയും ചേർന്ന പദാർഥാതീതമായ വസ്തുക്കളെ നമുക്ക് കേവലഭൗതികമായ സംജ്ഞകൾ കൊണ്ടു വിശേഷിപ്പിക്കുക സാധ്യമല്ല തന്നെ' (അത്തൗഹീദ് P.80).

അല്ലാഹുവിനെക്കുറിച്ച് മഹാനായ അലി (റ) യുടെ ഒരു പ്രസ്താവമുണ്ട്: 'നഗ്നനേത്രങ്ങൾ അവനെ പ്രാപിക്കുകയില്ല; ദൃഷ്ടികളിൽ അവൻ ഒതുങ്ങുകയില്ല; കണ്ണുകൾ അവനെ കാണുകയില്ല; തിരശ്ശീല

കരം അവനെ മറയ്ക്കുകയില്ല; അവനോളം വളരുന്ന ശരീരമോ അവനെ പ്രാപിക്കാൻ പററിയ ശരീരമോ ഇല്ല ...' Ibid P. 80-81.

സത്തയെക്കുറിച്ചുള്ള അന്വേഷണത്തിലെ നിസ്സഹായതയ്ക്ക് വിരാമമിട്ടുകൊണ്ട് നബി (സ) അരുളി: 'എല്ലാററിനേയും കുറിച്ചു നിങ്ങൾ ചിന്തിക്കുക; അല്ലാഹുവിന്റെ സത്തയെക്കുറിച്ചു നിങ്ങൾ ചിന്തിക്കാതിരിക്കുക' (ബൈഹഖി).

അത്യുന്നതപ്രകൃതിയായ ദൈവം മഹത്വത്തിന്റേതും പൂർണതയുടേതുമായ സർവവിധ ഗുണങ്ങളും ഒത്തിണങ്ങിയവനാണ്. 'അല്ലാഹുവിനു അതിവിശിഷ്ടങ്ങളായ നാമങ്ങൾ (ഗുണവിശേഷങ്ങൾ) ഉണ്ട്' (വി. ഖു. 7: 180).

ദൈവപ്രകൃതിയെക്കുറിച്ചുള്ള നിർഗുണസങ്കൽപ്പം ഇസ്ലാം അനുവദിക്കുന്നില്ല. പ്രത്യുത മഹത്വത്തിന്റെയും പൂർണതയുടേയും ഗുണങ്ങളുടെ ഉടമയാണവൻ. പ്രസ്തുത ഗുണവിശേഷങ്ങളെ അവന്റെ വിശിഷ്ടനാമങ്ങളെന്നാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്. ഈ വിശേഷണം വളരെ അർഥവത്താണ്. അല്ലാഹുവിന്റെ ഓരോ വിശിഷ്ടനാമവും അവനിലുൾക്കൊള്ളുന്ന വിശിഷ്ടഗുണത്തെ പ്രദ്യോതിപ്പിക്കുന്നു. ദൈവത്തെ മനുഷ്യൻ അന്വേഷിക്കുകയും അറിയുകയും ചെയ്യുന്നതു അവന്റെ ഏതൽ ഗുണവിശേഷങ്ങളിലൂടെയാണ്; മറെറാരർഥത്തിൽ മനുഷ്യൻ തേടുന്നതും കണ്ടെത്തുന്നതും പ്രസ്തുത ഗുണവിശേഷങ്ങളെയാണ്. അവൻ ആരാധിക്കുന്നതും കീഴ്വണങ്ങുന്നതും അതേ ഗുണനാമാവിനെയാണ് ശൂന്യവും നിർഗുണവുമായ ഒരു സങ്കൽപ്പമല്ല ഇവിടെയുള്ളത്. ഭീകരരൂപിയും ഉഗ്രമൂർത്തിയുമായ ഒരു പ്രകൃതിയല്ല അവന്റേത്. എല്ലാ വിശിഷ്ട ഗുണങ്ങളുമുൾക്കൊള്ളുന്നവനാണ് അവൻ; അതും കൃത്യമായ അളവിലും അനുപാതത്തിലും ഒത്തിണങ്ങിയിരിക്കുന്നു. അവൻ ആദ്യനാണ് (അവന്നു ഒരു ആരംഭമില്ല); അവൻ അന്ത്യനാണ് (അവന്നു ഒരവസാനവുമില്ല); അവൻ ബാഹ്യവും ആന്തരവുമാണ് (ഗോപ്യമായവനും വ്യക്തമായവനും) (57:3); അവൻ സ്വയംഭൂവാണ്. (മററാരുടേയും സൃഷ്ടിയല്ല); എന്നെന്നും നിലനിൽക്കുന്നവനാണ് (ഒരിക്കലും അവനു നാശമില്ല).

സൃഷ്ടികളിൽ നിന്നും ഭിന്നമായി സ്രഷ്ടാവിനുള്ള പ്രത്യേകതകൾ വിവരിക്കുകയാണിവിടെ. എല്ലാ വസ്തുക്കളുടെയും ഉത്ഭവത്തിനു മുമ്പ് തന്നെയുള്ളവനും എല്ലാം നശിച്ചശേഷവും എന്നെന്നും ഉണ്ടായിരിക്കുന്നവനുമാണവൻ, ദൈവികസത്തക്ക് അകമെന്നോ പുറമെന്നോ ഇല്ല. ബാഹ്യവും ആന്തരവും അവൻ തന്നെയാണ്. അവനു ശരീരമോ ശാരീരിക ഗുണങ്ങളോ ഇല്ല. രൂപമില്ല. കാലത്തിനോ ദൂരത്തിനോ അളവുകൾക്കോ വിധേയനല്ല അവൻ. അതിരും പരിധിയുമില്ലാത്തവൻ; മരണമോ മാററമോ ഇല്ലാത്തവൻ.

അവനു സന്താനങ്ങളില്ല. മാതാപിതാക്കളില്ല (112: 2–3). ഭാര്യയില്ല (6:101). മാനുഷികവും ജന്തുപരവുമായ വികാരങ്ങളോ അനുഭൂതികളോ പ്രകൃതിയോ അവനില്ല. ദൈവികസത്തയിൽ മനുഷ്യബന്ധങ്ങൾ ആരോപിക്കുന്നതിനെ ഖുർആൻ ശക്തിയുക്തം എതിർക്കുന്നു. ഖുർആന്റെ ആവിർഭാവഘട്ടത്തിലെ മിക്ക മതങ്ങളും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ദൈവത്തിൽ മാനുഷികബന്ധങ്ങളും വികാരങ്ങളും ആരോപിച്ചിരുന്നവയാണ്. അത്തരം സങ്കൽപ്പങ്ങൾക്കെല്ലാം അതീതമാണ് ദൈവപ്രകൃതിയെന്ന് ഖുർആൻ ഉണർത്തുന്നു.

'എന്നെന്നും ജീവിക്കുന്നവനാണവൻ' (2:255). ദൈവം സജീവനാണ്. ഒരു സജീവസത്തയാണ് അവന്റേത്. അന്ധമോ ഭ്രാന്തമോ ആയ ഒരു ആദികാരണമല്ല ദൈവികസത്ത നിർജീവവും നിശ്ചേതനവുമായ ഒന്നല്ല ദൈവികാസ്തിത്വം. (അഖിലപ്രപഞ്ചത്തിന്റേയും) നിയന്താവാണവൻ (2:255). സജീവനാണെന്നു മാത്രമല്ല എല്ലാമെല്ലാം അവന്റെ നിയന്ത്രണത്തിലുമാണ്. ബ്രഹ്മാണ്ഡകടാഹമത്രയും അവനാണ് നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. മററാർക്കും അതിലൊന്നും യാതൊരു പങ്കുമില്ല

''ഉറക്കമോ മയക്കമോ അവനെ ബാധിക്കുന്നില്ല'' (2:255). ദൈവപ്രകൃതിയുടെ അതീതഭാവത്തെയാണിവിടെ സ്പഷ്ടമാക്കുന്നത് സൃഷ്ടിസഹജമായ തളർച്ചയും മയക്കവും അവനെ ബാധിക്കുകയില്ല. മയക്കമോ, ഉറക്കമോ, മറവിയോ, അശ്രദ്ധയോ അവനെ പിടികൂടുകയില്ല. സദാസമയവും ജാഗരൂകനാണ് അവൻ. അവന്റെ പ്രവർത്തനങ്ങളേയും ഭരണത്തേയും അലോസരപ്പെടുത്തുന്ന യാതൊന്നുമില്ല.

''ആകാശഭൂമികളിലുള്ളതെല്ലാം അവന്റെ അധീനത്തിലാണ്'' (2:255). ആകാശഭൂമികളഖിലവും അവന്റെ അധീശാധിപത്യത്തിൻ കീഴിലാണ്. അവൻ മാത്രമാണ് അവയുടെയെല്ലാം ഉടമാവകാശിയും പരമാധികാരിയും. മററാർക്കും യാതൊരുവിധ പങ്കും അതിലില്ല. അവയുമായി ബന്ധപ്പെട്ട സകലവിധകാര്യങ്ങളിലും അവന്റെ ശാസനയും ഇച്ഛയും മാത്രമാണ് നടക്കുക.

''അവന്റെ അനുമതികൂടാതെ അവങ്കൽ ശുപാർശ സമർപ്പിക്കുവാൻ ആരുണ്ട്?'' (2:255). ആർക്കും അതിനധികാരമില്ല. സ്വാധീനമില്ല. അവൻ ആരുടേയും ആജ്ഞാനുവർത്തിയോ സ്വാധീനവലയത്തിൽപ്പെടുന്നവനോ അല്ല. അത്തരം ദൗർബല്യങ്ങൾക്കും ന്യൂനതകൾക്കുമെല്ലാം അതീതനാണവൻ. അവന്റെ അധീശാധിപത്യവും അധികാരവും സമ്പൂർണവും സ്വതന്ത്രവുമാണ്.

''അവന്റെ സിംഹാസനം ആകാശഭൂമികളെ ചൂഴ്ന്നിരിക്കുന്നു'' (2:255).

"ആകാശഭൂമികളുടെയും സിംഹാസനത്തിന്റെയും നാഥൻ അവർ ജൽപിക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനാണ്" (43:82).

"അവന്റെ സിംഹാസനം ജലത്തിനു മീതെയായിരുന്നു" (11:7). "പിന്നീട് അവൻ സിംഹാസനത്തിൽ ആസനസ്ഥനായി" (10:3).

ഈ വാക്യങ്ങളുടെയെല്ലാം പശ്ചാത്തലം വ്യക്തമാക്കുന്ന ഒരു വസ്തുതയുണ്ട്. അല്ലാഹുവിന്റെ അധികാരാധിപത്യങ്ങളുടെ വിശാല മേഖലകൾ വിവരിക്കുന്നിടത്താണ് ഇവയൊക്കെയും പരാമർശിക്കപ്പെട്ടിട്ടുള്ളത്. നാം കണ്ടു പരിചയിച്ച ഒരു പ്രത്യേക രീതിയിലുള്ള സിംഹാസനത്തെയോ, ആരോഹണത്തെയോ ഇവിടെ സങ്കൽപ്പിക്കുന്നത് അബദ്ധമായിരിക്കും. പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചു പറഞ്ഞേടത്താണ് ഖുർആൻ അവന്റെ സിംഹാസനം ജലത്തിനു മീതെയായിരുന്നുവെന്നു പ്രസ്താവിക്കുന്നത്. അവൻ സിംഹാസനത്തിൽ ആസനസ്ഥനായി എന്ന വാക്യവും ആകാശഭൂമികളുടെ സൃഷ്ടിപ്പിന്റെ പശ്ചാത്തലത്തിലാണ് പറയുന്നത്. അവന്റെ സിംഹാസനം ആകാശഭൂമികളെ ചൂഴ്ന്നിരിക്കുന്നുവെന്ന പ്രസ്താവനയെത്തുടർന്നു വരുന്ന വാക്യം ശ്രദ്ധിക്കുക: 'അവയുടെ സംരക്ഷണം അവന്നു തീരെ ദുർവഹമല്ല; അത്യുന്നതനും മഹാനുമത്രെ അവൻ' (2:255). വിശാലമായ ആകാശഭൂമികളുടെ മേൽനോട്ടവും സംരക്ഷണവും അവന്നു ഒട്ടും ശ്രമകരമായ ഒന്നല്ലെന്നർഥം. ഈ വാക്യങ്ങൾ യഥാർഥത്തിൽ ദൈവപ്രകൃതിയെ എന്നതിലുപരി അവന്റെ അധികാരശക്തിയുടെ വിസ്തൃതിയെയാണ് സൂചിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ പലപ്പോഴും സ്വീകരിക്കാറുള്ള പ്രതീകാത്മകമായ (Symbolic) പ്രതിപാദനരീതിയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്. ഈ വിശുദ്ധ വാക്യങ്ങളുടെ പശ്ചാത്തലവും അതുതന്നെയാണ് വ്യക്തമാക്കിത്തരുന്നത്.

'കണ്ണുകൾ അവനെ കാണുകയില്ല; അവൻ കണ്ണുകളെ കാണും' (6:103).

നഗ്നദൃഷ്ടികൾകൊണ്ടു ദൈവികസത്തയെ ദർശിക്കുക സാധ്യമല്ല. ധ്യാനത്തിലൂടെയോ തപസ്സിലൂടെയോ ദൈവത്തെ ദർശിക്കുക അസാധ്യമാണ്. അത്തരത്തിലുള്ള വെളിപാടുകളെയെല്ലാം ഖുർആൻ നിരാകരിക്കുന്നു. മനുഷ്യരുടെയും ഇതരസൃഷ്ടികളുടെയും രൂപംപൂണ്ടു പ്രത്യക്ഷപ്പെടുക, അവതാരമെടുക്കുക, സിദ്ധന്മാർക്കും യോഗികൾക്കും ദൈവികസത്ത വെളിപ്പെടുക എന്നിത്യാദി സങ്കൽപ്പങ്ങളെ ദൈവപ്രകൃതിയുമായി ചേർത്തു പറയുന്നതിനെ ഖുർആൻ അംഗീകരിക്കുന്നില്ല. പ്രവാചകനായ മൂസാ (അ) ദിവ്യദർശനത്തിനായി അപേക്ഷിച്ചപ്പോൾ അല്ലാഹു കൊടുത്ത മറുപടി വി: ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. 'നിനക്ക് നമ്മെ

ദർശിക്കുക സാധ്യമേയല്ല' (7:43) എന്നാണ് അവിടെ പറഞ്ഞത്. പിന്നീട് മൂസാ (അ) യോട് പർവതത്തിന്റെ നേർക്ക് ദൃഷ്ടി പതിപ്പിക്കാൻ ആവശ്യപ്പെട്ടുവെന്നും അപ്രകാരം ചെയ്തപ്പോൾ അവിടെ കണ്ട കാഴ്ച അദ്ദേഹത്തെ ബോധക്കേടിലാക്കിയെന്നും ബോധം തെളിഞ്ഞപ്പോൾ പശ്ചാത്തപിച്ചുകൊണ്ടു ദൈവത്തെ പരിശുദ്ധപ്പെടുത്തുകയും തന്റെ വിശ്വാസം ആവർത്തിച്ചു പ്രഖ്യാപിക്കുകയും ചെയ്തുവെന്നുമാണ് ഖുർആൻ പറയുന്നത്. ദൈവികസത്തയെ നേരിൽ ദർശിക്കുക അസാധ്യമാണെന്നാണിതു വ്യക്തമാക്കുന്നത്.

ഇവിടെ ഒരു സംശയം ഉത്ഭവിച്ചേക്കാം. എങ്കിൽ പിന്നെ ദിവ്യസന്ദേശങ്ങൾ സ്വീകരിക്കുന്നത് എങ്ങനെയെന്ന്. ഏതെല്ലാം രീതിയിലാണ് ദിവ്യസന്ദേശങ്ങൾ നൽകപ്പെടുന്നതെന്നു വിശുദ്ധ ഖുർആനും പ്രവാചകവചനങ്ങളും സ്പഷ്ടമായി വിവരിക്കുന്നുണ്ട്. ഏതായാലും അതിനായി ദൈവം പ്രത്യക്ഷപ്പെടുന്ന രൂപമില്ല.

'എല്ലാ ദിവസവും അവൻ ഓരോ കാര്യങ്ങളിൽ വ്യാപൃതനാണ്'' (55:29).

പ്രപഞ്ചസ്രഷ്ടാവായ അല്ലാഹു സൃഷ്ടികർമത്തിൽ നിന്നും വിരമിച്ച ശേഷം വിശ്രമം കൊള്ളുകയല്ല. ആറുദിവസംകൊണ്ടു ഏഴു ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിച്ചശേഷം ഏഴാംദിവസം ദൈവം വിശ്രമിച്ചു എന്ന വിശ്വാസത്തെ ഇസ്ലാം അംഗീകരിക്കുന്നില്ല. അവൻ കർമനിരതനാണ്, നിതാന്തജാഗ്രതയുള്ള സജീവനാണ്, അവന്റെ സാമ്രാജ്യത്തിന്റെ ഓരോ കോണിലും നടക്കുന്ന ഓരോ ചലനത്തെക്കുറിച്ചും സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരിക്കയാണവൻ. എന്നുതന്നെയല്ല, പ്രപഞ്ചനിയന്ത്രണവുമായി ബന്ധപ്പെട്ട കൃത്യങ്ങളിൽ നിരന്തരം വ്യാപൃതനാണവൻ.

'നിങ്ങൾക്ക് അറിയാത്ത (പലതും) അവൻ സൃഷ്ടിക്കുന്നതാണ്' (16:8). സൃഷ്ടിയും പുനഃസൃഷ്ടിയുമടങ്ങുന്ന കൃത്യങ്ങൾ ഇവിടെ നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. അതെല്ലാം നിർവഹിച്ചുകൊണ്ടിരിക്കുന്നവൻ എങ്ങനെയാണ് വിശ്രമത്തിലേർപ്പെടുക.

അവൻ ഏകനാണ്; അവനല്ലാതെ ഒരു ദൈവവുമില്ല; അവൻ സ്രഷ്ടാവാണ്. ഇതരവസ്തുക്കളെല്ലാം അവന്റെ സൃഷ്ടികളും ആശ്രിതൻമാരുമാണ്. ''ഒരു കാര്യം (സൃഷ്ടിക്കാൻ) അവൻ ഉദ്ദേശിച്ചാൽ അതിനോടു അവൻ 'ഉണ്ടാവുക' എന്നു പറയും; അപ്പോൾ അതുണ്ടാകും'' (36:82).

സ്രഷ്ടാവും സൃഷ്ടിയും രണ്ടാണ്—ദൈവികസത്തയും പ്രപഞ്ചസത്തയും ഭിന്നമാണ്. രണ്ടിനും അതാതിന്റേതായ അസ്തിത്വമാണ് ഉള്ള

ത്. പ്രപഞ്ചം ദൈവത്തിൻെറ നിഴലാണെന്നും എല്ലാം മായയാണെന്നുമുള്ള വാദത്തെ ഇസ്ലാം ശക്തിമത്തായി എതിർക്കുന്നു. ദൈവികസത്ത ഏകവും സ്വതന്ത്രവും അനിവാര്യവുമാണ്. ദൈവമൊഴികെ മററെല്ലാം അവൻെറ സൃഷ്ടികളും അവൻെറ ഇച്ഛക്കു വിധേയങ്ങളുമാണ്. അവയിൽ ഒന്നു മറെറാന്നിൽ വിലയം പ്രാപിക്കുന്ന പ്രശ്നമില്ല ധ്യാനത്തിലൂടെയും തപസ്യയിലൂടെയും ദൈവികസത്തയുമായി താദാത്മ്യം പ്രാപിക്കാമെന്നും മററുമുള്ള മിസ്ററിക്ക് സങ്കല്പങ്ങളെയും ഇസ്ലാം അംഗീകരിക്കുന്നില്ല. രണ്ടും രണ്ടല്ലെന്നും, രണ്ടില്ല, ഒന്നുമാത്രമേയുള്ളുവെന്നും മററുമുള്ള അദ്വൈതസിദ്ധാന്തങ്ങളും ഇസ്ലാമിൽ സ്വീകാര്യമല്ല. എല്ലാം ദൈവാംശം ഉൾക്കൊള്ളുന്നതാണെന്നും തൂണിലും തുരുമ്പിലും ദൈവമുണ്ടെന്നുമുള്ള സങ്കൽപ്പങ്ങളെല്ലാം ഇസ്ലാം നിരാകരിക്കുന്നു. സ്രഷ്ടാവായ അല്ലാഹുവൊഴികെയുള്ള സകല ചരാചരങ്ങളും കേവലം സൃഷ്ടികളും തന്മൂലം നശ്വരങ്ങളുമാണ്. അവയ്ക്കൊന്നിനും തന്നെ ദിവ്യത്വത്തിലോ ദൈവത്തിൻെറ അവകാശാധികാരങ്ങളിലോ യാതൊരു പങ്കാളിത്തവുമില്ല. സ്രഷ്ടാവായ ദൈവത്തിൻെറ സത്ത സൃഷ്ടിയായ പ്രപഞ്ചത്തിൻേറതിൽ നിന്നു അതീതമാണ്. പ്രപഞ്ചസൃഷ്ടിക്കുമുമ്പു അവൻ ഉണ്ടായിരുന്നു. എല്ലാം നശിച്ചശേഷവും അവനുണ്ടാകും. അനന്തവും അപരിമേയവുമായ ദൈവികസത്ത പരിമിതമായ പ്രാപഞ്ചികസത്തയിൽ ഒതുങ്ങുകയില്ല.

ഇവിടെ വിശുദ്ധ ഖുർആനിലും നബിവചനങ്ങളിലും വന്ന ചില വിവരണങ്ങൾ വിശദീകരിക്കേണ്ടതുണ്ട്. 'എല്ലാ രാത്രിയും അല്ലാഹു ഇഹലോകത്തിൻെറ ആകാശത്തിലേക്കിറങ്ങും. എന്നിട്ടു ചോദിക്കും: പ്രാർഥിക്കുന്നവനായി ആരെങ്കിലുമുണ്ടോ –ഞാൻ അവന്നു പ്രത്യുത്തരം നൽകുവാൻ' (ഹദീസ്).

ഈ വചനം കൊണ്ടുദ്ദേശിക്കപ്പെടുന്നത് അല്ലാഹുവിൻെറ ദൂതനായ മലക്ക് ഇറങ്ങിവരുമെന്നാണെന്നു പണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. (മിഷ്കാത്തുൽ അൻവാർ-ഇമാംഗസ്സാലി P. 48). അല്ലാഹുവിനെ വിളിച്ചു പ്രാർഥിക്കുന്നവരോട് ദൈവം കൂടുതൽ കൂടുതൽ അടുക്കാൻ ആഗ്രഹിക്കുന്നുവെന്നതിൻെറ പ്രതീകാത്മകമായ അവതരണമാണിത്. ദൈവത്തെ അന്വേഷിക്കുന്നവനെ ദൈവവും അന്വേഷിക്കുന്നു. അവൻെറ പ്രീതിയും സാമീപ്യവും ഏറിവരുമെന്നു സാരം. മറെറാരർഥത്തിൽ 'വെളിച്ചം വിളക്ക് അന്വേഷിക്കുക'യാണിവിടെ. ഏതായാലും ഹദീസിൻെറ ബാഹ്യാർഥം സൂചിപ്പിക്കുന്ന രീതിയിലുള്ള ആരോഹണാവരോഹണങ്ങൾ സങ്കൽപ്പിക്കുന്നതു വിശുദ്ധ ഖുർആൻെറ ഖണ്ഡിതമായ പ്രസ്താവനകൾക്ക് നിരക്കാത്തതാണ്.

ഈ ശൈലി വിശുദ്ധ ഖുർആനിലും നബിവചനങ്ങളിലും പ്രയോഗിച്ചിട്ടുണ്ട്. ബദർയുദ്ധത്തെക്കുറിച്ചു അവതരിച്ച ഒരു സൂക്തം കാണു

ക: 'നീ (പ്രവാചകൻ) എറിഞ്ഞപ്പോൾ നീയല്ല എറിഞ്ഞത്; എന്നാൽ അല്ലാഹുവാണ് എറിഞ്ഞത്'' (8:17).

അതായത് സ്രഷ്ടാവിന്റെ അഭീഷ്ടത്തിനൊത്തു സൃഷ്ടികൾ പ്രവർത്തിക്കുമ്പോൾ ആ പ്രവർത്തനത്തിനു പിന്നിൽ അല്ലാഹുവിന്റെ പ്രത്യേക ശ്രദ്ധയും സഹായവും ഉണ്ടാകുമെന്നു വ്യക്തമാക്കുകയാണിവിടെ. നബി തിരുമേനി (സ) എറിഞ്ഞപ്പോൾ അവിടത്തെ ഏറ് മാത്രമല്ല അവിടെ പ്രവർത്തിച്ചത്; അല്ലാഹുവിന്റെ സഹായമാണ് അതിനെ ത്വരിതപ്പെടുത്തിയതും ലക്ഷ്യത്തിലെത്തിച്ചതും.

വേറെ ചില നബിവചനങ്ങളിൽ സൽകർമങ്ങളിലൂടെ ദൈവസാമീപ്യം തേടുന്ന അടിമയെ അല്ലാഹു കൂടുതൽ കൂടുതൽ സ്നേഹിക്കുമെന്നും അവസാനം അവൻ കേൾക്കുന്ന കാതും, കാണുന്ന കണ്ണും, പിടിക്കുന്ന കൈകളും, നടക്കുന്ന കാലുകളുമെല്ലാം അവന്േറതായിത്തീരുമെന്നും പറയുന്നതു കാണാം. ഇത്തരം നബിവചനങ്ങളെയും ഖുർആൻ വാക്യങ്ങളെയും വ്യാഖ്യാനിക്കുമ്പോൾ ഇവ്വിഷയകമായി ഇസ്ലാമിന്റെ മൗലികമായ നിലപാട് നമ്മുടെ മനസ്സിലുണ്ടായിരിക്കണം. അതായത് സ്രഷ്ടാവിന്റെ സത്ത സൃഷ്ടിയിൽ നിന്നും പൂർണമായി ഭിന്നമാണ്. സത്തയിലും ഗുണങ്ങളിലും പ്രവർത്തനങ്ങളിലും അവൻ ഏകനും സ്വതന്ത്രനും നിരാശ്രയനുമാണ്. ആരുടേയും പങ്കാളിത്തമോ സഹായമോ അവന് ആവശ്യമില്ല.

ഈ അടിസ്ഥാനം അംഗീകരിച്ചു കഴിഞ്ഞാൽ ഉപര്യുക്തവചനങ്ങളുടെ വ്യാഖ്യാനം എളുപ്പമാണ്. ദൈവപ്രീതി കാംക്ഷിച്ചുകൊണ്ടു ദൈവാഭീഷ്ടത്തിനൊത്തു പ്രവർത്തിക്കുന്ന ദാസനു ദൈവാനുഗ്രഹവും ദൈവസാമീപ്യവും കൂടുതൽ കൂടുതലായി ലഭിച്ചുകൊണ്ടിരിക്കും. 'ദൈവപ്രീതി കാംക്ഷിക്കുന്നവരെ സമാധാനത്തിന്റെ പാതയിലേക്കും സന്മാർഗ ഗത്തിലേക്കും അല്ലാഹു വഴി കാണിക്കും'. (5:16) എന്ന ഖുർആൻ വാക്യം ഇതേ ആശയമാണ് പ്രകടമാക്കുന്നത്. ഈ ആശയത്തിന്റെ പ്രതീകാത്മകവും മനോഹരവുമായ ചിത്രീകരണമാണ് നാം മുകളിലുദ്ധരിച്ച നബിവചനങ്ങളിലും മററും കാണുന്നത്.

'അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു' (24:35). ആകാശഭൂമികളുടെ ചൈതന്യമാകുന്നു അല്ലഹു. എന്താണ് പ്രകാശം? സ്വയം വെളിപ്പെടുത്തുകയും മററുള്ള വസ്തുക്കളെ വെളിപ്പെടുത്തുകയും ചെയ്യുന്ന വസ്തു എന്നു ഒററ വാക്കിൽ പറയാം. ഈ വാക്യത്തെ വിശദീകരിച്ചുകൊണ്ടു ഇമാംഗസ്സാലി (റ) പറയുന്നു: 'ഇങ്ങനെ എല്ലാ വസ്തുക്കളും ദൃഷ്ടിക്കു മുമ്പിൽ വെളിപ്പെടുന്നത് ബാഹ്യപ്രകാശം മുഖേന ആയിരിക്കുന്നത് പോലെ, എല്ലാ വസ്തുക്കളും മനുഷ്യന്റെ ഉൾക്കാഴ്ചക്ക് വെളിപ്പെട്ടു

കിട്ടുന്നത് അല്ലാഹുവിനാൽ ആണ്. എങ്ങിനെയെന്നാൽ എല്ലാ വസ്തുക്കളുടെയും കൂടെ അവയെ വിട്ടുപിരിയാതെ അവൻ ഉണ്ട്. അവൻ മുഖേന വസ്തുക്കളെല്ലാം വെളിപ്പെടുന്നു. പക്ഷെ ഒരു വ്യത്യാസം ഇവിടെ ശേഷിക്കുന്നുണ്ട്. അതായത് ബാഹ്യാകാശം സൂര്യൻ അസ്തമിക്കുന്നതോടെ മറയുകയും, നിഴൽ വെളിവാകുകയും ചെയ്യുന്നതിനെ വിഭാവനം ചെയ്യാൻ കഴിയും. എന്നാൽ വസ്തുക്കൾ എല്ലാം വെളിവാകുന്നത് ഏതൊന്നിന്റെ അസ്തിത്വം മൂലമാണോ ആ ദൈവികമായ പ്രകാശം മറയുകയെന്നുള്ളത് ചിന്തനീയമല്ല' (മിഷ്കാത്തുൽ അൻവാർ P. 56)

പ്രകാശം ഇല്ലാത്ത ഒരു സാഹചര്യത്തെക്കുറിച്ച് എടുത്തു കാട്ടി ഉദാഹരിക്കുവാൻ സാധിക്കും. പക്ഷെ, എല്ലാ വസ്തുക്കളും ഉണ്ടായിരിക്കുകയും നിലനിൽക്കുകയും ചെയ്യുന്നത് അല്ലാഹു ഉള്ളത് കൊണ്ടാണ്. അല്ലാഹു ഇല്ലാത്ത ഒരു സാഹചര്യത്തെക്കുറിച്ചു എടുത്തുകാട്ടാനോ ഉദാഹരിക്കാനോ ചിന്തിക്കാൻ തന്നെയോ സാധ്യമല്ല എന്നതാണ് വ്യത്യാസം.

'തന്റെ പ്രത്യക്ഷതയുടെ തീവ്രതകൊണ്ട് സൃഷ്ടികളിൽ നിന്നും മറഞ്ഞിരിക്കുന്നവനും തന്റെ പ്രകാശത്തിന്റെ തിളക്കത്താൽ അവരുടെ ദൃഷ്ടികളിൽ നിന്നും മറക്കപ്പെട്ടിരിക്കുന്നവനുമായ ഒരുവന്നു സ്തുതി!' (I bid P. 58).

ആകാശഭൂമികളുടെ പ്രകാശമായി അല്ലാഹുവിനെ വിശേഷിപ്പിച്ചതിന്നർഥം ദൈവം പ്രകാശമാണെന്നല്ല; പ്രകാശം ദൈവികസത്തയുടെ ഭാഗമാണെന്നുമല്ല; പ്രത്യുത ദൈവം പ്രപഞ്ചത്തിന്റെ ചൈതന്യവും, മാർഗം തെളിച്ചുകൊടുക്കുന്ന പ്രകാശധാരയുമായി വർത്തിക്കുന്നുവെന്നാണ്. ഡോക്ടർ മുഹമ്മദ് ഇക്ബാൽ ഈ വാക്യത്തിന്റെ പൂർണരൂപം ഉദ്ധരിച്ചുകൊണ്ട് പറയുന്നതിങ്ങനെയാണ്: 'പ്രകാശത്തിന്റെ സംവേഗം മാററാനാവില്ലെന്നും സ്വന്തം ചലനവ്യവസ്ഥകൾ എന്തുതന്നെയായാലും എല്ലാ നിരീക്ഷകന്മാർക്കും ഈ സംവേഗം സ്ഥിരമാണെന്നും ആധുനികശാസ്ത്രം പഠിപ്പിക്കുന്നു. അങ്ങിനെ, മാററത്തിന്റേതായ ഈ ലോകത്തിൽ പരമമായതിനോട് ഏതാണ്ട് അടുത്തുവരുന്നതു പ്രകാശമാകുന്നു. ദൈവത്തിന്റെ പാരമ്യമാണ് (Absoluteness) അവന്റെ സർവസാന്നിധ്യം (Omnipresence) മാത്രമല്ല ദൈവത്തെ പ്രകാശത്തോടുപമിക്കുന്നതുകൊണ്ടുദ്ദേശിച്ചത് എന്നു പറയേണ്ടിയിരിക്കുന്നു (മതചിന്തകളുടെ പുനഃസംവിധാനം: P. 72).

'കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണ്; നിങ്ങൾ എവിടേക്ക് തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്'' (2:115).

'അവൻ എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു'(41:54).

'സർവവ്യാപി' (2:115).

'നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട്'' (57:4).

എല്ലായിടത്തുമുണ്ട് അല്ലാഹുവിൻെറ സാന്നിധ്യം. സകലവസ്തുക്കളെയും അവൻ വലയം ചെയ്തിരിക്കുന്നു. കിഴക്കെന്നോ പടിഞ്ഞാറെന്നോ, മുമ്പെന്നോ പിമ്പെന്നോ വ്യത്യാസമില്ലാതെ എല്ലായിടത്തും അവൻെറ മുഖമുണ്ട്. ഇമാംഗസ്സാലി (റ) പറഞ്ഞു: 'അപ്പോൾ അവനല്ലാതെ ഒരു ദൈവമില്ല. എന്തെന്നാൽ ഏതൊന്നിൻെറ നേർക്ക് ആരാധനയ്ക്കും രക്ഷാകർതൃത്വത്തിനും വേണ്ടി മുഖങ്ങൾ തിരിക്കപ്പെടുന്നുവോ അതാണ് ദൈവം (ഇലാഹ്) എന്നതിൻെറ വിവക്ഷ. ഇവിടെ പറഞ്ഞ ഈ വ്യാപ്തിയും സാന്നിധ്യവും മുഖവുമെല്ലാം അവൻെറ അറിവിലും സജീവബോധത്തിലും ശ്രദ്ധയിലും എല്ലാ വസ്തുക്കളും ഉണ്ടെന്നാണ് വ്യക്തമാക്കുന്നത്. ബാഹ്യാർഥത്തിലുള്ള മുഖമോ സ്ഥലകാലബന്ധമോ ഇവിടെ വിവക്ഷിക്കുന്നില്ല.

'സൃഷ്ടികളുമായി ഉററ ബന്ധമുള്ളവൻ' (2:186).

'മനുഷ്യരോട് അവരുടെ കണ്ഠനാഡിയേക്കാൾ അടുത്തവൻ (50:16).

'സമീപസ്ഥൻ' (2:186).

സൃഷ്ടികളോട് വളരെ അടുത്തവനാണ് അല്ലാഹു. അവനും അവൻെറ ദാസൻമാരും തമ്മിൽ ഉററ ബന്ധമാണുള്ളത്. അവൻ അപ്രാപ്യനോ വിദൂരസ്ഥനോ അല്ല. അവനിലേക്ക് മധ്യവർത്തികൾ ആവശ്യമില്ല. നേരിട്ടു ബന്ധപ്പെടാം. ഈ വിശദീകരണത്തിനർഥം ദൈവികസത്ത മനുഷ്യരോടൊത്തുണ്ടെന്നല്ല ദൈവത്തിൻെറ ശ്രദ്ധയും അറിവും നിലപാടും ഉററ ബന്ധത്തിൻേറതാണെന്നത്രെ.

അല്ലാഹുവിൻെറ പ്രകൃതിയെക്കുറിച്ച് വിശുദ്ധ ഖുർആനിലും നബിവചനങ്ങളിലും വന്ന പ്രധാനപ്പെട്ട ചില വാക്യങ്ങളാണ് മുകളിലുദ്ധരിച്ചത്. ദൈവപ്രകൃതിയുടെ യാഥാർഥ്യം വെളിപ്പെടുത്തുന്നതിനു ഏററവും ഉത്തമമായ മാർഗം അവൻേറതായി വിശുദ്ധ ഖുർആനും നബി (സ) തിരുമേനിയും പഠിപ്പിച്ച ഗുണവിശേഷങ്ങൾ ഗ്രഹിക്കുകയെന്നതാണ്.

അല്ലാഹു സർവചരാചരങ്ങളുടെയും സ്രഷ്ടാവാണ് (6:102). ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ് (3:156). സർവശക്തനാണ് (2:20). സർവജ്ഞനാണ് (2:282). എല്ലാം കാണുന്നവനും കേൾക്കുന്നവനുമാണ് (4:58). അവൻെറ ദൃഷ്ടിയിൽ നിന്നും ഒരു വസ്തുവും മറഞ്ഞിരിക്കുകയില്ല (10:61). സൂക്ഷ്മജ്ഞനാണ് (6:103). പരാശ്രയമില്ലാത്തവനാണ് (27:40). സർവരെയും അതിജയിക്കുന്നവനാണ് (40:2). അഗാധജ്ഞനാണ് (34:1). കരുണാനിധിയാണ്; പരമ

കാരുണികനാണ്‌ (1:2). സഹനശീലനാണ്‌ (83:51). തെററുകൾ പൊറു ക്കുന്നവനാണ്‌ (40:3). മാപ്പും വിട്ടുവീഴ്ചയും ചെയ്യുന്നവനാണ്‌ (4: 43). നീതി പാലിക്കുന്നവനാണ്‌ (3:18). ആരോടും അണുവോളം അനീതി കാണിക്കുന്നവനല്ല (4:124). അവനെ അഭയം പ്രാപിക്കുന്നവർ ക്ക്‌ അവൻ അഭയം നൽകും (65:3). മനുഷ്യരെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക്‌ നയിക്കുന്നവൻ (5:16). സത്യവിശ്വാസികളുടെ രക്ഷാ ധികാരി (2:257). പ്രപഞ്ചത്തെ സൃഷ്ടിച്ചതിലും ഭരിച്ചുകൊണ്ടിരിക്കു ന്നതിലും അവന്നു പങ്കുകാർ ആരുമില്ല (6:163). സുകൃതം ചെയ്യുന്നവരെ അവൻ സ്നേഹിക്കുന്നു (5:93). സൂക്ഷ്മതയുള്ളവരെ സ്നേഹിക്കുന്നു (9:4). ക്ഷമാശീലരെ സ്നേഹിക്കുന്നു (3:146). പരിശുദ്ധി നേടിയ വരെ സ്നേഹിക്കുന്നു (9:108). തെററു ചെയ്തശേഷം പശ്ചാത്തപി ക്കുന്നവരെ സ്നേഹിക്കുന്നു (2:222). അവൻ ഉദാരശീലനാണ്‌ (27:40). സത്യസന്ധനാണ്‌ (33:4). മഹാനാണ്‌ (4:34) രാജാധിരാജനാണ്‌ (3:26). അന്തസ്സും പ്രതാപവും നൽകുന്നവനും അവ നിഷേധിക്കുന്നവനു മാണ്‌ (3:26). സർവ നിയന്താവാണ്‌ (2:255). ആകാശഭൂമികളെ സോ ദ്ദേശ്യമാണ്‌ അവൻ സൃഷ്ടിച്ചിട്ടുള്ളത്‌ (6:73). ലീലാ വിനോദമെന്ന നിലക്കോ കളിയായിട്ടോ അല്ല അവൻ പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത്‌: അണുവോളം നൻമ വല്ലവനും ചെയ്താൽ അവൻ അതിനു പ്രതിഫലം നൽകും; അണുവോളം തിൻമ ചെയ്താൽ അതിന്‌ അവൻ ശിക്ഷയും നൽകും (99:7–8). പ്രാർഥനകൾ സ്വീകരിക്കുന്നവനാണ്‌ (2:186). കൃതജ്ഞനാണ്‌ (35:30). പ്രപഞ്ചത്തെ പരിപാലിച്ചു വളർത്തിക്കൊ ണ്ടിരിക്കുന്നവനാണ്‌ (6:164). കാര്യങ്ങളെല്ലാം ആസൂത്രിതമായി നിയന്ത്രി ച്ചുകൊണ്ടിരിക്കുന്നവനാണ്‌ (10:3). സ്തുതി അവന്നു മാത്രമെ പാടുള്ളു (1:1). ആഹാരം നൽകുന്നവൻ (2:212). ആധിപത്യം നൽകുന്നവൻ; നി ഷേധിക്കുന്നവൻ (3:26) നൻമ അവൻെറ അധീനത്തിലാണ്‌ (3:26). അവനല്ലാതെ ദൈവമില്ല; അവൻെറ ജ്ഞാനത്തിൽ നിന്നു അവനുദ്ദേശി ക്കുന്നതൊഴിച്ചു യാതൊന്നും അവരുടെ ജ്ഞാനപരിധിയിൽ ഒതുങ്ങുക യില്ല (2:255) മാർഗദർശനം നൽകുന്നവൻ (5:16) രഹസ്യവും പരസ്യ വും അറിയുന്നവൻ (6:3). വിധി കർത്താവ്‌(5:1). വിചാരണ ചെയ്യു ന്നവൻ (2:186). ഉന്നതൻ; മഹാൻ (4:34). കരാർപാലിക്കുന്നവൻ (3:9) ദാനശീലൻ (3:8) നീതിമാൻ (6:115).

അല്ലാഹുവിൻെറ പ്രകൃതിയെയും ഗുണങ്ങളെയും കുറിച്ചു വിശുദ്ധ ഖുർആനും തിരുവചനങ്ങളും നൽകുന്ന വിവരണങ്ങളാണിത്‌. ഈ വിവര ണങ്ങൾ ഇസ്ലാമിലെ ദൈവസങ്കൽപ്പത്തെക്കുറിച്ചു സ്പഷ്ടമായ ഒരു കാഴ്ചപ്പാട്‌ പ്രദാനം ചെയ്യും. ഇസ്ലാമിലെ ദൈവസങ്കൽപ്പത്തെ തങ്ങ ളുടേതിനോട്‌ യോജിപ്പിക്കുവാൻ വേണ്ടി പലരും ശ്രമിച്ചിട്ടുണ്ട്‌. അവ യിലെ ഉപമകളെയും പ്രതീകാത്മക വർണനകളെയും ദുർവ്യാഖ്യാനം ചെയ്യാൻ ശ്രമിച്ചവരുമുണ്ട്‌. എന്നാൽ അത്തരം ശ്രമങ്ങൾക്കെല്ലാം ദയനീയ

നാം വിശുദ്ധ ഖുർആനിലേക്കും പ്രവാചകൻെറ തിരുവചനങ്ങളിലേക്കും തിരിഞ്ഞു നോക്കുമ്പോൾ ഇസ്ലാമിലെ ദൈവസങ്കൽപം എല്ലാവിധ വ്യാഖ്യാനങ്ങൾക്കുമതീതമായി തെളിഞ്ഞു കാണാം. സൂഫിസത്തിലെ വഴി പിഴച്ച പ്രസ്ഥാനക്കാർ, ഗ്രീക്കുതത്വചിന്തയെ അനുഗമിച്ച വേദാന്തചിന്തകർ, കേവലയുക്തിയെ മാത്രമവലംബമാക്കി മുന്നോട്ടു നീങ്ങിയ 'മുഅ്തസില' തുടങ്ങിയ കക്ഷിക്കാർ—ഇവരെല്ലാം ഇസ്ലാമിലെ ദൈവസങ്കൽപ്പത്തിന്നു ഭിന്നവ്യാഖ്യാനങ്ങൾ നൽകാൻ ശ്രമിച്ചവരാണ്. പക്ഷെ അവയ്ക്കെല്ലാമുപരിയായി, വ്യക്തവും സ്പഷ്ടവുമായ ഇസ്ലാമിലെ ദൈവസങ്കൽപ്പം വിശുദ്ധ ഖുർആനിലും തിരുവചനങ്ങളിലും തെളിഞ്ഞു കാണാം. അതുകൊണ്ടു വിശുദ്ധ ഖുർആനിലെയോ, ഹദീസ് ശരീഫിലെയൊ ദൈവസങ്കൽപ്പത്തെക്കുറിച്ചുള്ള ഏതെങ്കിലുമൊരു പരാമർശം പ്രത്യക്ഷത്തിൽ അന്യസങ്കൽപ്പങ്ങളോടു സദൃശമായി കാണപ്പെടുമ്പോഴും അവയുടെ വിശദീകരണത്തിനു വിശുദ്ധ ഖുർആനിലും നബിവചനങ്ങളിലുമുള്ള പരാമർശങ്ങളെത്തന്നെയാണ് ആശ്രയിക്കേണ്ടത്. 'ഖുർആൻ പരസ്പരം വിശദീകരണമാണ്'' എന്ന തത്വം സർവാംഗീകൃതമത്രെ. മാത്രമല്ല ഒരു പ്രശ്നത്തിൽ തർക്കമുത്ഭവിച്ചാൽ അതിൻെറ തീരുമാനത്തിനു വിശുദ്ധ ഖുർആനെയും പ്രവാചകനെയും അവലംബമാക്കണമെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. 'നിങ്ങൾ ഒരു കാര്യത്തിൽ ഭിന്നാഭിപ്രായക്കാരായിത്തീർന്നാൽ ആ സംഗതി നിങ്ങൾ അല്ലാഹുവിലേക്കും അവൻെറ ദൂതങ്കലേക്കും മടക്കുവിൻ—നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് നിങ്ങൾക്കുത്തമം' (വി. ഖു:4: 59).

# 7

# തൗഹീദ്
# അഥവാ ഏകദൈവവിശ്വാസം

ഇസ്ലാമിക ദൈവവിശ്വാസത്തിൻെറ കേന്ദ്രബിന്ദുവാണ് തൗഹീദ് അഥവാ ഏകദൈവവിശ്വാസം. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് സംവിധാനം ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പരാശക്തിയാണ് ദൈവം എന്നു വിശ്വസിച്ചതുകൊണ്ടു മാത്രം തൗഹീദ് പൂർത്തിയാകുന്നില്ല. ദിവ്യത്വത്തിൻെറ എല്ലാ സവിശേഷതകളും അവകാശാധികാരങ്ങളും അവന്നു മാത്രം അവകാശപ്പെട്ടതാണെന്നും മററാർക്കും അവയിൽ യാതൊരു പങ്കുമില്ലെന്നും വിശ്വസിക്കേണ്ടതുണ്ട്.

ദൈവത്തിൻെറ ഏകത്വത്തിലുള്ള ഈ ഊന്നലാണ് ഇതര മതങ്ങളെ അപേക്ഷിച്ചു ഇസ്ലാമിനുള്ള പ്രത്യേകതകളിൽ ഒന്ന്. പ്രപഞ്ചത്തിലേക്ക് കണ്ണോടിക്കുമ്പോഴും വസ്തുസ്ഥിതികളെ യുക്തിപൂർവം നിരീക്ഷിക്കുമ്പോഴും ഈ യാഥാർഥ്യം ബോധ്യപ്പെടുന്നതാണ്.

പ്രപഞ്ചത്തിൽ എവിടെ നോക്കിയാലും അത്യന്തം മനോഹരമായ ഒരു ഘടനയും താളൈക്യവും കാണാവുന്നതാണ്. ഒരു നിശ്ചിത നിയമവ്യവസ്ഥ അതിനെ ആകമാനം ചൂഴ്ന്നു നിൽക്കുന്നു. അതിസങ്കീർണവും അത്യന്തസൂക്ഷ്മവുമായ കോടാനുകോടി വസ്തുക്കൾ-സസ്യലതാദികളും ജീവജാലങ്ങളുമെല്ലാം-തികഞ്ഞ ഐക്യത്തോടും പരസ്പരാപേക്ഷയോടും കൂടി വർത്തിച്ചു കൊണ്ടിരിക്കുന്നു. നാനാത്വത്തിലെ ഈ ഏകത്വവും പരസ്പരാപേക്ഷയും സ്രഷ്ടാവിൻെറ ഏകത്വത്തെയാണ് വിളിച്ചറിയിക്കുന്നത്.

അതാണ് വിശുദ്ധ ഖുർആൻ പറഞ്ഞത്: 'നിങ്ങളുടെ ദൈവം ഏകദൈവമാകുന്നു. പരമ കാരുണികനും കരുണാനിധിയുമായ അവനല്ലാതെ ഒരു ദൈവമില്ല. ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകൾ മാറി മാറി വരുന്നതിലും ജനങ്ങൾക്ക് ഉപകാരപ്രദമായ വസ്തുക്കളുമായി സമുദ്രത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളിലും അല്ലാഹു ആകാശത്തു നിന്നു വർഷിപ്പിച്ച ജലത്തിലും—അങ്ങിനെ അതുമുഖേന ഭൂമിയെ

അതിൻെറ നിർജീവാവസ്ഥക്കു ശേഷം സജീവമാക്കുകയും നാനാതരം ജീവികളെ അതിൽ വ്യാപരിപ്പിക്കുകയും ചെയ്തതിലും-കാററിനേയും ആകാശഭൂമികൾക്കിടയിൽ അധീനപ്പെടുത്തപ്പെട്ട മേഘത്തേയും നിയന്ത്രിച്ചു നിറുത്തുന്നതിലും ബുദ്ധിയുള്ള ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്'' (2:163-164).

ഒരു രാജ്യത്തിനു ഒരു ഭരണാധികാരി, ഒരു യന്ത്രശാലക്ക് ഒരു മാനേജർ, ഒരു വണ്ടിക്ക് ഒരു ഡ്രൈവർ–ഇത് ലോകം സർവസമ്മതമായി അംഗീകരിച്ച ഒരു തത്വമാണ്. തുല്യാധികാരങ്ങളുള്ള രണ്ട് ശക്തികളുടെ സാന്നിധ്യം അപ്രായോഗികമെന്നപോലെ അപകടകരവുമാണ്. അവിടെ നിരന്തരം അധികാര വടംവലിയും കിടമൽസരവും നടന്നുകൊണ്ടിരിക്കും. അത്തരം ഒരവസ്ഥയിൽ ശാന്തിയും സമാധാനവും ക്രമവും വ്യവസ്ഥയും ഒന്നും നിലനിൽക്കുകയില്ല. എന്നാൽ പ്രപഞ്ചത്തിലെങ്ങും കാണപ്പെടുന്ന ചിട്ടയും ക്രമവും താളപ്പൊരുത്തവും വിളിച്ചോതുന്നത് അതിനെ നിയന്ത്രിക്കുന്ന രണ്ട് ശക്തികളില്ലെന്നാണ്; അങ്ങിനെയായിരുന്നെങ്കിൽ ലോകത്തിൻെറ നിലനിൽപ്പ് പണ്ടേ അപകടത്തിലാകുമായിരുന്നു. അതാണ് വിശുദ്ധ ഖുർആൻ ഇങ്ങിനെ പറഞ്ഞത്: 'അല്ലാഹു ഒരു സന്തതിയെ ജനിപ്പിച്ചിട്ടില്ല. അവൻെറ കൂടെ മററൊരു ദൈവവുമില്ല. അങ്ങിനെയായിരുന്നെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതിൻെറമേൽ അധികാരമുറപ്പിക്കുകയും അന്യോന്യം അടക്കി വാഴാൻ ശ്രമിക്കുകയും ചെയ്യുമായിരുന്നു (എന്നാൽ) അവർ വർണിക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനാണ് അല്ലാഹു'(23:91).

'അവ രണ്ടിലും (ആകാശഭൂമികളിൽ) അല്ലാഹുവെ കൂടാതെ വേറെയും ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അവ തകർന്നു പോകുമായിരുന്നു' (21:25).

യഥാർഥത്തിൽ എല്ലാ മതങ്ങളും അംഗീകരിച്ച ഒരു യാഥാർഥ്യമാണ് ദൈവത്തിൻെറ ഏകത്വം 1. ലോകത്തു വന്ന എല്ലാ മതങ്ങളുടെയും പ്രവാചകൻമാരുടെയും പ്രബോധനത്തിൻെറ കേന്ദ്രബിന്ദുവും ആധാരശിലയും അതുതന്നെയായിരുന്നു. ദൈവത്തിൻെറ ഏകത്വത്തിൽ അവർക്കിടയിൽ യാതൊരുവിധ അഭിപ്രായാന്തരവും ഉണ്ടായിരുന്നില്ല. ഈ വസ്തുത ഉണർത്തിക്കൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു:'(നബി!) താങ്കൾ പറയുക; അല്ലയോ വേദക്കാരേ! നമുക്കും നിങ്ങൾക്കും സ്വീകാര്യമായ ഒരു സിദ്ധാന്തത്തിലേക്ക് നിങ്ങൾ വരിക.(അതായത്) അല്ലാഹുവല്ലാതെ മററാർക്കും ഇബാദത്ത് ചെയ്യരുതെന്നും അവനോട് യാതൊന്നിനെയും പങ്കുചേർക്കരുതെന്നും, നമ്മിൽ ചിലർ ചിലരെ ദൈവങ്ങളാക്കി വെക്കരുതെന്നുമുള്ള കാര്യത്തിൽ'(3:64).

---

1. ക്രിസ്തുദർശനം P. 7

പൂർവികമതങ്ങൾ പ്രത്യക്ഷത്തിൽ ബഹുദൈവത്വപരമായ വിശ്വാസാചാരങ്ങളും ആരാധനാരീതികളും വെച്ചുപുലർത്തിയിരുന്നുവെങ്കിലും അടിസ്ഥാനപരമായി അവയും അംഗീകരിച്ചിരുന്നത് ഏകദൈവത്വമായിരുന്നുവെന്നു ചൂണ്ടിക്കാണിച്ചു കഴിഞ്ഞു. ഇന്നു ത്രിയേകത്വ (Trinity) ത്തിലാണ് ക്രൈസ്തവർ വിശ്വസിക്കുന്നതെങ്കിലും, ക്രൈസ്തവരുടെ യഥാർഥഭാവം ശുദ്ധ ഏകദൈവത്വത്തിലധിഷ്ഠിതമായിരുന്നുവെന്നു വിശുദ്ധ ഖുർആൻ ഓർമിപ്പിക്കുന്നു 1. മരണാനന്തരജീവിതത്തിൽ യേശു ക്രിസ്തുവും (ഈസാനബി) അല്ലാഹുവും തമ്മിൽ നടക്കുന്ന ഒരു സംവാദം ഖുർആൻ ഉദ്ധരിക്കുന്നത് കാണുക: ''അല്ലാഹു പറയുന്ന സന്ദർഭം ഓർക്കുക. ഓ മർയമിന്റെ പുത്രൻ ഈസാ! അല്ലാഹുവിനെ കൂടാതെ 'എന്നെയും എന്റെ മാതാവിനെയും നിങ്ങൾ ദൈവങ്ങളാക്കണ'മെന്നു നീ ജനങ്ങളോടു ആവശ്യപ്പെട്ടുവോ? ഈസ (അ) പറയും: നീ എത്ര പരിശുദ്ധൻ! എനിക്ക് അവകാശമില്ലാത്ത ഒരു സംഗതി തീർച്ചയായും ഞാൻ പറയുകയില്ല; ഞാൻ അത് പറഞ്ഞിട്ടുണ്ടെങ്കിൽ നീ അത് അറിയുമായിരുന്നു. എന്റെ മനസ്സിലുള്ളത് നീ അറിയുന്നു. നിന്റെ അടുക്കലുള്ളത് എനിക്ക് അജ്ഞാതമാണ്. നിശ്ചയം, നീ അദൃശ്യങ്ങളെല്ലാം നന്നായി അറിയുന്നവനത്രെ'' (5:116).

പ്രത്യക്ഷത്തിൽ ഏതെങ്കിലും ദൈവിക മതത്തിലോ പ്രവാചകനിലോ വിശ്വസിക്കാത്ത അറേബ്യൻ ബഹുദൈവാരാധകരും പ്രപഞ്ചാധിപനായ ദൈവം എന്ന നിലക്ക് ഏകനായ അല്ലാഹുവിനെത്തന്നെയാണ് അംഗീകരിച്ചിരുന്നത്, അവരെക്കുറിച്ചാണ് ഖുർആൻ പറഞ്ഞത്:

നബി! ചോദിക്കൂ: ആരുടേതാണ് ഭൂമിയും അതിലുള്ളവയും-നിങ്ങൾക്കറിയുമെങ്കിൽ (പറയൂ)!

അവർ പറയും: 'അല്ലാഹുവിന്നുള്ളതാണ്'. പറയുക; നിങ്ങൾ ചിന്തിക്കുന്നില്ലേ?

ചോദിക്കുക: ഏഴ് ആകാശങ്ങളുടെയും മഹത്തായ സിംഹാസനത്തിന്റെയും നാഥനാര്?

അവർ പറയും: 'അല്ലാഹുവിന്നുള്ളതാണ്!'

ചോദിക്കുക: 'നിങ്ങൾ ഭയപ്പെടുന്നില്ലേ?'

പറയുക: എല്ലാ വസ്തുക്കളുടേയും ആധിപത്യം ആരുടെ കയ്യിലാണ്? (എല്ലാവസ്തുക്കളെയും) രക്ഷിക്കുകയും അവന്നെതിരെ ഒരാളും രക്ഷിക്കപ്പെടാതിരിക്കയും ചെയ്യുന്നവൻ? നിങ്ങൾക്കറിയുമെങ്കിൽ (പറയൂ)!

1. ബർണബാസിന്റെ സുവിശേഷം ക്രിസ്തു ദൈവപുത്രനാണെന്ന വാദത്തെ നിരാകരിക്കുന്നു. 70, 93 എന്നീ അധ്യായങ്ങൾ കാണുക.

അവർ പറയും: അല്ലാഹുവിന്റേതാണ്!

പറയൂ! എന്നിട്ട് 'നിങ്ങൾ എങ്ങനെയാണ് വ്യതിചലിപ്പിക്കപ്പെടുന്നത്? ...

അവർ പങ്കു ചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ ഉന്നതനത്രെ അവൻ (23: 84-91).

മതങ്ങളും പ്രവാചകൻമാരും പഠിപ്പിച്ച ഒരു സനാതനസത്യമെന്നതിലുപരി മനുഷ്യമനസ്സിന്റെ വിളിയാളവും ഏകനായ ദൈവത്തെ ചൊല്ലിയാണ്. കടുത്ത നിസ്സഹായതയുടെ നിമിഷങ്ങളിൽ ഏകനായ ദൈവത്തെ വിളിച്ചാണ് മനുഷ്യൻ പ്രാർഥിക്കുകയെന്നു ഖുർആൻ ഉണർത്തുന്നു: 'പിന്നീട് നിങ്ങൾക്ക് ഒരു വിപത്ത് ബാധിക്കുമ്പോൾ അവനെയാണ് നിങ്ങൾ വിളിച്ചു പ്രാർഥിക്കുക' (16:53).

ദൈവത്തിന്റെ അസ്തിത്വത്തെയെന്നപോലെ അവന്റെ ഏകത്വത്തെയും വിളംബരം ചെയ്യുന്ന നൂറ്നൂറ് തെളിവുകൾ പ്രപഞ്ചമെങ്ങും വ്യാപിച്ചു കിടക്കുന്നുണ്ട്. അതുതന്നെയാണ് സത്യമെന്നു മനുഷ്യബുദ്ധിയും മനുഷ്യമനസ്സിന്റെ അന്തശ്ചോദനവും ഉൽഘോഷിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും അഹങ്കാരപ്രമത്തമായ മനസ്സ് ആ യാഥാർഥ്യം അംഗീകരിക്കാൻ വിസമ്മതിക്കുകയാണ്. അതാണ് ഖുർആൻ പറഞ്ഞത്: നിങ്ങളുടെ ദൈവം ഏകദൈവമാണ്. എന്നാൽ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കാത്തവരുടെ ഹൃദയങ്ങൾ അഹങ്കാരം നിമിത്തം (യാഥാർഥ്യം അംഗീകരിക്കാൻ) വിസമ്മതിക്കുകയാണ് (16:22). 1

## തൗഹീദിന്റെ യാഥാർഥ്യം

ഇസ്‌ലാമിലെ ഏകദൈവസിദ്ധാന്തത്തിന്റെ അടിസ്ഥാനമുദ്രാവാക്യമാണ്— 'ലാ ഇലാഹ ഇല്ലല്ലാഹു' (അല്ലാഹുവല്ലാതെ മറ്റൊരു 'ഇലാഹ്' ഇല്ല) എന്നത്. 'ഇലാഹ്' അല്ലാഹു മാത്രമാകുന്നു. അവനല്ലാതെ മറ്റൊരു 'ഇലാഹു'മില്ല. 'ഇലാഹ്' എന്ന അറബി പദത്തിന്, ദൈവം, ആരാധ്യൻ, ഈശ്വരൻ എന്നീ അർഥങ്ങൾ കൊടുത്തുകാണാറുണ്ട്. എന്നാൽ അവയൊന്നും ആ പദം ഉൾക്കൊള്ളുന്ന യഥാർഥ ആശയം അഭിവ്യഞ്ജിപ്പിക്കാൻ പര്യാപ്തമല്ല. അപൂർണവും ഭാഗികവുമായ അർഥം മാത്രമാണ് അവ പ്രതിഫലിപ്പിക്കുന്നത്.

'ഇലാഹ്' എന്ന പദത്തിന്റെ ശരിയായ വിവക്ഷ യഥാർഥത്തിൽ 'ഇബാദ'ത്തിനു അർഹനായവൻ എന്നാണ്. 'ഇബാദത്ത്' എന്നത് ഇസ്‌ലാ

---

1 ശഹീദ് ഹസനുൽ ബന്നയുടെ അൽഅഖാഇദ് എന്ന ഗ്രന്ഥം കാണുക.

മിലെ ഒരു സാങ്കേതികപ്രയോഗമാണ്. ആരാധന എന്നാണ് ഇതിന്റെ അർഥം.

ഇതര മതങ്ങളുടേതിൽ നിന്നെല്ലാം ഭിന്നമായ ഒന്നാണ് ഇസ്ലാമിലെ ദൈവവിഭാവന. അത് പൂർണമായും തെളിയിച്ചുകാട്ടുവാൻ അവശ്യം ആവശ്യമായ ഒന്നായതുകൊണ്ടാണ് ഈ സാങ്കേതിക ചർച്ച ഇവിടെ അവതരിപ്പിച്ചത്.

ചുരുക്കത്തിൽ 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന ഇസ്ലാമിലെ ഏകദൈവാദർശത്തിന്റെ വിവക്ഷ ഇതാണ്. ആരാധനയ്ക്കർഹനായി അല്ലാഹു മാത്രമേയുള്ളു.

അല്ലാഹുവിൽ വിശ്വസിക്കുക എന്നതിന്റെ താൽപ്പര്യം ഇതാണ്:

(1) അല്ലാഹുവിന്റെ ആസ്തിക്യത്തിൽ വിശ്വസിക്കുക; ദൈവസങ്കൽപ്പത്തിൽ വിശുദ്ധ ഖുർആനും മുഹമ്മദ് നബി (സ)യും വരച്ചുകാണിച്ച രൂപം അതേപടി അംഗീകരിക്കുക, ദൈവികസത്തയിലോ, സത്തയുടെ സവിശേഷതകളിലോ അല്ലാഹുവും പ്രവാചകനും പഠിപ്പിച്ചതിൽ നിന്നു ഭിന്നമോ, അതിന്നു വിരുദ്ധമോ ആയ ഒരു സങ്കൽപ്പവും ആരോപിക്കാതിരിക്കുക, ദൈവികസത്തയുമായി ബന്ധപ്പെട്ട വിശ്വാസധാരണകൾക്ക് പൂർണമായും വിശുദ്ധ ഖുർആനിനെയും പ്രവാചക വചനങ്ങളെയും മാത്രം ആധാരമാക്കുക.

(2) അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളായി (അസ്മാ ഉൽ ഹുസ്നാ) വിശുദ്ധ ഖുർആനും തിരുനബിയും വിവരിച്ച സമസ്ത ഗുണങ്ങളും ഉൾക്കൊള്ളുന്നവനാണ് അവൻ എന്നു വിശ്വസിക്കുക.

(3) മേൽപ്പറഞ്ഞ ദൈവികഗുണങ്ങളുടെ അനിവാര്യ താൽപ്പര്യങ്ങളായ അധികാരങ്ങൾ അവനു മാത്രം പ്രത്യേകമാണെന്നു വിശ്വസിക്കുക.

(4) ആ ഗുണങ്ങളുമായി സ്വാഭാവിക ബന്ധമുള്ളതും അവയുടെ ആവശ്യോപാധികളുമായ അവകാശങ്ങൾ അവന്നു മാത്രം പ്രത്യേകമാണെന്നു സമ്മതിക്കുക.

ദൈവികസത്തയിലുള്ള വിശ്വാസം ഇനിയും വിശദീകരിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഇസ്ലാമിലെ ദൈവസങ്കൽപ്പത്തെക്കുറിച്ച് മുൻപ് പല അധ്യായങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

ദൈവം ഉണ്ട് എന്നതോ, അവൻ ഏകനാണ് എന്നതോ മാത്രമല്ല, ഇസ്ലാമിലെ ഏകദൈവവിശ്വാസംകൊണ്ടുദ്ദേശിക്കപ്പെടുന്നത്. മറിച്ച്, അവനാണ് ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും ഭരണകർത്താവും നിയന്താവും എന്നു കൂടി വിശ്വസിക്കേണ്ടതുണ്ട്. പ്രപഞ്ചത്തിന്റെ ഗതി

വിഗതികൾ പൂർണമായും അവൻെറ നിയന്ത്രണത്തിനു വിധേയമാണ്. പ്രപഞ്ചത്തിലെ സമസ്ത വസ്തുക്കൾക്കും ആവശ്യമായ ജീവിതവിഭവം (Subsistance) പ്രദാനം ചെയ്യുന്നത് അവനാണ്. അവയുടെ നിലനിൽപ്പിനുവേണ്ട ഊർജം നൽകിക്കൊണ്ടിരിക്കുന്നതും അവൻ മാത്രമാണ്. പരമാധികാരത്തിൻെറ എല്ലാ ഗുണവിശേഷങ്ങളും (Attributes of Sovereignty) അവനു മാത്രമവകാശപ്പെട്ടതാണ്. മററാരാൾക്കും അവയിലൊന്നും യാതൊരുവിധ പങ്കോ ഭാഗഭാഗിത്വമോ ഇല്ല.

ദിവ്യത്വത്തിൻെറതായ എല്ലാ ഗുണവിശേഷങ്ങളുടെയും ഉടമ അവൻ മാത്രമാണ്. ആകാശഭൂമികളിലുള്ള സകല സംഗതികളും ദർശിച്ചുകൊണ്ടിരിക്കുന്നവനാണ് അവൻ. സകലതിനെക്കുറിച്ചും നേരിട്ടും സൂക്ഷ്മമായും അറിയുന്നവനാണവൻ. ആ ജ്ഞാനം വർത്തമാനകാലത്തിൽ മാത്രമൊതുങ്ങിനിൽക്കുന്നതല്ല; അത് ഭാവിയും ഭൂതവുമെല്ലാം ഉൾക്കൊള്ളുന്നതാണ്. സർവത്തെയും ദർശിക്കാനുള്ള ദൃഷ്ടിയും അദൃശ്യജ്ഞാനവും അവനല്ലാതെ മററാർക്കുമില്ല.

അവൻ അനാദ്യനും അനന്തനുമാകുന്നു. അവൻ ഒഴികെയുള്ളവയെല്ലാം നശ്വരമാണ്. യഥാർഥത്തിൽ സ്വയം ജീവിക്കുന്നവനും എന്നെന്നും ശേഷിക്കുന്നവനും അവൻ മാത്രമാണ്.

യുക്തിമാനാണ് അവൻ. അവൻെറ സകലവിധ പ്രവൃത്തികളും യുക്തി ബന്ധുരവും ഉദ്ദേശ്യപൂർവവുമായിരിക്കും. അജയ്യനും സർവശക്തനുമാണവൻ. അവൻെറ വിധികളും ശാസനകളും അനിഷേധ്യങ്ങളാണ്. ആദ്യന്തം നീതിമാനാണ് അവൻ. അവൻെറ നിയമങ്ങളും തീരുമാനങ്ങളും തികച്ചും നീതിപൂർവകങ്ങളായിരിക്കും. സൃഷ്ടികളുടെ എല്ലാ കർമങ്ങൾക്കും പ്രതിഫലം നൽകുന്നവനാണ് അല്ലാഹു–നന്മക്ക് നന്മയും തിന്മക്ക് തിന്മയും. സർവോപരി ഏകനാണ് അവൻ. ഈദൃശ ഗുണവിശേഷങ്ങളെല്ലാം അവനു മാത്രം പ്രത്യേകമാണ്. മററാർക്കും അവയിലോ അവയുടെ താല്പര്യങ്ങളിലോ യാതൊരു പങ്കുമില്ല.

അല്ലാഹിവിൻെറ ഏകത്വത്തിലും ഇതര ഗുണവിശേഷങ്ങളിലും വിശ്വസിക്കുന്നതിൻെറ അനിവാര്യതാൽപ്പര്യങ്ങൾ ഇവയാണ്: ആകാശഭൂമികളിലുള്ള സർവ ചരാചരങ്ങളും അല്ലാഹുവിൻെറ സൃഷ്ടികളാണ്. അവയെല്ലാം അവൻെറ അധീനത്തിലും ആശ്രിതത്വത്തിലുമാണുള്ളത്. അല്ലാഹുവിൻെറ മഹത്തായ അനുഗ്രഹവും ഔദാര്യവും വഴി ലഭിച്ചതല്ലാതെ യാതൊരുവിധ കഴിവോ ശക്തിയോ സൃഷ്ടികൾക്ക് സ്വന്തമായി ഇല്ല. അല്ലാഹുവിൻെറ ഇച്ഛക്കനുസരിച്ച് ആ കഴിവുകൾ നിലനിൽക്കുകയും ഇല്ലാതാവുകയും ചെയ്യും.

അല്ലാഹുവെയല്ലാതെ മററൊരു വസ്തുവിനെയും രക്ഷാകർത്താവോ പ്രപഞ്ച നിയന്താവോ ആയി അംഗീകരിക്കരുത്. മനുഷ്യന്റെ ആവശ്യനിർവഹണത്തിനും വിഷമങ്ങൾ പരിഹരിക്കുന്നതിനും കഴിവുള്ളവനായി അവനെ മാത്രമേ അംഗീകരിക്കാവൂ. ആപത്തിൽ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും രഹസ്യങ്ങൾ അറിയുന്നതിനും അവന് മാത്രമേ കഴിയൂ.

മനുഷ്യന്റെ എല്ലാ കാര്യങ്ങളും അവന്റെ തീരുമാനത്തിന് വിധേയവും അവന്റെ അധികാരപരിധിയിൽ ഒതുങ്ങുന്നതുമാണ്. രക്ഷിക്കാനും ശിക്ഷിക്കാനും ഉപകാരങ്ങളും ഉപദ്രവങ്ങളും ഏല്പിക്കാനും അവനല്ലാതെ മററാർക്കും കഴിയില്ല. അതുകൊണ്ട് അവനൊഴികെ മററാരേയും ഭയപ്പെടുകയോ മററാരിലും പ്രതീക്ഷകൾ അർപ്പിക്കുകയോ ചെയ്യാൻ പാടില്ല. അവന്റെ അനുഗ്രഹത്തെ മാത്രമേ ആശിക്കാവൂ. അവനെ മാത്രമേ ഭയപ്പെടാവൂ. അല്ലാഹുവിങ്കലല്ലാതെ മററാരിലും കാര്യങ്ങൾ ഭരമേൽപ്പിക്കുകയോ മററാരോടെങ്കിലും ഭക്തിപ്രദർശിപ്പിക്കുകയോ ചെയ്യാൻ പാടില്ല.

ആരാധനയുടെ ഇനത്തിൽപ്പെടുന്ന സകല കർമങ്ങളും ചലനങ്ങളും അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാണ്. അവനെ കൂടാതെ മററാരെയും ആരാധിക്കുവാൻ പാടില്ല. നേർച്ചയും വഴിപാടും അവന് മാത്രമേ പാടുള്ളു. അവന്റെ മുമ്പിൽ മാത്രമേ തല കുനിക്കാവൂ. സാഷ്ടാംഗപ്രണാമം അവന് മാത്രമേ ചെയ്യാവൂ. നിരുപാധികമായ അനുസരണവും സ്നേഹവും അവന് മാത്രമേ അർപ്പിക്കാവൂ.

അല്ലാഹുവല്ലാതെ ഒരാളെയും വിളിച്ച് പ്രാർഥിക്കാൻ പാടില്ല. അദൃശ്യ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട അഭയം അവനോട് മാത്രമേ ചോദിക്കാവൂ. ദൈവവിധിയിലോ ദൈവികപ്രവർത്തനങ്ങളിലോ പങ്കാളികളായും സ്വാധീനം ചെലുത്താൻ കഴിവുള്ളവരായും മററാരേയും സങ്കൽപ്പിക്കുവാനോ വിളിച്ചു സഹായം തേടാനോ പാടില്ല. അല്ലാഹുവിങ്കലേക്ക് മധ്യസ്ഥന്മാരെ സ്വീകരിക്കാൻ പാടില്ല. അല്ലാഹുവിനോട് നേരിട്ട് മാത്രമേ പ്രാർഥിക്കാവൂ. അവങ്കൽ സ്വാധീനം ചെലുത്താനോ ശുപാർശ ചെയ്ത് കാര്യം സാധിക്കാനോ ആർക്കും കഴിവില്ല.

മനുഷ്യന്റെയും അഖിലലോകത്തിന്റെയും സൃഷ്ടികർത്താവും നാഥനും ഉടമാവകാശിയും അവൻ മാത്രമാണ്. അതുകൊണ്ടു തന്നെ സർവചരാചരങ്ങളെയും മനുഷ്യനെയും സംബന്ധിച്ച പരമവും അന്യൂനവുമായ ജ്ഞാനം അവന് മാത്രമേ ഉള്ളു; ദൈവപ്രീതിക്ക് ആധാരമായ മാർഗദർശനം നൽകാൻ അവന് മാത്രമേ അവകാശമുള്ളു. മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദേശിക്കുന്ന ജീവിതവ്യവസ്ഥ പ്രദാനം ചെയ്യാനും അർഹതയുള്ളത് അവന് മാത്രമാണ്.

അഖില പ്രപഞ്ചത്തിന്റെയും പരമാധികാരി അല്ലാഹു മാത്രമാണ്. അല്ലാഹുവിന്റെ പരമാധികാരം പ്രകൃത്യതീത ശക്തികളിൽ മാത്രം പരിമിതമല്ല. ആകാശത്തിലെന്നപോലെ ഭൂമിയിലും അവൻ തന്നെയാണ് വിധികർത്താവ്. ഉപരിലോകങ്ങളിലും പ്രപഞ്ചചരാചരങ്ങളിലുമെന്നപോലെ ഭൂമിയിൽ സൃഷ്ടികൾക്കിടയിലും വിധികർതൃത്വാവകാശം അവന്റേതു മാത്രമാണ്. കൽപ്പിക്കുവാനും വിരോധിക്കുവാനും സ്വാഭിലാഷം പൂർത്തീകരിക്കുവാനും യഥാർഥത്തിൽ അർഹതയുള്ളത് അവന്നു മാത്രമാണ്. അവൻ ഒരുവൻ മാത്രമാണ് യഥാർഥ വിധികർത്താവും ഭരണാധിപനും. സൃഷ്ടികളുടെ ജീവിതകർത്തവ്യം നിർവഹിക്കുവാനും അവരുടെ പ്രശ്നങ്ങളിൽ തീരുമാനം കൽപ്പിക്കുവാനും ശിക്ഷിക്കുവാനും മാപ്പരുളുവാനും ഉള്ള സർവാധികാരങ്ങളും അവന്റെ ഹസ്തങ്ങളിൽ നിക്ഷിപ്തമാണ്.

പരമാധികാരത്തിന്റെ ഉടമ എന്ന നിലക്ക് അവന്റെ നിയമത്തിന്നായിരിക്കണം പരമമായ നിയമപദവി ലഭിക്കേണ്ടത്. ആരാധനാക്രമങ്ങളും ധാർമിക ചട്ടങ്ങളുമെന്നപോലെതന്നെ സാൻമാർഗിക നിയമങ്ങളും നിർമിക്കാനുള്ള പരമാധികാരം അവനുള്ളതാണ്. അവന്റെ നിയമവ്യവസ്ഥ അനുസരിച്ചുവേണം സാമൂഹ്യ രാഷ്ട്രീയവ്യവസ്ഥകൾ ചലിപ്പിക്കപ്പെടുവാൻ. നിയമപരവും രാഷ്ട്രീയവുമായ പരമാധികാരം മററാർക്കും വകവെച്ചു കൊടുക്കുവാൻ പാടില്ല.

അല്ലാഹുവിൽ വിശ്വസിക്കുന്ന മനുഷ്യൻ അവന്റെ മാത്രം ദാസനും ആജ്ഞാനുവർത്തിയുമായിരിക്കും. തന്റേതായ സകലതും ദൈവത്തിങ്കൽ നിന്നും വിശ്വസിച്ചേൽപ്പിച്ചിട്ടുള്ള അനാമത്തായാണ് അവൻ മനസ്സിലാക്കുക. സ്വന്തവും സ്വതന്ത്രവുമായ അധികാരം ഒന്നിലും ഉണ്ടായിരിക്കുകയില്ല. എല്ലാം ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് അവൻ നിർദേശിക്കുന്ന വിധത്തിൽ കൈകാര്യം ചെയ്യുന്ന ഒരു പ്രതിനിധിയുടെ സ്ഥാനം മാത്രമാണ് അവനുള്ളത്. ചെറുതും വലുതുമായ സകല കാര്യങ്ങൾക്കും സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്നും കർമങ്ങളുടെ ഗുണദോഷഫലങ്ങൾ അനുഭവിക്കേണ്ടിവരുമെന്നുമുള്ള ബോധം അല്ലാഹുവിൽ വിശ്വസിക്കുന്ന മനുഷ്യന്റെ ഓരോ കാൽവെപ്പിനെയും നിയന്ത്രിച്ചുകൊണ്ടിരിക്കും. തന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് മാനദണ്ഡമായി അല്ലാഹുവിന്റെ ഇഷ്ടാനിഷ്ടങ്ങളെയാണ് അവൻ മുമ്പിൽ കാണുക. ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം ദൈവപ്രീതി നേടുക എന്നതായിരിക്കും. സകലവിധ കർമങ്ങളുടെയും പ്രേരകം അതു മാത്രമായിരിക്കും. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും എല്ലാ മേഖലകളിലും മാർഗദർശനമരുളുവാനുള്ള ഏകാവലംബം ദൈവികനിർദേശങ്ങളായിരിക്കും. ദൈവികശാസനകൾക്കും നിയമനിർദേശങ്ങൾക്കും വിരുദ്ധമായതെന്തും അബദ്ധവും വർജ്യവുമായിരിക്കും.

തൗഹീദിൻെറ—ഏകദൈവവിശ്വാസത്തിൻെറ—വിവക്ഷയുടെ സംക്ഷിപ്തരൂപമാണ് ഇവിടെ വിവരിച്ചത്. തൗഹീദ് വിഭാവനം പൂർണമാകണമെങ്കിൽ അതിൻെറ വിപരീതാദർശമായ ശിർക്കിൻെറ (ബഹുദൈവത്വത്തിൻെറ) യാഥാർഥ്യം കൂടി ഗ്രഹിച്ചിരിക്കേണ്ടതുണ്ട്. തൗഹീദ് സ്ഥാപനത്തിന് വിശുദ്ധ ഖുർആൻ അവലംബിച്ച രീതിയും അതുതന്നെയാണ്. ശിർക്കിനെ വിശുദ്ധ ഖുർആൻ സമഗ്രമായി അപഗ്രഥിച്ചിട്ടുള്ളതു കാണാം. 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന ആദർശവാക്യം തന്നെ ശിർക്ക് നിഷേധം കൊണ്ടാണ് ആരംഭിക്കുന്നത്. തൗഹീദിൻെറ അനിവാര്യോപാധിയാണ് ശിർക്ക് നിഷേധം എന്ന് അത് വ്യക്തമാക്കുന്നു.

## ശിർക്ക് അഥവാ ബഹുദൈവത്വം

ശിർക്ക് എന്ന പദത്തിൻെറ അർഥം പങ്കാളിയാക്കുക എന്നാകുന്നു. അല്ലാഹുവിൻെറ സത്തയിലോ ഗുണങ്ങളിലോ ആ ഗുണങ്ങളുടെ താല്പര്യങ്ങളിലോ ഏതെങ്കിലും ഒരു വസ്തുവിനെ പങ്കുചേർക്കുന്നതിനെയാണ് ഇസ്‌ലാമിൻെറ സാങ്കേതികഭാഷയിൽ ശിർക്ക് എന്നു പറയുന്നത്. തൗഹീദിൻെറ വിശദാംശങ്ങൾ മുകളിൽ പ്രതിപാദിച്ചുകഴിഞ്ഞിട്ടുണ്ട്. അവക്ക് വിപരീതമായി വരുന്നതെല്ലാം ശിർക്കായിരിക്കും. ശിർക്കിനെക്കുറിച്ചുള്ള ചർച്ചയാരംഭിക്കുന്നതിനു മുമ്പ് ബഹുദൈവത്വത്തിൻെറ യഥാർഥ നില എന്തെന്ന് പരിശോധിക്കാം.

ബഹുദൈവങ്ങളിൽ വിശ്വസിക്കാൻ ദൈവികമതങ്ങളോ പ്രവാചകന്മാരോ പഠിപ്പിച്ചിട്ടില്ല. ഏതെങ്കിലുമൊരു പ്രവാചകൻ ബഹുദൈവങ്ങളിൽ വിശ്വസിക്കാൻ ആഹ്വാനം ചെയ്തതായി കേട്ടിട്ടില്ല ബഹുദൈവങ്ങളിൽ വിശ്വസിക്കുന്ന മത സമുദായങ്ങൾ തന്നെ തങ്ങളുടെ യഥാർഥ ദൈവം ഏകനാണെന്നു സമ്മതിക്കുന്നുണ്ട്. പ്രപഞ്ചത്തിൻെറ സ്രഷ്ടാവും സംരക്ഷകനും ഏകനും സർവശക്തനുമായ ഒരുവനാണെന്ന് അവരെല്ലാം അംഗീകരിക്കുന്നു.

ഒരു യാഥാർഥ്യം എന്നതിലുപരി മനുഷ്യമനസ്സിൻെറ ദൗർബല്യത്തിൽ നിന്നുടലെടുത്ത ഒരു വിശ്വാസമാണത്. അർഥശൂന്യവും യുക്തിഹീനവുമായ ഒരു ധാരണയാണത്. ദൈവത്തിൻെറ ഏകത്വത്തെ പ്രതിനിധാനം ചെയ്യുന്ന അസംഖ്യം തെളിവുകൾ പ്രപഞ്ചത്തിലെവിടെയും കാണാം. എന്നാൽ ബഹുദൈവവാദത്തിനനുകൂലമായ ഒരു തെളിവും എവിടെയും കണ്ടെത്തുക സാധ്യമല്ല.

ബഹുദൈവങ്ങളിൽ വിശ്വാസമർപ്പിക്കുന്ന ഒരുവൻെറ മനസ്സ് നിരന്തര സംഘട്ടനത്തിലായിരിക്കും. ആരിലാണ് അർപ്പിക്കേണ്ടത്? ആരെയാണ് വിളിച്ചു പ്രാർഥിക്കേണ്ടത്? ഈ ചോദ്യം അവനെ സദാ അലട്ടിക്കൊണ്ടി

രിക്കും. എല്ലാവരെയും വിളിച്ചു പ്രാർഥിക്കുമ്പോഴും എല്ലാവരുടെയും മാർഗദർശനം സ്വീകരിക്കാമെന്ന് വെക്കുമ്പോഴും സംഘർഷം മൂർഛരിക്കുന്നു. ബഹുദൈവവിശ്വാസിയുടെ മാനസികാവസ്ഥ ഒരുപമയിലൂടെ വിശുദ്ധ ഖുർആൻ ചിത്രീകരിക്കുന്നത്, അവൻ രണ്ട് യജമാനന്മാരുള്ള ഒരു അടിമപോലെയാണെന്നാണ്. (ബഹുദൈവവിശ്വാസിയെ) പരസ്പരം അവകാശത്തർക്കം നടത്തിക്കൊണ്ടിരിക്കുന്ന വിവിധ ഉടമസ്ഥന്മാരുടെ കൂട്ടായ ഉടമസ്ഥതയിലുള്ള ഒരു അടിമയോടാണ് അല്ലാഹു ഉപമിച്ചിരിക്കുന്നത്. (സത്യവിശ്വാസിയെ) ഒരാളുടെ മാത്രം കീഴിലുള്ള ഒരുവനോടും, അവർ ഇരുപേരും തുല്യരാകുമോ? (39:29). രണ്ടുപേരും രണ്ടു വിധത്തിൽ അവനോട് കൽപ്പിക്കുന്നു. ഒരാളെയും വേണ്ടവിധത്തിൽ സേവിക്കാൻ അവന് കഴിയാതെ പോകുന്നു! അന്തസ്സംഘർഷത്തിന്റെ പിരിമുറുക്കം അവനെ എപ്പോഴും ശല്യപ്പെടുത്തിക്കൊണ്ടിരിക്കും.

ബഹുദൈവവിശ്വാസത്തിന്റെ പൊള്ളത്തരം വ്യക്തമാക്കുന്ന ചില ഉപമകൾ വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുണ്ട്. അവ താഴെ ഉദ്ധരിക്കാം:

''വല്ലവനും അല്ലാഹുവിന് പങ്കാളിയെ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവൻ ആകാശത്തുനിന്നും വീണവനെപ്പോലെയാണ്. പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടുപോകും. അല്ലെങ്കിൽ ഒരു വിദൂരപ്രദേശത്ത് കാററ് അവനെ കൊണ്ടുപോയി എറിയും'' (22:31).

ദുർബലവും അടിയുറപ്പില്ലാത്തതുമായ സിദ്ധാന്തമാണ് അതെന്ന് സാരം. അതിനെ ആശ്രയിക്കുന്നവന്റെ ഗതി കാററിലാടുന്ന കരിയില പോലെയും ഒഴുക്കിൽപ്പെട്ട ചണ്ടിപോലെയുമായിരിക്കും.

''ഓ മനുഷ്യരേ, ഇതാ ഒരു ഉപമ വിവരിക്കാൻ പോകുന്നു. നിങ്ങൾ അത് ശ്രദ്ധാപൂർവം കേൾക്കുക. അല്ലാഹുവിനെ വിട്ട് നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്ന വസ്തുക്കൾ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല; അതിനുവേണ്ടി അവരെല്ലാവരും ഒന്നായി സംഘടിച്ചിരുന്നാൽ പോലും. അവരുടെ പക്കൽനിന്ന് വല്ലതും ഈച്ച തട്ടിയെടുത്തുകൊണ്ടുപോയാൽ ഈച്ചയുടെ പക്കൽ നിന്ന് അത് തിരിച്ചുവാങ്ങാൻ പോലും അവർക്ക് കഴിയില്ല. (സഹായം) അർഥിക്കുന്നവനും അർഥിക്കപ്പെടുന്നവനും ദുർബലൻതന്നെ!'' (22:73).

മരിച്ചുപോയ മഹാത്മാക്കളെയും വിഗ്രഹങ്ങളെയും വിളിച്ചു പ്രാർഥിക്കുകയും അവരോടു സഹായമർഥിക്കുകയും ചെയ്യുന്നവരുടെ കഥയാണിത്; വിഗ്രഹാരാധകൻ വിഗ്രഹത്തെ പോലെ തന്നെ ദുർബലനായിരിക്കുമെന്നർഥം.

'അല്ലാഹുവെ കൂടാതെ മററുള്ളവരെ രക്ഷാധികാരികളാക്കിവെക്കുന്ന വരുടെ ഉപമ എട്ടുകാലിയുടേത് പോലെയാണ്. അത് ഒരു വീടുണ്ടാക്കി. വീടുകളിൽ വെച്ച് ഏററവും ബലഹീനമായതത്രേ എട്ടുകാലിയുടേത്. (കഷ്ടം) അവർ കാര്യബോധമുള്ളവരായിരുന്നെങ്കിൽ!' (29: 41).

'ശിർക്ക്'' അഥവാ അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ ഒരു നിസ്സാര സംഗതിയല്ല. അത് വളരെ ഗൗരവമേറിയ ഒന്നാണ്. ഈ ലോകത്തെ ചരാചരങ്ങളെ മുഴുവൻ സൃഷ്ടിച്ച് സംരക്ഷിച്ചുകൊണ്ടിരിക്കുന്ന സർവശക്തനായ ദൈവത്തിൻെറ സ്ഥാനവും അവകാശാധികാരങ്ങളും യാതൊരു അർഹതയുമില്ലാത്തവർക്ക് പങ്കുവെച്ചുകൊടുക്കുക എന്നത് വളരെ ഗുരുതരമായ സംഗതിയാണ്. അതുകൊണ്ടാണ് ഏററവും കടുത്ത അക്രമവും പൊറുക്കപ്പെടാത്ത പാപവുമായി വിശുദ്ധ ഖുർആൻ ശിർക്കിനെ വിശേഷിപ്പിച്ചത്.

'തന്നോട് പങ്കുചേർക്കുക എന്നത് അല്ലാഹു പൊറുക്കുകയില്ല തന്നെ. അതൊഴികെയുള്ളതെല്ലാം താൻ ഇച്ഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവിനോട് പങ്കുചേർക്കുന്നുവോ അവൻ ഭയങ്കര കള്ളമാണ് കെട്ടിച്ചമച്ചിരിക്കുന്നത്'' (4:43).

'തീർച്ചയായും ശിർക്ക് കടുത്ത അക്രമമത്രെ' (31:13).

ഒരു വസ്തുവെ അതിൻെറ സ്ഥാനത്തു നിന്നും തെററിക്കുന്നതിനാണ് അക്രമം എന്നു പറയുന്നത്. അല്ലാഹുവാണ് പ്രപഞ്ചത്തിൻെറ അധിപനും ആരാധ്യനുമെന്നും അവൻ മാത്രമാണ് ആരാധനക്കു അർഹനെന്നും വിളിച്ചറിയിക്കുന്ന നൂറുനൂറ് ദൃഷ്ടാന്തങ്ങൾ പ്രപഞ്ചത്തിലെവിടെയും വ്യാപിച്ചുകിടക്കുന്നുണ്ട്. പ്രപഞ്ചത്തിൽ മാത്രമല്ല, നമ്മുടെ ശരീരത്തിലും അനുഭവത്തിലും അത് പ്രകടമാണ്. പ്രവാചകന്മാരുടെ അധ്യാപനങ്ങളും പൂർവവേദങ്ങളും അതിന് സാക്ഷ്യങ്ങളാണ്. അല്ലാഹു അല്ലാത്ത വസ്തുക്കൾക്ക് ദിവ്യത്വം കൽപ്പിക്കുന്നതിന് യാതൊരു തെളിവും എങ്ങും കണ്ടെത്തുക സാധ്യമല്ല യഥാർഥമായ വല്ല സാക്ഷ്യമോ വിജ്ഞാനമോ അനുഭവനിരീക്ഷണമോ കൂടാതെ കേവലം ഊഹാനുമാനങ്ങളെ ആധാരമാക്കിയോ പൂർവികരെ അന്ധമായി അനുകരിച്ചോ വല്ലവനും ഇതരവസ്തുക്കൾക്ക് ദിവ്യത്വം കൽപ്പിക്കുന്നുവെങ്കിൽ അതിൽപരം അക്രമമെന്തുണ്ട്? അവൻ പ്രാപഞ്ചികമായ പരമസത്യത്തോട് അക്രമം ചെയ്യുന്നു. അഥവാ സത്യത്തിൻെറ യഥാർഥ സ്ഥാനത്തുനിന്നും സത്യത്തെ തെററിക്കുന്നു. അങ്ങിനെ തന്നോടുതന്നെ അക്രമം ചെയ്യുന്നു. ഈ സിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ ബന്ധപ്പെടുന്ന എല്ലാ വസ്തുക്കളോടും അക്രമം ചെയ്യുന്നു. യഥാർഥത്തിൽ മറെറല്ലാ തെററുകളും അതിനേക്കാൾ ലഘുവാണ്.

## *ശിർക്കിൻെറ സ്വഭാവം*

ഇനി ശിർക്കിൻെറ വിവിധ ഇനങ്ങൾ പരിശോധിക്കാം

1. അല്ലാഹുവിൻെറ സത്തയുമായി ബന്ധപ്പെട്ടത്
2. അല്ലാഹുവിൻെറ ഗുണങ്ങളുമായി ബന്ധപ്പെട്ടത്
3. അവയുടെ അനിവാര്യ താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ടത്

അല്ലാഹുവിൻെറ സത്തയുമായി ബന്ധപ്പെട്ട ശിർക്കിൻെറ രൂപങ്ങൾ ഇവയാണ്: വല്ലവരേയും ദൈവത്തിൻെറ സമജാതിയായി ഗണിക്കുക. ദൈവത്തിൻെറ സത്തയുടെ സവിശേഷതകൾ അവർക്കുണ്ടെന്ന് സങ്കൽപ്പിക്കുക. അവന് പിതാവിനേയോ പുത്രനേയോ മാതാവിനേയോ പുത്രിയേയോ കല്പിക്കുക. ദൈവം മററസ്തിത്വവുമായി ചേർന്ന് ആകാരം പൂണ്ടതായി സങ്കല്പിക്കുക. അവൻ ഏതെങ്കിലുമൊരു സൃഷ്ടിയുടെ രൂപം സ്വീകരിച്ച് അവതാരമായി പ്രത്യക്ഷപ്പെടുന്നുവെന്ന് വിശ്വസിക്കുക.

ഇവയെല്ലാം ദൈവികസത്തയിലുള്ള ശിർക്കിൻെറ രൂപങ്ങളാണ്. ഇതിൻെറ വിവിധ രൂപങ്ങൾ വിശുദ്ധ ഖുർആൻ എടുത്തുദ്ധരിക്കുകയും ശക്തിയായി വിമർശിക്കുകയും ചെയ്തിട്ടുണ്ട്.

ശിർക്കിൻെറ രണ്ടാമത്തെ ഇനം ദൈവികഗുണങ്ങളിൽ ചിലത് മററുള്ളവർക്ക് കൽപ്പിച്ചുകൊടുക്കുകയെന്നുള്ളതാണ്. അല്ലാഹുവിൻെറ ഗുണവിശേഷങ്ങൾ ഏത് അർഥത്തിലാണോ അവനിലുള്ളത് അതേ അർഥത്തിൽ മററുള്ളവരിലും ഉണ്ടെന്ന് സങ്കൽപ്പിക്കലാണ് ഉദ്ദേശ്യം.

ഖുർആൻെറ അവതരണകാലത്തെ അറബികൾ വിഗ്രഹങ്ങളെ പൂജിക്കുകയും പൂർവികരായ മഹാത്മാക്കളെ വിളിച്ചു പ്രാർഥിക്കുകയും ചെയ്തിരുന്നു. സർവശക്തനായ ദൈവം എന്ന നിലക്കായിരുന്നില്ല അവർ അവയെ ആരാധിച്ചു പോന്നത്. മറിച്ച് ദൈവത്തിൽ സ്വാധീനം ചെലുത്തുവാനും ശുപാർശ നടത്തുവാനും കഴിവുള്ള ശക്തികൾ എന്ന നിലക്കു മാത്രമായിരുന്നു. രഹസ്യങ്ങൾ അറിയാനും ഉപകാരവും ഉപദ്രവവും ചെയ്യാനും അവക്ക് കഴിയുമെന്നായിരുന്നു അവരുടെ വിശ്വാസം. ഇപ്രകാരം ദൈവത്തിനു മാത്രമുള്ള പ്രത്യേകമായ ഗുണവിശേഷങ്ങൾ അപരൻമാർക്ക് കല്പിച്ചുകൊടുക്കൽ ഫലത്തിൽ അവരെ കൂടി ദിവ്യത്വത്തിൽ പങ്കുചേർക്കലാണ്.

ശിർക്കിൻെറ മൂന്നാമത്തെ ഇനം ദൈവികഗുണങ്ങളുടെ അനിവാര്യ താല്പര്യങ്ങളായി വരുന്ന അവകാശാധികാരങ്ങൾ അല്ലാഹുവല്ലാത്തവർക്കുകൂടി അംഗീകരിച്ചുകൊടുക്കലാണ്. ഉദാഹരണമായി യഥാർഥ സ്നേഹവും നിരുപാധികമായ കീഴ്വണക്കവും ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ്. പ്രപഞ്ചത്തിൻെറ പരമാധികാരം ദൈവത്തിനു മാത്രം അവകാ

ശപ്പെട്ടതാകുന്നു. ഭരമേൽപ്പിക്കപ്പെടുവാനും സങ്കടങ്ങൾ ഉണർത്തിക്കപ്പെടുവാനും അവൻ മാത്രമാണ് അവകാശി. ആരാധന, പൂജ, പ്രാർഥന എന്നിവക്കുള്ള അവകാശം മററുള്ളവർക്ക് വകവെച്ചുകൊടുക്കൽ ഫലത്തിൽ അവരെ ദിവ്യത്വപദവിയിലേക്ക് ഉയർത്തലാണ്. ഇതും ശിർക്ക് തന്നെ. അല്ലാഹുവിൻെറ വിധിയെ മാററാൻ കഴിയുംവിധം അവങ്കൽ സ്വാധീനമുള്ള ശുപാർശകരെ സങ്കല്പിക്കലും അവങ്കലേക്ക് മധ്യസ്ഥന്മാരെ കല്പിക്കലുമെല്ലാം ദിവ്യത്വത്തിൽ പങ്കുചേർക്കലാണ്.

ദിവ്യത്വത്തെ ബഹുദൈവവാദികൾ എക്കാലത്തും രണ്ടായി ഭാഗിച്ചു പോന്നിട്ടുണ്ട്. കാര്യകാരണ ബന്ധങ്ങളുടെ മേൽ ആധിപത്യം ചെലുത്തുന്നതും ആവശ്യനിവൃത്തിക്കും വിഷമനിവാരണത്തിനും വേണ്ടി അഭയം തേടുന്നതുമായ പ്രകൃത്യതീത (super natural) ദിവ്യത്വം ആണ് ഒന്ന്. ഈ ദിവ്യത്വത്തിൽ ആത്മാക്കൾ, മലക്കുകൾ, ജിന്നുകൾ, നക്ഷത്രങ്ങൾ തുടങ്ങിയ വസ്തുക്കളെ അല്ലാഹുവിനോട് അവർ പങ്കുചേർക്കുന്നു. അവയോട് പ്രാർഥിക്കുകയും അവയുടെ മുമ്പിൽ ആരാധനാചടങ്ങുകൾ നിർവഹിക്കുകയും അവയുടെ സന്നിധിയിൽ നേർച്ചാവഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നു.

രണ്ടാമത്തേത് ജീവിത ഇടപാടുകളുമായി ബന്ധപ്പെട്ടതാണ്. ജീവിതനിയമങ്ങൾ നിശ്ചയിക്കാൻ അർഹതയുള്ള, ലൗകിക ഇടപാടുകളിൽ ആധിപത്യം നടത്തുവാൻ നിരുപാധികവും സ്വതന്ത്രവുമായ അധികാരങ്ങളുള്ള നാഗരിക രാഷ്ട്രീയദിവ്യത്വം. ഈയിനത്തിൽപ്പെട്ട ദിവ്യത്വം അല്ലാഹുവിങ്കൽ നിന്നും പിടിച്ചെടുത്ത് അഥവാ അല്ലാഹുവിനോട് പങ്കുചേർത്ത് രാജകുടുംബങ്ങൾ, മതപുരോഹിതന്മാർ, സമുദായനേതാക്കൾ മുതലായവർക്ക് ഭാഗിച്ചു കൊടുക്കുന്നു. മിക്ക രാജകുടുംബങ്ങളും ഈ അർഥത്തിലുള്ള ദിവ്യത്വവാദികളായിരുന്നു. ആ വാദത്തെ അരക്കിട്ടുറപ്പിക്കുവാനായി ആദ്യം പറഞ്ഞ അർഥത്തിലുള്ള ദൈവങ്ങളുടെ സന്തതികളാണ് തങ്ങൾ എന്ന് പൊതുവിൽ അവർ വാദിക്കുകയും ചെയ്തു. വിശുദ്ധ ഖുർആൻ 2:258-ൽ ഉദ്ധരിച്ചിട്ടുള്ള ഇബ്രാഹീം നബി (അ) യുടെ സമകാലികനായിരുന്ന നംറൂദിൻെറ ദിവ്യത്വം ഇവിടെ പറഞ്ഞ രണ്ടാം വിഭാഗത്തിന് ഉദാഹരണമാണ്. അല്ലാഹുവിൻെറ അസ്തിത്വത്തെ അവർ നിഷേധിച്ചിരുന്നില്ല. ആകാശഭൂമികളുടെ സ്രഷ്ടാവും പ്രപഞ്ചത്തിൻെറ നിയന്താവും താനാണെന്നായിരുന്നില്ല അയാളുടെ വാദം. നേരെ മറിച്ച് ഇറാഖ് ദേശത്തിൻെറയും അതിലെ ജനങ്ങളുടെയും സർവാധിപതി താനാണ്; തൻെറ വാക്ക് നിയമമാണ്; താൻ ഉത്തരം ബോധിപ്പിക്കേണ്ടയാതൊരാധിപത്യവും തനിക്കു മീതെയില്ല—എന്നെല്ലാമാണ് അയാൾ അവകാശപ്പെട്ടത്. ഈ സന്ദർഭത്തിൽ ലോകരക്ഷിതാവിനെ മാത്രമാണ് താൻ നാഥനും ആരാധ്യനുമായി അംഗീകരിക്കുന്നതെന്നും അവനൊഴികെ മററു സകലരുടെയും ദിവ്യത്വവും യജമാനത്വവും പൂർണമായി നിഷേധിക്കു

ന്നുവെന്നും പ്രഖ്യാപിച്ചപ്പോഠം രാഷ്ട്രത്തിനും അതിന്റെ കേന്ദ്രാധിപത്യത്തിനും നേർക്കുള്ള ശക്തമായ വെല്ലുവിളി ആയിട്ടാണ് അത് വീക്ഷിക്കപ്പെട്ടത്.

ഒരു വശത്ത് അല്ലാഹുവിന്റെ ദൈവത്വവും പരമാധിപത്യവും അംഗീകരിക്കുക, മറുവശത്ത് ദൈവത്തിൽ നിന്നും മുഖം തിരിച്ച് ധിക്കാരികളുടെ വിധി വിലക്കുകഠംക്കൊത്ത് ചരിക്കുകയും അവർ നടപ്പാക്കുന്ന സമ്പ്രദായങ്ങഠം ആചരിക്കുകയും ചെയ്യുക—ഇത് ശിർക്ക് തന്നെയാണ്. ജീവിതത്തെ അടിമുടി ദൈവാനുസരണത്തിൽ അർപ്പിക്കുകയെന്നതാണ് തൗഹീദ്. ദൈവത്തോടൊപ്പം മററാരെയെങ്കിലും ആരാധനക്കും കീഴ്‌വണക്കത്തിനും പ്രാർഥനക്കും നിരുപാധികമായ അനുസരണത്തിനും അർഹനായി അംഗീകരിച്ചു വിശ്വസിക്കുന്ന പക്ഷം അത് വിശ്വാസപരമായ ശിർക്കാണ്.

അല്ലാഹു നിർദേശിച്ച സന്മാർഗം കൈവെടിഞ്ഞ് ആജ്ഞാനിരോധത്തിന് അധികാരികളായി ചമയുന്ന ജനങ്ങളെ പ്രവൃത്തിരൂപത്തിൽ അനുസരിക്കുകയാണെങ്കിൽ അത് കർമപരമായ ശിർക്കാണ്. 'പിശാചുക്കഠം അവരുടെ മിത്രങ്ങഠംക്ക് നിങ്ങളോട് തർക്കിക്കാൻ വേണ്ടി തീർച്ചയായും ദുർബോധന ചെയ്തുകൊണ്ടിരിക്കും. നിങ്ങഠം അവരെ അനുസരിച്ചുപോയാൽ നിശ്ചയമായും നിങ്ങഠം ശിർക്ക് ചെയ്തവരായിത്തീരുന്നതാണ്'' (6:121).

ദിവ്യത്വവും ആരാധനക്കുള്ള അർഹതയും അല്ലാഹുവിനു മാത്രം അംഗീകരിച്ചുകൊടുക്കുന്നതോടൊപ്പം അല്ലാഹുവിന്റെ നിയമനിർദേശങ്ങഠംക്കെതിരിൽ ദുർബോധനം നടത്തുന്നവരെ അനുസരിക്കൽ ശിർക്കാണെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. വിശുദ്ധ ഖുർആൻ പറഞ്ഞു: 'അപ്രകാരം തന്നെ അനേകം ബഹുദൈവാരാധകന്മാർക്ക് സ്വസന്താനങ്ങളെ വധിക്കുന്നത് അവരുടെ പങ്കാളികഠം (സുന്ദരമാക്കി) കാണിച്ചുകൊടുത്തിരിക്കുന്നു' (6:136).

ഇവിടെ പങ്കാളികഠം എന്ന പദം ശ്രദ്ധേയമാണ്. മിക്കപ്പോഴും ആരാധ്യന്മാരെന്നാണ് പങ്കാളികഠം എന്ന പദപ്രയോഗം കൊണ്ട് ഉദ്ദേശിക്കാററ്. അവരുടെ ഇടപെടലോ ശുപാർശയോ നിമിത്തമാണ് അനുഗ്രഹലബ്ധിയുണ്ടായതെന്ന് ധരിക്കപ്പെട്ടിരുന്നു. ആ അനുഗ്രഹത്തിന് നന്ദി പ്രകാശിപ്പിക്കാനുള്ള ആരാധനാ രൂപങ്ങളിൽ ദൈവത്തോടൊപ്പം അവരും പങ്കാളികളായിരുന്നു. എന്നാൽ ഉപര്യുക്തവാക്യത്തിൽ പങ്കാളികഠം എന്നതുകൊണ്ടുള്ള വിവക്ഷ, വിഗ്രഹങ്ങളോ മരിച്ചുപോയ മഹാത്മാക്കളോ അല്ല, പ്രത്യുത സന്താനഹത്യയെ അഭികാമ്യമായ ഒരു പ്രവൃത്തിയായി ചിത്രീകരിച്ചുകൊടുത്ത മനുഷ്യരും പിശാചുക്കളുമാണ്. ഇവരെ ദൈവത്തിന്റെ

പങ്കാളികളെന്ന് വിശേഷിപ്പിക്കുവാൻ കാരണമിതാണ്: ഇസ്‌ലാമിക വീക്ഷണത്തിൽ ആരാധനക്കർഹൻ ഏകനായ അല്ലാഹുവായതുപോലെ അടിമകൾക്ക് വേണ്ട നിയമനിർമാണത്തിനും ന്യായാന്യായങ്ങളുടെ പരിധി നിർണയത്തിനുമർഹൻ അല്ലാഹു മാത്രമാകുന്നു. അല്ലാഹുവിനോട് ആരാധനയിൽ പങ്കു ചേർക്കുന്നത് മാത്രമല്ല നിയമനിർമാണാധികാരത്തിൽ പങ്കു ചേർക്കുന്നതും ശിർക്കാണ്. കാരണം രണ്ടും അല്ലാഹുവിന്റെ മാത്രം അവകാശത്തിൽപ്പെട്ടതാണ്.

അതിനാൽ ദൈവേതരൻമാരുടെ മുമ്പിൽ ആരാധനാചടങ്ങുകൾ അർപ്പിക്കുമ്പോൾ അത് ദൈവത്തിന് പങ്കാളികളെ സ്ഥാപിക്കലാവുന്നതുപോലെ തന്നെ ദൈവേതരൻമാരുടെ സ്വയംകൃതനിയമത്തെ പാരത്രിക വിജയത്തിന് നിദാനമായ സത്യവും ന്യായവും എന്ന നിലയിൽ അനുഷ്ഠിക്കുമ്പോഴും അവർ നിർണയിക്കുന്ന പരിധികളെ ദൈവഹിതം പരിഗണിക്കാതെ തന്നെ അനുസരണയോഗ്യങ്ങളായി അംഗീകരിക്കുമ്പോഴും അവരെ ദൈവതുല്യരാക്കുകയാണ് ചെയ്യുന്നത്. ഈ രണ്ടു ചെയ്തികളും ശിർക്കാണ്–നാവുകൊണ്ട് അവരെ ദൈവമെന്നോ ആരാധ്യരെന്നോ വിളിച്ചാലും ഇല്ലെങ്കിലും. അപ്പോൾ ആരുടെ പേരിൽ നേർച്ചാവഴിപാടുകൾ അർപ്പിക്കുന്നുവോ അവരും ആരുണ്ടാക്കിയ നിയമപരിധികൾ നിരുപാധികം അനുസരണാർഹമായി അംഗീകരിക്കുന്നുവോ അവരും ദൈവത്തിന്റെ പങ്കുകാരായിത്തീരുന്നു.

# 8

# ദൈവാസ്തിക്യം

മനുഷ്യൻ ജന്മനാ ജിജ്ഞാസുവാണ്. ആരാണ് മനുഷ്യൻ? എന്താണ് ജീവിതം? അനന്തവിസ്തൃതമായ ഈ പ്രപഞ്ചം എന്താണ്? എങ്ങിനെയുണ്ടായി? തന്റെ പരിണാമം എന്ത്? ജീവിതത്തിന് വല്ല അർഥവുമുണ്ടോ? എന്താണ് മരണം? മരണാനന്തരം എന്ത് സംഭവിക്കുന്നു? എന്നിങ്ങനെ നൂറുനൂറു ചോദ്യങ്ങൾ മനുഷ്യന്റെ അന്വേഷണബുദ്ധിക്കു മുമ്പിൽ ഉയർന്നുവരുന്നു. ഇന്നും ഇന്നലെയും ആരംഭിച്ചതല്ല ഈ അന്വേഷണം. അനാദികാലംതൊട്ടേ ആരംഭിച്ചതാണ്.

ഈ സൃഷ്ടിപ്രതിഭാസങ്ങൾക്ക് കാരണഭൂതനായ ഒരു ദൈവമുണ്ടോ? ഒരു സൃഷ്ടികർത്താവിന്റെ അസ്തിത്വം വിളിച്ചറിയിക്കുന്ന വല്ല തെളിവും പ്രപഞ്ചത്തിൽ ഉണ്ടോ? ദൈവത്തിൽ വിശ്വസിച്ചില്ലെങ്കിൽ എന്താണുണ്ടാവുക?

മതങ്ങളും പ്രവാചകന്മാരും പഠിപ്പിക്കുന്നത് ഈ പ്രപഞ്ചത്തിന് ഒരു സൃഷ്ടികർത്താവുണ്ടെന്നാണ്. ലോകത്തിലെ എല്ലാ ജനസമുദായങ്ങളിലും ദൈവവിശ്വാസം നിലനിന്നിരുന്നു. ഇന്നും–ഭൗതികത്വയുഗം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലത്തും–ഭൂരിപക്ഷം മനുഷ്യരും സർവശക്തനായ ഒരു സൃഷ്ടികർത്താവിന്റെ അസ്തിത്വം അംഗീകരിക്കുന്നവരാണ്. മനുഷ്യരാശി എക്കാലത്തും അംഗീകരിച്ചുപോന്നിട്ടുള്ള ശാശ്വത സത്യങ്ങളിലൊന്നാണ് ദൈവവിശ്വാസം.

എന്നാൽ ദൈവാസ്തിക്യത്തെ ചോദ്യം ചെയ്യുന്ന ഒരു പ്രവണതയും ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയും. ദൈവവിശ്വാസത്തിൽ നിന്നും വ്യത്യസ്തമായി വ്യക്തിതലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു പ്രവണതയായിരുന്നു അത്. ആധുനിക കാലഘട്ടത്തിൽ, വിശിഷ്യാ പതിനെട്ടും പത്തൊൻപതും ശതകങ്ങളിൽ യൂറോപ്പിൽ ചർച്ചും ശാസ്ത്രവും

തമ്മിലുണ്ടായ സംഘട്ടനങ്ങൾക്ക് ശേഷം നാസ്തികത്വം ശാസ്ത്രത്തിൻെറ പിൻബലമവകാശപ്പെട്ടുകൊണ്ട് സംഘടിതസ്വഭാവത്തിൽ രംഗപ്രവേശം ചെയ്തതായി നാം കാണുന്നു.

ഏതായാലും ഒന്നു തീർച്ച. മതങ്ങളും പ്രവാചകൻമാരും പഠിപ്പിക്കുന്നതുപോലെ അഖില ബ്രഹ്മാണ്ഡത്തെയും സൃഷ്ടിച്ചു സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു സർവശക്തൻ ഉണ്ടെങ്കിൽ, സൃഷ്ടികളായ മനുഷ്യർ, അവനിൽ വിശ്വസിക്കുകയും അവൻെറ പ്രവാചകൻമാരെ അംഗീകരിക്കുകയും അവരുടെ മാർഗദർശനമുഠക്കൊണ്ട് ജീവിതം നയിക്കുകയും ചെയ്തേ തീരൂ. അതല്ല, അത്തരം ഒരു സ്രഷ്ടാവിനെക്കുറിച്ച സങ്കൽപം വ്യർഥവും യുക്തിഹീനവുമാണെങ്കിൽ, അതിൻെറ പേരിൽ ക്ഷണികമായ ഈ ജീവിതസർവസ്വം തുലച്ചുകളയുന്നതും മൗഢ്യമാണ്. അതുകൊണ്ടുതന്നെ അടിയന്തിര പ്രാധാന്യമർഹിക്കുന്നതും ഗുരുതരവുമായ ഒരു പ്രശ്നമാണ് ദൈവാസ്തിക്യം സംബന്ധിച്ച ചർച്ച.

## വിശുദ്ധ ഖുർആൻെറ നിലപാട്

ഇസ്ലാമിലെ അടിസ്ഥാനവിശ്വാസങ്ങളുടെ കേന്ദ്രബിന്ദുവാണ് അല്ലാഹുവിലുള്ള വിശ്വാസം. അറേബ്യൻ ജനത സർവശക്തനായ ഒരു ദൈവത്തിൻെറ അസ്തിത്വം അംഗീകരിക്കുന്നവരായിരുന്നു. അതോടൊപ്പം ബഹുദൈവങ്ങളെ പൂജിച്ചിരുന്നുവെന്നതാണ് അവരുടെ വിശ്വാസത്തിൻെറ ഏററവും വലിയ ന്യൂനത. അക്കാലത്ത് അറബികൾക്കിടയിലുണ്ടായിരുന്ന മറെറാരു വിഭാഗം ഭൗതികപൂജകരായിരുന്നു. വിശ്വാസം എന്തുതന്നെയായിരുന്നാലും കർമതലത്തിൽ ആസ്തിക്യനിഷേധികളായിരുന്നു അവർ.

ബഹുദൈവവിശ്വാസത്തിൻെറ നാനാരൂപങ്ങളെയും വിശുദ്ധ ഖുർആൻ ശക്തിയുക്തം വിമർശിച്ചിട്ടുണ്ട്; എന്നാൽ തികച്ചും സവിശേഷമായ ഒരു ശൈലിയിലാണ് അത് ദൈവാസ്തിത്വം കൈകാര്യം ചെയ്തിരിക്കുന്നത്. തർക്കശാസ്ത്രപരമായ വാദസ്ഥാപനരീതിയിലല്ല അത്. യുക്തി ന്യായങ്ങൾ ഉദ്ധരിച്ചു പ്രതിയോഗിയെ ഉത്തരം മുട്ടിക്കുന്ന സമ്പ്രദായം അവിടെ കാണുകയില്ല. അല്ലെങ്കിലും ബുദ്ധിയെ തോൽപ്പിക്കാൻ ഉപകരിച്ചേക്കാമെന്നല്ലാതെ ഹൃദയത്തെ ബോധ്യപ്പെടുത്തുവാൻ താർക്കികശൈലി പര്യാപ്തമാവുകയില്ല. ഇതിന്നർഥം ആസ്തിക്യപ്രശ്നം വിശുദ്ധ ഖുർആൻ അവഗണിച്ചിരിക്കുന്നുവെന്നല്ല. പ്രത്യുത വളരെ പ്രാധാന്യപൂർവം പരിഗണിച്ചിട്ടുണ്ട്.

പ്രപഞ്ചമാസകലം വ്യാപിച്ചു കിടക്കുന്ന ദൈവികദൃഷ്ടാന്തങ്ങളും ദിവ്യാനുഗ്രഹങ്ങളും എടുത്തുകാട്ടി മനുഷ്യമനസ്സിൻെറ അടഞ്ഞുകിടക്കുന്ന കവാടങ്ങളിൽ മുട്ടിവിളിക്കുകയാണ് ഖുർആൻ ചെയ്യുന്നത്. അവ

ക്ക് പിന്നിലെ സൃഷ്ടിവൈഭവത്തെയും ആസൂത്രണ വൈദഗ്ധ്യത്തെയും കുറിച്ച് അവനെ ബോധവാനാക്കുന്നു. 'നിങ്ങൾ ചിന്തിക്കുന്നില്ലേ? നിങ്ങൾക്ക് ബുദ്ധിയില്ലേ? ബുദ്ധിയുള്ളവർക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്!'—എന്നിങ്ങനെ ചോദിച്ചുകൊണ്ട് യുക്തിവിചാരത്തിന്റെ വഴിത്താരയിലൂടെ അത് മനുഷ്യനെ സർവശക്തനായ ഒരു സൃഷ്ടികർത്താവിന്റെ സവിധത്തിലേക്ക് നയിക്കുന്നു. ഈ രീതിയിലാണ് വിശുദ്ധ ഖുർആൻ ആസ്തിക്യപ്രശ്നത്തെ സമീപിക്കുന്നത്. മനുഷ്യമനസ്സിനെ ഉൽബുദ്ധമാക്കുവാൻ ഏററവും ശക്തമായ ശൈലിയും ഇതു തന്നെ.

## മനുഷ്യപ്രകൃതിയിൽ

ദൈവവിശ്വാസം സർവോപരി മനുഷ്യപ്രകൃതിയിൽ അന്തഃസ്ഥിതമായ ഒരു യാഥാർഥ്യമാണെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. ദൈവാസ്തിത്വത്തിന് ഏററവും പ്രഥമമായ തെളിവ് മനുഷ്യപ്രകൃതി തന്നെയാണ്.

ഇതര ജീവികളെ അപേക്ഷിച്ച് അനശ്വരതയിലേക്ക് ഉററുനോക്കിക്കൊണ്ടിരിക്കുന്നവനാണ് മനുഷ്യൻ. അവന്റെ അന്തർദാഹവും അവബോധവും കേവല ഭൗതികശക്തികൾക്കതീതവും അത്യുന്നതവുമായ ഒരു അസ്തിത്വത്തെയാണ് തേടിക്കൊണ്ടിരിക്കുന്നത്. ജിജ്ഞാസാഭരിതമായ മനുഷ്യമനസ്സ് തന്റെ ചുററും കാണുന്ന സകലപ്രതിഭാസങ്ങളെക്കുറിച്ചും ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നു. തനിക്ക് ലഭിക്കുന്ന ഉത്തരങ്ങളിലൊന്നും അവൻ സംതൃപ്തനാവുന്നില്ല. അവസാനം അന്യൂനനും സമ്പൂർണനുമായ 'ദൈവം' എന്ന മറുപടി ലഭിക്കുമ്പോൾ അതിലവൻ തൃപ്തിയടയുന്നു. മനുഷ്യസത്തയുടെ പൂർണത സർവശക്തനായ ആ ശക്തിവിശേഷത്തെ കണ്ടെത്തുന്നതിലും അവന്റെ മാർഗദർശനം സ്വീകരിക്കുന്നതിലുമാണ്.

ഡെക്കാർട്ട് പറഞ്ഞു: 'എന്റെ സത്തയുടെ ന്യൂനതയെക്കുറിച്ചുള്ള ചിന്ത സമ്പൂർണമായ ഒരു സത്തയുടെ അസ്തിത്വത്തെക്കുറിച്ച് എന്നെ ബോധവാനാക്കിത്തീർക്കുന്നു. ആ സമ്പൂർണ സത്തയാണ് അപൂർണതയെക്കുറിച്ചുള്ള ബോധം എന്നിൽ നിക്ഷേപിച്ചത് എന്ന് വിശ്വസിക്കുവാൻ ഞാൻ നിർബന്ധിതനാണ്. അതെ, അതാണ് ദൈവം'.

മനുഷ്യപ്രകൃതിയിൽ അന്തർഭവിച്ചുകിടക്കുന്ന ദൈവബോധത്തെ ഖുർആൻ സൂചിപ്പിക്കുന്നത് കാണുക: 'നിന്റെ നാഥൻ ആദം സന്തതികളിൽ നിന്ന്—അവരുടെ മുതുകുകളിൽ നിന്ന്—അവരുടെ സന്തതികളെ ബഹിർഗമിപ്പിക്കുകയും അവരെ അവർക്കെതിരിൽ സാക്ഷികളാക്കുകയും ചെയ്ത സന്ദർഭം ഓർക്കുക. (അല്ലാഹു ചോദിച്ചു:) 'ഞാൻ നിങ്ങ

ളുടെ രക്ഷിതാവല്ലയോ?' അവർ പറഞ്ഞു: 'അതെ (നീ ഞങ്ങളുടെ രക്ഷിതാവെന്ന്) ഞങ്ങാം സാക്ഷ്യം വഹിച്ചിരിക്കുന്നു'. (നാം അങ്ങിനെ ചെയ്തത്) ഞങ്ങാം ഇതെപ്പററി അശ്രദ്ധരായിരുന്നുവെന്ന് പുനരുത്ഥാനദിവസത്തിൽ നിങ്ങാം പറയാതിരിക്കാൻ വേണ്ടിയാണ്" (7:172).

മനുഷ്യമനസ്സിലെങ്ങും അത്തരം ഒരു സംഭവത്തെക്കുറിച്ചുള്ള ഓർമ നിലനിൽക്കുന്നില്ലല്ലോ എന്ന് ചോദിച്ചേക്കാം. മനുഷ്യൻെറ ബോധമനസ്സിൽ അങ്ങിനെയൊന്നില്ല എന്നതു ശരി തന്നെ. എന്നിരുന്നാലും അവൻെറ അബോധമനസ്സിൽ അവ്യക്തരൂപത്തിൽ അത് കുടികൊള്ളുന്നുണ്ട്. അബോധമനസ്സിൽ അടിഞ്ഞുകിടക്കുന്ന ഒരു ഓർമ അനുകൂല സാഹചര്യങ്ങളിൽ മാത്രമേ പുറത്തു വരികയുള്ളു. മനുഷ്യജീവിതം ഒരു പരീക്ഷണമായാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്. ദൈവസ്മരണ ബോധമനസ്സിൽ നിലനിർത്തുന്നപക്ഷം പരീക്ഷണത്തിന് യാതൊരർഥവുമില്ല. അതുകൊണ്ടാണ് ബോധമനസ്സിൽ അത് നിലനിറുത്താതിരുന്നത്.

സ്വാർഥവികാരങ്ങളും പൈശാചികപ്രേരണകളും സഹജമായ അവൻെറ ദൈവബോധത്തെ കെടുത്തിക്കളയുന്നു. തൽസ്ഥാനത്ത് ഉത്തമവികാരങ്ങളും ധർമോപദേശങ്ങളും വഴി അനുകൂല സാഹചര്യങ്ങളൊരുക്കിക്കൊടുക്കുന്നപക്ഷം അതിനെ ഊതിക്കത്തിക്കുവാൻ കഴിയും. മനുഷ്യമനസ്സിലെ ഉറങ്ങിക്കിടക്കുന്ന ദൈവബോധത്തെ ഇവ്വിധം സംസ്ക്കരണ ശിക്ഷണങ്ങളിലൂടെ ഊതിയുണർത്തുകയാണ് ദിവ്യസന്ദേശങ്ങും പ്രവാചകന്മാരും ചെയ്തത്. വിശുദ്ധ ഖുർആൻ പ്രവാചകനെ "മുദക്കിർ" അഥവാ ഓർമിപ്പിക്കുന്നവൻ എന്നും ദിവ്യഗ്രന്ഥത്തെ "ദിക്ർ" അഥവാ അനുസ്മരണം എന്നും വിശേഷിപ്പിച്ചിരിക്കുന്നത് ഇതിലേക്കുള്ള സൂചനകൂടിയാണ്.

ക്രെസ്ററിമോറിസൺ എഴുതുന്നു: 'മനുഷ്യഹൃദയത്തിൽ ദൈവാസ്തിത്വത്തെക്കുറിച്ചു ബോധമുണ്ടെന്നതാണ് എൻെറ അഭിപ്രായത്തിൽ ദൈവാസ്തിത്വത്തിനുള്ള ഏററവും വലിയ ദൃഷ്ടാന്തം. ദൈവികവിഭാവന ഹൃദയത്തിലങ്കുരിപ്പിക്കത്തക്ക ആത്മീയശക്തിയുള്ള ഏകജീവി ഈ പ്രപഞ്ചത്തിൽ മനുഷ്യൻ മാത്രമാണ്. ഈ ശക്തിയെ നാം വിചാരമെന്നും വിചിന്തനമെന്നും വിളിക്കുന്നു. വിചാരങ്ങാം കൊണ്ടും ദൈവികദൃഷ്ടാന്തങ്ങളിലുള്ള വിചിന്തനങ്ങാം കൊണ്ടും മനുഷ്യൻെറ അന്തരംഗത്ത് വമ്പിച്ച ആത്മീയോത്കർഷം സംജാതമാകുന്നു. തൻമൂലം ഈ അവസ്ഥാവിശേഷത്തിൽ അദൃശ്യവസ്തുക്കളുടെ യാഥാർഥ്യം അവന് ഗ്രഹിക്കാൻ കഴിയുന്നു. ഈ ശക്തിവിശേഷം ഒരു മനുഷ്യന് മുമ്പിൽ യാഥാർഥ്യങ്ങളുടെ ദിവ്യ വെളിപാടിൻെറ വിശാലരംഗം തുറന്നുവെക്കുന്നു. അവൻെറ മാനസികവിഭാവനകാം ആത്മീയ യാഥാർഥ്യങ്ങളുടെ രൂപം പ്രാപിക്കുന്നു. അവന് പ്രാപഞ്ചികവും ആത്മീയവുമായ അസംഖ്യം ദൃഷ്ടാ

ന്തങ്ങളിലൂടെ ദൈവസത്തയെക്കുറിച്ച തെളിവ് ലഭിക്കുന്നു. ദൈവം എല്ലാ വസ്തുക്കളിലൂടെയും പ്രകടമാകുന്നുവെന്ന്, സർവോപരി നമ്മുടെ ഹൃദയങ്ങൾക്ക് സമീപത്ത് തന്നെയുണ്ടെന്ന്, അവൻ അറിഞ്ഞുതുടങ്ങുന്നു'.

മനുഷ്യൻ എത്രതന്നെ വളർന്നാലും നിസ്സഹായതയുടെ കയങ്ങളിലേക്ക് എടുത്തെറിയപ്പെടുന്ന ചില നിമിഷങ്ങളുണ്ട്. ശക്തിയുടെയും പ്രതാപത്തിൻെറയും സകലവിധ ഭണ്ഡാഗാരങ്ങളും കയ്യടക്കിവെച്ചവനും ആ സന്ദർഭത്തിൽ അവശനായി വീഴുന്നു. ഗദ്ഗദം തുളുമ്പുന്ന ഹൃദയവും നിരാശയിൽ വിടർന്ന നയനങ്ങളുമായി അവൻെറ കരങ്ങൾ സൃഷ്ടികർത്താവിൻെറ നേർക്കുയരുന്നു മററെല്ലാ പ്രതീക്ഷകളും അസ്തമിച്ച നിമിഷങ്ങളിൽ പ്രാർഥനാനിരതമായ അവൻെറ കൈകൾ ദൈവസഹായത്തിനു വേണ്ടി ഉയരുന്നു. .... അപ്രതീക്ഷിതമായ സന്ദർഭത്തിൽ ദൈവസഹായം വന്നണയുന്നു. ജീവിതത്തിൽ നിത്യേനയെന്നോണം ആവർത്തിക്കപ്പെടാറുള്ള ഈ യാഥാർഥ്യം എത്ര വേഗമാണ് മനുഷ്യൻ വിസ്മരിച്ചുകളയുന്നത്? നിസ്സഹായമായ മനുഷ്യമനസ്സിൻെറ പ്രാർഥന തന്നെ ദൈവാസ്തികൃത്തിനുള്ള ഒന്നാന്തരം തെളിവാണ്. ഉത്തരം ലഭിച്ചാലും ഇല്ലെങ്കിലും വിശ്വാസിയും അവിശ്വാസിയുമെല്ലാം അന്ത്യഘട്ടത്തിൽ അവനെ മാത്രം വിളിച്ചു പ്രാർഥിക്കുന്നു.

ഒരിക്കൽ ഇമാം ജഅ്ഫർ സാദിഖിനോട് ഒരാൾ അല്ലാഹുവിനെക്കുറിച്ച് ചോദിച്ചു. അതിന് മറുപടിയായി അദ്ദേഹം ചോദിച്ചു: 'നിങ്ങൾ സമുദ്രയാത്ര ചെയ്തിട്ടില്ലേ?' 'ഉണ്ട്'—അയാൾ പറഞ്ഞു. ഇമാം: 'എപ്പോഴെങ്കിലും കാററും കോളും ബാധിച്ച അനുഭവമുണ്ടായിട്ടുണ്ടോ?' 'ഉണ്ട്'. 'നാവികരെക്കുറിച്ചും രക്ഷാമാർഗങ്ങളെക്കുറിച്ചും ഉള്ള സകല പ്രതീക്ഷകളും അസ്തമിച്ചില്ലേ'. 'ഉവ്വ്'. 'അപ്പോൾ നിങ്ങളെ രക്ഷിക്കാൻ കഴിവുള്ള ആരോ ഉണ്ടെന്ന് നിൻെറ മനസ്സ് മന്ത്രിച്ചിരുന്നോ?'. 'ഉവ്വ്'. 'എങ്കിൽ അതാണ് അല്ലാഹു.'

## പ്രാപഞ്ചികദൃഷ്ടാന്തങ്ങൾ

പ്രപഞ്ചത്തിൽ കണ്ണുതുറന്ന് നോക്കുന്ന ഏതൊരാൾക്കും സർവശക്തനായ ദൈവത്തിൻെറ അസ്തിത്വം വിളിച്ചറിയിക്കുന്ന നിരവധി ദൃഷ്ടാന്തങ്ങൾ കണ്ടെത്താൻ കഴിയും. പ്രകൃതി ഒരു തുറന്ന പുസ്തകമാണ്. അന്ധതയും അഹങ്കാരവും പിടികൂടിയിട്ടില്ലാത്ത ഏതൊരു ഹൃദയത്തിനും അതിൻെറ തെളിവുകൾ വായിച്ചു ഗ്രഹിക്കാൻ സാധിക്കും. വൈവിധ്യപൂർണവും മനോഹരവും വിസ്മയാവഹവുമായ അതിൻെറ സൃഷ്ടിഘടനയും യുക്തിബന്ധുരമായ അതിൻെറ സംവിധാനവും ഏതൊരു മനുഷ്യൻെറയും ചിന്താമണ്ഡലത്തിൽ ചലനങ്ങൾ സൃഷ്ടിക്കുവാൻ

പോന്നതാണ്. പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ പ്രവർത്തനഘടനയിലും പരിണാമത്തിലും ബുദ്ധിശാലികൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്. സർവോപരി അവയുൾക്കൊള്ളുന്ന സംരക്ഷണവ്യവസ്ഥയും പരസ്പരാശ്രിതത്വവും ജീവിവർഗങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ള മാർഗദർശനവും, അന്ധവും ഭ്രാന്തവുമായ യാദൃശ്ചികതയിലുപരി, യുക്തിപൂർവവും വ്യവസ്ഥാപിതവുമായ ഒരു ശക്തി വിശേഷത്തിലേക്ക് വിരൽ ചൂണ്ടുന്നു. അതാണ് വിശുദ്ധ ഖുർആൻ ഇങ്ങനെ പറഞ്ഞത്: ''സൃഷ്ടിക്കുകയും (ആ സൃഷ്ടിയെ) അന്യൂനമാക്കുകയും സംവിധാനിക്കുകയും പിന്നെ മാർഗദർശനമരുളുകയും ചെയ്ത നിന്റെ നാഥന്റെ നാമം വാഴ്ത്തുക'' (87:1–3).

## സൃഷ്ടി

അനന്തവും അജ്ഞാതവും അവർണനീയവുമായ ഈ ലോകത്ത് അണുമുതൽ അണ്ഡകടാഹം വരെ വൈവിധ്യപൂർണവും വിസ്മായവഹവുമായ കോടാനുകോടി സൃഷ്ടിപ്രതിഭാസങ്ങളുണ്ട്. അവയോരോന്നും ഓരോ മഹാത്ഭുതമാണ്. സമ്പൂർണവും അന്യൂനവുമായ ഒരു സൃഷ്ടിഘടന അവക്കോരോന്നിനുമുണ്ട്. മഹത്തായ ഈ പ്രാപഞ്ചിക വ്യവസ്ഥയുടെ ഒരു ഭാഗമെന്ന നിലക്ക് ഒരു പ്രത്യേക ധർമം നിർവഹിക്കാൻ തികച്ചും യുക്തമായ രൂപത്തിലാണ് ഓരോ വസ്തുവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഒരു പരമാണുവിന്റെ ഘടനയെക്കുറിച്ച് ആലോചിക്കുക. അതിന്റെ പരിണാമത്തെക്കുറിച്ച് വിഭാവന ചെയ്യാൻ പോലും നാം അശക്തരാണ്. ഒരു തുള്ളി വെള്ളത്തിൽ 3300 ബില്യൻ പരമാണുക്കളുണ്ടത്രെ. സെക്കൻറിൽ ഒന്നെന്ന തോതിൽ എണ്ണാൻ തുടങ്ങിയാൽ അവയെണ്ണിത്തീർക്കാൻ അനേകായിരം വർഷങ്ങൾ വേണ്ടിവരും! ഏററവും ലളിതമായ ഒരു പരമാണുവിന് രണ്ടു മുഖ്യ ഘടകങ്ങളുണ്ട്. പ്രോട്ടോണും ഇലക്ട്രോണും. ഭാവനാതീതമായ വേഗതയിൽ ഇലക്ട്രോൺ പ്രോട്ടോണിന് ചുററും കറങ്ങിക്കൊണ്ടിരിക്കുന്നു. പ്രോട്ടോണിലെ ധനശക്തിയെയും ഇലക്ട്രോണിലെ ഋണശക്തിയെയും തമ്മിൽ കൂട്ടിയിണക്കുന്ന ഒരാകർഷണഘടകമുണ്ട്. ആ ആകർഷണശക്തിയുടെ അഭാവത്തിൽ ഇലക്ട്രോൺ പ്രോട്ടോണിൽ നിന്നും തെറിച്ചുപോവുന്നു. പരമാണുപഠനം ഇനിയും പൂർണമായിട്ടില്ല. അതിസൂക്ഷ്മവും അത്യന്തം വിസ്മയാവഹവുമായ ഇത്തരം പരമാണുക്കൾ കൊണ്ടാണ് ഈ മഹാപ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അതിസൂക്ഷ്മമായ പരമാണുവിൽ പോലും അതിവിദഗ്ധമായ ഒരു ഘടനയും കൃത്യതയും നിലനിൽക്കുന്നു. ഓരോ പരമാണുവിന്റെയും ധർമവും ഘടനയും അന്യോന്യ ഭിന്നമാണ്! ഈ സൃഷ്ടിപ്രതിഭാസത്തിന് ഹേതു കേവല യാദൃച്ഛികത മാത്രമാകാൻ സാധ്യമല്ല.

അനന്തവിഹായസ്സിലേക്ക് ഒന്നു കണ്ണോടിക്കുക. നമ്മുടെ ഭൂമിയും മററുപഗ്രഹങ്ങളും സൂര്യനുമടങ്ങുന്ന സൗരയൂഥം വലിയൊരു താരാ

പംക്തിയുടെ നിസ്സാരമായ ഒരു ഭാഗം മാത്രമാണ്. നമ്മുടെ താരാപഥത്തിൻെറ ഒററം മുതൽ മറേറ അററം വരെയുള്ള ദൂരം ഒരു ലക്ഷം പ്രകാശവർഷമാണ്. അതായത് താരാപഥത്തിൻെറ ഒററത്ത് വല്ല നക്ഷത്രവും പ്രകാശിക്കുകയാണെങ്കിൽ നമ്മുടെ അത്യാധുനിക ദൂരദർശിനികൾക്ക് അവയെ തിരഞ്ഞുപിടിക്കുവാൻ ക്രിസ്തുവിൻെറ ജനനം മുതൽ ഇന്നോളമുള്ള കാലയളവിനെയപേക്ഷിച്ച് അമ്പതിരട്ടി കൂടുതൽ വേണ്ടിവരും. ഇത്തരം താരാപംക്തി ഒന്ന് മാത്രമല്ല ഉള്ളത്. പ്രത്യുത ഭൂലോകത്തുള്ള ആബാലവൃദ്ധം ജനങ്ങൾക്കും ഓരോന്ന് കൊടുത്താൽ പോലും അവ തീർന്നുപോവുകയില്ലത്രേ. 1 ഈ അനന്തകോടി നക്ഷത്രജാലങ്ങളത്രയും പരസ്പരം കൂട്ടിയിടിക്കാതെ നിരന്തരം ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നു! 'ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിമാറി വരുന്നതിലും ബുദ്ധിശാലികൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്'' (3:190).

'എന്താണ് ജീവൻ? ആർക്കും ഇന്നുവരെ അതിൻെറ ശരിയായ വിഭാവനം ലഭിച്ചിട്ടില്ല. കാരണം അതിന് തൂക്കമില്ല; ഘനവുമില്ല. പക്ഷേ തീർച്ചയായും ഒരു ശക്തിവിശേഷമുണ്ടതിന്. മുളച്ചുപൊന്തുന്ന വിത്ത് ചിലപ്പോൾ പാറകളിൽ പോലും വിള്ളലുണ്ടാക്കുന്നു. വായു, വെള്ളം, ഭൂമി എന്നിവയിൽ വിജയം വരിക്കുക മാത്രമല്ല, അവയിൽ മേധാവിത്വം കരസ്ഥമാക്കുക കൂടി ചെയ്തിരിക്കുന്നു ജീവൻ. പരസ്പരബന്ധിതങ്ങളായ വസ്തുക്കളെ വിശ്ലേഷിച്ച് വീണ്ടും പുതുതായി സംശ്ലേഷിക്കാൻ സാധിക്കുമാറ് ജീവൻ അവയിൽ സ്വാധീനം ചെലുത്തുന്നു.

മിക്കവാറും സൃഷ്ടിഗോചരമല്ലാത്ത പ്രോട്ടോപ്ലാസത്തിൻെറ കണങ്ങൾ നോക്കൂ. സ്വച്ഛമായ, സ്ഫടികതുല്യം ചലിച്ചുകൊണ്ടിരിക്കുന്ന ഈ കണം സൂര്യനിൽ നിന്നും ഓജസ്സ് നേടുന്നു. താരകസമാനമായ ഈ കൊച്ചു കണം ജീവിതത്തിൻെറ ബീജം ഉൾക്കൊള്ളുന്നു. ചെറുതും വലുതുമായ എല്ലാ ജീവികളിലും സംക്രമിക്കാനുള്ള ശക്തിവിശേഷവും അതിനുണ്ട്. ലോകമൊട്ടുക്കുമുള്ള സസ്യലതാദികളുടെയും ജീവജാലങ്ങളുടെയും ശക്തിയേക്കാൾ കൂടുതലാണ് ഈയൊരു കൊച്ചുകണികയുടെ ശക്തി. കാരണം അവയെല്ലാം ജീവൻ നേടിയെടുക്കുന്നത് അവയിൽ നിന്നാണ്. അഗ്നിയിൽ വെന്തെരിഞ്ഞ പാറക്കെട്ടുകൾക്കോ സമുദ്രങ്ങൾക്കോ ഈ കൃത്യം നിർവഹിക്കുക ശക്യമല്ല....... ആരാണ് ഈ കണങ്ങളെ കൊണ്ടുവന്നത്? 2

റഷ്യൻ ശാസ്ത്രജ്ഞനായ എ ഷുവാർട്ട്സ് അത്ഭുതത്തോടുകൂടി പറയുന്നു; 'അത്ഭുതങ്ങളിൽ അത്ഭുതമാണ് ജീവനുള്ള വസ്തു. ഏററ

---

1 ജെ. ഡി. മോറിസൺ

2 ക്രെസ്ററി മോറിസൺ, റീഡേഴ്സ് ഡൈജസ്ററ്

വും ശക്തിയുള്ള ഏററവും പൂർണമായ ഒരു യന്ത്രത്തേക്കാളും നൂറിരട്ടി മെച്ചപ്പെട്ട നിലയിലാണ് അവൻ (മനുഷ്യൻ) നിർമിക്കപ്പെട്ടിരിക്കുന്നത് 1.

ജീവകോശം, മനുഷ്യശരീരം എന്നു തുടങ്ങി മഹാത്ഭുതങ്ങളുൾക്കൊള്ളുന്ന ഓരോ സൃഷ്ടിവിശേഷത്തിൻെറയും നിർമാണത്തിൽ രസതന്ത്രം, ഭൗതികം, ഗണിതം എന്നീ വിജ്ഞാനശാഖകളിലുള്ള അസാമാന്യമായ വ്യുൽപത്തിയും പ്രാവീണ്യവും ഒത്തുചേരേണ്ടതുണ്ട്. ഇവയൊക്കെയും നിർമിക്കപ്പെട്ടിട്ടുള്ളതാകട്ടെ, കേവലം സാധാരണ മൂലകങ്ങളായ ഓക്സിജനും ഹൈഡ്രജനും ഫോസ്ഫറസും ഉപയോഗിച്ചുതന്നെ. സൃഷ്ടിപ്പിലെ മഹത്വവും മനോഹാരിതയും വാക്കുകളിൽ വർണിക്കുക പ്രയാസമാണ്. ഇവയെല്ലാം അന്ധമായ പരിണാമപ്രക്രിയയുടെ പരിണിതഫലമാണോ? ബോധശൂന്യമായ യാദൃച്ഛികത മാത്രമാണോ അവക്കു പിന്നിൽ പ്രവർത്തിച്ചത്?

വിശുദ്ധ ഖുർആൻ പറയുന്നു: 'സൃഷ്ടിച്ചവനായ നിൻെറ നാഥൻെറ നാമത്തിൽ വായിക്കുക' (96:2). അതായിരുന്നു ആദ്യമായവതരിച്ച ഖുർആൻ വാക്യം. 'സൃഷ്ടിക്കുകയും പൂർണതയേകുകയും ചെയ്ത അത്യുന്നതനായ നിൻെറ നാഥൻെറ നാമം വാഴ്ത്തുക' (87: 1,2).

## സംവിധാനം

പൗരാണികകാലങ്ങളിൽ ദുർമൂർത്തികളുടെയും പിശാചിൻെറയും പ്രവർത്തനഫലമായാണ് പ്രപഞ്ചം ചലിക്കുന്നതെന്നാണ് മനുഷ്യൻ വിശ്വസിച്ചിരുന്നത്. എന്നാൽ അത്തരം ദുർമൂർത്തികൾക്കും പിശാചിനും യാതൊരു സ്ഥാനവുമില്ലെന്നും പ്രത്യുത നിശ്ചിതമായ ഒരു നിയമത്തിന്-പ്രകൃതിനിയമത്തിന് (പ്രാപഞ്ചിക പ്രതിഭാസങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന ഒരു നിഗൂഢ ശക്തിയുടെ നിയമത്തിന്)—വിധേയമായാണ് അതു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നും ഇന്ന് നാം മനസ്സിലാക്കുന്നു. പ്രസ്തുത നിഗൂഢശക്തിയെ നാളിതുവരേക്കും കണ്ടുപിടിക്കപ്പെട്ടിട്ടുള്ള പ്രകൃതിനിയമങ്ങളുടെ കർത്താവായിട്ടാണ് ധരിച്ചിട്ടുള്ളത്. സൃഷ്ടി, സംരക്ഷണം, പരിണാമം എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് പ്രധാന നിയമങ്ങളാണ് പ്രകൃതിയിൽ നിലനിൽക്കുന്നത്.

സൃഷ്ടിയെക്കുറിച്ച് മുകളിൽ പറഞ്ഞുകഴിഞ്ഞു. പ്രപഞ്ചത്തിൽ ഒരു സംരക്ഷണവ്യവസ്ഥ നിലനിൽക്കുന്നുണ്ട്. ഉദാഹരണമായി ജീവികളിലും സസ്യങ്ങളിലും ഭിന്നവർഗങ്ങൾ (species) കാണപ്പെടുന്നു. ഓരോ സ്പീഷീസിലും ഒട്ടനേകം ഉപവിഭാഗങ്ങളുണ്ട്. താരതമ്യ ഭ്രൂണശാസ്ത്രം (comparative embryology) എല്ലാ ജീവികളുടെയും ഭ്രൂണം ഒരേ മാതിരി കാണപ്പെടുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നു. എന്നാൽ വളർന്നുവരുന്നതോടുകൂടി ഓരോന്നും സ്വന്തം വർഗഗുണം പ്രദർ

1 A. Shvarts, The code of life P. 3

ശിപ്പിക്കുന്നു. ഒരു ഭ്രൂണവും ഇതര വർഗത്തിൻെറ ഗുണം പ്രദർശിപ്പിക്കുന്നില്ല. ഓരോ വർഗത്തിൻെറയും മൗലികസ്വഭാവം പരിരക്ഷിക്കുന്ന നിയമം പ്രകൃതിയിൽ അലംഘനീയമായി നിലനിൽക്കുന്നു. ഈ രക്ഷാ ഏർപ്പാട് ആരുടേതാണ്. ഇതുപോലെ ബഹുകോടി ജീവി–സസ്യവർഗങ്ങളുടെ നിലനിൽപ്പിനും വളർച്ചക്കും അനുയോജ്യമായ ഒരു സംരക്ഷണവ്യവസ്ഥ ഇവിടെ കാണപ്പെടുന്നുണ്ട്. നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും ഭ്രമണവും പരസ്പരാകർഷണവും വായുമണ്ഡലവും പ്രകാശവും ഊർജവും എല്ലാം അതിൻെറ ഭാഗങ്ങളാണ്.

സൃഷ്ടിയും സംരക്ഷണവുമെന്നപോലെ ഒരു പരിണാമശൃംഖലയും ഇവിടെ കാണപ്പെടുന്നുണ്ട്. തെറിച്ചുവീഴുന്ന രേതസ്കണത്തിലെ ബഹുകോടി ബീജങ്ങളിലൊന്ന് വളർന്ന് പൂർണമനുഷ്യനാവുന്നതും വീണ്ടും പൊടിമണ്ണായി മാറുന്നതും ഉദാഹരണമാണ്. പരിണാമവാദം ശ്രദ്ധിക്കൂ. ജീവൻ പരിണമിച്ചുണ്ടായതാണു പോലും! ലളിതമായതിൽനിന്നും സങ്കീർണമായതിലേക്ക്; ഏകകോശജീവിയിൽ നിന്നും ബഹുകോശജീവിയിലേക്ക്. ഇത് ശരിയാണെങ്കിൽ ഈ പരിണാമശൃംഖലയിലേക്ക് വേദിയൊരുക്കിയതാര്? അവയുടെ ആധാരഘടകങ്ങൾ സംവിധാനിച്ചതാര്? കണിശമായ ഈ ആവൃത്തിയുടെ പ്രാരംഭബിന്ദു ആരിൽ നിന്ന്?

ഏതായാലും സൃഷ്ടി, സംരക്ഷണം, പരിണാമം എന്നീ ത്രിവിധ നിയമങ്ങളുടെയും വിധാതാവ് എന്ന നിലക്ക് മനുഷ്യരായ നമ്മൾ ദൈവത്തിൻെറ ഗുണങ്ങൾ സങ്കൽപ്പിക്കുമ്പോൾ സ്രഷ്ടാവ്, സംരക്ഷകൻ, പരിണാമങ്ങൾ വരുത്തുന്നവൻ എന്നീ നിലകളിലായിരിക്കും അവനെ നാം കണ്ടെത്തുക. ഈ മൂന്ന് ആശയങ്ങളെയും അഭിവ്യഞ്ജിപ്പിക്കാൻ പര്യാപ്തമായ ഒരു അറബി പദമാണ് 'റബ്ബുൽ ആലമീൻ' എന്നത്. റബ്ബ് എന്ന പദം സ്രഷ്ടാവ്, സംരക്ഷകൻ, ഓരോ വസ്തുവിനെയും അതിൻെറ പൂർണരൂപത്തിൽ വളരാൻ കഴിവേകുന്നവൻ എന്നീ ആശയങ്ങളെ ദ്യോതിപ്പിക്കുന്നു.

പദാർഥത്തിൻെറ ഓരോ പരിണാമദശയിലും ആസൂത്രിതവും നിർണീതവുമായ ഒരു ക്രമത്തിനും വ്യവസ്ഥക്കും അത് വിധേയമാകേണ്ടിവരുന്നുണ്ട്. എല്ലായിടത്തും ആ നിയമത്തിന് വിധേയമാണ് പ്രകൃതി. ഖുർആൻ പറയുന്നു: 'ആകാശഭൂമികളിലുള്ള സകല വസ്തുക്കളും—അവയുടെ നിഴലുകളും—അല്ലാഹുവിനു സാഷ്ടാംഗം നമിക്കുന്നു—സ്വമേധയായും നിർബന്ധിതമായും' (13:15).

സർവോപരി പ്രപഞ്ചത്തിലാകെ ഒരു നിയമവ്യവസ്ഥ നിലനിൽക്കുന്നുണ്ടെന്ന് വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ചു പറയുന്നു. വിശുദ്ധ ഗ്രന്ഥത്തിൻെറ ഈ പ്രഖ്യാപനത്തെ ശക്തിപ്പെടുത്തുന്നവയാ

ണ് അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ. നാളിതുവരെ ഉണ്ടായിട്ടുള്ള ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെയെല്ലാം സാരാംശം ഇതാണ്: പ്രകൃതിപ്രതിഭാസങ്ങളുടെയെല്ലാം വളർച്ചക്കും വികാസത്തിനും ഒരു നിശ്ചിത നിയമമുണ്ട്.

ഈ നിയമവ്യവസ്ഥ—ഈ വ്യവസ്ഥാപിതമായ യാന്ത്രികത്വം—ഉദ്ദേശ്യപൂർവമാണോ? അതോ യാദൃച്ഛികമാണോ? വേണമെങ്കിൽ അതിനെ 'യാന്ത്രികചലനം' എന്ന് വിശേഷിപ്പിക്കാം. പക്ഷേ, ആ യാന്ത്രികത്വത്തിലെ മനസ്സിനെ നിഷേധിക്കാനാവുമോ?

യന്ത്രത്തിന് ചിന്താശക്തിയില്ല. പക്ഷേ യന്ത്രനിർമിതിക്ക് പിന്നിലെ മനസ്സിനെ നിരാകരിക്കാനാവുമോ? കേവലയാന്ത്രികത്വം യാതൊന്നും തന്നെ നിർമിക്കുന്നില്ല മനുഷ്യയാന്ത്രികതയിലൊക്കെ അതിൻെറ മുന്നോടിയായി പ്രവർത്തിക്കുന്ന ആ യാന്ത്രികപ്രവർത്തനങ്ങൾക്കാധാരമായ നിശ്ചിത തത്വങ്ങളുണ്ടെന്നു നാം വിശ്വസിക്കുന്നു. യന്ത്രത്തിന് രൂപകല്പന ചെയ്യുകയും അതിനെ പ്രവർത്തിപ്പിക്കുകയും ചെയ്ത ഒരു മനസ്സിൻെറ അസ്തിത്വം നാം അംഗീകരിക്കുന്നു.

എന്നാൽ പ്രപഞ്ചമാകുന്ന ഈ മഹാ യന്ത്രശാലയുടെ 'യാന്ത്രികത'യിലേക്കെത്തുമ്പോൾ നാം എന്തുകൊണ്ട് സംശയിക്കുന്നു? നമ്മുടെ ഭയമാണ് നമ്മെ അതിൽനിന്നും തടയുന്നത്. അതെ, ഒരിക്കൽ ആ വസ്തുത അംഗീകരിച്ചു കഴിഞ്ഞാൽ പദാർഥത്തിൻെറ മേൽ മനസ്സിനുള്ള ആധിപത്യത്തെ അംഗീകരിക്കേണ്ടിവരുമെന്ന ഭയം; പദാർഥത്തിൽ നിന്നും ഭിന്നമായ ഒരു നിയമത്തിൻെറ അസ്തിത്വം അംഗീകരിക്കേണ്ടിവരുമെന്ന ആശങ്ക

ഏതാണ്ട് ഏഴുപതിററാണ്ടുകൾക്കു മുമ്പ് അണുസിദ്ധാന്തം (Atomic theory) വളരെയേറെ ഒച്ചപ്പാടുണ്ടാക്കിയ ഒരു വിപ്ലവാശയമായിരുന്നു. ആററം നമ്മുടെ ദൈവമായിരുന്നു; പ്രപഞ്ചസത്തയുടെ ആദികാരണമായിരുന്നു. പക്ഷേ, പിൽക്കാലത്ത് നാം മനസ്സിലാക്കി, ആ ദൈവവും ഒരു നിയമത്തിൻെറ അടിമയാണെന്ന്; അത് ഒരു മൂലപദാർഥമല്ലെന്നും, മറിച്ച് സവിശേഷമായ ചില ഇലക്ട്രോണിക (Electronic) പ്രകിയകളുടെ ഫലമായി പ്രാദുർഭവിക്കുന്ന ഒന്നാണെന്നും; അതും യാദൃച്ഛികമായിട്ടല്ല ഒരു നിയമത്തിന്ന്-സാന്ദ്രീകരണനിയമത്തിനു (Law of Condensation)-വിധേയമായിട്ടാണെന്നും നാം മനസ്സിലാക്കി. അതെ കാശശകലങ്ങളുടെ (Ethereal Specks) ക്രമവൽക്കരണത്തിലൂടെയുണ്ടാവുന്ന ഈ അന്യവസ്തു ഒരു നിയമാനുസൃത സൃഷ്ടിയാണെന്നും നാം ഗ്രഹിച്ചു.

ഏണസ്ററ് ഹെയ്ക്കലും (Ernest Haikal) കൂട്ടുകാരും പദാർഥത്തിൻെറ മേലുള്ള മനസ്സിൻെറ നിയന്ത്രണത്തെ നിഷേധിച്ചുകൊണ്ട്

ഒരു പുതിയ സിദ്ധാന്തം അവതരിപ്പിക്കുകയുണ്ടായി. പദാർഥവും ഊർജവും ഫലത്തിൽ ഒന്നു തന്നെയാണെന്നും 'നിയമവിധേയത്വം' അതിന്റെ ഒരു മൗലികഭാവമാണെന്നും സിദ്ധാന്തിച്ചുകൊണ്ട് 'ദ്രവ്യസിദ്ധാന്തം' (Law of Substance) എന്ന് അതിനെ വിളിച്ചു. 'ദ്രവ്യസിദ്ധാന്തം' ഫലത്തിൽ ആദികാരണമായി മാറുന്നു; സ്വയം നിലനിൽക്കുന്നതും അന്യാശ്രയമില്ലാത്തതും അന്യവസ്തുക്കളുടെ വളർച്ചയെ നിയന്ത്രിക്കുന്നതും സർവവ്യാപിയും അനശ്വരവും അനന്തവുമായ ഒന്ന്!!! ഈ ഗുണവിശേഷങ്ങളോടു കൂടി സർവശക്തൻ, സർവജ്ഞൻ, ആസൂത്രകൻ, നിയന്താവ് എന്നീ വിശേഷണങ്ങൾ കൂടി ചേർത്തുപറയൂ. എന്നിട്ട് നിങ്ങൾ സ്വയം നിരീശ്വരവാദിയെന്നോ സ്വതന്ത്രചിന്തകനെന്നോ വിശേഷിപ്പിച്ചു കൊള്ളുക. തീർച്ചയായും നിങ്ങൾ വിശേഷിപ്പിക്കുന്ന ശക്തി ഇസ്ലാമിലെ ദൈവമാണു! വിശുദ്ധ ഖുർആനിന്റെ ഈ വാക്യങ്ങൾ ശ്രദ്ധിക്കുക: 'ആകാശഭൂമികളിലുള്ളതെല്ലാം അവന് കീഴ്വണങ്ങുന്നു. അതിന് അവർക്കുള്ള ദൃഷ്ടാന്തമാണ് രാത്രി. അതിൽ നിന്നും നാം പകലിനെ വേർപെടുത്തുന്നു അപ്പോൾ അവരുടെ മേൽ ഇരുട്ട് വ്യാപിക്കുന്നു. സൂര്യനാകട്ടെ, അതിന് നിശ്ചയിക്കപ്പെട്ട ഒരു പഥത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. സർവജ്ഞനും പ്രതാപവാനുമായവന്റെ (ദൈവത്തിന്റെ) നിശ്ചയമത്രെ അത്. ചന്ദ്രന് ചില ഘട്ടങ്ങളുണ്ട്. അവസാനം ഉണങ്ങിയ ഈത്തപ്പഴക്കുലപോലെ അതായിത്തീരുന്നു. സൂര്യന് ചന്ദ്രനെ പ്രാപിക്കുവാനോ രാവിന് പകലിനെ മുൻകടക്കുവാനോ സാധ്യമല്ല. എല്ലാം അവയുടെ നിശ്ചിത പഥത്തിൽ നീന്തിക്കളിച്ചുകൊണ്ടിരിക്കുന്നു!!!' (34:37-40)

അതെ മുഴുബ്രഹ്മാണ്ഡവും ഒരു ദൈവികവ്യവസ്ഥക്ക് വിധേയമാണ്.

ഭൂഗുരുത്വനിയമം എന്ന് വിശേഷിപ്പിക്കാറുള്ള ആ നിയമം എന്താണ്? ഭൂമിയെ അതിന്റെ അച്ചുതണ്ടിൽ കറങ്ങുന്നതോടൊപ്പം സ്വന്തം ഭ്രമണപഥത്തിൽ ഉറച്ചുനിൽക്കാൻ സഹായിക്കുന്ന ആ നിയമമുണ്ടല്ലോ–യാദൃച്ഛികതയിൽ നിന്നും രൂപംകൊണ്ടത് എന്ന് നാം പറയാറുള്ള ആ നിയമം എന്താണ്?

എന്തൊരു വൈരുധ്യം! നിയമവും യാദൃച്ഛികതയും! ദൈവവിശ്വാസത്തെ നിഷേധിക്കാൻ വേണ്ടി എന്തെന്തു സാഹസങ്ങളാണ് നാം കാട്ടിക്കൂട്ടുന്നത്!

ക്യാമറ ഒരു യാദൃച്ഛിക വസ്തുവാണോ? ലെൻസ് സംവേദനപാളി (Sensitive paper), പ്രകാശക്രമീകരണ സൂത്രം എന്നിവയെല്ലാം അവക്കു പിന്നിലെ മനസ്സിനെയും ആസൂത്രണത്തെയുമാണ് വിളിച്ചറിയിക്കുന്നത്. അതേസമയം യാദൃച്ഛികമായി പരിണമിച്ചുണ്ടായ

തെന്ന് നാം പായുന്ന കണ്ണിന്റെ പ്രാകൃതരൂപം മാത്രമാണ് ക്യാമറ. കണ്ണിൽ പതിക്കുന്ന പ്രതിബിംബം ഉണർത്തുന്ന വികാരങ്ങളെക്കുറിച്ച് എന്താണ് പറയുക? ക്യാമറയുടെ ലെൻസിലും പ്രതിബിംബം പതിക്കുന്നുണ്ട്. എന്നാൽ അത് കാണുന്നില്ല. അതിന് വികാരങ്ങളുമില്ല. അതേ സമയം മനോഹരമായ ഒരു ദൃശ്യം കാണുമ്പോൾ കണ്ണ് നമ്മുടെ ആത്മാവിലുണർത്തുന്ന അനുഭൂതിയോ?

ഒരു 'എക്സ്ചേഞ്ചി' (exchange) ന്റെ അഭാവത്തിൽ നമുക്ക് ഒരു ടെലിഫോൺ സന്ദേശം അയക്കാനോ സ്വീകരിക്കാനോ കഴിയുമോ? സന്ദേശം നൽകുന്നവനേയും അത് സ്വീകരിക്കുന്നവനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ആസൂത്രണം അനിവാര്യമല്ലേ?

ഒരു സൈന്യവ്യൂഹത്തിന്റെ തലച്ചോറ്—കേന്ദ്രാലയം—തീർച്ചയായും ഒരു ആസൂത്രിത ഉൽപ്പന്നമായിരിക്കും. മനുഷ്യമസ്തിഷ്കം കേവലം യാദൃച്ഛികമായി രൂപംകൊണ്ട ഒന്നാണോ? ഉദ്ദേശ്യരഹിതമായാണോ അത് നിലവിൽ വന്നത്?

ഒരു ആവിയന്ത്രത്തിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്ന എണ്ണമററ പൈപ്പുകൾക്ക് ഓരോന്നിനും വ്യക്തമായ ആസൂത്രണമുണ്ടെന്ന് നാം അംഗീകരിക്കുന്നു. എന്നാൽ നമ്മുടെ സ്വന്തം ശരീരത്തിൽ അത്യത്ഭുതകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലക്ഷോപലക്ഷം നാഡീതന്തുക്കൾ ഉദ്ദേശ്യരഹിതവും നിരർഥകവുമാണോ? അതിന്റെ പിന്നിൽ ഒരു യുക്തിയും ബുദ്ധിയും പ്രവർത്തിച്ചിട്ടില്ലേ?

നമ്മുടെ ഈ 'ഗ്രഹ'ത്തിന്റെ നിർണിതചലനങ്ങൾ ആശാവഹമായ ഫലങ്ങളൊന്നുമുളവാക്കിയിരുന്നില്ലെങ്കിൽ യാദൃച്ഛികതയാകുന്ന പരദേവതയിൽ നമുക്ക് വിശ്വസിക്കാമായിരുന്നു. എന്നാൽ സംഗതി മറിച്ചായതുകൊണ്ട് പ്രകൃതിയുടെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അന്ധമല്ലാത്ത ഒരു ഇച്ഛാശക്തിയിൽ വിശ്വസിക്കാൻ നാം നിർബന്ധിതരാണ്.

രാപ്പകലുകളുടെ വ്യത്യാസം; കാലാവസ്ഥമാററങ്ങളുണ്ടാക്കുകയും അന്തരീക്ഷത്തെ ബാധിക്കുകയും കാററിന്റെ ഗതിയെ നിയന്ത്രിക്കുകയും വർഷവും വരൾച്ചയും മനുഷ്യജീവിതത്തിനനുയോജ്യമാംവിധം മാററിമാററിക്കൊണ്ടു വരികയും ചെയ്യുന്നതിന് കാരണം അതാണ്.

പ്രകൃതി വാടിക്കരിയുന്നതും വീണ്ടും പുനരുജ്ജീവിക്കുന്നതും മനുഷ്യജീവിതത്തിന്റെ നിലനില്പിന് ഗുണമാംവിധം ഭൂമി അതിന്റെ അച്ചുതണ്ടിൽ ഒരളവോളം ചരിഞ്ഞിരിക്കുന്നതും കേവലം യാദൃച്ഛികമാണോ?

നിങ്ങളുടെ സ്വന്തം അസ്തിത്വവുമായി ബന്ധമില്ലാത്ത ഒരു നിസ്സാര വസ്തുപോലും പ്രപഞ്ചത്തിൽ നിങ്ങൾക്ക് കണ്ടെത്തുക സാധ്യമല്ല. വിശുദ്ധ ഖുർആൻ പറഞ്ഞു: 'നിന്നും ഇരുന്നും പാർശ്വങ്ങളിലായി ക്കൊണ്ടും അല്ലാഹുവിനെ സ്മരിക്കുന്നവരും ആകാശഭൂമികളുടെ സൃഷ്ടി പ്പിനെക്കുറിച്ച് ചിന്തിക്കുന്നവരും (ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കും:) ഞങ്ങളുടെ നാഥാ, ഇവയെല്ലാം നീ വൃഥാ സൃഷ്ടിച്ചിട്ടുള്ളതല്ല. നീ എത്ര പരിശുദ്ധൻ!' (3:191).

എല്ലാ വസ്തുക്കളെയും സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്തത് അവനത്രെ.

'പ്രഭാതത്തെ പിളർന്നവൻ. രാത്രിയെ അവൻ വിശ്രമവേളയാക്കി. സൂര്യ ചന്ദ്രന്മാരെ നിശ്ചിത പരിധിയിൽ നിറുത്തി. അതൊക്കെ അജയ്യനും സർവജ്ഞനുമായ അവൻെറ ആസൂത്രണമത്രെ!' (6:96).

അണുവിലും അണ്ഡകടാഹത്തിലും തമസ്സിലും തേജസ്സിലുമെല്ലാം അത് പ്രകടമാണ്.

## താളപ്പൊരുത്തം

പ്രപഞ്ചം എത്ര മനോഹരമാണ്! സങ്കീർണവും വൈവിധ്യപൂർണവു മെങ്കിലും എല്ലാം തികഞ്ഞ ഐക്യത്തോടെ വർത്തിക്കുന്നു. പലേടത്തു നിന്നുമായി ഒരുമിച്ചു കൂട്ടിയ പദാർഥശകലങ്ങളുടെ ഒരു കൂമ്പാരമല്ല അത്. ശക്തമായ പരസ്പരാപേക്ഷയും തികഞ്ഞ താളപ്പൊരുത്തവും സർവോപരി മഹത്തായ സൗന്ദര്യാവബോധവും വിളിച്ചറിയിക്കുന്നതാണ്, അതിൻെറ ഘടന. സസ്യലോകത്ത് ഒട്ടുമിക്കവയുടെയും പരാഗണം നട ത്തുന്നത് തേനീച്ചയാണ്. തേനീച്ചയുടെ അഭാവത്തിൽ സസ്യങ്ങളുടെ വംശവർധന ദുസ്സാധ്യമായിത്തീരുന്നു. മറുവശത്ത് തേനീച്ചയുടെ ജീവി താവലംബമാണ് സസ്യങ്ങൾ അഥവാ തേനും പൂമ്പൊടിയും. പുഷ്പങ്ങ ളിൽ നിന്നു മാത്രം ലഭിക്കുന്ന ഭോജ്യങ്ങളാണവ. ഈച്ചകളെ ആകർഷിക്കു മാറുള്ള സുഗന്ധവും വർണഭംഗിയും പുഷ്പങ്ങൾക്കുണ്ട്. ഗന്ധം മന സ്സിലാക്കാനും വർണം തിരിച്ചറിയുവാനും തേനീച്ചക്കും പ്രത്യേകമായ ഒരു കഴിവു നൽകപ്പെട്ടിരിക്കുന്നു. വർണവും ഗന്ധവും അറിയാൻ കഴിയാത്ത ജീവികളനവധിയുണ്ട് എന്നോർക്കുക. ഇവിടെ മനോഹരമായ ഈ താള പ്പൊരുത്തവും പരസ്പരാശ്രിതത്വവും യാദൃച്ഛികമാണോ? ഒന്നിൻെറ അഭാവത്തിൽ മറ്റൊന്നിന് നിലനില്പില്ല. ഇവിടെ ഒന്നിനു ശേഷം ലക്ഷം ലക്ഷം വർഷങ്ങളുടെ പരിണാമം കൊണ്ട് മറ്റൊന്ന് എന്ന കഥ കെട്ടുകഥ യായി മാറുന്നു.

സസ്യങ്ങളും ജീവികളും വായുവിനെ ആശ്രയിച്ചാണ് നിലനിൽക്കു ന്നത്. എന്നാൽ സസ്യങ്ങൾ വായുവിലടങ്ങിയ കാർബൺഡൈഓക്സൈഡ്

വലിച്ചെടുക്കുമ്പോൾ ജീവജാലങ്ങൾ അതേ വായുവിന്റെ മറ്റൊരു ഘടകമായ ഓക്സിജനാണ് വലിച്ചെടുക്കുന്നത്. ഓരോ വർഷവും 500 ബില്യൺ ടൺ കാർബൺഡൈഓക്സൈഡ് ഇങ്ങനെ സസ്യങ്ങൾ വലിച്ചെടുത്തുകൊണ്ടിരിക്കുന്നുണ്ട്. ഇത് ആകെ അന്തരീക്ഷത്തിലുള്ള കാർബൺഡൈഓക്സൈഡിന്റെ മൂന്നിലൊരു ഭാഗം വരും. ഇങ്ങിനെ നഷ്ടപ്പെടുന്ന കാർബൺഡൈഓക്സൈഡിന്റെ കുറവ് നികത്താൻ ഏർപ്പാടുണ്ടായിരുന്നില്ലെങ്കിൽ രണ്ടു മൂന്ന് വർഷം കൊണ്ടു അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡ് നിശ്ശേഷം തീർന്നുപോകുമായിരുന്നു. ജീവികൾ ഉച്ഛ്വസിക്കുന്ന കാർബൺഡൈഓക്സൈഡ് വഴിയാണ് ഈ കുറവു പരിഹരിക്കുന്നത്. മറുവശത്ത് ജീവികൾ വലിച്ചെടുക്കുന്ന ഓക്സിജന്റെ കുറവ് നികത്തിക്കൊണ്ടിരിക്കുന്നത് സസ്യങ്ങളും; സസ്യങ്ങളുടെ ഉച്ഛ്വാസവായുവിലെ പ്രധാന ഘടകം ഓക്സിജനാണ്. ഇനിയും നോക്കുക. കാർബൺഡൈഓക്സൈഡ് വലിച്ചെടുത്തുകൊണ്ട് സസ്യങ്ങൾ നിർമിക്കുന്ന കാർബോഹൈഡ്രേറ്റാണ് ജീവികളുടെ മുഖ്യഭക്ഷ്യഘടകം! ഈ പരസ്പരാപേക്ഷ എത്ര ആശ്ചര്യകരമായിരിക്കുന്നു. സസ്യങ്ങളുണ്ടായി ലക്ഷക്കണക്കിന് വർഷങ്ങൾക്കു ശേഷമാണ് ജീവികളുണ്ടായതെന്നു എങ്ങിനെ വിശ്വസിക്കും? സസ്യങ്ങളും ജന്തുക്കളും തമ്മിലുള്ള ശക്തമായ ഈ പരസ്പരാശ്രിതത്വം യാദൃച്ഛികം മാത്രമോ?

മഹത്തരവും മനോഹരവുമായ പ്രപഞ്ചം; അതിന്റെ ഉന്നത വിതാനത്തിൽ ഉൽകൃഷ്ടനായ മനുഷ്യൻ; അവന് സേവനസന്നദ്ധമായി നിൽക്കുന്ന സൃഷ്ടിജാലങ്ങളത്രയും; ഒരേ ലക്ഷ്യം; അവിടെ വൈവിധ്യത്തിലും വൈജാത്യത്തിലും അത്ഭുതാവഹമായ ഐക്യവും പൊരുത്തവും ദൃശ്യമാണ്. ഉപ്പുവെള്ളം നിറഞ്ഞ സമുദ്രവും ശുദ്ധജലം നിറഞ്ഞ നദിയും രണ്ടും തമ്മിൽ ഒരുമിച്ചു മേളിക്കുന്നു. രണ്ടു വൈരുധ്യങ്ങളുടെ മേളനം. എന്നിട്ടും ഒന്ന് മറ്റൊന്നിനെ ദുഷിപ്പിക്കുന്നില്ല. രണ്ടും അവയുടെ ലക്ഷ്യത്തിലേക്ക് ഗമിക്കുന്നു. വിശുദ്ധ ഖുർആൻ പറഞ്ഞു: 'രണ്ടു നദികൾ തമ്മിൽ സമമല്ല. ഇതിലെ പാനീയം സ്വച്ഛവും രുചികരവും ഹൃദ്യവും. അതിലെ പാനീയമോ ഉപ്പുള്ളതും തിക്തവും. നിങ്ങൾ രണ്ടിൽ നിന്നും നറും മാംസം ഭക്ഷിക്കുകയും നിങ്ങൾക്കണിയുവാനുള്ള ആഭരണം പുറത്തെടുക്കുകയും ചെയ്യുന്നു. അതിനെ തുളച്ചുപായുന്ന കപ്പൽ കാണാം. അല്ലാഹുവിന്റെ ഔദാര്യം അന്വേഷിപ്പാനും അവന് നന്ദി കാണിക്കുവാനുമാണത്. അവൻ രാത്രിയെ പകലിലും പകലിനെ രാത്രിയിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും നിയന്ത്രണാധീനമാക്കിവച്ചിരിക്കുന്നു. ഓരോന്നും ഒരു നിശ്ചിതാവധിവരെ ചലിക്കുന്നു. അവനത്രെ നിങ്ങളുടെ നാഥനായ അല്ലാഹു. അവനുള്ളതാണ് രാജാധികാരം!' (35:12-13).

സമുദ്രവും നദിയും ഇരവും പകലും എല്ലാം വൈരുധ്യങ്ങളല്ലെങ്കിലും ഒരേ ലക്ഷ്യത്തിൽ ഐക്യത്തോടെ വർത്തിക്കുന്നു. മറുവശത്ത് ഒരേ

ജാതി വെള്ളം, ഒരേജാതി മണ്ണ്, ഒരേതരം വായു— അവയൊരുക്കുന്ന സാഹചര്യത്തിൽ വളരുന്ന സസ്യങ്ങളും പുഷ്പഫലാദികളും വർണത്തിലും ഗന്ധത്തിലും രുചിയിലും എത്ര ഭിന്നം! 'എല്ലാം ഒരേ വെള്ളം കൊണ്ടു നനയ്ക്കപ്പെടുന്നു. എന്നിട്ടും അവയിൽ ചിലതിൻെറ വിഭവങ്ങളെ ചില തിൻേറതിനേക്കാൾ നാം വ്യത്യാസപ്പെടുത്തുന്നു. ഇതിലൊക്കെ ചിന്തിക്കുന്ന ജനതക്ക് ധാരാളം തെളിവുകളുണ്ട്' (13:4).

## മാർഗദർശനം

ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യസാക്ഷാൽക്കാരത്തിന് നിശ്ചിത മാർഗങ്ങളുണ്ട്. മനുഷ്യരും മൃഗങ്ങളും ഇതര ജീവജാലങ്ങളും ഇക്കാര്യത്തിൽ സമമാണ്. അനുകരണം, അനുഭവം, പഠനം എന്നീ മാർഗങ്ങളിലൂടെയാണ് മനുഷ്യൻ കാര്യങ്ങൾ ഗ്രഹിക്കുന്നത്. തൻെറ ജീവിതധർമ്മം നിർവഹിക്കാൻ മനുഷ്യനെ സഹായിക്കുന്ന ഘടകത്തെ നമുക്ക് അറിവ് എന്നു വിളിക്കാം. എന്നാൽ ജീവിവർഗങ്ങൾ സ്വധർമം നിർവഹിക്കുന്നതെങ്ങനെയാണ്? അവക്ക് ഓർമശക്തിയോ ചിന്താശക്തിയോ ഇല്ല; ബുദ്ധിയില്ല; അറിവുകൾ പകർന്നുകിട്ടാൻ മാർഗവുമില്ല. എന്നിട്ടും ഓരോ ജീവിവർഗവും തലമുറ തലമുറയായി ഓരോ ജീവിതരീതിതന്നെ ആശ്രയിച്ചുപോരുന്നു; വേട്ടാളൻെറ ജീവിതം നോക്കൂ! പ്രത്യുല്പാദനം നടത്തുന്ന കാലമായാൽ വേട്ടാളൻ മണ്ണു നനച്ചു കുഴമ്പുപോലെയാക്കുന്നു. ആ മണ്ണുകൊണ്ട് കൂടിൻെറ അടിത്തറ നിർമിക്കും. ആ അടിത്തറക്കു മുകളിൽ വൃത്താകൃതിയിലുള്ള ചുമരുകൾ ഒന്നിനുമീതെ ഒന്നായി കെട്ടിപ്പൊക്കുന്നു. ഇങ്ങിനെ വേട്ടാളൻ കൂടു നിർമിക്കുന്നത് മററുള്ളവയെ കണ്ടു പഠിച്ചതുകൊണ്ടല്ല. ഒററപ്പെട്ടു ജീവിക്കുന്ന വേട്ടാളനും ഇങ്ങിനെ തന്നെ കൂടു നിർമിക്കും. കൂടു നിർമിച്ചശേഷം വേട്ടാളൻ എട്ടുകാലികളെ വേട്ടയാടാൻ പോകും. എട്ടുപത്തു എട്ടുകാലികളെ വേട്ടയാടി പിടിച്ച് അവയെ കൊല്ലാതെ 'ഇൻജക്ററ്' ചെയ്തു കിടത്തുന്നു. ആ മയക്കിക്കിടത്തിയ എട്ടുകാലികളെ കൂട്ടിൽ കൊണ്ടുവന്നു നിറച്ചു അവയുടെ വയററിനു പുറത്ത് മുട്ടയിടുന്നു. അങ്ങിനെ മുട്ട വിരിഞ്ഞു പുറത്തുവരുന്ന കുഞ്ഞുങ്ങൾക്ക് പുതുമാംസം തയ്യാറാക്കിവക്കുന്നു. മയക്കിക്കിടത്തിയ എട്ടുകാലികളുടെ പുറത്ത് മുട്ടയിട്ടുകഴിഞ്ഞാൽ കൂട് മൂടുന്നു. പലപ്പോഴും വേട്ടാളൻെറ കുഞ്ഞുങ്ങൾ ജനിക്കുമ്പോഴേക്കും വേട്ടാളൻ മരിച്ചുകഴിഞ്ഞിരിക്കും. യുഗങ്ങളായി, കോടിക്കണക്കിൽ വേട്ടാളൻമാർ ഭൂലോകത്തിൻെറ പല ഭാഗങ്ങളിലായി ഇങ്ങിനെ ചെയ്യുന്നു. വേട്ടാളൻെറ വംശം നിലനിൽക്കാൻ മുട്ട വിരിഞ്ഞുണ്ടാകുന്ന കുഞ്ഞിന് മാംസഭക്ഷണം ലഭിക്കണം. അതു വളർന്നാൽ ഇണയെ ലഭിക്കണം. കൂടിൻെറ സ്ഥാനം, ഘടന എന്നിവ പഠിച്ചു കൂടുണ്ടാക്കണം, എട്ടുകാലികളെ വേട്ടയാടണം. മുട്ടയിടണം, കൂടു മൂടണം ഇവയെല്ലാം ആഴ്ചകൾക്കുള്ളിൽ നടക്കണം അതുകൊണ്ട് ഇത് വേട്ടാളന് പരീക്ഷണം നടത്തലി (trial and error method) ലൂടെ കണ്ടു

പിടിക്കാവുന്നതല്ലെന്ന് വ്യക്തം. ആരാണ് വേട്ടാളനെ ഇതെല്ലാം പഠിപ്പിച്ചത്? ആരാണിതിന് മാർഗദർശനമരുളിയത്?

'സാൽമൺ' (salmon) എന്നു പേരായ മത്സ്യം കൊല്ലങ്ങളോളം സമുദ്രത്തിൽ വസിക്കുന്നു. എന്നാൽ ഒരു നിശ്ചിത സമയമെത്തുമ്പോൾ അത് സ്വയമേവ സമുദ്രത്തിൽ നിന്ന് നദിയിലും നദിയിൽ മുട്ടയിട്ടു വിരിച്ചശേഷം അവിടെ നിന്ന് സമുദ്രത്തിലും ചെന്നെത്തുന്നു. 3000 നാഴികവരെ മാസങ്ങളോളം യാത്ര ചെയ്താണ് അവ സമുദ്രത്തിലെത്തുന്നതെന്ന് പറയപ്പെടുന്നു. അതേ സ്ഥാനത്തേക്ക് അതിന് മാർഗദർശനം നൽകുന്നത് ആരാണ്?

ഈൽ (eel) മത്സ്യങ്ങളെ നോക്കൂ. ആ ജീവി ഒരുവിധം വലുതായാൽ കുളങ്ങളും തടാകങ്ങളും നദികളും താണ്ടിക്കടന്ന് സ്ഥലം മാറുന്നു. ഈ ജീവികൾ യൂറോപ്പിൽ സമുദ്രത്തിലെ ആയിരമായിരം നാഴികകൾ തരണം ചെയ്തു ബർമൂഡക്ക് സമീപമുള്ള അഗാധ ജലഗർത്തങ്ങളിൽ എത്തിച്ചേരുന്നു. അവിടെ മുട്ടയിട്ടശേഷം അവ ചത്തുപോകുന്നു. കുഞ്ഞു വിരിയുമ്പോൾ അവയുടെ മാതാപിതാക്കൾ എവിടെനിന്ന് വന്നവരാണെന്നറിയില്ലെങ്കിലും അവ അവിടെ നിന്ന് തിരിച്ച് മാതാപിതാക്കൾ കടന്നുവന്ന സമുദ്രതീരത്തെത്തുന്നു. മാത്രമല്ല അവിടന്ന് അതേ തടാകങ്ങളിലും നദികളിലും കുളങ്ങളിലും ചെന്നുചേരുകയും ചെയ്യുന്നു 1.

അല്യൂഷൻ ദ്വീപുകളിലെ ഒരുതരം ഋതുപക്ഷികൾ കൊല്ലത്തിലൊരു കാലം ഹവായിയൻ ദ്വീപുകളിൽ വസിക്കുന്നു. ശാന്തസമുദ്രത്തിന് മീതെ ആയിരക്കണക്കിന് നാഴിക സഞ്ചരിച്ചാണ് ഇവ ഉദ്ദിഷ്ട സങ്കേതത്തിലെത്തിച്ചേരുന്നത്. ഈ സമുദ്രസഞ്ചാരത്തിൻെറ ദിശ നിർണയിക്കുന്നതിൽ ഒരു ഡിഗ്രിപോലും പിഴ വരുത്തുകയാണെങ്കിൽ ഇവക്ക് ഒരിക്കലും ഹവായിയൻ ദ്വീപുകളിൽ ചെന്നെത്താൻ ആവുകയില്ല. ഈ പക്ഷികൾ പറക്കാൻ തുടങ്ങുമ്പോൾ അവയുടെ കുഞ്ഞുങ്ങൾ പറക്കാനാവാത്തതിനാൽ അവിടെത്തന്നെ തങ്ങുന്നു. തള്ളപ്പക്ഷിക്കുശേഷം ആഴ്ചകളോളം കഴിഞ്ഞ് ഇവ പ്രയാണമാരംഭിക്കുന്നു. സഹയാത്രികരിൽ വഴികാട്ടികളാരുമില്ലാതെ തന്നെ അവ തങ്ങളുടെ ലക്ഷ്യസ്ഥാനം പ്രാപിക്കുകയും ചെയ്യുന്നു.

ആരാണീ പക്ഷികൾക്ക് മാർഗദർശനം നൽകുന്നത്? കേവലം യാദൃച്ഛികമായ ഒന്നാണോ ഇത്? എട്ടുകാലി വലകെട്ടുന്നതു കണ്ടിട്ടില്ലേ? ഇരയെ പിടിക്കാനും താമസിക്കാനും പററിയ ആ വീട് എഞ്ചിനീയറിങ്ങിൻെറ മഹിതപ്രകടനമാണ്. ചുള്ളിക്കമ്പുകൾ പെറുക്കി കൂടുകെട്ടുന്ന

1 ക്രെസ്ററി മോറിസൺ

പക്ഷികളെ അക്കാര്യം പഠിപ്പിച്ചതാരാണ്? തേനീച്ചകളുടെ ജീവിതം, സഞ്ചാരം, തേൻശേഖരണം, അറയൊരുക്കൽ എന്നീ കൃത്യങ്ങളെല്ലാം അത്ഭുതകരമായ വിധം വ്യവസ്ഥാപിതവും ആസൂത്രിതവുമാണ്. ആരാണവക്ക് ഈ കഴിവുകൾ നൽകിയത്? പരിണമിച്ചുണ്ടായ പദാർഥശകലത്തിന് ഈ കഴിവ് എങ്ങിനെ സങ്കൽപ്പിക്കാൻ കഴിയും? ഇങ്ങിനെ നോക്കുമ്പോൾ മനുഷ്യനൊഴികെയുള്ള സകല ജീവിവർഗങ്ങളുടെയും ജീവിതത്തിനാധാരം അവയുടെ ജന്മവാസനകളാണെന്നു കാണാം. ആരാണ് അവക്ക് ഈ ജന്മവാസനകൾ നൽകിയത്? ആരാണ് അവയെ മാർഗദർശനം ചെയ്യുന്നത്?

വിശുദ്ധ ഖുർആൻ പറഞ്ഞു: 'നിന്റെ രക്ഷിതാവ് തേനീച്ചക്ക് ബോധനം നൽകി, മലകളിലും മരങ്ങളിലും മനുഷ്യർ കെട്ടിയുണ്ടാക്കുന്ന ഭവനങ്ങളിലും നീ ഭവനങ്ങളുണ്ടാക്കുക. എന്നിട്ട് എല്ലാ കനികളിൽ നിന്നും നീ ഭക്ഷിക്കുകയും നിന്റെ നാഥന്റെ പാതകളിൽ സുഗമമായി സഞ്ചരിക്കുകയും ചെയ്യുക! അവയുടെ ഉദരങ്ങളിൽ നിന്നും വിവിധ നിറങ്ങളുള്ള പാനീയം പുറപ്പെടുന്നു. അതിൽ മനുഷ്യർക്കു രോഗശമനമുണ്ട്. ചിന്തിക്കുന്ന ജനത്തിന് ഇതിൽ തീർച്ചയായും ഒരു ദൃഷ്ടാന്തം തന്നെയുണ്ട്'' (96:68-69).

''ഓരോ വസ്തുവിനും അതിനേർതായ പ്രകൃതം നൽകുകയും (ആ പ്രകൃതത്തിനൊത്തു ജീവിക്കാൻ) മാർഗനിർദേശം കൊടുക്കുകയും ചെയ്തവനത്രേ ഞങ്ങളുടെ നാഥൻ! (30:50).

ജീവിവർഗങ്ങളുടെ ജന്മവാസനകൾക്കു പിന്നിൽ ഉദ്ദേശ്യപൂർവമായ മാർഗദർശനമാണ് നമുക്ക് കാണാൻ കഴിയുന്നത്- സൃഷ്ടിക്കുകയും രൂപകൽപ്പന നടത്തുകയും സംവിധാനിക്കുകയും പിന്നെ മാർഗദർശനമരുളുകയും ചെയ്ത സർവശക്തനും യുക്തിമാനുമായ ഒരു സൃഷ്ടികർത്താവിന്റെ മാർഗദർശനം.

## ധർമാധർമബോധം

ജീവജാലങ്ങൾക്ക് ജന്മവാസനയെന്നപോലെ മനുഷ്യമനസ്സിൽ സഹജമായിത്തന്നെ ഒരു ധർമാധർമബോധം കുടികൊള്ളുന്നുണ്ട്. നന്മയിൽ പ്രതിപത്തിയും തിന്മയിൽ വിരക്തിയും അവന്റെ അബോധമനസ്സിൽ കുടികൊള്ളുന്ന നൈസർഗികഭാവങ്ങളാണ്. സത്യം, ധർമം, നീതി, കാരുണ്യം, ഭൂതദയ എന്നിവയെ താൽക്കാലിക വികാരങ്ങളാൽ പ്രേരിതനായി മനുഷ്യൻ അവഗണിച്ചേക്കും. അനീതിയിലും അക്രമത്തിലും എത്ര മുന്നോട്ട് പോയാലും ഉള്ളിന്റെയുള്ളിൽ തന്റെ വ്യതിചലനത്തെക്കുറിച്ച് അവൻ ബോധവാനായിരിക്കും. പലപ്പോഴും അറിഞ്ഞുകൊണ്ടുതന്നെ ന്യായീകരണങ്ങൾ പരതിപ്പിടിച്ച് മനസ്സിനെ ആശ്വസി

പ്പിക്കാനുള്ള വൃഥാശ്രമത്തിലായിരിക്കും അവൻ. "എന്നാൽ മനുഷ്യർ തനിക്കുതന്നെ ഒരെതിർസാക്ഷ്യമാണ്. അവൻ സ്വന്തം ഒഴികഴിവുകൾ ബോധിപ്പിച്ചിട്ടുണ്ടെങ്കിലും" (75:14-15) ഇമ്മാനുവൽ കാൻറ് പറഞ്ഞതു പോലെ വിഷമങ്ങൾ സഹിച്ചും സത്യവും നന്മയും മുറുകെപ്പിടിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന ധാർമികബോധം മനുഷ്യമനസ്സിൻെറ അടിത്തട്ടിൽ നിന്നുള്ള വിളിയെയാണ് സൂചിപ്പിക്കുന്നത്. സഹജമായിത്തന്നെ ദൈവികമായ ഒരു പ്രേരണ നന്മയിലേക്ക് അവനെ വിളിച്ചുകൊണ്ടിരിക്കുന്നുണ്ട്. തിന്മ എളുപ്പവും സുഖകരവുമായി അനുഭവപ്പെടുന്ന സന്ദർഭങ്ങളിലും നന്മയിലുറച്ചു നിൽക്കാൻ പ്രേരിപ്പിക്കുന്ന ഘടകം ഇതേ അന്തശ്ചോദനമാണ്. മനുഷ്യമനസ്സിൽ കുടികൊള്ളുന്ന ഈ പ്രേരകം ആവശ്യപ്പെടുന്നത്, അത് അവനിൽ നിക്ഷേപിച്ച ശക്തിവിശേഷം ഉണ്ടായിരിക്കണമെന്നാണ്. ഡ്രീഷ് (Driesch) പറഞ്ഞു: "മനുഷ്യൻെറ ധാർമികബോധത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, മനുഷ്യന് മനുഷ്യാതീത ലോകവുമായി ബന്ധമുണ്ടെന്ന് മനസ്സിലാകുന്നു. ഈ മനുഷ്യാതീത ശക്തിയാണ് മനുഷ്യരുടെ ഹൃദയത്തെ വഴികാണിക്കുന്നത്'". സാമുവൽ ബട്ട്ലർ പറഞ്ഞതുപോലെ മനുഷ്യഹൃദയത്തെ പ്രകൃതിയുടെ കർത്താവ് തന്നെയാണ് മാർഗദർശനം ചെയ്യുന്നത്. "മനുഷ്യജീവിതത്തിൻെറയും നാഗരികതയുടെ തന്നെയും നിലനിൽപ്പിനാധാരം ഈ ധാർമികഗുണങ്ങളാണ്". ഖുർആൻ പറഞ്ഞു: 'മനുഷ്യമനസ്സിനെക്കൊണ്ടും അതിനെ അന്യൂനമാക്കിയവനെക്കൊണ്ടും സത്യം. അനന്തരം അവൻ അതിന് ധർമാധർമബോധം നൽകി. ഏതൊരുവൻ (മനസ്സിനെ) പരിശുദ്ധമാക്കിയോ അവൻ വിജയിച്ചു. ഏതൊരുവൻ അതിനെ മലിനപ്പെടുത്തിയോ അവൻ പരാജയപ്പെട്ടു' (91:7-10).

പരമ്പരാഗതമായ സാമൂഹ്യാചാരമാണ് മനുഷ്യമനസ്സിൽ ധാർമികബോധത്തിൻെറ വിത്തു പാകിയത് എന്നു പറഞ്ഞുകേൾക്കാറുണ്ട്. ധാർമിക ബോധവും മനസ്സാക്ഷിയും മാതാപിതാക്കളുടെ ഭീതിപ്പെടുത്തലിൽ നിന്നുളവാകുന്നതാണുപോലും! എന്നാൽ ഈ സങ്കൽപ്പം അംഗീകരിക്കുന്ന പക്ഷം മർമപ്രധാനമായ ചില പ്രശ്നങ്ങൾക്ക് നാം മറുപടി കണ്ടെത്തേണ്ടിവരും. വ്യക്തിക്കും സമൂഹത്തിനും ഗുണകരമല്ലെങ്കിൽ എന്തിന് ഈ കപടമായ ആചാരം സമൂഹം സ്വീകരിക്കുന്നു. സർവതന്ത്ര സ്വതന്ത്രമായി ജീവിതം നയിക്കുകയും തികഞ്ഞ സ്വാതന്ത്ര്യത്തോടെ സന്തതികളെ വളർത്തുകയും ചെയ്യുന്ന അനിയന്ത്രിത സമൂഹത്തിലെ (Permissive Society) വ്യക്തികൾ അവസാനം ധാർമികജീവിതത്തിൽ അഭയം തേടുന്നതെന്തുകൊണ്ട്? സത്യധർമാദികളെ അവഗണിച്ചുകൊണ്ട് എത്രത്തോളം സർവതന്ത്രസ്വതന്ത്രരായിത്തീരുന്നുവോ അത്ര കണ്ട് അസ്വാസ്ഥ്യവും അസംതൃപ്തിയും വർധിക്കുന്നു. സർവോപരി കൃത്രിമമായി പടച്ചുണ്ടാക്കിയ ഒന്നാണെങ്കിൽ എക്കാലത്തും ശാശ്വതമായി നിലനിൽക്കുന്ന

തെങ്ങനെ? കൃത്രിമമായ ആചാരങ്ങൾ സമൂഹം കയ്യൊഴിച്ചു കഴിഞ്ഞു. അതിന്നർഥം ധാർമികബോധം മനുഷ്യമനസ്സിൻെറ നൈസർഗികഭാവം തന്നെയെന്നാണ്.

വിശുദ്ധ ഖുർആൻ പറഞ്ഞു: 'അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു. ആ വെളിച്ചത്തിൻെറ ഉപമ ഇപ്രകാരമാണ്: ഒരു വിളക്കുമാടം; അതിലൊരു വിളക്കും. വിളക്കൊരു സ്ഫടികത്തിനുള്ളിലാണ്. സ്ഫടികമോ ഒരുജ്ജ്വലതാരംപോലെയും, അനുഗൃഹീതമായ ഒരു മരത്തിൽ നിന്നുള്ള പൂർവദേശത്തുള്ളതോ പശ്ചിമദേശത്തുള്ളതോ അല്ലാത്ത ഒരു ഒലിവുമരത്തിൽ നിന്നുള്ള എണ്ണ കൊണ്ട് അത് കത്തിക്കപ്പെടുന്നു. അഗ്നിസ്പർശനമുണ്ടായില്ലെങ്കിൽ തന്നെ ആ എണ്ണ സ്വയം പ്രകാശം നൽകുമാറാകുന്നു. (അതുണ്ടായപ്പോഴോ) വെളിച്ചത്തിന്നുപരി വെളിച്ചം! അല്ലാഹു തൻെറ വെളിച്ചത്തിലേക്ക് താനിച്ഛിക്കുന്നവരെ നയിക്കുന്നു (24:35).

ദൈവാസ്തിത്വത്തെക്കുറിച്ച് നമുക്ക് അറിവ് നൽകുന്ന ഏകവും പ്രബലവും വിശ്വാസയോഗ്യവുമായ തെളിവ് നാളിതുവരെ ഈ ലോകത്ത് ആഗതരായ മഹാത്മാക്കളായ ലക്ഷത്തിൽപ്പരം പ്രവാചകവര്യൻമാരുടെ സാക്ഷ്യങ്ങളാണ്.

ആയിരക്കണക്കിന് പ്രവാചകന്മാർ വിവിധ കാലങ്ങളിൽ, വ്യത്യസ്ത ദേശങ്ങളിൽ, ജനങ്ങൾ സത്യവും ധർമവും വിസ്മരിച്ച ചുററുപാടിൽ ആഗതരായിട്ടുണ്ട്. അവർക്കു തമ്മിൽ കാണാനോ ബന്ധപ്പെടാനോ വിവരങ്ങൾ അറിയാനോ യാതൊരു മാർഗവുമില്ലാതിരുന്നിട്ടും അവരുടെ സന്ദേശം, പ്രബോധനരീതി, ജീവിതം എന്നിവ തമ്മിൽ അത്ഭുതാവഹമായ സാദൃശ്യം കാണപ്പെടുന്നു. അവർ സത്യസന്ധരും സച്ചരിതരുമായിരുന്നു. സൽബുദ്ധികളും സ്ഥിരബുദ്ധികളുമായിരുന്നു. ഒരു ജീവിയെയും വേദനിപ്പിക്കാൻ മനസ്സുവരാത്ത, ഒരു വാക്കു പോലും കളവുപറയാൻ മുതിരാത്തവർ. ആ പ്രവാചകന്മാരൊക്കെയും വ്യക്തമായും ശക്തമായും പ്രഖ്യാപിച്ചിരുന്നതും പഠിപ്പിച്ചിരുന്നതും തങ്ങൾക്ക് ദിവ്യബോധനം ലഭിച്ചുവെന്നാണ്. അവരും അനുയായികളും അളവററ ത്യാഗങ്ങളും കഷ്ടപ്പാടുകളും സഹിക്കുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്തത് അതേ മാർഗത്തിലാണ്. ഈ പുണ്യാത്മാക്കൾ, തികച്ചും അന്യവും അപരിചിതവുമായ ചുററുപാടുകളിൽ നിന്നുകൊണ്ട്, ഒരേ സന്ദേശം പ്രഖ്യാപിക്കുന്നു. ഏകനായ സൃഷ്ടികർത്താവിൽ വിശ്വസിക്കാൻ ആഹ്വാനം ചെയ്യുന്നു. ഒരേ ജീവിതരീതി അനുവർത്തിക്കുന്നു–ലക്ഷത്തിൽപ്പരം പേർ, ചരിത്രാതീതകാലം മുതൽ, ലോകത്തിൻെറ നാനാഭാഗങ്ങളിൽ-ഇത് യാദൃച്ഛികമാണോ? ഇവരെല്ലാവരും, ഒരു മഹാവ്യാജം കെട്ടിച്ചമച്ചുണ്ടാക്കുകയോ? സത്യവും ധർമവും നീതിയും പാലിക്കുന്നതിനായി ജീവൻ

പോലും ബലിയർപ്പിച്ചവർ അഖില മനുഷ്യരേയും വഞ്ചിക്കുകയായിരുന്നുവെന്നോ? പരസഹസ്രം പ്രവാചകന്മാർക്ക് അറിയപ്പെടാത്ത കോണുകളിൽ നിന്നും ഒരേ ശബ്ദത്തിൽ, ഒരേ ഭാവത്തിൽ ഒരേ സന്ദേശം വ്യാജമായി കെട്ടിച്ചമച്ചു പ്രഖ്യാപിക്കാൻ കഴിയുന്നതെങ്ങിനെ?

ഖുർആനും ബൈബിളും തൗറാത്തും അറിയപ്പെടുന്ന ഇതര ദിവ്യഗ്രന്ഥങ്ങളും നോക്കൂ അവയുടെ മൗലികഭാവവും പരിശുദ്ധിയും ഇന്നും നിലനിൽക്കുന്നു. ന്യൂനതകൾക്കും പോരായ്മകൾക്കും അതീതമായി അവയെ തമ്മിൽ കൂട്ടിയിണക്കുന്ന അത്ഭുതാവഹമായ സാദൃശ്യം നമുക്ക് കാണാൻ കഴിയുന്നു. ഒരേ നിർത്ധരിയിൽ നിന്നും നിർഗളിച്ച ഭിന്ന സ്രോതസ്സുകളാണിവയെന്ന് ഒററ നോട്ടത്തിൽ തന്നെ നമുക്ക് ബോധ്യമാവും. ഒരേ ചൈതന്യധാര അവയെല്ലാത്തിനെയും കൂട്ടിയിണക്കുന്നു. മൗലികമായി ഒരേ ഭാവം അവയെല്ലാം ഉൾക്കൊള്ളുന്നു. ഇതെങ്ങിനെ സംഭവിച്ചു? യാദൃച്ഛികമാണോ? അതോ ആസൂത്രിതമോ? അതെ, അല്ലാഹുവിൻെറ മാർഗദർശനപരിപാടിയുടെ ഭാഗമായിരുന്നു പ്രവാചകന്മാർ: 'നാം എല്ലാ ഓരോ ജനസമുദായത്തിലും ദൂതനെ നിയോഗിച്ചിട്ടുണ്ട്. 'അല്ലാഹുവിന് അടിമപ്പെടുക. ദൈവേതരശക്തികളെ കയ്യൊഴിക്കുക' (എന്നതായിരുന്നു അവരുടെ ദൗത്യം)' (16:36).

അഖില പ്രവാചകൻമാരും പഠിപ്പിച്ച സനാതന സത്യമാണ് ദൈവാസ്തിത്വം. മനുഷ്യൻെറ വിജ്ഞാനോപാധികളും ജ്ഞാനേന്ദ്രിയങ്ങളും ഇന്നും അപൂർണമാണ്. എന്നും അപൂർണമായിരുന്നു. അതുകൊണ്ടു തന്നെ സച്ചരിതരും സത്യസന്ധരുമായ പ്രവാചകന്മാരിൽ വിശ്വസിക്കുവാൻ നാം ബാധ്യസ്ഥരാണ്.

## മുഹമ്മദ് നബിയും ഖുർആനും

ദൈവാസ്തിത്വത്തിൻെറ ഏററവും ശക്തമായ തെളിവുകളാണ് അന്ത്യപ്രവാചകനായ മുഹമ്മദ് നബി (സ) യുടെ ജീവിതവും ഖുർആനും. സ്വേഛാപ്രമത്തരും ഭൗതികപൂജകരും താന്തോന്നികളുമായ അറേബ്യൻ ജനതക്കിടയിൽ ജനിച്ചുവളർന്ന പ്രവാചകപ്രഭു സ്വഭാവമഹിമയുടെയും വിശുദ്ധിയുടെയും വിശ്വസ്തതയുടെയും മകുടോദാഹരണമായിരുന്നു. മറെറല്ലാ പ്രവാചകന്മാരിൽ നിന്നും വ്യത്യസ്തമായി നബി തിരുമേനിയുടെ വ്യക്തിപരവും സാമൂഹ്യവും ഗാർഹികവും മററുമായ സകല ജീവിതസംഭവങ്ങളും സമ്പൂർണമായും വിശ്വസ്തമായും ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്. അവ പരിശോധിക്കുന്ന ഏതൊരാൾക്കും നബിതിരുമേനിയുടെ ജീവിതത്തെക്കുറിച്ച് സമ്പൂർണവും വിശദവുമായ പഠനം നടത്തുവാൻ സാധിക്കും. പ്രവാചകത്വത്തിനു മുമ്പോ പിമ്പോ ഉള്ള ഒരു ഘട്ടവും അതിൽനിന്ന് വിട്ടുപോയിട്ടില്ല. 'അൽ അമീൻ' അഥവാ വിശ്വസ്തൻ എന്ന ഓമനപ്പേരിലാണ് അവിടുന്ന് അറിയപ്പെട്ടിരുന്നത്. അവിടുത്തെ

സ്വഭാവചര്യകളിലോ ജീവിതത്തിലോ ശത്രുക്കൾക്കുപോലും ഒരു കളങ്കവും ആരോപിക്കുവാൻ കഴിഞ്ഞിരുന്നില്ല. റോമാ ചക്രവർത്തി ഹിരാക്ലിയസ് പ്രവാചകന്റെ ശത്രുവായ അബൂസുഫ്യാനോട് ചോദിച്ചു: 'ഈ സന്ദേശവുമായി വരുന്നതിനു മുമ്പ് അദ്ദേഹം കള്ളം പറയുന്ന ആളാണെന്ന് നിങ്ങൾക്ക് സംശയമുണ്ടായിരുന്നോ?' 'ഇല്ല' എന്നായിരുന്നു അബൂസുഫ്യാന്റെ ദൃഢസ്വരത്തിലുള്ള മറുപടി. തന്റെ സന്ദേശം പരസ്യമായി പ്രബോധനം ചെയ്യാൻ കല്പന ലഭിച്ചപ്പോൾ പ്രവാചകൻ സഫാപർവതത്തിന്റെ മുകളിൽ നിന്നുകൊണ്ട് അറബികളോടായി ചോദിച്ചു: 'ഈ പർവതത്തിന്റെ മറേ ചരിവിലൂടെ നിങ്ങളെ ആക്രമിക്കാൻ ഒരു പട്ടാളം വരുന്നുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ'? 'എന്തുകൊണ്ട് ഞങ്ങൾ വിശ്വസിക്കുന്നില്ല? താങ്കൾ സത്യമല്ലാതെ മറ്റൊന്നും പറഞ്ഞു ഞങ്ങൾ കേട്ടിട്ടില്ല'—അവിടെ കൂടിയിരുന്ന ജനം ഏകസ്വരത്തിൽ പ്രഖ്യാപിച്ചു. മുഹമ്മദ് (സ) ന്റെ സത്യസന്ധത പകൽവെളിച്ചം പോലെ സ്പഷ്ടവും വ്യക്തവുമായിരുന്നു. ആ വ്യക്തി തനിക്ക് ദിവ്യപ്രബോധനം ലഭിച്ചുവെന്നും, ദിവ്യാടയാളങ്ങൾ ദർശിച്ചുവെന്നും പറയുമ്പോൾ അതിൽ വിശ്വസിക്കാതിരിക്കാൻ യാതൊരു ന്യായവുമില്ല. അതുവരെ സത്യസന്ധനായി ജീവിച്ച അവിടുത്തേക്ക് ഇങ്ങിനെയൊരു വ്യാജം കെട്ടിച്ചമച്ചിട്ട് വല്ല സ്വാർഥവും നേടാനായിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. അങ്ങനെ വല്ല താല്പര്യവും അദ്ദേഹത്തെ പ്രലോഭിപ്പിച്ചിരുന്നതായി നാളിതുവരെ ആരും പറഞ്ഞിട്ടില്ല. പ്രത്യുത, അത്തരം പ്രലോഭനങ്ങളഖിലവും ആ ആദർശശുദ്ധിയുടെ മുമ്പിൽ വിഫലമാവുകയാണുണ്ടായത്. പ്രവാചകന്റെ പ്രബോധനത്തെ ഏതു വിധേനയും തടസ്സപ്പെടുത്താൻ ഒപ്പാനിട്ട അറബികൾ അദ്ദേഹത്തോടു പറഞ്ഞു: 'മുഹമ്മദേ! നിനക്ക് നേതൃത്വവും അധികാരവുമാണ് വേണ്ടതെങ്കിൽ നിന്നെ ഞങ്ങൾ രാജാവായി വാഴിക്കാം. ഇനി സമ്പത്താണ് നിനക്കു വേണ്ടതെങ്കിൽ നിന്നെ ഞങ്ങളുടെ കൂട്ടത്തിൽ ഏററവും വലിയ ധനികനാക്കാം. ഏതെങ്കിലും സ്ത്രീയെ നിനക്ക് വിവാഹം ചെയ്യണമെന്നുണ്ടെങ്കിൽ ഏററവും കുലീനയും സുന്ദരിയുമായ തരുണീമണിയെ നിനക്ക് വിവാഹം കഴിച്ചുതരാം. ദയവായി ഈ പുത്തൻ പ്രസ്ഥാനം ഒന്നുപേക്ഷിച്ചാലും!' അതിനു മറുപടിയായി വിശുദ്ധ ഖുർആനിലെ ഈ വാക്യം ഓതുക മാത്രമാണ് അവിടുന്ന് ചെയ്തത്; 'പറയുക, തീർച്ചയായും നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ് ഞാൻ. നിങ്ങളുടെ ദൈവം ഏകദൈവമാണെന്ന് എനിക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അവന്ന് നേരെ ചൊവ്വായി നിലകൊള്ളുവിൻ. അവനോട് പാപമോചനം തേടുകയും ചെയ്യുവിൻ. അവനോട് പങ്കുചേർക്കുന്ന ബഹുദൈവവിശ്വാസികൾക്കു നാശം!' (41:6)

ശുപാർശകളും പ്രലോഭനങ്ങളും മൂലം പൊറുതിമുട്ടിയ അവസരത്തിൽ അവിടുന്ന് പ്രഖ്യാപിച്ചു: 'അല്ലാഹുവാണെ, എന്റെ വലം കയ്യിൽ

സൂര്യനെയും ഇടംകയ്യിൽ ചന്ദ്രനെയും വച്ചുതന്നിട്ട്, ഈ പ്രസ്ഥാന മുപേക്ഷിക്കാൻ അവരെന്നോടാവശ്യപ്പെട്ടാൽ പോലും ഞാനതു ചെയ്യുക യില്ലതന്നെ. ഒന്നുകിൽ അല്ലാഹു ഈ സന്ദേശത്തെ വിജയത്തിലെത്തിക്കുക, അല്ലെങ്കിൽ ഈ പ്രസ്ഥാനത്തിന്റെ മാർഗത്തിൽ ഞാൻ മരണമടയുക. രണ്ടിലൊന്ന് സംഭവിക്കുകയെന്നല്ലാതെ, ഞാൻ ഇതിൽനിന്നും പിൻമാറുന്ന പ്രശ്നമേയില്ല! ജീവിതാന്ത്യംവരേക്കുമുള്ള അവിടുത്തെ ഓരോ ചലനവും ഈ പ്രഖ്യാപനത്തെ അക്ഷരംപ്രതി ശരിവക്കുന്നതായിരുന്നു, അധികാരമോഹമോ സ്വാർഥചിന്തയോ തെല്ലുപോലും നബിയെ പിടികൂടിയിരുന്നില്ല. ഒരു സാമ്രാജ്യത്തിന്റെ ആധിപത്യചെങ്കോൽ കയ്യിൽ വന്ന സന്ദർഭത്തിൽ തിരുമേനി പൂർവോപരി അസ്വസ്ഥനായാണ് കാണപ്പെട്ടത്. തന്നിലർപ്പിതമായ കനത്ത ബാധ്യതയെക്കുറിച്ച് മരണാനന്തരം സർവ ശക്തനായ അല്ലാഹുവിന്റെ സന്നിധിയിൽ മറുപടി ബോധിപ്പിക്കേണ്ടതുണ്ടല്ലോ എന്ന വിചാരമായിരുന്നു അതിനു കാരണം. അതീവ ലളിതമായ ഒരു ജീവിതമാണ് അവിടുന്ന് നയിച്ചിരുന്നത്. തിരുമേനിയുടെ വീട്ടിന്റെ അടുപ്പിൽ നിന്ന് തീ പുകയാത്ത ആഴ്ചകൾ തന്നെ ഉണ്ടായിട്ടുണ്ടെന്ന് അവിടുത്തെ പ്രിയപത്നി ആയിശ (റ) പറയുന്നു! ഈത്തപ്പനപ്പായുടെ പാടുകൾ ഉറക്കത്തിൽ നിന്നുണരുമ്പോൾ തിരുമേനിയുടെ ശരീരത്തിൽ തെളിഞ്ഞു കാണാമായിരുന്നു. പട്ടിണിയിലും ദാരിദ്ര്യത്തിലും വ്രതവും ത്യാഗവും അനുഷ്ഠിച്ച് ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടിയ തിരുമേനി തന്റെ കിടപ്പറയിൽപോലും അസ്വസ്ഥനായിരുന്നു. അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയാൽ കിടപ്പറയിൽനിന്നകന്ന് രാത്രിയുടെ യാമങ്ങളിലധികവും നമസ്കാരവും പ്രാർഥനയുമായി കഴിച്ചുകൂട്ടുകയായിരുന്നു പതിവ്; കാലുകൾ നീരുകെട്ടിവീർത്ത സന്ദർഭങ്ങളിൽ ഉറക്കമൊഴിച്ചും നിന്നും ഇരുന്നുമുള്ള നീണ്ട ഈ നമസ്കാരത്തിൽ നിന്നും സ്വല്പം വിശ്രമമെടുത്തുകൂടെ എന്ന് ചോദിച്ചാൽ നന്ദിയുള്ള ഒരു ദാസനായിരിക്കേണ്ടതില്ലേ ഞാൻ, എന്നായിരുന്നു തിരുമേനിയുടെ മറുപടി! നബിയുടെ ജീവിതവും ചര്യകളും സന്ദേശവും സർവശക്തനായ സൃഷ്ടികർത്താവിന്റെ സവിധത്തിലേക്കാണ് നമ്മെ നയിക്കുന്നത്.

ദൈവാസ്തിത്വത്തിലേക്ക് വഴികാണിക്കുന്ന മറ്റൊരു ദിവ്യ ദൃഷ്ടാന്തമാണ് വിശുദ്ധ ഖുർആൻ. അതിന്റെ സന്ദേശവും, അതുൾക്കൊള്ളുന്ന ആശയഗാംഭീര്യവും സാഹിത്യഭംഗിയും ഭദ്രതയുമെല്ലാം ഖുർആന്റെ അമാനുഷികത വിളിച്ചോതുന്നവയാണ്. 'നിങ്ങൾ ഈ ഖുർആൻ മനുഷ്യകൃതിയാണെന്ന് കരുതുന്നുവെങ്കിൽ അതുപോലുള്ള പത്ത് അധ്യായങ്ങളെങ്കിലും നിർമിച്ചു കാണിക്കൂ!' (11:13) എന്ന വിശുദ്ധ ഖുർആനിലെ വെല്ലുവിളി ഇന്നും ഉത്തരം ലഭിക്കാതെ അവശേഷിക്കുന്നു. ഖുർആനെതിരെ വാളെടുത്തവരെല്ലാം അതിന്റെ കാവൽ ഭടന്മാരായി മാറുകയാണുണ്ടായത്. ഇസ്ലാമിന്റെ കഠിനശത്രുവും സാഹിത്യ വിശാരദനുമായി

രുന്ന വലീദിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 'അല്ലാഹുവാണെ, അവന്റെ വചനങ്ങൾക്ക് വിസ്മയാവഹമായ ഒരു മാധുര്യമുണ്ട്. ഒരു സവിശേഷ സൗന്ദര്യമുണ്ട്. അതിന്റെ തരുക്കൾ തഴച്ചുവളരുന്നവയും ശാഖകൾ ഫല സമൃദ്ധവുമാണ്. തീർച്ചയായും അത് സർവ വചനങ്ങളെക്കാളും ഉന്നത മാണ്... '

വിശ്വചരിത്രത്തിൽ തുല്യതയില്ലാത്ത ഒരു മഹാവിപ്ലവം സൃഷ്ടിച്ച അതുല്യഗ്രന്ഥമാണ് ഖുർആൻ; ആത്മീയ—ധാർമികനിയമസംഹിത, സാമൂഹ്യ-നാഗരിക വ്യവസ്ഥകൾ, രാഷ്ട്രീയ-സാമ്പത്തികസിദ്ധാന്ത ങ്ങൾ എന്നിവയെല്ലാമുൾക്കൊള്ളുന്ന സമഗ്രവും സമ്പൂർണവുമായ ഒരു സന്ദേശമാണത്. ആർക്കാണ് ഈ സന്ദേശം ലഭിച്ചുകൊണ്ടിരുന്നത്? അജ്ഞ രായ ഒരു ജനതയിൽ ജനിച്ച അക്ഷരാഭ്യാസം ലഭിക്കാത്ത ഒരു പ്രവാച കന്!

പ്രവാചകവചനങ്ങളും വിശുദ്ധ ഖുർആനും ആശയങ്ങളിലും ശൈ ലിയിലും ഘടനയിലുമെല്ലാം ഭിന്നമായിത്തന്നെ നിലകൊള്ളുന്നു. ഖുർ ആന്റെ സ്വരത്തിലോ ശൈലിയിലോ എവിടെയും ഒരു മാനുഷികഭാവമോ വികാര സ്പർശമോ നമുക്ക് കാണാവതല്ല, പ്രത്യുത, പലപ്പോഴും പ്രവാ ചകനെ ഖുർആൻ ശാസിക്കുകയും, താക്കീത് നൽകുകയും ചെയ്യുന്നതും കാണാം; വിശുദ്ധ ഖുർആൻ നടത്തിയ പ്രവചനങ്ങൾ തന്നു കാലത്തും പിന്നീടുമായി പുലർന്നുകഴിഞ്ഞു. അതിന്റെ ആശയങ്ങളിലെവിടെയും വൈരുധ്യമോ അബദ്ധമോ കാണുകയില്ല. സഹസ്രാബ്ദം കഴിഞ്ഞിട്ടും അതിലെ ഓരോ വാക്കും വരിയും ഇന്നും സ്വന്തം അമാനുഷികത വിളിച്ചറി യിക്കുന്ന വെള്ളിനക്ഷത്രങ്ങളായി പരിലസിക്കുന്നു. വിശുദ്ധ ഖുർആൻ ഒന്ന് പരിശോധിച്ചുനോക്കൂ മുഹമ്മദ് നബിയുടെ ജീവിതം പഠിക്കൂ. സത്യത്തിന്റെ പ്രകാശം- ദൈവാസ്തിത്വത്തിന്റെ കിരണങ്ങൾ—നാമറി യാതെ തന്നെ നമ്മിലേക്ക് കടന്നുവരുന്നതു കാണാം.

പ്രകൃതിയും ഖുർആനും, ദൈവാസ്തിത്വം പ്രഘോഷണം ചെയ്യുന്ന രണ്ടു മഹാത്ഭുതങ്ങളാണ്. രണ്ടും ഒരേ സ്രഷ്ടാവിന്റെ അസ്തിത്വം വി ളിച്ചറിയിക്കുന്നു. പ്രകൃതിദൃഷ്ടാന്തങ്ങൾ നമുക്ക് വിവരിച്ചുതരുന്ന വിശുദ്ധ ഖുർആൻ ദിവ്യ സന്ദേശങ്ങളും പ്രവാചകന്മാരും സർവശക്ത നായ സൃഷ്ടികർത്താവിങ്കലേക്ക് നമ്മെ മാടിവിളിക്കുന്നു നമ്മുടെ തന്നെ ഉള്ളിന്റെയുള്ളിൽ നിന്നുയരുന്ന ആഹ്വാനവും അതുതന്നെയാണ്. അത് ചെവിക്കൊള്ളാൻ നാം ഒരുക്കമാണോ? എല്ലാം നേടിയിട്ടും അസ്വസ്ഥത യിൽ വീർപ്പുമുട്ടുന്ന മനുഷ്യനോടായി ഖുർആൻ പറഞ്ഞു: 'അറിയുക! ദൈവസ്മരണകൊണ്ടാണ് ഹൃദയങ്ങൾ സമാധാനമടയുന്നത്!' (13:28).

9

# അല്ലാഹുവിൻെറ വിശിഷ്ടനാമങ്ങൾ

'അല്ലാഹുവിന് അത്യുത്തമങ്ങളായ നാമങ്ങളാണുള്ളത്: ആ നാമങ്ങളിൽ അവനെ....നിങ്ങൾ വിളിച്ചു പ്രാർഥിക്കുക' (അൽ അഅ് റാഫ്:180) എന്നു ഖുർആൻ വാക്യം വ്യക്തമാക്കുന്നതുപോലെ അല്ലാഹുവിൻെറ വിശിഷ്ടനാമങ്ങളിലാണ് അവനെ നാം വിളിച്ചു പ്രാർഥിക്കേണ്ടത്. ആ നാമങ്ങൾ കേവലസംജ്ഞകളല്ല, പ്രത്യുത അവൻെറ വിശിഷ്ടഗുണങ്ങൾ കൂടിയാണ്. ഇമാം നസഫിയുടെ ഖുർആൻ വ്യാഖ്യാനഗ്രന്ഥത്തെ ഉദ്ധരിച്ചുകൊണ്ട് ഹസനൈൻ മുഹമ്മദ് മഅ്ലൂഫ് 'അല്ലാഹുവിൻെറ വിശിഷ്ടനാമങ്ങൾ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'അല്ലാഹുവിൻെറ വിശിഷ്ടനാമങ്ങളിൽ ചിലത് അവൻെറ സത്തയുടെ യാഥാർഥ്യം വെളിപ്പെടുത്തുന്നവയാണ്. എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എന്നെന്നും ശേഷിക്കുന്നവൻ, സർവശക്തൻ, സർവജ്ഞൻ എന്നീ അർഥങ്ങളിലുള്ള നാമങ്ങൾ ഇതിനുദാഹരണമാണ്. മററുചില നാമങ്ങളുടെ പ്രതിഫലനങ്ങൾ നമ്മുടെ മനസ്സിനെ സ്വാധീനിക്കുന്നവയാണ്. ഉദാഹരണമായി പാപങ്ങൾ പൊറുക്കുന്നവൻ, കാരുണ്യവാൻ, കൃതജ്ഞൻ എന്നിവ. വേറെ ചില നാമങ്ങൾ അനുകരണാർഹങ്ങളായ സ്വഭാവങ്ങളെ കുറിക്കുന്നു. അവയിൽപ്പെട്ടതാണ് സഹിഷ്ണുതയുള്ളവൻ എന്ന അർഥത്തിലുള്ള നാമം. സ്ഥിതിഗതികൾ വീക്ഷിച്ചുകൊണ്ടിരിക്കുന്നതിനെ സൂചിപ്പിക്കുന്നവയാണ് ഇനിയും ചില നാമങ്ങൾ. എല്ലാം കേൾക്കുന്നവൻ, എല്ലാം കാണുന്നവൻ എന്നീ അർഥത്തിലുള്ള നാമങ്ങൾ തന്നെ ഉദാഹരണം. തൻെറ മഹത്വത്തെ വിളംബരം ചെയ്യുന്ന ചിലതും അക്കൂട്ടത്തിലുണ്ട്. മഹാൻ എന്ന നാമം പോലെ അല്ലാഹുവിന് തൊണ്ണൂററിഒമ്പതു നാമങ്ങളുണ്ടെന്ന് നബി (സ) പ്രസ്താവിക്കുന്നു. ഈ തൊണ്ണൂററിഒമ്പതു നാമങ്ങൾ ഇമാം തുർമുദീ ഉദ്ധരിച്ച ഒരു ഹദീസിൽ വന്നിട്ടുണ്ട്. അല്ലാഹുവിൻെറ സത്തക്കും അവൻെറ ഗുണവിശേഷങ്ങൾക്കും കൽപ്പിക്കുന്ന പവിത്രത അവൻെറ വിശിഷ്ടനാമങ്ങൾക്കും കൽപ്പിക്കേണ്ടതുണ്ട്. അഥവാ ആ നാമങ്ങൾ അവയുടെ പവിത്രതക്കു ചേരാത്ത സ്ഥാനങ്ങളിൽ പ്രയോഗിക്കാൻ പാടില്ല. ഉദാഹ

രണമായി വ്യക്തികാക്കും മററും അല്ലാഹു, അർറഹ്മാൻ തുടങ്ങിയ സംജ്ഞകാം നൽകിക്കൂടാ. അതുകൊണ്ടാണ് മനുഷ്യർക്ക് പേരു നൽകുമ്പോാം 'അബ്ദ്'' (ദാസൻ) എന്നു ചേർത്തു 'അബ്ദുല്ലാ', 'അബ്ദുൽ റഹ്മാൻ' എന്നിങ്ങനെ പറയുന്നത്. അല്ലാഹുവിൻെറ ദാസൻ, കാരുണ്യവാൻെറ ദാസൻ എന്നെല്ലാമാണ് അതിന്നർഥം. ദൈവിക മഹത്വത്തിന് നിരക്കാത്ത നാമങ്ങളും വിശേഷണങ്ങളും അല്ലാഹുവിനോടു ചേർത്തു പറയുന്നത് തെററാണ്. മേൽപ്പറഞ്ഞ തൊണ്ണൂററിഒമ്പതു നാമങ്ങളും സംക്ഷിപ്തമായി വിവരിക്കാം.

**1. അല്ലാഹു :** സൃഷ്ടികർത്താവായ ദൈവത്തിൻെറ സർവോൽകൃഷ്ടമായ നാമം. ദൈവികഗുണങ്ങളുടെ സകല മഹത്വങ്ങളും ഉാക്കൊള്ളുന്ന സമ്പൂർണവും സർവശ്രേഷ്ടവുമായ നാമമാണിത്. അല്ലാഹുവല്ലാത്ത മററാർക്കും ഈ നാമം പ്രയോഗിക്കാവതല്ല. അല്ലാഹു എന്നതൊഴികെ മറെറല്ലാ നാമങ്ങളും അവൻെറ വിശിഷ്ട ഗുണങ്ങളെ പ്രതിനിധാനം ചെയ്യുന്നവയാണ്; അല്ലാഹു എന്നത് അവൻെറ സത്തയെയും. വിശുദ്ധ ഖുർആനിൽ 2697 സ്ഥലങ്ങളിൽ ഈ നാമം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്.

'അല്ലാഹു', അവനല്ലാതെ ദൈവമില്ല, സജീവനും സർവനിയന്താവുമത്രെ അവൻ (2:255).

**2. അർറഹ്മാൻ** (പരമ കാരുണികൻ)

**3. അർറഹീം** (കരുണാനിധി) : അല്ലാഹുവിൻെറ ഏററവും വിശിഷ്ടങ്ങളായ രണ്ടു ഗുണവിശേഷങ്ങളെ സൂചിപ്പിക്കുന്ന നാമങ്ങളാണിവ. 'റഹ്മത്ത്'' എന്ന ധാതുവിൻെറ താണ്ടവമാണ് ഈ രണ്ടു പദങ്ങളും. 'റഹ്മത്ത്'' എന്നതിൻെറ മൂലാർഥം കാരുണ്യം, ഹൃദയാർദ്രത എന്നെല്ലാമാണ്. എന്നാൽ അല്ലാഹുവിൻെറ വിശിഷ്ടനാമങ്ങളെന്ന നിലയിൽ ഖുർആൻ പ്രയോഗിക്കുന്ന ഈ പദങ്ങാക്ക് വളരെ വിശാലമായ അർഥമാണുള്ളത്. 'കാരുണ്യം' എന്ന ഗുണവിശേഷത്തിൻെറ പരമകാഷ്ടയെയാണ് ഈ രണ്ടു പദങ്ങളും സൂചിപ്പിക്കുന്നത്. സൃഷ്ടികാക്ക് സദാ അനുഗ്രഹങ്ങാം ചൊരിഞ്ഞുകൊണ്ടിരിക്കുന്നവൻ, അവരെ ആപത്തുകളിൽ നിന്നു കാത്തുരക്ഷിക്കുന്നവൻ എന്നെല്ലാമാണ് ചുരുക്കത്തിൽ അവയുാക്കൊള്ളുന്ന ആശയം.

അല്ലാഹുവിൻെറ കാരുണ്യത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് പ്രസ്താവിക്കുന്നുണ്ട്. ദൈവികഗുണങ്ങളിൽ മറേറതിനേക്കാളുമുപരിയായി അല്ലാഹുവിൻെറ കാരുണ്യത്തെ ഖുർആൻ എടുത്തുകാട്ടുന്നു. 'അർറഹ്മാൻ' (പരമ കാരുണികൻ), 'അർറഹീം' (കരുണാനിധി) എന്നീ വിശേഷണങ്ങാം ഖുർആനിലുടനീളം കാണാം. വിശുദ്ധ ഖുർ

ആനിലെ ഓരോ ആയത്തിന്റെയും ആരംഭവാക്യം 'ബിസ്മി' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ എന്നാണതിനർഥം. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങളെയും അതിരററ കാരുണ്യത്തെയും കുറിച്ച് സൃഷ്ടികളെ ഓർമിപ്പിച്ചുകൊണ്ടിരിക്കുകയാണ് അതിന്റെ ഉദ്ദേശ്യം. ഖുർആനിലെ പ്രഥമാധ്യായമായ 'അൽ–ഫാത്തിഹ'യിൽ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നാലു പ്രാവശ്യം എടുത്തുപറയുന്നുണ്ട്. അഞ്ചു നേരത്തെ നമസ്കാരങ്ങളിലായി ഈ സൂക്തം ഒരു മുസ്ലിം പതിനേഴുവട്ടം ആവർത്തിച്ചുരുവിടുന്നു. ഇത് ദൈവകാരുണ്യത്തെക്കുറിച്ചുള്ള ഓർമ മനുഷ്യമനസ്സിൽ സദാ സജീവമായി നിലനിർത്തുന്നു.

ഏതൊരു കാര്യം ആരംഭിക്കുമ്പോഴും 'ബിസ്മി' ചൊല്ലണമെന്ന് ഇസ്ലാം കല്പിക്കുന്നു. ഒരു മുസ്ലിമിന്റെ ഓരോ ചലനത്തിലും ദൈവകാരുണ്യത്തിലുള്ള വിശ്വാസവും പ്രതീക്ഷയും ആവർത്തിച്ചുറപ്പിക്കുന്നതിനാണ് ഈ നടപടി. യഥാർഥത്തിൽ ദൈവത്തെക്കുറിച്ച് മനുഷ്യർക്കിടയിൽ നിലനിന്നിരുന്ന തെററായ സങ്കല്പങ്ങൾ തിരുത്തുകയാണ് വിശുദ്ധ ഖുർആൻ ചെയ്യുന്നത്. സർവോപരി മനുഷ്യമനസ്സിന്റെ ഭദ്രതക്കും മനുഷ്യന്റെ ജീവിതപുരോഗതിക്കും അത്യന്താപേക്ഷിതമായ പ്രതീക്ഷയും പ്രത്യാശയും പകർന്നുകൊടുക്കുകയാണ് അതു വഴി ചെയ്യുന്നത്. തൊട്ടതിനൊക്കെ ശിക്ഷിക്കാൻ വാളോങ്ങി നിൽക്കുന്ന ഭീകരനായ ഒരു ദൈവത്തെക്കുറിച്ചുള്ള ഓർമ മനുഷ്യമനസ്സിനെയാകെ ഉലച്ചുകളയും. അതോടെ ജീവിതം ഒരു പേടിസ്വപ്നമായി മാറുകയും ചെയ്യും. അത്തരം ഒരു ദുരവസ്ഥ ഒരിക്കലും ഉണ്ടാകാതെ ഇസ്ലാം കാത്തുരക്ഷിക്കുന്നു. ദൈവികഗുണങ്ങളിൽ മറേറതിലുമുപരിയായി ദിവ്യകാരുണ്യത്തെക്കുറിച്ച് ഖുർആൻ ഊന്നിയൂന്നിപ്പറയുന്നത് ഇതിന്ന് സഹായകമാണ്.

'ഞാൻ വളരെയേറെ പൊറുക്കുന്നവനും പരമ കാരുണികനുമാണെന്ന് എന്റെ ദാസന്മാരെ അറിയിക്കുവിൻ' (15:49).

'അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ ഒരിക്കലും നിരാശരാകരുത്. സത്യനിഷേധികളായ ജനതയല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടുകയില്ല' (12:87).

പാപികളെ അഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ പറഞ്ഞു: 'തങ്ങളോടു തന്നെ അതിക്രമം പ്രവർത്തിച്ച (പാപികളായ) എന്റെ ദാസന്മാരേ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശരാകരുത്'' (39:43).

കൊടും പാപികളെക്കുറിച്ചുപോലും കൃപാനിർഭരമായ പ്രയോഗങ്ങളാണ് ഖുർആനിൽ നാം കാണുന്നത്. സൃഷ്ടികളെ ആശ്വസിപ്പിക്കാനും അവരുടെ പാപങ്ങൾ പൊറുക്കാനും സന്നദ്ധമായി നിൽക്കുന്ന കരുണാവാരിധിയായ രക്ഷിതാവിൻെറ ചിത്രമാണ് ഖുർആനിൽ എവിടെയും നമുക്ക് ദർശിക്കാൻ കഴിയുക.

ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്. അല്ലാഹുവിൻെറ ശിക്ഷയെക്കുറിച്ചും നരകത്തെക്കുറിച്ചും വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നുണ്ടല്ലോ? ശരിയാണ്. അല്ലാഹു കാരുണ്യവാൻ എന്നതുപോലെ നീതിമാനുമാണ്. സത്തുക്കൾക്കു രക്ഷയും ദുഷ്ടന്മാർക്ക് ശിക്ഷയും നൽകുമെന്ന് അവൻ താക്കീതു ചെയ്തിരിക്കുന്നു. അത് അവൻെറ നീതിയുടെ താല്പര്യം മാത്രമാണ്. ഏതായാലും ശിക്ഷയേക്കാൾ മികച്ചുനിൽക്കുന്നത് പാപമോചനവും കാരുണ്യവുമത്രെ. കേവലമായ കാരുണ്യപ്രകടനം മനുഷ്യരെ വഞ്ചിതരാക്കാനും വഴിപിഴപ്പിക്കാനും മാത്രമേ ഉപകരിക്കൂ.

**4 അൽമലിക്ക്** (രാജാവ്): സമസ്തസൃഷ്ടിജാലങ്ങളുടെയും രാജാവും രാജാധിരാജനുമാണ് അല്ലാഹു. 'ജനങ്ങളുടെ രാജാവ്' എന്നാണ് (114:2) അല്ലാഹുവിനെ ഖുർആൻ പരിചയപ്പെടുത്തുന്നത്. യഥാർഥ ആധിപത്യവും അധികാരവും അവൻേറതു മാത്രമാണെന്നും അന്തിമമായി ഭരിക്കാനും നയിക്കാനുമുള്ള അവകാശം അവനാണെന്നും ഈ നാമം സൂചിപ്പിക്കുന്നു. അല്ലാഹുവിനെക്കുറിച്ച് മലിക്ക് (രാജാവ്), മാലിക്ക് (ഉടമസ്ഥൻ), മലീക്ക് (രാജാധിരാജൻ), മാലിക്കുൽ മുൽക്ക് (ആധിപത്യത്തിൻെറ ഉടമ) എന്നീ സംജ്ഞകൾ മാറിമാറി പ്രയോഗിച്ചിരിക്കുന്നത് കാണാം. ഇഹപരലോകങ്ങളിലെ സകല വിധ ആധിപത്യങ്ങളുടെയും പരമാധികാരത്തിൻെറയും ഉടമ എന്നർഥം.

'പറയൂ നബീ! അല്ലാഹുവേ! ആധിപത്യത്തിൻെറ ഉടമസ്ഥാ! നീ ഇച്ഛിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഇച്ഛിക്കുന്നവരിൽ നിന്നും ആധിപത്യം എടുത്തുകളയുന്നു. നീ ഇച്ഛിക്കുന്നവർക്കു നീ പ്രതാപം നൽകുന്നു. നീ ഇച്ഛിക്കുന്നവരെ നീ നിന്ദിക്കുകയും ചെയ്യുന്നു. നിൻെറ ഹസ്തത്തിലാണ് എല്ലാ നന്മയും. നിശ്ചയം നീ എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനത്രെ' (3:26).

എല്ലാ രാജാക്കന്മാർക്കും ഉപരി ഒരു രാജാവുണ്ടെന്നും യഥാർഥത്തിൽ കാര്യങ്ങളുടെ നിയന്ത്രണം അവൻെറ ഹസ്തങ്ങളിൽ നിക്ഷിപ്തമാണെന്നും മനുഷ്യരെ ബോധവാന്മാരാക്കുകയാണ് ഈ വിശേഷണം ചെയ്യുന്നത്. കുടുംബം, ഗോത്രം, സമൂഹം, സംഘം, രാജ്യം, രാഷ്ട്രം എന്നിവക്കെല്ലാം അധീശാധികാരമുള്ള ഓരോ രാജാക്കൻമാരുണ്ടായിരിക്കും. അധി

കാരത്തിൻെറ പിടി സമ്പൂർണമാവുമ്പോൾ മനുഷ്യമനസ്സിനെ പിടികൂടിയേക്കാവുന്ന അഹന്തയുടെ പേരിൽ ഈ രാജാക്കൻമാരെല്ലാം വഴിതെററുക പതിവാണ്. യഥാർഥത്തിൽ അധികാരത്തിൻെറ ഉടമ അവരല്ലായെന്നും രാജാധിരാജനായ മറെറാരാൾ ഉണ്ടെന്നും ഭൗതികലോകത്തിൽ പോലും അന്തിമമായി അവൻെറ ഇച്ഛയാണ് ഭരിക്കുന്നതെന്നും ഓർമിച്ചു കൊണ്ട് വഴിപിഴച്ചുപോകുന്ന അധികാരഗർവിനെ നിയന്ത്രിക്കുവാൻ അല്ലാഹുവിൻെറ ഈ ഗുണവിശേഷത്തിലുള്ള അടിയുറച്ച വിശ്വാസം സഹായിക്കുന്നു ദൈവവും അവൻെറ ദാസനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ഒരു സൂചനയും ഇതിൽ അടങ്ങിയിരിക്കുന്നു.

**5 *അൽഖുദ്ദൂസ്*** (പരമപരിശുദ്ധൻ): പരിശുദ്ധിയുടെ അത്യുന്നതരൂപം എന്നാണ് ഈ പദത്തിൻെറ അർഥം. സകലവിധ മ്ലേച്ഛതകളിൽ നിന്നും ന്യൂനതകളിൽ നിന്നും പരിശുദ്ധനത്രെ അല്ലാഹു. സ്രഷ്ടാവിൻെറ സത്തക്ക് അനിവാര്യമായ പൂർണതയുടെ ഭാഗമാണ് സമ്പൂർണമായ പരിശുദ്ധി. ദൗർബല്യമെന്നോ ന്യൂനതയെന്നോ സങ്കൽപ്പിക്കാവുന്ന എല്ലാവിധ അവസ്ഥകളുടെയും നിരാകരണം ഇതുൾക്കൊള്ളുന്നു. പരിശുദ്ധി മനുഷ്യൻെറ ഒരു ലക്ഷ്യമാണ് ശാരീരികവും മാനസികവും ആത്മീയവുമായ പരിശുദ്ധിയാണ് അവൻ അഭിലഷിക്കുന്നത്. സ്രഷ്ടാവിലാകട്ടെ ആ ഗുണം അതിൻെറ പൂർണതയിൽ വിളങ്ങുന്നു.

'അവൻ; അല്ലാഹു: അവനൊഴികെ ആരാധ്യനില്ല. അവൻ രാജാവാകുന്നു; പരമ പരിശുദ്ധനാകുന്നു....' (59:23).

പ്രവാചകൻമാർക്ക് ദിവ്യസന്ദേശം എത്തിച്ചു കൊടുക്കുന്നതിൽ തികഞ്ഞ പരിശുദ്ധി കാണിച്ചിരുന്നുവെന്ന അർഥത്തിൽ ജിബ്രീൽ എന്ന മലക്കിനെക്കുറിച്ച് 'റൂഹുൽ ഖുദൂസ്' (പരിശുദ്ധാത്മാവ്) എന്നു വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നു.

ആദമിനെ സൃഷ്ടിക്കുന്നതിനെക്കുറിച്ച് അല്ലാഹുവുമായുണ്ടായ സംവാദത്തിൽ മലക്കുകൾ പറഞ്ഞു: 'ഞങ്ങൾ നിന്നെ സ്തുതിക്കുകയും നിൻെറ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു' (2:30).

സൃഷ്ടികൾ സ്രഷ്ടാവിൻെറ പരിശുദ്ധിയെ വാഴ്ത്തുക വഴി തങ്ങളുടെ ദൗർബല്യത്തെയും ന്യൂനതയെയും കുറിച്ചു ബോധവാൻമാരായിത്തീരുന്നു. സർവതോമുഖമായ പരിശുദ്ധിയും പവിത്രതയും അവൻെറ ജീവിതലക്ഷ്യമായി ഭവിക്കുന്നു.

**6 *അസ്സലാം*** (സമാധാനം, രക്ഷ): ന്യൂനതകളിൽ നിന്നും സുരക്ഷിതൻ, സൃഷ്ടികൾക്കു രക്ഷ നൽകുന്നവൻ, ഭയത്തിൽ

നിന്ന് മോചനവും സമാധാനവും നൽകുന്നവൻ എന്നീ അർഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു നാമമാണിത്. അല്ലാഹുവിന്റെ വിശിഷ്ടനാമമായി ഖുർആൻ പരിചയപ്പെടുത്തുന്ന 'അസ്സലാം' (സമാധാനം) (59:23) ഇസ്‌ലാമിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരാശയമാണ്. സ്വർഗത്തെക്കുറിച്ച് 'ദാറുസ്സലാം' (ശാന്തിമന്ദിരം) എന്നാണ് (6:127) ഖുർആൻ പരിചയപ്പെടുത്തുന്നത്. സ്വർഗവാസികൾക്കിടയിൽ മുഴങ്ങിക്കേൾക്കുന്ന ശബ്ദം 'സമാധാനം, സമാധാനം' എന്ന അഭിവാദ്യത്തിന്റെതാണെന്ന് ഖുർആൻ (33:44) വ്യക്തമാക്കുന്നു. ഭൂമിയിലെ മനുഷ്യർക്കും 'സമാധാനം, സമാധാനം' എന്ന അഭിവാദ്യവാക്യമാണ് പ്രവാചകൻ പഠിപ്പിച്ചിട്ടുള്ളത്. നമസ്കാരത്തിലെ പ്രാർഥനകളും ഇസ്‌ലാമിന്റെ സമാധാനവാഞ്ഛയെ വിളിച്ചറിയിക്കുന്നവയാണ്. അല്ലാഹുവിന്റെ നാമവും ഗുണവിശേഷവും സമാധാനമായതുപോലെ മുസ്‌ലിമിന്റെ സ്വഭാവവും ലക്ഷ്യവും സമാധാനപൂർവമായിരിക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. 'നാശവും കുഴപ്പവും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല' എന്ന് ഖുർആൻ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു. സമാധാനസ്ഥാപനത്തിനുള്ള ഒരുപാധിയെന്ന നിലക്കാണ് ഇസ്‌ലാം യുദ്ധം പോലും നിശ്ചയിച്ചിരിക്കുന്നത്. 'ഭൂമിയിൽ മനുഷ്യർക്ക് സമാധാനം' എന്നതാണ് ഇസ്‌ലാമിന്റെ മുദ്രാവാക്യം. അതിന്റെ സൂചനയാണ് ഈ ഗുണവിശേഷത്തിൽ നാം കാണുന്നത്.

**7 അൽമുഅ്മിൻ** (വിശ്വാസി; അഭയം നൽകുന്നവൻ): വിശ്വസിക്കുന്നവൻ, സത്യമായി അംഗീകരിക്കുന്നവൻ എന്നൊക്കെയാണ് അർഥം. ഇതനുസരിച്ചു തന്നെയും തന്റെ പ്രവാചകൻമാരെയും വേദങ്ങളെയും അംഗീകരിക്കുകയും പിന്തുണക്കുകയും ചെയ്യുന്നവനാണ് അല്ലാഹു എന്നു വരുന്നു. അഭയം നൽകുന്നവൻ എന്നതാണ് മറെറാരു അർഥം. തന്റെ സൃഷ്ടികൾക്ക് അഭയവും ആശ്വാസവും അരുളുന്നവൻ എന്നു സാരം. അഭയവും സമാധാനവും ഉള്ളിടത്തേ മനുഷ്യമനസ്സ് സ്വതന്ത്രവും നിർഭയവുമായിത്തീരുകയുള്ളു. ഭയം മനുഷ്യമനസ്സിനെ മുരടിപ്പിക്കുകയും അവന്റെ പുരോഗതിയെ തടയുകയും ചെയ്യുന്നു. പേടിച്ചു വിറച്ച് കഴിയേണ്ട ഒരു ശക്തിയല്ല സ്രഷ്ടാവ് എന്നും, മറിച്ച് ഭയത്തിൽ നിന്നും ദുഃഖങ്ങളിൽ നിന്നും അഭയവും സമാധാനവും നൽകുന്നവനാണ് അവൻ എന്നും ഓർമിപ്പിക്കുന്നു. സൃഷ്ടികളുടെ നന്മയും മേന്മയും അംഗീകരിക്കുകയും പരിഗണിക്കുകയും ചെയ്യുന്നവനാണ് അല്ലാഹു എന്നും സത്യത്തിലും സന്മാർഗത്തിലും അവൻ അവർക്ക് തുണയായിരിക്കുമെന്നും ഇതിൽ സൂചനയുണ്ട്. 'മുഅ്മിൻ' എന്നത് അല്ലാഹുവിന്റെ നാമമായതുപോലെ സത്യവിശ്വാസി എന്ന അർഥത്തിൽ അല്ലാഹുവിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിക്കും ഉള്ള പേരു കൂടിയാണ്. അല്ലാഹുവിന്റെ വിശിഷ്ടനാമങ്ങളിലൊന്ന്, അവന്റെ ദാസന്മാർക്ക് വിശേഷണമായിത്തീർന്നത് തികച്ചും അർഥവത്താണ്.

**8 അൽ മുഹൈമിൻ** (സംരക്ഷകൻ, സാക്ഷി, ആപത്തിൽ കാക്കുന്നവൻ): സർവചരാചരങ്ങളെയും കാത്തുരക്ഷിക്കുന്നവനാണ് അല്ലാഹു. ആകാശഭൂമികളിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന സകലവിധ ചലനങ്ങൾക്കും സാക്ഷിയാണ് അവൻ; രഹസ്യവും രഹസ്യഭാഷണങ്ങളും അറിഞ്ഞു കൊണ്ടിരിക്കുന്നവൻ. ഈ മൂന്ന് ആശയങ്ങളും അഭിവ്യഞ്ജിപ്പിക്കുന്ന ഒരു പദമാണ് 'അൽ മുഹൈമിൻ'. പരുന്ത് ആകാശത്തിൽ വട്ടമിട്ടു പറക്കുമ്പോൾ കോഴിക്കുഞ്ഞുങ്ങളുടെ ഹൃദയം പിടയുന്നു. അവിടെ നിഴൽ വിരിച്ച ആപത്തിന്റെ മുമ്പിൽ ചിറകുവിടർത്തി നിൽക്കുന്ന തള്ളക്കോഴിയെ ഓർത്തുനോക്കൂ. എവിടെ എപ്പോൾ അപകടസൂചനയുണ്ടാകുന്നോ അപ്പോഴൊക്കെ ദൈവികസംരക്ഷണത്തിന്റെ ചിറകുകൾ വിടരുകയായി. ഏതാപത്തിലും രക്ഷാഹസ്തവുമായി നിൽക്കുന്നവനാണ് അല്ലാഹു. മരുഭൂമിയുടെ ഏകാന്തതയിൽ 'സൗർ' ഗുഹയിൽ പ്രവാചകനായ മുഹമ്മദും (സ) കൂട്ടുകാരനായ അബൂബക്കറും ഏകാന്തരായിരുന്നു. അതും ശത്രുക്കളുടെ നടുവിൽ. ഭയന്നു വിറകൊള്ളുന്ന അബൂബക്കറിന്റെ കാതുകളിൽ പ്രവാചകന്റെ ശബ്ദം: 'അബൂബക്കറേ! ദുഃഖിക്കാതിരിക്കൂ! അല്ലാഹു നമ്മുടെ കൂടെയുണ്ട്''–ഈ രക്ഷാബോധം ഓരോ സത്യവിശ്വാസിയുടെയും ഹൃദയത്തിൽ നിക്ഷേപിക്കുന്നതാണ് 'മുഹൈമിൻ' എന്ന ഗുണവിശേഷം.

**9 അൽ അസീസ്** (പ്രതാപവാൻ): 'വല്ലവനും പ്രതാപം ഉദ്ദേശിക്കുന്നപക്ഷം, അറിയുക പ്രതാപമത്രയും അല്ലാഹുവിന്നാകുന്നു' (35:10). 'ഇസ്സത്ത്'' എന്ന ധാതുവിൽനിന്നുൽഭവിച്ചതാണ് 'അസീസ്'' എന്നത്. സർവരേയും അതിജയിക്കുന്നവൻ, കീഴടക്കുന്നവൻ എന്നെല്ലാമാണ് അർഥം. അതുല്യൻ എന്നും അർഥമുണ്ട്. അന്തസ്സിന്റെയും പ്രതാപത്തിന്റെയും ഉടമയാണ് അല്ലാഹു. അവനെ അതിജയിക്കാൻ മററാർക്കും സാധ്യമല്ല. സർവപ്രതാപിയായ അല്ലാഹുവിൽ വിശ്വസിക്കുകയും അവന് കീഴ്വണങ്ങുകയും ചെയ്യുന്ന സത്യവിശ്വാസികൾക്കും ആ പ്രതാപത്തിന്റെ പ്രതിച്ഛായ കൈവരുന്നു. 'അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കും മാത്രമാണ് യഥാർഥത്തിൽ പ്രതാപം' (63:8) എന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിച്ചിരിക്കുന്നത് ഈ അർഥത്തിലാണ്. പ്രതാപം അല്ലാഹുവിന് അവന്റെ നാമവും വിശിഷ്ടഗുണവുമാണെങ്കിൽ അവനിൽ വിശ്വസിക്കുകയും ജീവിതം അർപ്പിക്കുകയും ചെയ്യുക വഴി മനുഷ്യർക്കു ലഭിക്കുന്ന അനുഗ്രഹവും പദവിയും കൂടിയാണ്.

മദീനയിലെ പൗരപ്രമാണിയായിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യ് നബിയോടൊപ്പം ഒരു യുദ്ധം കഴിഞ്ഞു മടങ്ങവെ ഇങ്ങനെ പറഞ്ഞു: 'മദീനയിലെത്തിയാൽ പ്രതാപമുള്ളവൻ നിന്ദ്യനെ ആട്ടിപ്പുറത്താക്കുകതന്നെ

ചെയ്യും'. നബിയെ ഉദ്ദേശിച്ചാണ് കപടനായിരുന്ന അയാൾ ഇതു പറഞ്ഞത്. ഈ വിവരം നബിതിരുമേനി അറിയാനിടയായി. അക്കാര്യം അബ്ദുല്ലാഹിബ്നു ഉബയ്യിൻെറ പുത്രൻ അബ്ദുല്ലയോട് നബി പറഞ്ഞു. അപ്പോൾ അയാൾ നബിയോട് ചോദിച്ചു, ''അദ്ദേഹത്തെ ഞാൻ വധിച്ചുകളയട്ടെയോ?'' നബി പറഞ്ഞു: 'പാടില്ല നമ്മുടെ കൂടെയായിരിക്കുന്ന കാലം വരെയും നാം അദ്ദേഹത്തോട് മാന്യമായി പെരുമാറും'. അബ്ദുല്ല യാകട്ടെ നേരെ പോയി മദീനായുടെ കവാടത്തിൽ നിലയുറപ്പിച്ചു. തൻെറ പിതാവ് മുമ്പിലെത്തിയപ്പോൾ ഊരിപ്പിടിച്ച വാളുയർത്തിക്കൊണ്ട് ചോദിച്ചു: 'പ്രതാപവാൻ നിന്ദ്യനെ ആട്ടിപ്പുറത്താക്കുമെന്ന് പറഞ്ഞില്ലേ നിങ്ങൾ? അല്ലാഹുവിൻെറ പ്രവാചകനോ നിങ്ങളോ പ്രതാപവാൻ എന്ന് അറിയേണ്ടതുണ്ട്. നബി (സ) തിരുമേനി വന്ന് സമ്മതം നൽകിയല്ലാതെ ഒരു അടി പോലും മുമ്പോട്ടു വക്കുവാൻ പാടില്ല. നിൽക്കവിടെ'.

നബി സ്ഥലത്തെത്തിയപ്പോൾ അബ്ദുല്ല ചോദിച്ചു: 'നബിയേ! ഇദ്ദേഹത്തെ മദീനയിൽ കടത്തുവാൻ അങ്ങു സമ്മതം നൽകുമോ?' നബി (സ) അനുവാദം നൽകി. അപ്പോൾ അബ്ദുല്ല പറഞ്ഞു: 'ഇനി കടന്നുകൊള്ളുക; അല്ലാഹുവിൻെറ ദൂതൻ അനുമതി നൽകിയിട്ടുണ്ട്.' ഈ ഗുണവിശേഷത്തിലുള്ള വിശ്വാസം സത്യവിശ്വാസികളിൽ എന്നും ആത്മവിശ്വാസവും ഔന്നത്യബോധവും നിലനിർത്തിയിരുന്നു.

**10 അൽജബ്ബാർ** (സർവാധിപതി): സ്വന്തം ഇച്ഛക്ക് അനുസൃതമായി വാഴുന്നവൻ. അവൻെറ അധികാരവാഴ്ചയിൽ മററാരുടെയും ഇച്ഛക്കു സ്ഥാനമില്ല. നീതിമാനും കരുണാവാരിധിയുമായ അവൻെറമേൽ മററാർക്കും യാതൊരു മേധാവിത്വവുമില്ല. എല്ലാവരേയും അടക്കി വാഴുന്നവൻ അവൻ മാത്രമാണ്. അവൻെറ ആധിപത്യത്തിൽ നിന്നും കുതറിച്ചാടുവാനോ അവനിൽ സ്വാധീനം ചെലുത്തുവാനോ ആർക്കും സാധ്യമല്ല. മനുഷ്യൻെറ സ്വാതന്ത്ര്യവും ആധിപത്യവും അവൻെറ ഇച്ഛക്കും ആധിപത്യത്തിനും വിധേയമാണ്. ദൈവിക സർവാധിപത്യത്തെക്കുറിച്ചുള്ള ഈ ബോധം മനുഷ്യനിൽ നീതിബോധവും ആത്മനിയന്ത്രണവും വളർത്തുന്നു. സർവാധിപത്യം അല്ലാഹുവിൻെറ നാമവും വിശേഷണവും ആകുന്നത് അവൻെറ പൂർണതയുടെയും അധികാരമഹത്വത്തിൻെറയും ഭാഗമായിക്കൊണ്ടാണ്. അവനിൽ വിശ്വസിക്കുകയും അർപ്പിക്കുകയും ചെയ്യുന്ന സൃഷ്ടികളിൽ വിനയവും അനുസരണശീലവും സർവോപരി ശക്തിയും പ്രദാനം ചെയ്യുന്നതാണ് ആ വിശേഷണം. 'സർവപ്രതാപിയാണവൻ' (59:23).

**11 അൽമുതക്കബ്ബീർ** (ഗാംഭീര്യമുടയവൻ): മഹത്വത്തിൻെറയും ഗാംഭീര്യത്തിൻെറയും ഉടമ, ന്യൂനതകൾക്ക് അതീതൻ, മഹോന്നതവും ശാശ്വതവുമായ ആധിപത്യം കയ്യടക്കിവെച്ച രാജാവ് എന്നെല്ലാം അർഥമുണ്ട്. 'ആകാശഭൂമികളിൽ അവന്നത്രെ ഗാംഭീര്യം. അവൻ പ്രതാ

പവാനും തന്ത്രജ്ഞനുമാകുന്നു (45:36). അല്ലാഹുവിനേക്കാൾ മഹത്വവും വലിപ്പവും ഉളള മററാരുമില്ല. യഥാർഥമഹത്വത്തിൻെറയും ഗാംഭീര്യത്തിൻെറയും ഉടമ അവൻ മാത്രമാണ്. അവൻെറ ദാസന് മററൊരാളുടെയും ഗാംഭീര്യം പ്രശ്നമാക്കേണ്ടതില്ല. ഏത് രാജാധിരാജനും എത്ര പ്രതാപവാനും അല്ലാഹുവിനേക്കാൾ വലുതല്ല. ഭൗതികമായ അധികാരാധിപത്യങ്ങൾ എന്തുതന്നെയുണ്ടായിരുന്നാലും അല്ലാഹുവിൻെറ മഹത്വത്തിൽ വിശ്വസിക്കുന്നവന് മറെറല്ലാ ശക്തികളും നിസ്സാരമാണ്. അതാണ് ഉഗ്രപ്രതാപിയായി വാണരുളിയിരുന്ന നംറൂദിൻെറ മുമ്പിൽ നിന്നുകൊണ്ട് ആകാശഭൂമികളുടെ സ്രഷ്ടാവാണ് എൻെറ ദൈവം എന്ന് ഉച്ചൈസ്തരം പ്രഖ്യാപിച്ച ഇബ്റാഹീമിന് കരുത്തു നൽകിയ ശക്തി. അതേ ശക്തിയും കരുത്തും ഓരോ വിശ്വാസിക്കും കൈവരണമെന്നാണ് ഇസ്ലാം ആഗ്രഹിക്കുന്നത്. പിൽക്കാലത്ത് ഫറോവയുടെയും കിസ്രാ കൈസർമാരുടെയും കൊട്ടാരങ്ങളെ വിറപ്പിച്ചതും അതേ വിശ്വാസമായിരുന്നു.

***12 അൽ ഖാലിഖ്*** (സ്രഷ്ടാവ്): 'പറയൂ (നബീ!) അല്ലാഹുവാണ് സമസ്തവസ്തുക്കളുടെയും സ്രഷ്ടാവ്' (13:16). ഇല്ലായ്മയിൽ നിന്നും സൃഷ്ടികൾക്ക് ഉണ്മ നൽകിയത് അവനാണ്. രൂപമോ മാതൃകയോ കൂടാതെ ആദ്യമായി രൂപം നൽകിയതും സൃഷ്ടി നടത്തിയതും അല്ലുഹു മാത്രമാണ്. രൂപകൽപ്പന നടത്തിയവൻ എന്നും സംവിധാനിച്ചവൻ എന്നും അർഥമുണ്ട്. സ്രഷ്ടാവ് ആരോ അവൻ ഉടമാവകാശി, ഉടമാവകാശിക്കാണ് കൈകാര്യകർതൃത്വാവകാശവും—ഇതാണ് ഖുർആൻ പഠിപ്പിക്കുന്ന സിദ്ധാന്തം. ഖുർആൻ പറഞ്ഞു:'അറിയുക അവന്നത്രേ സൃഷ്ടിയും ശാസനാധികാരവും.' സൃഷ്ടികളുടെ ജീവിതവ്യാപാരങ്ങളെ നിയന്ത്രിക്കുന്ന ആദർശം ദൈവത്തിൻെറ ഇച്ഛയായിരിക്കണം. അവൻെറ മാർഗദർശിയും രക്ഷകനുമാണവൻ. അവന് ജന്മം നൽകുകയും രൂപം നൽകുകയും ചെയ്ത അല്ലാഹുവിനു തന്നെയാണ് അതിനുളള അവകാശവും.

താൻ സൃഷ്ടിയാണെന്നറിയുന്നതോടെ സ്രഷ്ടാവിൽ ജീവിതം അർപ്പിക്കാനും അവനെ ആശ്രയിക്കാനും ബാധ്യസ്ഥനാവുന്നു, മനുഷ്യൻ.

***13 അൽ ബാരി*** (നിർമാതാവ്): ഇല്ലായ്മയിൽ നിന്നും സൃഷ്ടിക്കുന്നവൻ എന്നർഥം. അന്യൂനമായി സൃഷ്ടിക്കുന്നവൻ, യുക്തിപൂർവം സംവിധാനം ചെയ്യുന്നവൻ എന്നും അർഥമുണ്ട്. ഇസ്രായിൽ സന്തതികളോടുളള ഒരു വാക്യത്തിൽ ഇങ്ങനെ കാണാം: 'നിങ്ങൾ നിങ്ങളുടെ നിർമാതാവിൻെറ പക്കലേക്ക് പശ്ചാത്തപിച്ചു മടങ്ങുവിൻ: (2:54) അല്ലാഹുവിൻെറ പൂർണതയെ പ്രകാശിപ്പിക്കുന്ന ഗുണവിശേഷങ്ങളിൽ ഒന്നാണിത്. മുൻപറഞ്ഞ 'അൽ ഖാലിഖ്' എന്ന നാമവുമായി വളരെ ആശയപ്പൊരുത്തമുളള ഒരു നാമമാണിത്.

**14 അൽ മുസവ്വിർ** ( രൂപം നൽകുന്നവൻ ) : അവനത്രെ അല്ലാഹു; അവൻ സ്രഷ്ടാവാണ്; നിർമാതാവാണ്; രൂപം നൽകുന്നവനാണ്; അവന്േറതത്രെ വിശിഷ്ടനാമങ്ങൾ (59:24).

നിങ്ങൾക്ക് അവൻ രൂപം നൽകി; അങ്ങനെ നിങ്ങളുടെ രൂപം മനോഹരമാക്കി (64:3).

ശില്പി, രൂപദായകൻ, ചിത്രണം ചെയ്യുന്നവൻ എന്നെല്ലാമാണ് ഈ നാമത്തിന് അർഥം. പരകോടി സൃഷ്ടിജാലങ്ങളെ വൈവിധ്യപൂർണവും മനോഹരവുമാക്കി ചെയ്തത് അല്ലാഹുവത്രെ. അത് അവന് മാത്രം സാധ്യമായ ഒരു കാര്യമാണ്. ആ കലാചാതുരിക്കും സർഗവൈഭവത്തിനും മുമ്പിൽ സൃഷ്ടികളുടെ ശിരസ്സുകൾ കുനിഞ്ഞുപോകുന്നു. അത്ഭുതരൂപിയായ സൃഷ്ടിപ്രപഞ്ചം സ്രഷ്ടാവിന്റെ വൈഭവത്തെയാണ് വിളിച്ചറിയിക്കുന്നത്

തന്റെയും താനുൾക്കൊള്ളുന്ന മഹാപ്രപഞ്ചത്തിന്റെയും രൂപഭംഗിയും മനോഹാരിതയും സത്യവിശ്വാസിയായ മനുഷ്യനെ വിനയാന്വിതനും കൃതജ്ഞതാനിർഭരനുമാക്കിത്തീർക്കുന്നു.

**15 അൽ ഗഫ്ഫാർ** ( മാപ്പരുളുന്നവൻ ) : 'നിശ്ചയം, പശ്ചാത്തപിക്കുകയും സൽകർമങ്ങളനുഷ്ഠിക്കുകയും പിന്നെ സന്മാർഗം പ്രാപിക്കുകയും ചെയ്യുന്നവർക്ക് അധികമധികം പൊറുത്തു കൊടുക്കുന്നവനത്രെ ഞാൻ' (20:82).

'നിങ്ങൾ നിങ്ങളുടെ നാഥനോട് പാപമോചനത്തിനർഥിക്കുക. അവൻ അധികമധികം മാപ്പരുളുന്നവനാകുന്നു' (71:10).

ഭൂമിയിൽ സൃഷ്ടികളുടെ പാപങ്ങൾക്ക് മാപ്പരുളുകയും മരണാനന്തരജീവിതത്തിൽ അവരെ ശിക്ഷയിൽ നിന്നു മോചിപ്പിക്കുകയും ചെയ്യുന്നവൻ എന്നർഥം. 'ഗഫറ' എന്നതാണ് ധാതു. മറച്ചുവെച്ചു എന്നാണ് ആശയം. വിട്ടുവീഴ്ച, മാപ്പ് എന്നീ ആശയങ്ങളെ സൂചിപ്പിക്കുന്നു

'അൽഗാഫിർ', 'അൽഗഫൂർ' എന്നും അവനു പേരുകളുണ്ട്. 'അൽ ഗഫ്ഫാർ' ആണ് ഏററവും അർഥവ്യാപ്തിയുള്ള നാമം 'നിശ്ചയം അല്ലാഹു സകല പാപങ്ങളും പൊറുക്കുന്നവനാണ്' എന്നും 'മനുഷ്യരുടെ അക്രമങ്ങളെ പൊറുക്കുന്നവനാണ് അല്ലാഹു' എന്നും ഖുർആൻ ആവർത്തിച്ചു പറയുന്നു.

മാപ്പിനെയും പാപമോചനത്തെയും കുറിച്ച് ഖുർആൻ ഏറെ ഊന്നിപ്പറയുന്നുണ്ട്. കാരുണ്യം എന്ന പോലെ പാപമോചനവും അല്ലാഹുവിന്റെ

വിശിഷ്ടഗുണങ്ങളിൽ കൂടുതൽ മഹത്വം കല്പിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. സൃഷ്ടികളിൽ പ്രതീക്ഷയും പ്രത്യാശയും വളർത്തുവാൻ വളരെ സഹായകമായ ഒരു ഗുണമാണിത്. കുററങ്ങൾ തെരഞ്ഞുപിടിച്ച് ശിക്ഷിക്കാൻ ബദ്ധപ്പെട്ടു നിൽക്കുന്നവനല്ല അല്ലാഹു; മറിച്ച് ക്ഷമിക്കാനും സഹിക്കാനും എല്ലാം വിട്ടു പൊറുക്കാനും സന്നദ്ധനായി നിൽക്കുന്നവനാണ് അവൻ.

നബി (സ) ഒരിക്കൽ പറഞ്ഞു: 'എല്ലാ മനുഷ്യർക്കും തെററു പററും; തെററു പററുന്നവരിൽ ഏററവും ശ്രേഷ്ഠൻ പശ്ചാത്തപിക്കുന്നവനത്രെ'.

വിശുദ്ധ ഖുർആൻ കല്പിക്കുന്നു: 'നിങ്ങൾ വിട്ടുവീഴ്ച ചെയ്യുക; വിശാലത കാണിക്കുക; അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? നിശ്ചയം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' (24:22).

അല്ലാഹുവിൻെറ ഈ ഗുണം ഭൂമിയിൽ അവൻെറ സൃഷ്ടികളും ഉൾക്കൊള്ളണമെന്നും അതിലാണ് അവൻെറ തൃപ്തിയും പൊരുത്തവും എന്നുമാണ് ഈ ഖുർആൻ വാക്യം പഠിപ്പിക്കുന്നത്. അതെ, ഈ ദൈവികഗുണം സൃഷ്ടികൾക്കിടയിൽ വ്യാപിക്കുന്നതോടെ ഭൂതലത്തിൽ മാനവജീവിതം സമാധാനപൂർണവും സ്നേഹനിർഭരവും ആയി ഭവിക്കുന്നു.

പാപഭാരത്താൽ ദുഃഖിതനായി കഴിയേണ്ടവനല്ല മനുഷ്യൻ; അല്ലാഹുവിൻെറ മാപ്പിനെക്കുറിച്ച പ്രതീക്ഷയിൽ ആത്മവിശ്വാസത്തോടെ മുന്നോട്ടു നീങ്ങേണ്ടവനാണ് അവൻ. മനുഷ്യർക്കിടയിലും ശാന്തിയും സമാധാനവും നിലനിൽക്കണമെങ്കിൽ മാപ്പും വിട്ടുവീഴ്ചയും അവരുടെ സ്വഭാവത്തിൻെറ ഭാഗമായിത്തീരണം. ഇസ്ലാമികസമൂഹത്തിൻെറ ചരിത്രം ഇതിനു മതിയായ തെളിവാണ്.

## 16 അൽ ഖഹ്ഹാർ (സർവരെയും കീഴടക്കുന്നവൻ):

തൻെറ അധികാരശക്തിക്കു മുമ്പിൽ സകലവിധ അധികാരങ്ങളും അസ്തപ്രായമായിത്തീരുന്നുവെന്നും സർവാധിപതികളെയെല്ലാം കീഴൊതുക്കുകയും നിസ്സാരന്മാരാക്കുകയും ചെയ്യുന്നുവെന്നും അർഥമുണ്ട്. 'ഖഹറ' എന്നാൽ കീഴടക്കി, ജയിച്ചടക്കി, ഒരു വസ്തുവിൻെറ പ്രകൃതിയെ ബലാൽക്കാരം മാററിമറിച്ചു എന്നെല്ലാമാണ് അർഥം. 'എല്ലാവരേയും അടക്കിവാഴുന്ന അല്ലാഹുവിൻെറ മുമ്പിലേക്ക് അവർ ആനയിക്കപ്പെട്ടു' (14:48).

'വ്യത്യസ്ത നാഥന്മാരാണോ ഉത്തമം അതോ ഏകനും സർവരെയും ജയിച്ചടക്കുന്നവനുമായ അല്ലാഹുവോ' (12:39).

'ഇന്നേദിവസം (പുനരുത്ഥാനദിവസം) ആർക്കാണ് ആധിപത്യം? ഏകനും സർവരേയും ജയിച്ചടക്കുന്നവനുമായ അല്ലാഹുവിന്''.

സൃഷ്ടികളുടെ ആധിപത്യം പൂർണമായും അല്ലാഹുവിന്നാണ്, അവർ തികച്ചും അവന് വിധേയരാണ്. ഈ ലോകജീവിതത്തിലും മരണാനന്തര ജീവിതത്തിലും അവൻെറ ആധിപത്യവും അധീശാധികാരവുമാണ് നടക്കുക.

ദൈവികശക്തിയുടെ സമ്പൂർണതയെക്കുറിക്കുന്ന ഗുണവിശേഷമാണിത്. അല്ലാഹുവിൻെറ ശക്തിയെയും അധികാരത്തെയും വെല്ലുന്ന ഒരാളും തന്നെയില്ല.

***17 അൽ വഹ്ഹാബ്*** ( ഉദാരശിരോമണി ) : അതിരും പരിധിയുമില്ലാതെ നൽകുന്നവൻ, ഔദാര്യവും അനുഗ്രഹവും ധാരാളമായി ചെയ്യുന്നവൻ, ധാരമുറിയാതെ നൽകുന്നവൻ, ചോദിക്കാതെ തന്നെ കൊടുക്കുന്നവൻ എന്നെല്ലാം അർഥമുണ്ട്. വിശുദ്ധ ഖുർആൻ ചോദിക്കുന്നു: 'പ്രതാപവാനും ദാനശീലനുമായ നിൻെറ നാഥൻെറ കാരുണ്യത്തിൻെറ ഖജാനകൾ അവരുടെ പക്കലുണ്ടോ? (38:9).

മറെറാരിടത്ത് ഇങ്ങനെ കാണാം:

'(നാഥാ!) നിൻെറ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്കു നീ തരണമേ! നിശ്ചയം നീ അത്യുദാരനത്രെ!' (3:8).

സൃഷ്ടികൾക്ക് ആവശ്യമായ എല്ലാം നൽകുന്നവൻ അല്ലാഹുവാണ്. അതിരും പരിധിയുമില്ലാതെ നൽകുന്നവനാണവൻ. വിവേചനം കൂടാതെ നൽകുന്നവനാണ് അല്ലാഹു. ദൈവികമഹത്വത്തിൻെറയും പൂർണതയുടെയും പ്രകടസ്വഭാവമാണ് ഈ ഗുണം അതേസമയം സൃഷ്ടികൾക്ക് പ്രതീക്ഷയും പ്രത്യാശയും പ്രദാനം ചെയ്യുന്ന ഒന്നു കൂടിയാണ്. ദൈവികദാനത്തെക്കുറിച്ചുള്ള പ്രതീക്ഷ ഒരിക്കലും അററുപോകാൻ പാടില്ല; ദാരിദ്ര്യത്തിലും ദുഃഖത്തിലും, സൃഷ്ടികൾക്ക് പ്രതീക്ഷയും പ്രത്യാശയും നൽകുന്ന ഒരു ഗുണവിശേഷമാണിത്.

***18 അർ റസ്സാഖ്*** (അന്നദാതാവ്, വിഭവം നൽകുന്നവൻ): സൃഷ്ടികൾക്ക് ആഹാരം നൽകുന്ന ചുമതല സ്വയം ഏറെറടുത്തവൻ, അതിനു ഉപാധികൾ ഒരുക്കുന്നവൻ എന്നെല്ലാം അർഥം.

'നിശ്ചയം, അല്ലാഹു ആഹാരം നൽകുന്നവനും അതിശക്തനുമത്രെ' (51:58) ആഹാരം നൽകുന്നവൻ, വിഭവം പ്രദാനം ചെയ്യുന്നവൻ എന്നീ ആശയങ്ങളുടെ പരമരൂപമാണ് ഈ നാമം.

'തന്റെ ദാസന്മാരോട് കൃപയുള്ളവനത്രെ അല്ലാഹു, അവൻ ഇച്ഛിക്കുന്നവർക്ക് അവൻ ആഹാരം നൽകുന്നു' (42:9).

അല്ലാഹുവിന്റെ വിഭവദാനം എല്ലാ അർഥത്തിലുമുള്ളതാണ്. ഓരോ സൃഷ്ടിക്കും വളർച്ചക്കും പോഷണത്തിനും ആവശ്യമായ വിഭവങ്ങൾ അവയുടെ കഴിവിന്നനുസരിച്ച് എത്തിച്ചുകൊടുക്കുകയാണ് ഒരു രൂപം. മറെറാന്ന് മനുഷ്യർക്ക് ആത്മീയവും ഭൗതികവുമായ അറിവുകൾ പ്രദാനം ചെയ്തുകൊണ്ട് ഇഹപരലോകങ്ങളിലെ ജീവിതം വിജയപ്രദമാക്കിത്തീർക്കുന്നതിന്നു വേണ്ട ഉപാധികൾ ഒരുക്കിക്കൊടുക്കുക എന്നതാണ്. ഈ രണ്ടു രൂപത്തിലും തന്റെ സൃഷ്ടികളുടെ ആവശ്യങ്ങൾ നിർവഹിച്ചുകൊടുക്കുന്നവൻ എന്ന അർഥമാണുള്ളത്.

സൃഷ്ടികളുടെ അപൂർണതയും ദൈവത്തിന്റെ പൂർണതയുമാണ് ഇവിടെ പ്രകടമാകുന്നത്. അല്ലാഹുവിന്റെ ഈ ഗുണത്തിൽ വിശ്വസിക്കുന്നവനെ സംബന്ധിച്ചിടത്തോളം വിഭവദൗർഭിക്ഷ്യത്തെക്കുറിച്ച ഭയം അർഥശൂന്യമാണ്. ഐശ്വര്യവും ദാരിദ്ര്യവും അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്നുള്ള അടിയുറച്ച വിശ്വാസം മനുഷ്യമനസ്സിൽ പ്രത്യാശയും മാനവസമൂഹത്തിൽ ശാന്തിയും വളർത്തുന്നു.

## 19 അൽ ഫത്താഹ് (വിധിക്കുന്നവൻ, തുറക്കുന്നവൻ):

സൃഷ്ടികൾക്കിടയിൽ വിധി കൽപ്പിക്കുന്നവൻ, സത്യാസത്യങ്ങളെ സംബന്ധിച്ച അന്തിമവിധി നൽകുന്നവൻ, അനുഗ്രഹങ്ങളുടെയും നന്മകളുടെയും വിജയസഹായങ്ങളുടെയും ഭണ്ഡാരങ്ങൾ തുറക്കുന്നവൻ എന്നെല്ലാമാണ് അർഥം. ഖുർആൻ പറഞ്ഞു: 'നാഥാ! ഞങ്ങൾക്കും ഞങ്ങളുടെ ജനതക്കുമിടയിൽ സത്യം കൊണ്ട് നീ വിധിച്ചാലും, വിധികർത്താക്കളിൽ ഏററവും ഉത്തമനത്രെ നീ' (7:89).

'അല്ലാഹു ജനങ്ങൾക്കായി തുറന്നുകൊടുക്കുന്ന ഒരു അനുഗ്രഹവും ഒരാളും പിടിച്ചുവെക്കുന്നതല്ല. അവൻ തടഞ്ഞുവെക്കുന്ന ഒന്നിനെ അയച്ചുവിടുവാനും അവനൊഴികെ മററാരുമില്ല. അജയ്യനും യുക്തിമാനുമത്രെ അവൻ' (35:2).

സത്യാസത്യങ്ങളെ വേർതിരിക്കുകയും സത്യത്തിന് അന്തിമവിജയം നൽകുകയും ചെയ്യുന്നവനാണു അല്ലാഹു. സത്യത്തിനാണ് അന്തിമ വിജയമെന്നും, അത് അവൻ നൽകുക തന്നെ ചെയ്യുമെന്നും ബോധ്യപ്പെടുത്തുന്നു. സത്യവിശ്വാസികൾക്ക് സത്യമാർഗത്തിലുറച്ചു നിൽക്കാൻ പ്രേരണയും പ്രോത്സാഹനവും നൽകുന്ന ഒരാശയമാണിത്. ദൈവികഖജാനകൾ സൃഷ്ടികളിലാർക്കും അടക്കാൻ കഴിയില്ലെന്നും, ഭൗതികോപാധികൾ കൊണ്ട് അടക്കുകയോ തുറക്കുകയോ ചെയ്യാവുന്ന ഒന്നല്ല ദൈവിക

ണ്ഡാഗാരങ്ങളെന്നും ഈ വിശേഷണം ഓർമിപ്പിക്കുന്നു. സത്യം മുറുകെ പിടിക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരാനില്ലെന്നും, സത്യത്തിന്റെ വിജയത്തെക്കുറിച്ചോ ദൈവികസഹായത്തെക്കുറിച്ചോ നിരാശ വേണ്ടെന്നും ഇത് സൂചന നൽകുന്നു.

**20. അൽഅലീം** ( സർവജ്ഞൻ ) : 'നിശ്ചയം അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമത്രെ' (31:24).

'നിശ്ചയം, ഹൃദയങ്ങളിലുള്ളതിനെക്കുറിച്ച് അറിയുന്നവനത്രെ അവൻ'.

'ആകാശഭൂമികളിലെ അദൃശ്യങ്ങൾ അറിയുന്നവനത്രെ അല്ലാഹു'.

രഹസ്യവും പരസ്യവും ചെറുതും വലുതുമായ എല്ലാം അറിയുന്നവനാണ് അല്ലാഹു. ഭാവിയും ഭൂതവും ഉൾക്കൊള്ളുന്നതാണ് അവന്റെ ജ്ഞാനം. അവന്റെ ജ്ഞാനപരിധിയിൽ ഒതുങ്ങാത്ത ഒന്നുമില്ല സൃഷ്ടികളുടെ ഹൃദയരഹസ്യങ്ങൾ പോലും അവൻ നന്നായി അറിയുന്നു. ആകാശഭൂമികളെ ചൂഴ്ന്നുനിൽക്കുന്ന അവന്റെ ജ്ഞാനമേഖലയെ മറികടക്കുവാൻ ആരാലും സാധ്യമല്ല. യഥാർഥവും സമ്പൂർണവും അന്യൂനവുമാണ് അവന്റെ അറിവ്. അത് ഊഹാധിഷ്ഠിതമോ അനുമാനമോ അല്ല.

അല്ലാഹുവിന്റെ അപാരമായ ജ്ഞാനത്തെക്കുറിച്ച ബോധം മനുഷ്യഹൃദയത്തെ അടക്കിഭരിക്കുമ്പോൾ അവൻ സൂക്ഷ്മതയും നിയന്ത്രണവും പാലിക്കുന്നു. താൻ അവന്റെ തിരുസന്നിധിയിലാണെന്ന ബോധം അവനെ സദാ ജാഗരൂകനാക്കുന്നു.

**21. അൽ കാബിള്** ( പിടിച്ചുവെക്കുന്നവൻ ) : തുറന്നുകൊടുത്ത സ്വാതന്ത്ര്യം തിരിച്ചു പിടിക്കാൻ കഴിവുള്ളവനാണ് അല്ലാഹു; അയച്ചുവിട്ട ആത്മാക്കളെ പിടിച്ചെടുക്കുന്നവനാണ് അവൻ. ഭക്ഷ്യവിഭവങ്ങളിലും ഭൗതികസൗകര്യങ്ങളിലും ഇടുക്കമുണ്ടാക്കുന്നവനുമാണ് അല്ലാഹു. ഇടുക്കവും ഞെരുക്കവും ഉണ്ടാക്കുവാനും വിശാലത നൽകുവാനും മതിയായവനത്രെ അല്ലാഹു.

'അല്ലാഹു, അവൻ ഇച്ഛിക്കുന്നവർക്കു വിഭവങ്ങൾ വിശാലമാക്കിക്കൊടുക്കുകയും (അവൻ ഇച്ഛിക്കുന്നവരുടെ കാര്യത്തിൽ) ഇടുക്കമുണ്ടാക്കുകയും ചെയ്യും' (13:26).

'അല്ലാഹു തന്റെ അടിമകൾക്ക് ആഹാരവിഭവങ്ങൾ (അനിയന്ത്രിതമാം വിധം) വിശാലമാക്കി കൊടുക്കുന്നപക്ഷം ഭൂമിയിൽ അവൻ അതിക്രമം കാണിക്കുമായിരുന്നു. എന്നാൽ താൻ ഇച്ഛിക്കുന്നവിധം നിയന്ത്രണത്തോടുകൂടി അതവൻ ഇറക്കിക്കൊടുക്കുന്നു (42:27).

'അല്ലാഹു ഇടുക്കവും വിശാലതയും സൃഷ്ടിക്കുന്നു. അവങ്കലേക്കാണ് നിങ്ങളുടെ മടക്കം' (2:243).

**22. അൽ ബാസിത്ത്** (വിശാലമാക്കുന്നവൻ) : മുകളിൽ പറഞ്ഞ 'അൽകാബിള്' എന്ന ഗുണത്തിൻെറ വിപരീതഗുണമാണിത്. മുകളിലുദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ മിക്കതിലും ഈ രണ്ടു വിശേഷണങ്ങളും ചേർത്തു പറഞ്ഞിരിക്കുന്നതു കാണാം. ഇടുക്കവും വിശാലതയും, പിടുത്തവും അയവും, അതുപോലെ പരസ്പരവിരുദ്ധമായ ഇതര പ്രവർത്തനങ്ങളും ചില പ്രത്യേക ഉദ്ദേശ്യങ്ങളോടുകൂടിയാണ് അല്ലാഹു ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്. സൃഷ്ടികളുടെ നന്മ, അവരുടെ ആത്യന്തികവിജയം എന്നിവയാണ് അതുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജീവിതംപോലെ മരണവും, സമ്പത്തെന്നപോലെ ദാരിദ്ര്യവും വർഷമെന്നപോലെ വരൾച്ചയും ചില നന്മകളുൾക്കൊള്ളുന്നതാണ്. ദൈവിക മഹത്വത്തിൻെറയും യുക്തിദീക്ഷയുടെയും ഭാഗമാണിത്. പ്രപഞ്ചത്തിലും ജീവിതത്തിലും പ്രകടമാകുന്ന ഈ അന്തരം അല്പബുദ്ധികളായ മനുഷ്യരെ ആശയക്കുഴപ്പത്തിലാക്കുന്നു അവയുടെ യാഥാർഥ്യം വെളിപ്പെടുമ്പോൾ അതേ മനുഷ്യർതന്നെ ദൈവികയുക്തിക്കു മുമ്പിൽ നമ്രശിരസ്കരാവുന്നു. പ്രസ്തുത ഗുണവിശേഷങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരുവനെ സംബന്ധിച്ചിടത്തോളം അത്തരം പ്രതിഭാസങ്ങൾ ജീവിതത്തിൽ സ്ഥൈര്യവും മനോദാർഢ്യവും പ്രദാനം ചെയ്യുന്നവയായിരിക്കും.

**23 അൽഖാഫിള്** (താഴ്ത്തുന്നവൻ) :

**24 അർറാഫിഅ്** (ഉയർത്തുന്നവൻ) : ഈ രണ്ടു ഗുണവിശേഷങ്ങളും വിപരീത സ്വഭാവമുൾക്കൊള്ളുന്നവയാണ്. ധിക്കാരികളെ ഇകഴ്ത്തുന്നവൻ, നീതിമാൻമാരെയും അനുസരണശാലികളെയും ഉയർത്തുന്നവൻ എന്നിവയാണ് ഒർഥം. വഴിപിഴപ്പിക്കുന്നവൻ എന്നും വഴികാണിക്കുന്നവൻ എന്നും അർഥമുണ്ട്. പദവികൾ ഉയർത്തുകയും താഴ്ത്തുകയും ചെയ്യുന്നവൻ എന്നും പറയാം.

'അവരിൽ ചിലരെ പദവികളിൽ അവൻ ഉയർത്തി' (2:253).

'നിങ്ങളിൽ നിന്നും സത്യവിശ്വാസികൾക്കും അറിവു നൽകപ്പെട്ടവർക്കും അല്ലാഹു ഉയർന്ന പദവികൾ നൽകുന്നതാണ്. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനത്രെ അല്ലാഹു' (58:11).

അല്ലാഹു ചിലരെ ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യുന്നു. ഈ ലോകത്തും പരലോകത്തും ഇതായിരിക്കും അവസ്ഥ. ഇത് അവൻെറ

കഴിവും സ്വാതന്ത്ര്യവും സവിശേഷഗുണവുമാണ്. ഇതിനു പിന്നിൽ യുക്തിയും പരീക്ഷണവും ദൈവികമഹത്വവും എല്ലാമുണ്ട്. സൃഷ്ടികൾ അതു മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്.

**25 അൽമുഇസ്സ്** (പ്രതാപം നൽകുന്നവൻ):

**26 അൽമുദില്ല്** (നിന്ദിക്കുന്നവൻ): 'പറയുക (നബി!) ആധിപത്യത്തിൻെറ ഉടമസ്ഥനായ അല്ലാഹുവേ, നീ ഇച്ഛിക്കുന്നവർക്കു നീ ആധിപത്യം നൽകുന്നു. നീ ഇച്ഛിക്കുന്നവരിൽ നിന്നും നീ ആധിപത്യം എടുത്തുകളയുന്നു. നീ ഇച്ഛിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഇച്ഛിക്കുന്നവരെ നീ നിന്ദ്യരാക്കുന്നു. നിൻെറ ഹസ്തത്തിലാണ് നന്മയത്രയും. നിശ്ചയം എല്ലാ സംഗതികൾക്കും കഴിവുള്ളവനത്രെ നീ' (3:26).

'അല്ലാഹുവിനും അവൻെറ ദൂതനും സത്യവിശ്വാസികൾക്കുമത്രെ പ്രതാപം' (63:8).

ഇവിടെയും ഭിന്നവിരുദ്ധങ്ങളായ രണ്ടു ഗുണവിശേഷങ്ങളാണ് സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്; പ്രതാപം നൽകുന്നവനും പ്രതാപം നിഷേധിക്കുന്നവനും. അന്തസ്സും അപമാനവും ഈ ലോകജീവിതത്തിലെ പ്രകടമായ രണ്ട് അവസ്ഥകളാണ്. അല്ലാഹു അവൻ ഇച്ഛിക്കുന്നവർക്ക് ഇത് മാറിമാറി നൽകുന്നു. ദൈവിക മഹത്വത്തിൻെറ പ്രകടനമാണ് ഈ ഗുണവിശേഷം. ഈ ദൈവികഗുണങ്ങളിൽ വിശ്വസിക്കുന്നവൻ ജീവിതത്തിൽ ഒരിക്കലും അഹങ്കാരിയാവുകയില്ല.

**27 അസ്സമീഅ്** (എല്ലാം കേൾക്കുന്നവൻ)

**28 അൽബസീർ** (എല്ലാം കാണുന്നവൻ): കേൾവിയും കാഴ്ചയും ദൈവത്തിൻെറ ഗുണവിശേഷങ്ങളാണ്. എന്നാൽ സൃഷ്ടികളുടെ കേൾവിയും കാഴ്ചയും പോലെയല്ല, സ്രഷ്ടാവിൻേറത്. ഇന്ദ്രിയങ്ങളോ ഉപാധികളോ കൂടാതെ പൂർണമായും വ്യക്തമായും കാണുകയും കേൾക്കുകയും ചെയ്യുന്നവനത്രെ അല്ലാഹു. അവൻെറ ദർശനശക്തിക്ക് മറകളില്ല; അവൻെറ ശ്രവണശക്തിക്കും അതിരോ പരിധിയോ ഇല്ല.

'ഞാൻ നിങ്ങൾ രണ്ടു പേരുടെയും കൂടെയാണ്; ഞാൻ എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്" എന്ന് പ്രവാചകന്മാരായ മൂസാ (അ) യോടും ഹാറൂ (അ) നോടും അല്ലാഹു പറഞ്ഞത് ഖുർആൻ ഉദ്ധരിക്കുന്നുണ്ട്.

'നിശ്ചയം അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു' (31:28).

അല്ലാഹുവിൻെറ ജ്ഞാനം പോലെ ഈ ഗുണങ്ങളും അവൻെറ പൂർണ്ണതയുടെ ഘടകങ്ങളാണ്.

ഈ ദൈവികഗുണങ്ങൾ മനുഷ്യജീവിതത്തെ ചിട്ടപ്പെടുത്തുവാൻ വളരെ സഹായകങ്ങളാണ്. ദൈവത്തിൻെറ കൺവെട്ടത്തും അവൻെറ കേൾവിക്ക് വിധേയമായും ആണ് താൻ എന്ന ബോധം മനുഷ്യജീവിതത്തിൽ അപാരമായ നന്മകൾ സൃഷ്ടിക്കുവാൻ പോന്നതാണ്. മനുഷ്യരുടെ തിന്മകൾ മാത്രമല്ല നന്മകളും അല്ലാഹു കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്. (നബിയെ) പറയുക: നിങ്ങൾ പ്രവർത്തിക്കുവിൻ; അല്ലാഹുവും അവൻെറ ദൂതനും നിങ്ങളുടെ പ്രവർത്തനങ്ങൾ വീക്ഷിക്കുന്നുണ്ട്.

**29 അൽഹാകിം** ( ന്യായാധിപൻ ) : ന്യായവിധി നടത്തുന്നവൻ; സർവവസ്തുക്കളുടെയും കാര്യത്തിൽ അന്തിമവും ആത്യന്തികവുമായ വിധി കൽപ്പിക്കുന്നവൻ; സൂര്യൻ നിഷ്പ്രഭമാവുകയും നക്ഷത്രങ്ങൾ ഉതിർന്നുവീഴുകയും പർവതങ്ങൾ ധൂളിയാവുകയും ചെയ്യുന്ന ഭയവിഹ്വലമായ ആ ദിനത്തിൽ ഓരോ ആത്മാവും പ്രവർത്തിച്ചതിനെക്കുറിച്ച് വിചാരണ ചെയ്തു വിധി നടത്തുന്നവനാകുന്നു അല്ലാഹു. അവൻെറ വിധിക്ക് മാററമില്ല; ആ വിധിയെ മറികടക്കുന്ന ഒരാളുമില്ല. 'അവനാണ് ശാസനാധികാരി. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുക' (28:88).

'അല്ലാഹു വിധി കൽപ്പിക്കുന്നതുവരെ നീ ക്ഷമിക്കുക. വിധികർത്താക്കളിൽ ഏററവും ഉത്തമനാണ് അവൻ' (10:109)

**30 അൽ അദ്ൽ** ( ന്യായാധിപൻ ) : നിശ്ചയം അനാമത്തുകൾ അവയുടെ ഉടമസ്ഥരെ ഏല്പിക്കുവാനും നിങ്ങൾ ജനങ്ങൾക്കിടയിൽ വിധി കല്പിക്കുമ്പോൾ നീതിപൂർവം വിധി കല്പിക്കുവാനും അല്ലാഹു നിങ്ങളോട് ആജ്ഞാപിക്കുന്നു. അല്ലാഹു നിങ്ങൾക്കു നൽകുന്ന ഉപദേശം എത്ര നല്ലത് (4:58).

നന്മക്ക് നന്മയും തിന്മക്ക് തിന്മയും തുല്യമായി നൽകുന്നതാണ് യഥാർഥനീതി. സൽപ്രവൃത്തികൾക്ക് പ്രതിഫലവും ദുഷ്കൃത്യങ്ങൾക്ക് ശിക്ഷയും നൽകുന്നവനാണ് അല്ലാഹു. ദൈവികനീതിക്ക് യാതൊരു ദാക്ഷിണ്യവുമില്ല. നീതി അല്ലാഹുവിൻെറ വിശിഷ്ടനാമവും ഗുണവിശേഷവുമാണെങ്കിൽ സൃഷ്ടികൾക്കിടയിലെ നീതിയാണ് മനുഷ്യജീവിതത്തിൻെറ സമാധാനപരമായ നിലനില്പിനാധാരം. മഹത്തായ നീതിയിന്മേലാണ് ആകാശഭൂമികളുടെ പോലും നിലനില്പ്. അല്ലാഹുവിൻെറ ഈ ഗുണം സൃഷ്ടികളും ഉൾക്കൊള്ളണമെന്നാണ് ഇസ്ലാം അഭിലഷിക്കുന്നത്. അല്ലാഹുവിൻെറ ഗുണവിശേഷങ്ങളിൽ മനുഷ്യർക്ക് അനുകരണാർഹമായതാണ് നീതി. ഖുർആൻ പറഞ്ഞു:

'സത്യവിശ്വാസികളേ! നിങ്ങൾ നീതിക്ക് സാക്ഷികളായിക്കൊണ്ട് അല്ലാഹുവിനു വേണ്ടി നിലകൊള്ളുന്നവരാകുവിൻ. ഒരു ജനതയോടുള്ള വിദ്വേഷം നീതി പാലിക്കുന്നതിൽ നിന്നും നിങ്ങളെ തടയാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അതത്രെ, ദൈവഭക്തിയോട് ഏററവും അടുത്തത്. അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയം, നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനത്രെ അല്ലാഹു' (5:8).

**31 അൽ ലത്തീഫ്** (കൃപാനിധി, സൂക്ഷ്മജ്ഞൻ): അല്ലാഹു അവൻെറ ദാസന്മാരോട് അത്യന്തം കൃപയുള്ളവനത്രെ. അവൻ ഇച്ഛിക്കുന്നവർക്ക് അവൻ വിഭവങ്ങൾ നൽകുന്നു ശക്തനും പ്രതാപമുടയവനുമത്രെ അവൻ' (42:19).

'അല്ലാഹു ആകാശത്തു നിന്നും മഴ വർഷിപ്പിക്കുകയും അങ്ങിനെ ഭൂമി ഹരിതാഭമായിത്തീരുകയും ചെയ്യുന്നത് നീ കണ്ടിട്ടില്ലേ? നിശ്ചയം, സൂക്ഷ്മജ്ഞനും അഗാധജ്ഞനുമത്രെ അല്ലാഹു' (22:63).

'കണ്ണുകൾ അവനെ പ്രാപിക്കുകയില്ല. അവൻ കണ്ണുകളെ പ്രാപിക്കുന്നു. സൂക്ഷ്മജ്ഞനും അഗാധജ്ഞനുമത്രെ അവൻ' (6:103).

കൃപയുടെയും സൂക്ഷ്മജ്ഞാനത്തിൻെറയും അർഥമുൾക്കൊള്ളുന്നതാണ് 'അൽ ലത്തീഫ്' എന്ന വിശേഷണം. പ്രവൃത്തികൾ മനോഹരമായവൻ എന്നും, ഇന്ദ്രിയങ്ങൾക്ക് പ്രാപിക്കാനാവാത്തവൻ എന്നും കാര്യങ്ങൾ സൂക്ഷ്മമായി ഗ്രഹിക്കുന്നവൻ എന്നും അർഥം പറയാം.

സ്രഷ്ടാവിൻെറ പൂർണതയുടെ ഭാഗമാണ് ഈ ഗുണവിശേഷം. സൃഷ്ടികളിൽ ആശയും ആശങ്കയും പകരാൻ പര്യാപ്തമായ ഒന്നാണിത്.

**32. അൽ ഖബീർ** (സൂക്ഷ്മജ്ഞൻ): അത്യന്തം സൂക്ഷ്മമായും അഗാധമായും കാര്യങ്ങൾ അറിയുന്നവൻ.

'നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനത്രെ അല്ലാഹു' (3:153).

'തൻെറ ദാസന്മാരുടെ പാപങ്ങളെക്കുറിച്ച് സൂക്ഷ്മമായി അറിയുവാനും കാണുവാനും നിൻെറ നാഥൻ തന്നെ മതിയായവനാണ്'' (17:17).

**33. 'അൽ ഹലീം'** (സഹനശീലൻ): 'നിശ്ചയം, അവൻ സഹനശീലനും മാപ്പരുളുന്നവനുമത്രെ' (17:44). നിശ്ചയം, അല്ലാഹു സർവജ്ഞനും സഹനശീലനുമാകുന്നു' (22:59).

പൊടുന്നനവെ ശിക്ഷിക്കുകയോ പ്രതികാരനടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തവൻ. ശിക്ഷ വേണ്ടെന്നുവെച്ചുകൊണ്ട് സൃഷ്ടികളുടെ

അവിവേകവും ധിക്കാരവും സഹനത്തോടെ വീക്ഷിക്കുന്നവൻ കോപാകുലമായ സന്ദർഭത്തിൽ അതിനെ നിയന്ത്രിക്കുന്നതിനാണ് 'ഹിൽമ്'' എന്നു പറയുന്നത്. ഈ ഗുണം സൃഷ്ടികൾക്കുകൂടി ആവശ്യമായതാണ്. സൃഷ്ടികൾക്ക് അനുകരണാർഹമായ ഒരു ഗുണമാണിത്.

**34. അൽ അളീം** (മഹാൻ): 'മഹാനായ നിന്റെ നാഥന്റെ നാമം വാഴ്ത്തുവിൻ' (56:74).

'അവൻ അത്യുന്നതനും മഹാനുമത്രെ' (2:55).

ആരാലും തന്റെ സത്തയുടെ യാഥാർഥ്യം പ്രാപിക്കാൻ കഴിയാത്തവൻ, തന്റെ സത്തയുടെ മഹത്വത്തിന് അററമോ ആരംഭമോ ഇല്ലാത്തവൻ എന്നൊക്കെ അർഥമുണ്ട്. മഹത്വത്തിന്റെ സർവവിധ ലക്ഷണങ്ങളും തികഞ്ഞവൻ, ദൈവികസത്തയുടെ ഔന്നത്യവും പൂർണതയും പ്രകടമാക്കുന്ന ഒരു ഗുണവിശേഷമാണിത്. അല്ലാഹുവിന്റെ ദാസന് അപരന്മാരുടെ മുമ്പിൽ ദൗർബല്യമോ താഴ്മയോ ആവശ്യമില്ല. സ്രഷ്ടാവിന്റെ മഹത്വം സൃഷ്ടികൾക്കും കൈവരുന്നു.

**35. അൽ ഗഫൂർ** (മാപ്പരുളുന്നവൻ): 'മനുഷ്യരുടെ അക്രമങ്ങൾ പൊറുക്കുന്നവനത്രെ നിന്റെ നാഥൻ' (13:6).

പാപങ്ങൾ ധാരാളമായി പൊറുക്കുന്നവനും മറച്ചുവെക്കുന്നവനും എന്നർഥം. 'അൽഗഫ്ഫാർ' എന്ന നാമത്തിന്റെ തന്നെ മറെറാരു രൂപമാണിത്. മാപ്പിനും വിട്ടുവീഴ്ചക്കും ഇസ്ലാം നൽകുന്ന പ്രാധാന്യം ഈ നാമങ്ങളുടെ ആവർത്തനത്തിൽ നിന്നും വ്യക്തമാകും. അല്ലാഹുവിന്റെ മാപ്പും വിട്ടുവീഴ്ചയും അപാരമാണെന്നർഥം (അൽഗഫ്ഫാർ കാണുക).

**36. അശ്ശക്കൂർ** (കൃതജ്ഞൻ): ചെറുപ്രവർത്തനങ്ങൾക്കുപോലും അളവററ പ്രതിഫലവും പദവികളും നൽകുന്നവനാണ് അല്ലാഹു. വിശുദ്ധ ഖുർആൻ പറഞ്ഞു: 'നിശ്ചയം, അല്ലാഹു മാപ്പരുളുന്നവനും കൃതജ്ഞനുമാകുന്നു' (42:23).

ഇത് അല്ലാഹുവിന്റെ ഏററവും മഹത്തായ ഒരു ഗുണവിശേഷമാണ്. നന്മയെ അംഗീകരിക്കുകയും സൽക്കർമകാരികൾക്ക് പ്രോത്സാഹനമരുളുകയും ചെയ്യുന്ന ഗുണം. 'കൃതജ്ഞൻമാർക്ക് നാം പ്രതിഫലം നൽകുന്നതാണ്'' (3:145).

സൃഷ്ടിച്ചവൻ തന്നെ സൃഷ്ടികളുടെ നന്മയെ അംഗീകരിക്കുകയും, അവർക്ക് അനുഗ്രഹങ്ങൾ വർധിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ അവന്റെ അനുഗ്രഹങ്ങളാസ്വദിക്കുന്ന സൃഷ്ടികൾ അവനോട് കൃതജ്ഞരാകേ

ണ്ടതില്ലേ? സ്രഷ്ടാവിൽ നിന്നും സൃഷ്ടികൾ പകർത്തേണ്ട വിശിഷ്ട ഗുണങ്ങളിലൊന്നാണിത്.

ഇമാം റാഗിബ് പറഞ്ഞു: ദാസൻമാരുടെ ഭാഗത്തു നിന്നുള്ള നന്ദിക്ക് മൂന്നു രൂപങ്ങളുണ്ട്. ഒന്ന്, മനസ്സിലെ നന്ദി. ഇതു താൻ അനുഭവിക്കുന്ന അനുഗ്രഹം ഗ്രഹിക്കുകയും മനസ്സിലാക്കുകയും ചെയ്യലാണ്. രണ്ട്, നാവിൻെറ നന്ദി. ഇത് അനുഗ്രഹദാതാവിനെ സ്തുതിക്കലും അവൻെറ അനുഗ്രഹത്തെ എടുത്തു പറയലുമാണ്. മൂന്ന്, അവയവങ്ങളുടെ നന്ദി. തൻെറ കഴിവനുസരിച്ചുള്ള പ്രത്യുപകാരം മുഖേനയുള്ള നന്ദിപ്രകടനമാണിത്. അല്ലാഹുവിനുള്ള അനുസരണമാണ് ഇപ്പറഞ്ഞത്. ഖുർആൻ പറഞ്ഞു: 'ദാവൂദ് കുടുംബമേ! നിങ്ങൾ നന്ദി ചെയ്യുവിൻ' (34:13).

സ്രഷ്ടാവിനോടെന്നപോലെ സൃഷ്ടികൾ തമ്മിലും അഭികാമ്യമായ ഒരു ഗുണമാണ് കൃതജ്ഞത. മനുഷ്യജീവിതത്തെ സുന്ദരവും സംപൂർണവുമാക്കിത്തീർക്കുന്ന ഒരു മഹദ്ഗുണം. ഈ ദൈവികഗുണത്തിൽ വിശ്വസിക്കുന്ന ദാസന്മാർ സ്രഷ്ടാവിനോടും സമസൃഷ്ടികളോടും കൃതജ്ഞത പ്രകാശിപ്പിക്കുന്നതിൽ തെല്ലും പിശുക്ക് കാട്ടുകയില്ല.

***37. അൽഅലിയ്യ്*** (അത്യുന്നതൻ): ഉന്നതങ്ങളിൽ ഉന്നതമായ പദവിയിലുള്ളവൻ. അവൻേറതിന്ന് മേലെ പദവികളില്ല. സൃഷ്ടികളുടെ എല്ലാ ഗ്രഹണസീമകൾക്കും അതീതനായി വർത്തിക്കുന്നവൻ. മഹത്വവും പൂർണതയും വർണനകൾക്ക് അതീതമായവൻ-ഈ അർഥങ്ങളെല്ലാമുണ്ട്. 'അലാ' എന്നാൽ ഉയർന്നു എന്നർഥം. വിശുദ്ധ ഖുർആൻ പറഞ്ഞു: 'നിശ്ചയം അല്ലാഹു ഉന്നതനും മഹാനുമാകുന്നു' (22:63).

സൃഷ്ടികളിൽ വിനയവും വിശ്വാസവും പ്രദാനം ചെയ്യുന്ന ഒരു ഗുണമാണിത്.

***38. അൽ കബീർ*** (മഹത്വമുടയവൻ): സൃഷ്ടികളുമായുള്ള എല്ലാവിധ സാദൃശ്യങ്ങളിൽ നിന്നും ഉയർന്നവൻ; എല്ലാ വിശേഷണങ്ങൾക്കും സ്തുതികീർത്തനങ്ങൾക്കും അതീതൻ; മഹത്വവും ഔന്നത്യവും ഉടയവൻ എന്നെല്ലാമാണ് അർഥം.

'കബീർ' എന്നപോലെ സമാനാർഥത്തിലുള്ള വേറെയും വിശേഷണങ്ങൾ ഖുർആനിൽ വന്നിട്ടുണ്ട്. 'അൽമുതകബ്ബിർ' ഈയിനത്തിൽപ്പെട്ടതാണ്. 'അക്ബർ' (ഏററവും മഹാൻ), 'കിബ്രിയാ:' (മഹത്വം) എന്നീ പ്രയോഗങ്ങളും കാണാം.

'അല്ലാഹു അക്ബർ' (അല്ലാഹു ഏററവും മഹാനാകുന്നു) എന്നത് ഇസ്ലാമിൽ വളരെ പ്രാധാന്യമുള്ള ഒരു മുദ്രാവാക്യമാണ്. പള്ളിമിനാര

ങ്ങളിൽ നിന്നും ദിവസത്തിൽ അഞ്ചു നേരം ഉയർന്നു കേൾക്കുന്ന ബാങ്കിലും നമസ്കാരങ്ങളിലും ഒട്ടേറെ പ്രാവശ്യം ആവർത്തിക്കപ്പെടുന്ന ഈ വാക്യം വളരെ അർഥവ്യാപ്തിയുള്ളതാണ്.

അല്ലാഹുവിനെ മാത്രം മഹത്വത്തിന്റെ അത്യുന്നതവിതാനത്തിൽ അംഗീകരിക്കുന്നവൻ അവനൊഴികെ മററാർക്കും മുമ്പിൽ ശിരസ്സു നമിക്കുകയില്ല.

ഖുർആൻ പറഞ്ഞു: 'നിശ്ചയം അല്ലാഹു ഉന്നതനും മഹാനുമത്രെ' (4:33).

**39 അൽ ഹഫീള്** (കാത്തുരക്ഷിക്കുന്നവൻ): സംരക്ഷിക്കുന്നവൻ; കേടുകളും ആപത്തുകളും പററാതെ കാത്തുരക്ഷിക്കുന്നവൻ എന്നർഥം. ആകാശഭൂമികളുടെ സംരക്ഷണബാധ്യത അവനാണ് ഏറെറടുത്തിട്ടുള്ളത്. അവയുടെ രണ്ടിന്റെയും (ആകാശഭൂമികളുടെ) സംരക്ഷണം അവനെ ക്ഷീണിപ്പിക്കുകയില്ല' (2:255).

'നാമാണ് സ്മരണയെ (ഖുർആനിനെ) അവതരിപ്പിച്ചത് നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്'' (15:9).

'നിശ്ചയം എന്റെ നാഥൻ എല്ലാ വസ്തുക്കളെയും കാത്തുരക്ഷിക്കുന്നവനാണ്'' (11:57).

അല്ലാഹുവിന്റെ സംരക്ഷണത്തിൽ വിശ്വാസമർപ്പിക്കുന്നവരാണ് സത്യവിശ്വാസികൾ. അല്ലാഹുവിന്റെ ശക്തിയും മഹത്വവും അറിയുന്നവരുമാണവർ. ആ രക്ഷാബോധം അവരിൽ സമാധാനവും സുരക്ഷിതത്വവും സൃഷ്ടിക്കുന്നു.

**40 അൽ മുഖീത്ത്** (ആഹാരം നൽകുന്നവൻ): ആഹാരം നൽകുന്നവൻ, സംരക്ഷിക്കുന്നവൻ, ആഹാരം സൃഷ്ടിക്കുന്നവൻ എന്നൊക്കെയാണുദ്ദേശ്യം. 'അല്ലാഹു എല്ലാ വസ്തുക്കൾക്കും ആഹാരം നൽകുന്നവനത്രെ' (4:85).

അന്നദാതാവ്, വിഭവങ്ങൾ നൽകുന്നവൻ എന്നീ അർഥങ്ങളിൽ മുൻപു വന്ന നാമങ്ങളും ഈ ഗുണവിശേഷവും തമ്മിൽ വളരെ സാധർമ്യം പുലർത്തുന്നുണ്ട്.

**41 അൽ ഹസീബ്** (വിചാരണചെയ്യുന്നവൻ): മതിയായവൻ, വിചാരണ ചെയ്യുന്നവൻ എന്നെല്ലാമാണ് അർഥം. 'നബിയേ! താങ്കൾക്കും

താങ്കളെ പിന്തുടർന്ന സത്യവിശ്വാസികൾക്കും മതിയായവനത്രെ അല്ലാഹു (വി.ഖു.).

'നിശ്ചയം അല്ലാഹു എല്ലാ വസ്തുക്കളെയും വിചാരണ ചെയ്യുന്നവനത്രെ' (4:86).

മതിയായവൻ എന്ന അർഥത്തിൽ അല്ലാഹുവിൻെറ സംരക്ഷണമാണ് ഉറപ്പുനൽകുന്നത്. ദൈവികമാർഗത്തിൽ ചലിക്കുന്നവന് അല്ലാഹുവിലുള്ള രക്ഷാബോധം ഏതു പ്രതിസന്ധിഘട്ടത്തിലും തുണയായി വർത്തിക്കുന്നു.

വിചാരണ ചെയ്യുന്നവൻ എന്ന അർഥത്തിൽ അന്ത്യവിചാരണയെക്കുറിച്ചും രക്ഷാശിക്ഷകളെക്കുറിച്ചും ഉള്ള ബോധം ഉളവാക്കുന്നു.

**42 അൽ ജലീൽ** (സംപൂർണനൻ): സത്തയിലും ഗുണവിശേഷങ്ങളിലും പൂർണതയാർന്നവൻ; ഏററവും മഹത്വമുടയവൻ; മഹത്വവും പൂർണതയും അനിഷേധ്യമായവൻ എന്നീ അർഥങ്ങളുണ്ട്. ഈ നാമം ഇതേ രൂപത്തിൽ വിശുദ്ധ ഖുർആനിൽ വന്നിട്ടില്ല. മഹത്വവും ആദരവും ഉടയവൻ എന്ന അർഥത്തിൽ 'ദുൽജലാൽ' എന്ന പദമാണു പ്രയോഗിച്ചിരിക്കുന്നത്. അവൻെറ പൂർണതയെ കുറിക്കുന്ന നാമമാണിത്. ദൈവികസത്തയുടെ പൂർണതയെ പ്രാപിക്കുവാൻ ഇന്ദ്രിയങ്ങളും സൃഷ്ടിസഹജമായ ജ്ഞാനോപാധികളും അപര്യാപ്തമാണ്. എല്ലാം നശിച്ചു കഴിഞ്ഞാലും അവശേഷിക്കുന്നവനാണ് അല്ലാഹു: 'മഹത്വവും ആദരവുമാർന്ന നിൻെറ നാഥൻെറ മുഖം മാത്രം ബാക്കിയാവും' (55:27).

**43 അൽ കരീം** (അത്യുദാരൻ): ആശ്രിതർക്കും, അഭയം തേടിയെത്തുന്നവർക്കും ആശ്വാസം നൽകുന്നവൻ. ചോദിക്കാതെ കൊടുക്കുകയും വീണ്ടും വീണ്ടും കൊടുക്കുകയും ചെയ്യുന്നവൻ. തെററുകൾ മാപ്പാക്കുകയും പാപങ്ങൾ പൊറുക്കുകയും ചെയ്യുന്നവൻ ഔദാര്യത്തിൻെറ നിറകുടം. 'അല്ലയോ മനുഷ്യാ! അത്യുദാരനായ നിൻെറ നാഥൻെറ കാര്യത്തിൽ നിന്നെ വഞ്ചിതനാക്കിയ സംഗതി എന്ത്? അവൻ നിന്നെ സൃഷ്ടിച്ചു; നിനക്ക് ശരിയായ രൂപം നൽകി; അനന്തരം നിന്നെ നേരായവിധം സൃഷ്ടിച്ചു. അവനുദ്ദേശിക്കുന്ന രൂപത്തിൽ നിന്നെ നിർമിച്ചു' (82:8).

അല്ലാഹുവിൻെറ മഹത്വത്തിനു മകുടം ചാർത്തുന്ന ഗുണം; അവൻെറ പൂർണതയുടെ ഭാഗം–സൃഷ്ടികൾക്ക് അനുകരണാർഹമായ സ്വഭാവം; പ്രതീക്ഷയുണർത്തുന്ന ഗുണവിശേഷം.

**44 അൽ റഖീബ്** (ജാഗ്രത പുലർത്തുന്നവൻ) : സദാ ജാഗ്രത്തായിരിക്കുന്നവൻ, എപ്പോഴും ഹാജരുള്ളവൻ, സർവജ്ഞാനത്തി

ന്റെ ഉടമ എന്നെല്ലാമാണ് അർഥം. 'നിശ്ചയം, അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനത്രെ' (4:1).

തികഞ്ഞ ജാഗ്രതയോടെ സൃഷ്ടികളുടെ ഓരോ ചലനത്തെയും അഭിവീക്ഷിച്ചുകൊണ്ടിരിക്കുന്നവനാണ് അല്ലാഹു.

**45 അൽ മുജീബ്** (പ്രത്യുത്തരം നൽകുന്നവൻ): പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഉത്തരം നൽകുന്നവൻ എന്നും വിഷമങ്ങൾ അനുഭവിക്കുന്നവർക്ക് ആശ്വാസമരുളുന്നവൻ എന്നും അർഥം പറയാം. ഒരാൾക്കും ഒരവസരത്തിലും അവന്റെ സഹായത്തെയും പ്രത്യുത്തരത്തെയും കുറിച്ച് നിരാശക്കിടമില്ല. സൃഷ്ടികളുടെ പ്രാർഥനകൾ കേൾക്കാൻ സദാ സന്നദ്ധനായി നിൽക്കുന്നവനാണ് അല്ലാഹു ഖുർആൻ പറഞ്ഞു: 'എന്റെ ദാസന്മാർ എന്നെക്കുറിച്ച് നിന്നോട് ചോദിച്ചാൽ (നീ പറയുക) ഞാൻ സമീപസ്ഥനാണ്. പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഉത്തരം നൽകുന്നവനാണ് ഞാൻ. അതിനാൽ അവർ എന്നെ വിളിച്ചു പ്രാർഥിച്ചുകൊള്ളട്ടെ. എന്നിൽ വിശ്വസിക്കട്ടെ. അതുവഴി അവർ സന്മാർഗം പ്രാപിച്ചേക്കാം' (2:186).

'അന്നേരം അവരുടെ നാഥൻ അവർക്ക് ഉത്തരമരുളി. സ്ത്രീയാകട്ടെ, പുരുഷനാകട്ടെ നിങ്ങളിൽ ഒരാളുടെയും പ്രവർത്തനങ്ങളെ നാം നിഷ്ഫലമാക്കുകയില്ല' (3:195).

പ്രാർഥനകൾക്ക് ഉത്തരമരുളുന്നവൻ എന്നതിനർഥം എന്തു ചോദിച്ചാലും നൽകുന്നവൻ എന്നല്ല. സൃഷ്ടികൾക്ക് ആത്യന്തികമായി നന്മയാണെങ്കിലേ അവൻ അത് നൽകുകയുള്ളു. പലപ്പോഴും പ്രാർഥനകൾ ഫലിക്കാതെ പോകുന്നതിന്റെ കാരണമതാണ്. ദൈവത്തിന്റെ വിശാലതയെയും പൂർണതയെയും പ്രകടമാക്കുന്ന ഗുണവിശേഷമാണിത്.

സൃഷ്ടികൾക്ക് ആശ്വാസവും പ്രത്യാശയും പകരുന്ന സ്വഭാവവും.

**46 അൽ വാസിഅ്** (അതിവിശാലൻ): അവന്റെ ഔദാര്യം പൂർണവും ദാനം അതിവിശാലവുമാണ്. അവന്റെ ജ്ഞാനവും കഴിവും ഔദാര്യവും എല്ലാററിനെയും ഉൾക്കൊള്ളുമാറ് വിശാലവും വിസ്തൃതവുമാണ്.

'അവന്റെ സിംഹാസനം ആകാശഭൂമികളിൽ വിശാലമായിരിക്കുന്നു' (2:255).

അധികാരാതിർത്തിയും ജ്ഞാനവുമാണുദ്ദേശ്യം.

'അല്ലാഹു വിശാലനും സർവജ്ഞനുമാകുന്നു' (2:247).

'എന്റെ നാഥന്റെ ജ്ഞാനം സകല വസ്തുക്കളെയും ചൂഴ്ന്നു നിൽക്കുന്നു' (6:80).

'എന്റെ കാരുണ്യം എല്ലാ വസ്തുക്കൾക്കും വ്യാപകമായിരിക്കുന്നു' (7:156).

ഈ വിശാലത അവനുമായി ബന്ധപ്പെട്ട എല്ലാററിലും നിറഞ്ഞുനിൽക്കുന്ന ഒന്നാണ്. സ്രഷ്ടാവിനു ഭൂഷണവും സൃഷ്ടികൾക്ക് അനുഗ്രഹവുമാണത്.

**47 അൽ ഹക്കീം** (യുക്തിമാൻ): അനുമാനം ശരിയും ആസൂത്രണം അന്യൂനവുമായവൻ എന്നും ജ്ഞാനത്തിന്റെ പൂർണതയിൽ നിന്നുണ്ടാകുന്ന ഉദാത്തമായ കർമം ചെയ്യുന്നവൻ എന്നും ദൈവികമഹത്വത്തിനും പൂർണതക്കും നിരക്കാത്ത എല്ലാ കാര്യങ്ങളിൽ നിന്നും പരിശുദ്ധനായവൻ എന്നും അർഥങ്ങളുണ്ട്.

'നിശ്ചയം അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു'(9:28).

'നിശ്ചയം അല്ലാഹു തന്നെയാണ് പ്രതാപവാനും യുക്തിമാനുമായിട്ടുള്ളവൻ'(3:62). യുക്തി എന്നത് അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം വസ്തുക്കളെ സംബന്ധിച്ച പൂർണവും അന്യൂനവുമായ ജ്ഞാനവും കർമങ്ങളിൽ തികഞ്ഞ ഭദ്രതയും സമ്പൂർണതയുമാണ്. സൃഷ്ടികളെ സംബന്ധിച്ചാകട്ടെ, വാക്കിലും കർമത്തിലുമുള്ള യാഥാർഥ്യനിഷ്ഠയും.

ഖുർആൻ പറഞ്ഞു: 'ലുഖ്മാന്ന് നാം തത്വജ്ഞാനം നൽകി'(3:12)

'വല്ലവനും തത്വജ്ഞാനം നൽകപ്പെട്ടാൽ അവന് ധാരാളം നൻമ ലഭിച്ചതുതന്നെ' (ഖുർആൻ).

വിശുദ്ധ ഖുർആനെക്കുറിച്ച് യുക്തിപൂർണമായ ഗ്രന്ഥം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്: 'യുക്തിപൂർണമായ ഒരു ഗ്രന്ഥത്തിലെ വചനങ്ങളത്രെ അവ' (10:1).

**48 അൽ വദൂദ്**(സ്നേഹധനൻ): അനുസരണശാലികളായ തന്റെ ദാസൻമാരെ സ്നേഹിക്കുന്നവനും അവർക്ക് കാരുണ്യാനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നവനുമാണ് അല്ലാഹു. അവരിൽ സംതൃപ്തനും അവരുടെ തെററുകൾക്ക് മാപ്പും വിട്ടുവീഴ്ചയും നൽകുന്നവനുമാണവൻ.

'നിശ്ചയം, എൻെറ നാഥൻ കരുണാനിധിയും സ്നേഹധനനുമാകുന്നു'(11:90).

'അവൻ പാപങ്ങൾ പൊറുക്കുന്നവനും സ്നേഹം നിറഞ്ഞവനുമാണ്'' (85:14).

സ്നേഹിക്കുന്നവനും സ്നേഹിക്കപ്പെടുന്നവനുമാണ് അല്ലാഹു.

**49 അൽ മജീദ്** (ശ്രേഷ്ഠൻ): ശ്രേഷ്ഠതയുടെ പരമകാഷ്ഠ പ്രാപിച്ചവൻ; സത്തയിലും കർമങ്ങളിലും ദാനധർമങ്ങളിലും ശ്രേഷ്ഠത മികച്ചു നിൽക്കുന്നവൻ; ഔദാര്യനിധി എന്നെല്ലാം അർഥങ്ങളുണ്ട്. 'നിശ്ചയം അവൻ സ്തുത്യർഹനും ശ്രേഷ്ഠനുമത്രെ' (11:73).

'ശ്രേഷ്ഠമായ സിംഹാസനത്തിൻെറ ഉടമയാണവൻ'(85:5).

**50 അൽ ബാഇസ്** (നിയോഗിക്കുന്നവൻ, പുനരുജ്ജീവിപ്പിക്കുന്നവൻ): സൃഷ്ടികളുടെ അടുക്കലേക്ക് പ്രവാചകൻമാരെ നിയോഗിക്കുന്നവൻ എന്നും, മരിച്ചവരെ വീണ്ടും പുനരുജ്ജീവിപ്പിക്കുന്നവൻ എന്നും നന്മയെയും പുണ്യത്തെയും ഉണർത്തുന്നവൻ എന്നും അർഥങ്ങളുണ്ട്. ഉണർത്തുക, ഇളക്കിവിടുക എന്നൊക്കെയാണ് മൂലാർഥം. 'എല്ലാ ഓരോ സമുദായത്തിലും ഒരു പ്രവാചകനെ നാം നിയോഗിച്ചിട്ടുണ്ട്. അല്ലാഹുവിന് വണങ്ങുക, ദൈവേതരശക്തികളെ കയ്യൊഴിക്കുക എന്ന സന്ദേശവുമായി' (16:36).

'സത്യനിഷേധികൾ വാദിച്ചു, തങ്ങൾ പുനരുജ്ജീവിപ്പിക്കപ്പെടുകയില്ലെന്ന്. പറയൂ, എന്നാൽ എൻെറ നാഥനിൽ സത്യം, നിങ്ങൾ പുനരുജ്ജീവിപ്പിക്കപ്പെടുകയും പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെക്കുറിച്ച് നിങ്ങൾക്ക് അറിവ് നൽകപ്പെടുകയും ചെയ്യും. അല്ലാഹുവിന് അത് വളരെ എളുപ്പമാകുന്നു'(64:7). മരണാനന്തരം വീണ്ടും ജീവിപ്പിക്കുകയും മനുഷ്യരുടെ ഇഹലോക ജീവിതത്തിലെ കർമങ്ങളെക്കുറിച്ച് വിചാരണ ചെയ്തു രക്ഷാശിക്ഷകൾ നൽകുകയും ചെയ്യുക എന്നത് ദൈവികനീതിയുടെ താല്പര്യവും ദൈവമഹത്വത്തിൻെറ ഭാഗവുമത്രെ.

ജീവിതം അനശ്വരമാണെന്ന പ്രതീക്ഷയുണർത്തുവാൻ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വിശ്വാസം സഹായകമാണ്. മരണത്തിൻെറ വ്യർഥതയും ഉത്തരം കിട്ടായ്മയും അതോടെ അവസാനിക്കും.

**51 അശ്ശഹീദ്** (സാക്ഷി): സാക്ഷി; എല്ലാ കാര്യങ്ങളും നേരിൽ വീക്ഷിച്ചുകൊണ്ടിരിക്കുന്നവൻ; തൻെറ ഏകത്വത്തിനും ദിവ്യത്വത്തിനും സാക്ഷിയായവൻ എന്നീ അർഥങ്ങൾ പറയാം. ഖുർആൻ പറഞ്ഞു:

'താനല്ലാതെ മറെറാരു ദൈവമില്ലെന്ന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു' (3:18).

'എല്ലാററിനും സാക്ഷിയായി അല്ലാഹു മതിയായവനത്രെ' (4:79).

'നിശ്ചയം നീ എല്ലാ സംഗതികൾക്കും സാക്ഷിയാകുന്നു' (5:117).

മനുഷ്യൻെറ രഹസ്യ–പരസ്യങ്ങൾക്കെല്ലാം അവൻ സാക്ഷിയാണ്. അവൻെറ ദൃഷ്ടിപഥത്തിൽ നിന്നും മറച്ചുകൊണ്ട് ആർക്കും ഒന്നും ചെയ്യുക സാധ്യമല്ല. അല്ലാഹുവിൻെറ സർവസാന്നിധ്യം എന്നതുകൊണ്ടുദ്ദേശിക്കപ്പെടുന്നതും ഇതുതന്നെയാണ്. അല്ലാഹുവിൻെറ സാന്നിധ്യത്തെയും സാക്ഷ്യത്തെയും കുറിച്ചുള്ള ബോധം മനുഷ്യനെ സൻമാർഗത്തിലേക്ക് നയിക്കാൻ സഹായിക്കുന്നു. ദൈവത്തിൻെറ അസ്തിത്വത്തിനും മഹത്വത്തിനും സാക്ഷ്യങ്ങളാണ് പ്രപഞ്ചവും പ്രാപഞ്ചിക പ്രതിഭാസങ്ങളുമത്രയും.

**52 അൽ ഹഖ്** (സത്യം–സത്യവാൻ): തൻെറ സത്ത അനശ്വരവും ശാശ്വതവുമായവൻ; നാശമോ മരണമോ ഇല്ലാതെ എന്നെന്നും സത്യമായി നിലകൊള്ളുന്നവൻ; യഥാർഥ ആരാധ്യൻ; വണക്കത്തിനും ആരാധനക്കും അർഹനായവൻ. ഈ അർഥത്തിലാണ് 'അല്ലാഹുവിങ്കലേക്ക്—അവരുടെ യഥാർഥ ഉടമസ്ഥങ്കലേക്ക്—അവർ മടക്കപ്പെടുന്നതാണ്'' (10:30). എന്നു ഖുർആൻ പറഞ്ഞത്. ഇവിടെ യഥാർഥ എന്ന് അർഥം നൽകിയിരിക്കുന്നത് 'അൽഹഖ്'' എന്ന പദത്തിനാണ്. തുടർന്ന് ഖുർആൻ പറയുന്നു: 'അതത്രെ നിങ്ങളുടെ യഥാർഥ നാഥനായ അല്ലാഹു. സത്യത്തിനപ്പുറം വഴികേടല്ലാതെ മറെറന്താണുള്ളത്? എന്നിട്ടും നിങ്ങൾ വ്യതിചലിക്കപ്പെടുന്നതെങ്ങനെ? (10:32) അല്ലാഹുവിനെക്കുറിച്ച് സത്യം എന്നും ഇതര ആരാധ്യന്മാരെക്കുറിച്ച് അസത്യം എന്നും പറഞ്ഞിരിക്കുന്നതു കാണാം (31:30). പ്രകൃതിനിയമം എന്ന അർഥത്തിലും യാഥാർഥ്യം എന്ന അർഥത്തിലും പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാമിൽ വളരെ പ്രാധാന്യമുള്ള ഒന്നാണ് 'ഹഖ്'' എന്നത്. അല്ലാഹുവിൻെറ സൃഷ്ടിയും നിയന്ത്രണവും ഭരണവും എല്ലാം സത്യത്തിൽ അധിഷ്ഠിതമാണ്. പ്രപഞ്ചനിലനിൽപ്പിൻെറ യാഥാർഥ്യവും യഥാർഥനാഥനും അവനത്രെ.

**53 അൽ വകീൽ** (ഭരമേൽപ്പിക്കപ്പെടുന്നവൻ): സൃഷ്ടികളുടെ എല്ലാ കാര്യങ്ങളും ഭരമേൽപ്പിക്കപ്പെടുന്നവൻ. സൃഷ്ടികൾ ദുർബലരും സ്രഷ്ടാവ് സർവശക്തനുമാണ്. അവരുടെ കാര്യങ്ങൾ ഭരമേൽപ്പിക്കപ്പെടുവാൻ അവനു മാത്രമാണ് അർഹതയുള്ളത്.

'ഭരമേൽപ്പിക്കപ്പെടുന്നവനായി അല്ലാഹു മതിയായവനത്രെ' (4:81).

'അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. അവൻ എത്ര നല്ല ഭരമേൽക്കുന്നവൻ' (3:173).

'അവൻ എല്ലാ സംഗതികളും ഭരമേൽക്കുന്നവനത്രെ' (6:102).

ഭരമേൽക്കുന്നവനും ഏല്പിക്കപ്പെടുവാൻ അർഹനുമാണ് അല്ലാഹു. സൃഷ്ടികളുടെ ദൗർബല്യഘട്ടത്തിൽ അവരുടെ കാര്യങ്ങൾ ഏറ്റെടുത്തു നടത്തുവാൻ അവൻ മാത്രമാണ് അർഹൻ. അവനിൽ അവരുടെ എല്ലാ കാര്യങ്ങളും സുരക്ഷിതമായിരിക്കും. ഏഴകളായ സൃഷ്ടികളുടെ തുണയാണ് അല്ലാഹു. ഈ ഗുണവിശേഷം രക്ഷിതാവിൻെറ മഹത്വത്തെയാണ് പ്രകടമാക്കുന്നത്. അവൻെറ ഈ ഗുണവിശേഷത്തിൽ വിശ്വസിക്കുന്നവൻ, തൻെറ വിഷമങ്ങളിലും വഴികാട്ടിയായി അല്ലാഹുവിനെ കണ്ടെത്തുന്നു. സൃഷ്ടി തളർന്നവശനാകുമ്പോൾ സ്രഷ്ടാവിൽ അർപ്പിച്ചു കൊണ്ടു മുന്നോട്ടു നീങ്ങുന്നു. ജീവിതവീഥികളിൽ ദൈവത്തിൻെറ കൈകളിൽ സ്വയം സമർപ്പിച്ചുകൊണ്ട് ധീരമായും സമാധാനചിത്തതയോടുകൂടിയും മുന്നേറുവാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതാണ് ഈ വിശിഷ്ട നാമത്തിലുള്ള വിശ്വാസം.

**54 അൽ ഖവിയ്യ്** (ശക്തൻ): ശക്തിയുടെ എല്ലാ ഘടകങ്ങളും ഒത്തുചേർന്നവൻ; ഒരിക്കലും ദൗർബല്യം പിടികൂടാത്തവൻ എന്നെല്ലാം ആണ് അർഥം. ഖുർആൻ പറഞ്ഞു 'നിശ്ചയം, അല്ലാഹു ശക്തനും പ്രതാപവാനുമാകുന്നു' (57:25).

'ശിക്ഷ നേരിൽ കാണുന്ന സന്ദർഭത്തിൽ സർവശക്തിയും അല്ലാഹുവിനു മാത്രമാണെന്ന കാര്യം അതിക്രമം പ്രവർത്തിച്ചവർ മനസ്സിലാക്കിയിരുന്നെങ്കിൽ' (2:165).

അപാരമായ ദൈവികശക്തിക്കു മുമ്പിൽ ദൈവദാസന്മാരുടെ ശിരസ്സ് വിനയമസൃണമായി കുനിയുന്നതോടൊപ്പം, ദൈവികശക്തിയിലുള്ള വിശ്വാസം അവരിൽ ധൈര്യവും സ്ഥൈര്യവും പകരുകയും ചെയ്യുന്നു.

**55 അൽ മതീൻ** (അതിശക്തൻ): 'നിശ്ചയം, അല്ലാഹു ആഹാരം നൽകുന്നവനത്രെ; പ്രബലമായ ശക്തിയുടെ ഉടമയാണവൻ' (51:58).

മുകളിൽപറഞ്ഞ 'അൽ ഖവിയ്യ്' എന്ന വിശേഷണത്തോട് അർഥത്തിൽ അടുത്തു നിൽക്കുന്ന പദം. അല്ലാഹുവിൻെറ അപാരശക്തിയെ സൂചിപ്പിക്കുന്നു.

**56 അൽ വലിയ്യ്** (ബന്ധു-സഹായി; രക്ഷകൻ): സൃഷ്ടികളുടെ സംരക്ഷണച്ചുമതല പൂർണമായും ഏറ്റെടുത്തിട്ടുള്ള

വൻ, സഹായി എന്നെല്ലാമാണ് ഉദ്ദേശ്യം. ഖുർആൻ പറഞ്ഞു: 'സത്യവിശ്വാസികളുടെ രക്ഷാധികാരിയത്രെ അല്ലാഹു' (2:257).

'അല്ലാഹുവെ കൂടാതെ നിങ്ങൾക്ക് ഒരു മിത്രമോ സഹായിയോ ഇല്ല തന്നെ' (2:107).

'അവനെ കൂടാതെ അവർക്ക് ഒരു രക്ഷാധികാരിയോ ശുപാർശകനോ ഇല്ല' (6:51).

സൃഷ്ടികളുടെ യഥാർഥ രക്ഷാധികാരി അല്ലാഹുവാണ്. അവനെ കൂടാതെ ആർക്കും ഒരു ബന്ധുവോ സഹായിയോ ഇല്ല. സത്യവിശ്വാസികളുടെ ഉററ ബന്ധുവും രക്ഷകനുമാണവൻ.

'അറിയുക, അല്ലാഹുവിൻെറ വലിയ്യുകൾക്ക് (ബന്ധുക്കൾക്ക്) ഭയമോ ദുഃഖമോ വേണ്ട' (ഖുർആൻ).

വലിയ്യ് എന്ന് അല്ലാഹുവിനെക്കുറിച്ചും സത്യവിശ്വാസികളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. സത്യവിശ്വാസികൾ അല്ലാഹുവിനും അല്ലാഹു അവർക്കും (വലിയ്യ്) മിത്രങ്ങളാണ്.

സൃഷ്ടികളെക്കുറിച്ച് സ്രഷ്ടാവിൻെറ 'ബന്ധുക്കൾ അഥവാ മിത്രങ്ങൾ' എന്ന് വിശേഷിപ്പിച്ചത് ദൈവികകല്പനകൾ പൂർണമായും ശിരസാവഹിക്കുന്നവരും ദൈവത്തിൻെറ ഉത്തമദാസന്മാരും എന്ന അർഥത്തിലാണ്.

**57 അൽ ഹമീദ്** (സ്തുത്യർഹൻ): സ്വയം സ്തുതിക്കുന്നവൻ അല്ലാഹു പറയുന്നു: 'സർവസ്തുതിയും സർവലോക പരിപാലകനായ അല്ലാഹുവിനാകുന്നു' (1:1).

തൻെറയോ സൃഷ്ടികളുടെയോ സ്തുതികീർത്തനങ്ങളാൽ സ്തുതിക്കപ്പെടുന്നവൻ. മലക്കുകളുടെ വർത്തമാനമായി ഖുർആൻ പറഞ്ഞു: 'ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തുകൊണ്ടിരിക്കുന്നു' (2:30).

തൻെറ സത്തയുടെ ഗാംഭീര്യവും ഔന്നത്യവും ഗുണങ്ങളുടെ മഹത്വവും കൊണ്ട് സ്തുത്യർഹനായിരിക്കുന്നവൻ: 'അറിയുക: അല്ലാഹു ഐശ്വര്യവാനും സ്തുത്യർഹനുമത്രെ' (2:67).

'യുക്തിമാനും സ്തുത്യർഹനുമായ ഒരുവൻെറ പക്കൽനിന്നും അവതീർണമായ (ഗ്രന്ഥം)' (61:42).

ദൈവികമഹത്വത്തെ വാഴ്ത്തുകയും അവനെ സ്തുതിക്കുകയും ചെയ്യുക വഴി ദാസൻമാർ തങ്ങളുടെ അസ്തിത്വത്തിൻെറ യാഥാർഥ്യം

കണ്ടെത്തുകയാണ് ചെയ്യുന്നത്; ദൈവികമഹത്വവും ശ്രേഷ്ഠതയുമാകുന്ന യാഥാർഥ്യം അംഗീകരിക്കുന്നവൻ സ്വന്തം സത്തയെയാണ് യഥാർഥത്തിൽ മഹത്വപ്പെടുത്തുന്നത്.

**58 അൽ മുഹ്സ്വീ** (എണ്ണി തിട്ടപ്പെടുത്തുന്നവൻ): അഖില സൃഷ്ടിജാലങ്ങളെക്കുറിച്ചും കൃത്യമായും സ്പഷ്ടമായും അറിഞ്ഞുകൊണ്ടിരിക്കുന്നവൻ; അവയുടെ ഓരോ ചലനത്തെയും വ്യക്തമായി അറിയുന്നവനും തിട്ടപ്പെടുത്തുന്നവനും; കർമങ്ങളെ കൃത്യമായി അളന്നു തിട്ടപ്പെടുത്തുകയും മരണാനന്തരജീവിതത്തിൽ വിചാരണക്ക് സമർപ്പിക്കുകയും ചെയ്യുന്നവൻ എന്നീ അർഥങ്ങളുണ്ട്. അല്ലാഹു പറഞ്ഞു: 'അവൻ എല്ലാ വസ്തുക്കളെയും എണ്ണി തിട്ടപ്പെടുത്തിയിരിക്കുന്നു' (72:28).

അവർ പറയും: ഈ ഗ്രന്ഥം അത്ഭുതം തന്നെ. ചെറുതും വലുതുമായ ഒരു കർമത്തെയും അത് തിട്ടമായി രേഖപ്പെടുത്താതെ വിട്ടിട്ടില്ലല്ലോ? (18:49).

'സകല സംഗതികളും നാം ഒരു സുവ്യക്തമായ ഗ്രന്ഥത്തിൽ ക്രോഡീകരിച്ചിരിക്കുന്നു' (36:12).

**59 അൽ മുബ്ദിഉ** (ആരംഭിക്കുന്നവൻ);

**60 അൽ മുഈദ്** (ആവർത്തിക്കുന്നവൻ, മടക്കുന്നവൻ): ആദ്യമായി സൃഷ്ടി നടത്തുന്നവനും മരണാനന്തരം വീണ്ടും സൃഷ്ടിക്കുന്നവനും എന്നർഥം. ഖുർആൻ പറഞ്ഞു: 'പറയൂ (നബീ) അവൻ സൃഷ്ടി ആരംഭിച്ചതെങ്ങനെയെന്നും രണ്ടാമത്തെ സൃഷ്ടികർമം അല്ലാഹു എങ്ങിനെ നിർവഹിക്കുന്നുവെന്നും നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചു നോക്കിക്കാണുവിൻ. നിശ്ചയം സർവശക്തനത്രെ അല്ലാഹു' (29:20).

'നിങ്ങൾ ആദ്യം സൃഷ്ടിക്കപ്പെട്ടതുപോലെ വീണ്ടും ആവർത്തിക്കപ്പെടുന്നതാണ്' (7:29).

'അല്ലാഹുവത്രെ സൃഷ്ടി ആരംഭിക്കുന്നവനും പിന്നെ അത് പുനരാവർത്തിക്കുന്നവനും' (30:11).

**61 അൽ മുഹ്‌യീ** (ജീവിപ്പിക്കുന്നവൻ);

**62 അൽ മുമീത്ത്** (മരിപ്പിക്കുന്നവൻ): 'ഇബ്റാഹിം പറഞ്ഞ സന്ദർഭം: എന്റെ നാഥനത്രെ, ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ' (2:258).

'നിശ്ചയം നാമാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്; നമ്മുടെ അടുക്കലേക്കത്രെ മടക്കം' (50:53).

ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും അല്ലാഹു മാത്രമാണ്. മനുഷ്യ ജീവിതത്തിൽ സന്തോഷത്തിനും സന്താപത്തിനും കരുവൊരുക്കുന്ന ഈ പ്രതിഭാസങ്ങൾ ദൈവികവിധിയുടെ ഭാഗമായി അംഗീകരിക്കാനും ആശ്വസിക്കാനും ഒരു യഥാർഥ വിശ്വാസിക്കു മാത്രമേ സാധിക്കൂ. ജീവിതമരണങ്ങൾ ദൈവേച്ഛയുടെ പ്രകടനമായി കരുതി അതിൽ സംതൃപ്തി കൊള്ളാൻ സാധിക്കുമ്പോൾ സമാധാനവും ശാന്തിയും കൈവരുന്നു.

**63 അൽ ഹയ്യ്** (സജീവൻ): അനന്തമായി എന്നെന്നും ജീവിച്ചിരിക്കുന്നവൻ; മരണമില്ലാത്തവൻ; അല്ലാഹു പറഞ്ഞു: 'അവൻ സജീവനത്രെ. അവനെ കൂടാതെ ദൈവമില്ല: നിഷ്കളങ്കമായും കീഴ്വണക്കം അവനു മാത്രമാക്കിക്കൊണ്ടും അവനെ വിളിച്ചു പ്രാർഥിക്കുക (40:65).

'സജീവനും മരണമില്ലാത്തവനുമായ അവങ്കൽ ഭരമേൽപ്പിക്കുവിൻ' (25:58).

ദൈവം സജീവനാണ് അവനിൽ നിന്നാണ് നമുക്ക് ജീവിതം കൈവരുന്നത്. നിർജീവവും നിർഗുണവുമായ ഒരു ദൈവത്തേക്കാൾ എത്രയോ ശ്രേഷ്ഠനാണ് സജീവനും സർവഗുണസമ്പന്നനുമായ നാഥൻ.

**64 അൽ ഖയ്യൂം** (നിയന്താവ്): 'അല്ലാഹു—അവനല്ലാതെ ദൈവമില്ല; അവൻ സജീവനും സർവ നിയന്താവുമാകുന്നു' (2:255).

സജീവനും നിയന്താവുമായവന് സകല മുഖങ്ങളും കീഴൊതുങ്ങിയിരിക്കുന്നു (20:111).

പ്രപഞ്ചചരാചരങ്ങളെയഖിലം നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് അല്ലാഹുവാണ്. അവക്കോരോന്നിനും ആവശ്യമായ അറിവും കഴിവും വിഭവങ്ങളും യഥാസമയം നൽകിക്കൊണ്ടിരിക്കുന്നത് അവനാണ്.

അലി (റ) യിൽ നിന്നുദ്ധരിക്കപ്പെടുന്നു:

അദ്ദേഹം പറഞ്ഞു: 'ബദ്ർ യുദ്ധദിവസം കുറെനേരം യുദ്ധം ചെയ്തശേഷം ഞാൻ നബിതിരുമേനി (സ) യുടെ അടുത്തേക്ക് ചെന്നു. നബിയുടെ വിവരം അറിയുകയായിരുന്നു ഉദ്ദേശ്യം. അന്നേരം അവിടുന്ന് സാഷ്ടാംഗം പ്രണമിച്ചുകൊണ്ടു ഇപ്രകാരം പ്രാർഥിക്കുന്നുണ്ടായിരുന്നു: 'അല്ലയോ സജീവനും നിയന്താവുമായവനെ!'–ഇതു മാത്രമാണവിടുന്നു പ്രാർഥിച്ചുകൊണ്ടിരുന്നത്. പല പ്രാവശ്യം മാറിമാറി വന്നപ്പോഴും

ഇതുതന്നെയാണ് കേൾക്കാൻ കഴിഞ്ഞത്. അവസാനം അല്ലാഹു വിജയം നൽകുന്നതുവരെ അവിടുന്ന് ആ പ്രാർഥന തുടർന്നു'.

**65 അൽ വാജിദ്** (ഐശ്വര്യവാൻ): ഐശ്വര്യവാൻ, ജ്ഞാനി, ഉദ്ദേശിക്കുന്നതെല്ലാം സാധിക്കുന്നവൻ എന്നീ അർഥങ്ങളുണ്ട്. അല്ലാഹുവിൻെറ പൂർണതയെക്കുറിക്കുന്ന ഒരു നാമം. സൃഷ്ടികൾക്ക് സംതൃപ്തിയും സമാധാനവും പ്രത്യാശയും പ്രദാനം ചെയ്യുന്ന ഗുണവിശേഷം.

**66 അൽ മാജിദ്** (ശ്രേഷ്ഠൻ): 'അൽ മജീദ്' എന്ന നാമത്തോടു ബന്ധപ്പെട്ടത്. ഔദാര്യത്തിൻെറയും നന്മയുടെയും പര്യായം. ഇത്തരം നാമങ്ങൾ അല്പസ്വല്പ വ്യത്യാസങ്ങളോടെ ആവർത്തിക്കപ്പെടുന്നതിൽ നിന്നും ആ ഗുണവിശേഷങ്ങൾക്ക് അല്ലാഹുവുമായുള്ള ബന്ധവും അടുപ്പവും ആണ് വ്യക്തമാവുന്നത്.

**67 അൽ വാഹിദ്** (ഏകൻ): അല്ലാഹുവിൻെറ ഗുണവിശേഷങ്ങളിൽ സുപ്രധാന സ്ഥാനമലങ്കരിക്കുന്ന ഒരു നാമമാണിത്. സത്ത, ഗുണങ്ങൾ, കർമങ്ങൾ, അവകാശങ്ങൾ എന്നിവയിലെല്ലാം ഏകനും അതുല്യനുമാണ് അല്ലാഹു. 'നിങ്ങളുടെ ദൈവം ഏക ദൈവമാകുന്നു. അവനെ കൂടാതെ മറെറാരു ദൈവമില്ല' (2:163).

'നിശ്ചയം, അല്ലാഹു ഏകദൈവമാകുന്നു. സന്താനമുണ്ടാവുക എന്നതിൽ നിന്നും എത്രയോ പരിശുദ്ധനാണവൻ' (4:170).

ഇവ്വിഷയകമായി കൂടുതൽ വിശദീകരണത്തിന് തൗഹീദ് (ഏക ദൈവത്വം) എന്ന അധ്യായം കാണുക.

**68 അസ്സ്വമദ്** (സർവാധിനാഥൻ): ആവശ്യങ്ങളിൽ തേടപ്പെടുന്നവൻ; സഹായങ്ങൾക്കായി സമീപിക്കപ്പെടുന്നവൻ; സർവോന്നതൻ; അനന്തമായി അവശേഷിക്കുന്നവൻ; സർവരെയും ജയിച്ചടക്കുന്നവൻ; ഭയവിപത്തുക്കളിൽ നിന്നും മുക്തൻ; ആദ്യൻ; അന്ത്യൻ. ഈ അർഥങ്ങളെല്ലാം കല്പിക്കപ്പെട്ടിട്ടുണ്ട്.

'അല്ലാഹു സർവാധിനാഥനത്രെ'(112:2).

**69 അൽ ഖാദിർ** (സർവശക്തൻ);

**70 അൽ മുഖ്തദിർ** (പൂർണ ശക്തിയുള്ളവൻ): ഈ രണ്ടു നാമങ്ങളും ഒരേ ധാതുവിൽ നിന്നും ഉത്ഭവിച്ചവയാണ്. ശക്തിയുടെയും കഴിവിൻെറയും പരമകാഷ്ഠ പ്രാപിച്ചവൻ എന്നർഥം. ഇതേ അർഥത്തിൽ

മററൊരു നാമം കൂടി ഖുർആനിൽ കാണാം 'ഖദീർ' എന്നതാണത്. സാധാരണ എണ്ണപ്പെടുന്ന തൊണ്ണൂററി ഒമ്പതു നാമങ്ങളിൽ അതുൾപ്പെടുന്നില്ല.

'നിശ്ചയം അവൻ അതിനെ ആവർത്തിക്കുവാൻ (പുനരുജ്ജീവിപ്പിക്കുവാൻ) ശക്തിയുളളവനത്രെ— രഹസ്യങ്ങൾ വെളിവാക്കപ്പെടുന്ന ദിനത്തിൽ' (86:8).

'എല്ലാ കാര്യങ്ങൾക്കും കഴിവുററവനത്രെ അല്ലാഹു'(18:45)

## 71 അൽ മുഖദ്ദിം (മുന്തിക്കുന്നവൻ);

**72 അൽ മുഅഖ്ഖിർ** (പിന്തിക്കുന്നവൻ): താൻ ഇച്ഛിക്കുന്നവരെ തൻെറ അറിവും ശക്തിയും യുക്തിയുമനുസരിച്ച് മുന്തിക്കുകയും പിന്തിക്കുകയും ചെയ്യുന്നവനാണ് അല്ലാഹു. താനുദ്ദേശിക്കുന്നവർക്ക് സാമീപ്യം നൽകുന്നവനും താനുദ്ദേശിക്കുന്നവരെ അകററുന്നവനുമാണവൻ. ഇതിനർഥം സ്വേച്ഛാനുസാരം എന്തും ചെയ്യുന്നവനാണെന്നല്ല. മറിച്ചു എന്തിനും കഴിവുളളവനാണ് അവൻ എന്നും, അവനുമാത്രം കഴിയുന്ന കാര്യമാണതെന്നുമാണ്. അവൻെറ ഏതു പ്രവൃത്തിയും യുക്തി പുർവമായിരിക്കും.

## 73 അൽ അവ്വൽ (ആദ്യൻ);

**74 അൽ ആഖിർ** (അന്ത്യൻ): 'അവനാകുന്നു ആദ്യനും അന്ത്യനും' (57:3). സൃഷ്ടികൾക്കെല്ലാം മുമ്പേ ആദിയിൽ അവൻ മാത്രമാണുണ്ടായിരുന്നത്. അവന് ആരംഭമില്ല. അവൻ തന്നെയാണ് ആരംഭമായുളളവൻ. സൃഷ്ടികൾ എല്ലാം നശിച്ചുകഴിഞ്ഞശേഷവും അവൻ മാത്രമാണുണ്ടായിരിക്കുക. അവസാനമായുളളവൻ; അവസാനമില്ലാത്തവൻ.

## 75 അള്ളാഹിർ (പ്രത്യക്ഷൻ);

**76 അൽ ബാത്തിൻ** (പരോക്ഷൻ): 'അവനത്രെ, ആദ്യനും അന്ത്യനും പ്രത്യക്ഷനും പരോക്ഷനും ആയിട്ടുളളവൻ' (57:3).

ഇമാം റാഗിബ് പറഞ്ഞു: അല്ലാഹുവിൻെറ വിശിഷ്ടഗുണങ്ങളായ പ്രത്യക്ഷൻ, പരോക്ഷൻ എന്നിവ ഒരുമിച്ചു മാത്രമേ പറയാവൂ. ആദ്യൻ– അന്ത്യൻ; ജീവിപ്പിക്കുന്നവൻ – മരിപ്പിക്കുന്നവൻ; അന്തസ്സ് നൽകുന്നവൻ– നിന്ദിക്കുന്നവൻ; താഴ്ത്തുന്നവൻ-ഉയർത്തുന്നവൻ എന്നിവ ഉദാഹരണങ്ങളാണ്. പ്രത്യക്ഷം എന്നതുകൊണ്ടുദ്ദേശിക്കുന്നത് നമ്മുടെ പ്രാഥമിക ജ്ഞാനത്തെയാണ്. പ്രകൃതിയിൽ കാണപ്പെടുന്ന സകല വസ്തുക്കളും അല്ലാഹുവിൻെറ അസ്തിത്വം വിളിച്ചറിയിക്കുന്നവയാണ്, പരോക്ഷം എന്നതു

കൊണ്ടുള്ള സൂചന മനുഷ്യന്റെ യഥാർഥജ്ഞാനമാണ്. അതാണ് മഹാനായ അബൂബക്കർ സിദ്ദീഖ് (റ) ഒരിക്കൽ പറഞ്ഞത്:

'ഏതൊരുവനെ സംബന്ധിച്ച അറിവ് അസാധ്യമെന്ന് മനസ്സിലാക്കൽ പരമമായ ജ്ഞാനമാണോ അവനെ!'

'അല്ലാഹു തന്റെ ദാസന്മാർക്ക് പ്രത്യക്ഷനായിരിക്കുന്നു; എങ്കിലും അവർക്ക് അവനെ കാണാൻ കഴിയുന്നില്ല. അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടാതെ തന്നെ അവൻ തന്റെ യാഥാർഥ്യത്തെ അവർക്ക് ദൃശ്യമാക്കിയിരിക്കുന്നു. ആജ്ഞാനലബ്ധിക്ക് ദൃഢമായ ഗ്രഹണശേഷിയും പൂർണബുദ്ധിയും ആവശ്യമാണ്'' എന്ന് പറയപ്പെട്ടിരിക്കുന്നു.

**77 അൽ വാലീ** (രക്ഷകർത്താവ്, ബന്ധു): 'അൽവലിയ്യ്'' എന്ന നാമവുമായി ബന്ധപ്പെട്ടത് തന്നെയാണിതും. വലിയ്യ്, മൗലാ എന്നീ നാമങ്ങൾ ഇതേ ധാതുവിൽ നിന്നുൽഭവിച്ചവയാണ്. സഹായി, ബന്ധു, മിത്രം, രക്ഷിതാവ് എന്നൊക്കെയാണർഥം. ('അൽ വലിയ്യി'ന്റെ വിവരണം കാണുക).

**78 അൽ മുതആലീ** (സർവോന്നതൻ): 'അദൃശ്യവും ദൃശ്യവും അറിയുന്നവൻ; മഹാനും സർവോന്നതനുമായവൻ'(13:9).

ഔന്നത്യത്തിന്റെ ഉന്നത പദവിയിലുള്ളവൻ (അൽ അലിയ്യ് കാണുക)

**79 അൽ ബർറ്** (പുണ്യവാൻ): നൻമയും പുണ്യവും ചെയ്യുന്നവൻ; തന്റെ ദാസൻമാർക്ക് അനുഗ്രഹവും നൻമയും ചൊരിഞ്ഞു കൊടുക്കുന്നവൻ; പുണ്യം മാത്രം ചെയ്യുന്നവൻ. (മോശമായ യാതൊന്നും ചെയ്യാത്തവൻ).

'നിശ്ചയം, പുണ്യവാനും കരുണാനിധിയുമത്രെ അവൻ' (52:28).

സ്നേഹത്തിന്റെയും കൃപയുടെയും അനുഗ്രഹവർഷത്തിന്റെയും മൂർത്തീരൂപത്തെ പ്രകടമാക്കുന്ന ഒരു നാമമാണിത്.

സൃഷ്ടികളോടുള്ള അല്ലാഹുവിന്റെ കൃപയും സ്നേഹവും വ്യക്തമാക്കുന്ന ഒരു നാമമാണിത്. നന്മയുടെയും കാരുണ്യത്തിന്റെയും അനുഗ്രഹത്തിന്റെയും കൃപയുടെയും നാമങ്ങളും ഗുണവിശേഷണങ്ങളുമാണ് അല്ലാഹുവിൽ മികച്ചു കാണുന്നത്.

**80 അത്തവ്വാബ്** (പശ്ചാത്താപം സ്വീകരിക്കുന്നവൻ): 'പശ്ചാത്താപം സ്വീകരിക്കുകയും പാപങ്ങളും തെററുകളും പൊറുത്തു കൊടുക്കുകയും ചെയ്യുന്നവൻ. ഖുർആൻ പറഞ്ഞു: 'തന്റെ ദാസൻമാരുടെ

പശ്ചാത്താപം സ്വീകരിക്കുകയും തെററുകൾ മാപ്പാക്കുകയും ചെയ്യുന്നവൻ അവനത്രെ. അവർ പ്രവർത്തിക്കുന്നതിനെ നന്നായി അറിയുകയും ചെയ്യുന്നവനാണ് അവൻ' (42:25).

'നിശ്ചയം നീ തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമായവൻ' (2:128).

'ഞാൻ തന്നെയാണ് പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമായവൻ' (2:160).

'തൗബ' എന്നതാണ് മൂലപദം. മടങ്ങുക, പിൻതിരിയുക എന്നെല്ലാം അർഥം. സൃഷ്ടികളെ സംബന്ധിച്ചും സ്രഷ്ടാവിനെ സംബന്ധിച്ചും ഈ പ്രയോഗം കാണാം. സൃഷ്ടികളെക്കുറിച്ചാവുമ്പോൾ പശ്ചാത്തപിച്ചു മടങ്ങിയെന്നും സ്രഷ്ടാവിനെ സംബന്ധിച്ചാവുമ്പോൾ പശ്ചാത്താപം സ്വീകരിച്ചു മാപ്പു നൽകി എന്നും ആണുദ്ദേശ്യം.

ഇസ്ലാമിൽ പശ്ചാത്താപത്തിനു വളരെയധികം പ്രാധാന്യം കൽപ്പിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹുവിൻെറ ഈ വിശിഷ്ട ഗുണം മനുഷ്യനെ സംബന്ധിച്ച ഇസ്ലാമിൻെറ വീക്ഷണവും സൃഷ്ടികളോടുള്ള സ്രഷ്ടാവിൻെറ സമീപനവും വ്യക്തമാക്കുന്നതാണ്. ഖുർആൻ പറയുന്നു:

'സത്യവിശ്വാസികളേ, അല്ലാഹുവിങ്കലേക്ക് പൂർണമായും പശ്ചാത്തപിച്ചു മടങ്ങുക. നിങ്ങൾ വിജയികളായേക്കാം' (24:31).

'അതിക്രമം പ്രവർത്തിച്ചശേഷം വല്ലവനും പശ്ചാത്തപിക്കുകയും നന്നായിത്തീരുകയും ചെയ്യുന്ന പക്ഷം, നിശ്ചയം, അല്ലാഹു അവൻെറ പശ്ചാത്താപം സ്വീകരിക്കുന്നതാണ്. നിശ്ചയമായും അല്ലാഹു വളരെയേറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. ആകാശഭൂമികളുടെ ആധിപത്യം അല്ലാഹുവിന്നാണെന്ന കാര്യം നിനക്കറിയില്ലേ? താൻ ഇച്ഛിക്കുന്നവരെ അവൻ ശിക്ഷിക്കുന്നു. താൻ ഇച്ഛിക്കുന്നവർക്കു അവൻ മാപ്പ്. നൽകുകയും ചെയ്യുന്നു. അല്ലാഹു എല്ലാ സംഗതികൾക്കും കഴിവുള്ളവനത്രെ' (5:40).

മനുഷ്യമനസ്സിൽ ദിവ്യകാരുണ്യത്തെക്കുറിച്ച് പ്രതീക്ഷയും പ്രത്യാശയുമുണർത്തുന്ന ഒരു ഗുണവിശേഷമാണിത്.

**81 അൽ മുൻതഖിം** (ശിക്ഷിക്കുന്നവൻ): കുററവാളികളെ ശിക്ഷിക്കുന്നവൻ എന്നർഥം.

'നിശ്ചയം, കുററവാളികളെ നാം ശിക്ഷിക്കുന്നതാകുന്നു' (32:22).

'അല്ലാഹു അജയ്യനും ശിക്ഷിക്കുന്നവനുമാകുന്നു' (3:4).

ദൈവികനീതിയുടെ താൽപ്പര്യമാണ് കുററവാളികളെ ശിക്ഷിക്കുക എന്നത്. ദാക്ഷിണ്യലേശമില്ലാത്ത ദൈവികനീതിയിലേക്ക് സൂചന നൽകുന്ന ഈ നാമം സൃഷ്ടികളെ തങ്ങളുടെ ചുമതലകളെക്കുറിച്ച് ബോധവാൻമാരാക്കുവാൻ സഹായിക്കുന്നു. അലസതയിൽ നിന്നും അശ്രദ്ധയിൽ നിന്നും അവരെ തട്ടിയുണർത്തി സത്യവും നീതിയും ധർമനിഷ്ഠയുമാർന്ന ഒരു ജീവിതം നയിക്കുവാൻ അവരെ പ്രാപ്തരാക്കുന്നു.

**82 അൽ അഫുവ്വ്** (മാപ്പ്): കുററങ്ങൾ ചെയ്തവർക്ക് മാപ്പും വിട്ടുവീഴ്ചയും നൽകുന്നവൻ എന്നും കുററങ്ങളും തെററുകളും റിക്കാർഡുകളിൽ നിന്നും തീരെ മായ്ച്ചുകളയുന്നവൻ എന്നും അർഥമുണ്ട്. മറയിടൽ, മായ്ക്കൽ എന്നെല്ലാമാണ് മൂലാർഥം.

ഖുർആൻ പറഞ്ഞു: 'നിശ്ചയം, അല്ലാഹു മാപ്പരുളുന്നവനും പൊറുക്കുന്നവനുമാണ്'' (22:6).

മാപ്പും വിട്ടുവീഴ്ചയും കാരുണ്യവും പാപമോചനവും ആണ് അല്ലാഹുവിൻെറ ഗുണവിശേഷങ്ങളിൽ മികച്ചു നിൽക്കുന്നവ.

**83 അർറ ഊഫ്** (കൃപാനിധി): കൃപയും കാരുണ്യവും അലിവും തികഞ്ഞവൻ. കുററവാളികളോടും ഉത്തമ ദാസൻമാരോടും പാപമുക്തിയും പാപസുരക്ഷിതത്വവും മുഖേന അതിരററ അലിവു പ്രദർശിപ്പിക്കുന്നവൻ.

'ദാസൻമാരോട് അങ്ങേയററം കൃപാലുവത്രെ അല്ലാഹു' (2:207).

'ഞങ്ങളുടെ നാഥാ! നിശ്ചയം നീ കൃപാനിധിയും കരുണാനിധിയുമാകുന്നു'. ഊഷ്മളവും ചൈതന്യവത്തുമായ ദൈവികകൃപയെക്കുറിച്ചുള്ള ബോധം മാനവഹൃദയത്തിൽ സമാശ്വാസവും രക്ഷാബോധവും അങ്കുരിപ്പിക്കാൻ സഹായിക്കുന്നു.

**84 മാലിക്കുൽ മുൽക്ക്** (ആധിപത്യത്തിൻെറ ഉടമ): ആധിപത്യം പൂർണമായും അല്ലാഹുവിനാണ്. ഏതാണ്ട് ഈ അർഥത്തിലുള്ള നാമങ്ങൾ മുമ്പ് വന്നിട്ടുണ്ട്. അല്ലാഹുവിൻെറ കഴിവും പ്രതാപവും വ്യക്തമാക്കുന്ന നാമങ്ങളിലൊന്നാണിത്. 'പറയൂ! (നബീ) അല്ലാഹുവേ, ആധിപത്യത്തിൻെറ ഉടമയായവനേ, നീ ഇച്ഛിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഇച്ഛിക്കുന്നവരിൽ നിന്നും നീ ആധിപത്യം എടുത്തു കളയുന്നു. നീ ഇച്ഛിക്കുന്നവരെ നീ പ്രതാപികളാക്കിത്തീർക്കുന്നു. നീ ഇച്ഛിക്കുന്നവരെ നീ നിന്ദിക്കുന്നു. നിൻെറ പക്കലൊണ് നൻമയത്രയും. നിശ്ചയം നീ എല്ലാ കാര്യങ്ങൾക്കും കഴിവുററവനാകുന്നു' (3:26).

***85 ദുൽ ജലാലി വൽ ഇക്റാം*** (മഹത്വത്തിന്റെയും ആദരവിന്റെയും ഉടമ): ദൈവികമഹത്വത്തിന്റെ പൂർണതയെ പ്രകടമാക്കുന്ന നാമമാണിത്: 'പിന്നീട് മഹത്വവും ആദരവുമുടയവന്റെ മുഖം മാത്രം അവശേഷിക്കും' (55:72).

***86 അൽ മുഖ്സിത്ത്*** (നീതിമാൻ): 'നിങ്ങൾ നീതി പാലിക്കുവിൻ. നിശ്ചയം നീതിപാലകരെ അല്ലാഹു സ്നേഹിക്കുന്നു' (49:9).

നമ്പർ 30ൽ പറഞ്ഞ 'അൽ അദ്ൽ' എന്നതും നീതിമാൻ എന്ന വിശേഷണത്തിന്റെ മറെറാരു നാമമാകുന്നു. അല്ലാഹുവിന് നീതിയിലുള്ള താൽപര്യമാണ് ഈ വിശേഷണത്തിന്റെ ആവർത്തനസ്വഭാവം സൂചിപ്പിക്കുന്നത്. (അൽ അദ്ൽ–കാണുക).

***87 അൽ ജാമിഅ്*** (ഒരുമിച്ചു കൂട്ടുന്നവൻ): മരണാനന്തരം സൃഷ്ടികൾ നുരുമ്പിദ്രവിച്ചശേഷം വീണ്ടും അവരെ സംയോജിപ്പിക്കുന്നവൻ എന്നും മരണാനന്തരം സൃഷ്ടികളെയെല്ലാം ഒരുമിച്ചു കൂട്ടുന്നവൻ എന്നും അർഥം കല്പിക്കാം.

'ഇതാണ് വിധിതീർപ്പു ദിവസം! നിങ്ങളുടെ ആദ്യതലമുറകളെയും അന്ത്യതലമുറകളെയും നാം ഒരുമിച്ചു കൂട്ടിയിരിക്കുന്നു'.

'അല്ലാഹു! അവനല്ലാതെ ദൈവമില്ല. നിശ്ചയം അവൻ നിങ്ങളെ അന്ത്യനാളിൽ ഒരുമിച്ചു കൂട്ടുന്നതാണ്. അതിൽ സംശയമില്ല' (6:12).

മരണാനന്തരജീവിതത്തിലേക്കും ദൈവികവിചാരണയിലേക്കും സൂചന നൽകുന്ന ഒരു ഗുണവിശേഷമാണിത്. തങ്ങളുടെ ഭാവിയെക്കുറിച്ചോർക്കാൻ സൃഷ്ടികൾക്ക് അവസരം നൽകുന്നു.

***88 അൽ ഗനിയ്യു*** (ഐശ്വര്യവാൻ): എല്ലാവിധ ആശ്രയങ്ങൾക്കും അതീതൻ; സകലരും അവനെ ആശ്രയിക്കുന്നവരാണ്. തന്റെ അസ്തിത്വം അനിവാര്യമായിട്ടുള്ളവനും അഖില സൃഷ്ടികൾക്കും അവന്റെ സഹായം ആവശ്യമായവനും.

'നിശ്ചയം അല്ലാഹു, അവൻ തന്നെയാണ് ഐശ്വര്യവാനും സ്തുത്യർഹനുമായിട്ടുള്ളവൻ' (31:16).

"നിശ്ചയം ലോകരിൽ നിന്നെല്ലാം അനാശ്രയനത്രെ അല്ലാഹു" (29:6).

നിരാശ്രയത്വം ദൈവികസത്തയുടെ പൂർണതയിലേക്ക് വിരൽ ചൂണ്ടുന്നു.

സൃഷ്ടികളുടെ അപൂർണതയിലേക്കും ഈ വിശിഷ്ട നാമത്തിലുള്ള വിശ്വാസം മനുഷ്യരാശിയെ തങ്ങളുടെ യഥാർഥ നിലപാടിനെക്കുറിച്ച് ഓർമിപ്പിക്കുന്നു. അതുവഴി അഹങ്കാരത്തിൽ നിന്നും അതിക്രമങ്ങളിൽ നിന്നും അവർ അകന്നു നിൽക്കാനിടയാകുന്നു.

**89 അൽ മുഗ്നീ** (ഐശ്വര്യം നൽകുന്നവൻ): സൃഷ്ടികൾക്ക് ഐശ്വര്യം നൽകുവാൻ അവൻ മാത്രമേയുള്ളു.

''അവൻ നിന്നെ ദരിദ്രനായി കണ്ടു; അനന്തരം അവൻ നിനക്ക് ഐശ്വര്യം നൽകി'' (93:8).

''അവർ ദരിദ്രരാണെങ്കിൽ, അല്ലാഹു തൻെറ ഔദാര്യം മുഖേന അവരെ ഐശ്വര്യവാന്മാരാക്കിത്തീർക്കുന്നതാണ്. വിശാലനും സർവജ്ഞനുമാകുന്നു അല്ലാഹു'' (24:32).

പ്രത്യാശയുടെയും ശുഭപ്രതീക്ഷയുടെയും പ്രഥമകേന്ദ്രമാണ് ഈ നാമം.

**90 അൽ മാനിഅ്** (തടയുന്നവൻ): തടയേണ്ടവനെ തടയുകയും കൊടുക്കേണ്ടവന്നു കൊടുക്കുകയും ചെയ്യുന്നവൻ. അവൻ തടഞ്ഞ ഒന്നു മററാരാൾക്കും തന്നെ കൊടുക്കുവാൻ കഴിയുകയില്ല. ഈ നാമവും ഖുർആനിൽ വന്നിട്ടില്ല. ആശയം സ്പഷ്ടമാണ്; നൽകുന്നതുപോലെ നൽകാതിരിക്കലും ദൈവികഗുണങ്ങളിൽ പെടുന്നതാണ്. അവൻെറ ഔചിത്യദിശയിലേക്കും യുക്തിയിലേക്കും വിരൽ ചൂണ്ടുന്നതാണ് ഈ വിശിഷ്ട നാമം.

**91 അള്ളാർറ്** (ഉപദ്രവകാരി)

**92 അന്നാഫിഅ്** (ഉപകാരി): ഗുണവും ദോഷവും രോഗവും ആരോഗ്യവും സുഖവും ദുഃഖവും ഉപകാരവും ഉപദ്രവവും എല്ലാം വരുത്തിവെക്കുന്നവൻ; അധികാരം പൂർണമായും അവൻെറ കയ്യിലാണ്.

നന്മതിന്മകളുടെയെല്ലാം ഉറവിടം അവനാണ്. ഗുണദോഷങ്ങളുടെയെല്ലാം സ്രോതസ്സും അവൻ മാത്രമാണ്.

**93 അന്നൂർ** (പ്രകാശം): സ്വയം പ്രകാശമായതോടൊപ്പം മററുള്ളവർക്ക് പ്രകാശം നൽകുകകൂടി ചെയ്യുന്നവൻ; സൃഷ്ടിജാലങ്ങൾക്ക് പ്രകാശം നൽകുന്നവൻ; അകാശഭൂമികളെ പ്രകാശിപ്പിക്കുന്നവൻ—എന്നൊക്കെയാണ് ഈ പദത്തിൻെറ അർഥം.

''അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു.''(24:35)

സത്യം എന്നും സന്മാർഗം എന്നും ജ്ഞാനവിജ്ഞാനങ്ങൾ എന്നും പ്രകാശം തന്നെയെന്നും 'നൂർ' എന്നതിനെ പണ്ഡിതൻമാർ വ്യാഖ്യാനിച്ചിട്ടുണ്ട്.

(ആയത്തുനൂറിൻെറ വിശദീകരണം കാണുക)

**94 അൽഹാദീ** (മാർഗദർശി): ഹൃദയങ്ങളെ സത്യത്തിലേക്ക് വഴി കാണിക്കുന്നവൻ. ഖുർആൻ പറഞ്ഞു: 'നിശ്ചയം, സത്യവിശ്വാസികളെ നേർമാർഗത്തിലേക്ക് വഴി കാട്ടുന്നവനത്രെ അല്ലാഹു' (22:54).

'നാം ഇതാ മാർഗം തെളിയിച്ചിരിക്കുന്നു' (76:2).

'അവനു നാം രണ്ടു ഉന്നത മാർഗങ്ങൾ തെളിയിച്ചുകൊടുത്തു' (90:10).

രണ്ടു മാർഗങ്ങൾ എന്നതുകൊണ്ടുദ്ദേശ്യം നന്മയുടെയും തിന്മയുടെയും മാർഗങ്ങളാണ്.

'അവരെ നാം ചൊവ്വായ മാർഗത്തിലേക്ക് വഴി കാണിച്ചു' (6:87).

സൃഷ്ടികളെ അന്ധമായി വിടുകയല്ല അല്ലാഹു ചെയ്തിട്ടുള്ളത്. അവൻ അവർക്ക് സന്മാർഗം കാണിച്ചു കൊടുക്കുകയും സന്മാർഗത്തിൻെറയും ദുർമാർഗത്തിൻെറയും ഗുണദോഷങ്ങൾ വ്യക്തമാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

**95 അൽ ബദീഅ്** (ഇല്ലായ്മയിൽനിന്നുണ്ടാക്കിയവൻ): മാതൃക കൂടാതെ സൃഷ്ടിക്കുന്നവൻ; സത്തയിലും ഗുണങ്ങളിലും കർമങ്ങളിലും അതുല്യൻ; നിർമാണത്തിലും യുക്തിജ്ഞാനത്തിലും അത്ഭുതകരമായ കഴിവുകളുള്ളവൻ എന്നെല്ലാം അർഥം. 'ആകാശഭൂമികളെ ഇല്ലായ്മയിൽനിന്നുണ്ടാക്കിയവൻ. അവൻ ഒരു സംഗതി വിധിച്ചാൽ 'ഉണ്ടാവുക' എന്ന് അതിനോട് പറയും. അപ്പോൾ അതുണ്ടാവും (2:117).

**96 അൽ ബാഖീ** (എന്നെന്നും ശേഷിച്ചിരിക്കുന്നവൻ): "മഹത്വവും ആദരവും ഉടയവനായ നിൻെറ നാഥൻെറ മുഖം മാത്രം അവശേഷിക്കും" (55:27).

എല്ലാ വസ്തുക്കളും അവസാനിച്ച ശേഷവും അവസാനമില്ലാതെ നിലനിൽക്കുന്നവനാണ് അല്ലാഹു.

ആദ്യൻ, അന്ത്യൻ എന്നീ നാമങ്ങൾ ശ്രദ്ധിക്കുക.

**97 അൽവാരിസ്** (അനന്തരമെടുക്കുന്നവൻ): എല്ലാ ജീവജാലങ്ങളും നശിച്ചശേഷം സമസ്തലോകത്തിൻെറയും അനന്തരാവകാശം

അവനായിരിക്കും. "നിശ്ചയം, നാം തന്നെയാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ. നാം തന്നെയാണ് അനന്തരമെടുക്കുന്നവനും" (15:23).

"അല്ലാഹുവിനത്രെ ആകാശഭൂമികളുടെ അനന്തരാവകാശം" (57:10).

**98 അർറശീദ്** (മാർഗദർശി): സൃഷ്ടികളെ മാർഗദർശനം ചെയ്യുന്നവൻ; അശ്രദ്ധയോ അലസതയോ പിണയാത്ത ഒരു സൂത്രകൻ; യുക്തിപൂർവം കാര്യങ്ങൾ നടത്തുന്ന വിവേകി; താനിച്ഛിക്കുന്നവർക്ക് സൗഭാഗ്യവും താനിച്ഛിക്കുന്നവർക്ക് നിർഭാഗ്യവും നൽകുന്നവൻ–ഈ അർഥങ്ങളെല്ലാമുണ്ട്.

"നാഥാ! നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ തരേണമേ! ഞങ്ങളുടെ കാര്യത്തിൽ ഞങ്ങൾക്ക് നീ വിവേകം പ്രദാനം ചെയ്യേണമേ!" (18:10).

**99 അസ്സബൂർ** (ക്ഷമാലു): ഈ നാമവും തൊട്ടുമുൻപ് പറഞ്ഞ നാമവും വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല. മനസ്സിനെ നിയന്ത്രിക്കുകയും അനിഷ്ടകരമായ കാര്യങ്ങളിൽ സംയമനം പാലിക്കുകയും ചെയ്യുക എന്നതാണുദ്ദേശ്യം. അങ്ങേയററം ക്ഷമിക്കുന്നവൻ എന്നാണ് "അസ്സബൂർ" എന്ന വാക്കിന്നർഥം. ക്ഷമയെയും ക്ഷമാലുക്കളെയും അല്ലാഹു വളരെയധികം സ്തുതിച്ചു പറഞ്ഞിട്ടുണ്ട്.

"നിശ്ചയം, ക്ഷമാലുക്കളുടെ കൂടെയാണ് അല്ലാഹു" (2:153).

ക്ഷമയെ പ്രോത്സാഹിപ്പിക്കുന്ന ഒട്ടേറെ വാക്യങ്ങൾ വിശുദ്ധ ഖുർആനിലും തിരുവചനങ്ങളിലും കാണാം. അല്ലാഹുവിന്റെ ഈ വിശിഷ്ട നാമം ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ചു വന്നിട്ടുണ്ട്; ജീവിത വിജയത്തിന്റെ അനിവാര്യോപാധി എന്ന നിലക്കാണ് ഖുർആൻ ക്ഷമാശീലത്തെപ്പററി പരാമർശിച്ചിട്ടുള്ളത്. ദൈവത്തിന്റെ ഈ മഹത്ഗുണത്തിൽ വിശ്വാസമർപ്പിക്കുന്ന സത്യവിശ്വാസി, ക്ഷമയുടേയും സഹനത്തിന്റേയും പ്രതീകമായി വിളങ്ങുമെന്നുള്ളത് തീർച്ച; മുകളിൽ വിവരിച്ച ദൈവികഗുണവിശേഷങ്ങളെല്ലാം അവയിൽ വിശ്വാസമർപ്പിക്കുന്ന ഒരു ദാസനിൽ ആരോഗ്യപൂർണവും ഭദ്രവുമായ ഒരു മനസ്സ് വാർത്തെടുക്കുവാൻ എത്രമാത്രം സഹായിക്കുന്നുവെന്ന് ഒററ നോട്ടത്തിൽ തന്നെ നമുക്ക് മനസ്സിലാക്കാം. ദൈവികഗുണങ്ങളിൽ വിശ്വാസമർപ്പിക്കുന്നവൻ അതു മുഖേന അന്ധമായ ഭക്തിയിൽ ലയിക്കുകയോ ദൈവികശക്തിയുടെ പ്രഭാവത്തിനു മുമ്പിൽ നിസ്സഹായനായിത്തീരുകയോ അല്ല, നേരേമറിച്ച് ഇസ്ലാമിലെ ദൈവികഗുണങ്ങൾ മനുഷ്യജീവിതത്തെ ഉത്തുംഗവും ഉദാത്തവുമായ ഒരു വിതാനത്തിലേക്കു നയിക്കാൻ കൂടി സഹായിക്കുകയാണ് ചെയ്യുന്നത്.